www.malankaralibrary.com

# എക്യുമെനിസ വിചാരവും മലങ്കരസഭകളുടെ ധന്യലോഗ്യം

- പൂർവ്വ കുടുംബത്തിലേക്ക് തീർത്ഥയാത്ര.
- പ്രാദേശികസഭകളും സാർവ്വത്രിക കൂട്ടായ്മയും.
- പേടിപ്പെടുത്തുന്നതോ സഭയുടെ അധികാരം?
- സഭാകേസും ഒത്തുതീർപ്പും.
- വീക്ഷിക്കപ്പെടുന്ന സഭാസമൂഹം തുടങ്ങിയ എക്യുമെനിക്കൽ വിഷയങ്ങൾ.

വി. കിളിച്ചിമല

www.malankaralibrary.com

# എക്യുമെനിസവിചാരവും
# മലങ്കരസഭകളുടെ ഡയലോഗും

www.malankaralibrary.com

(Malayalam)

Ecumenisa Vicharavum
Malankara Sabhakalude Dayalogum

Ecumenical Dialogue

By
V. KILICHIMALA

First Published
September 1997
Copies 1000
Price Rs. 40/-
Copy right
V. Kilichimala
Published by
VIMALA BOOKS, Clergy Home, Pushpagiri,
Tiruvalla - 689101

Printed at
St. Joseph's Printing House, Tiruvalla
Padippurackal Printers, Tiruvalla
and Perpetual Succour Press, Palackalthakidi

Cover
Syamili Screen Printers, Tiruvalla.

www.malankaralibrary.com

# എക്യുമെനിസവിചാരവും മലങ്കരസഭകളുടെ ഡയലോഗും

ഗ്രന്ഥകർത്താവു

**വി. കിളിച്ചിമല**

പ്രസിദ്ധീകരണം

വിമലബുക്സ്

ക്ലേർജിഹോം, പുഷ്പഗിരി

തിരുവല്ലാ – 689101

വില **Rs. 40 /–**

www.malankaralibrary.com

## വി. കിളിച്ചിമലയുടെ കൃതികൾ

എക്യുമെനിസവിചാരവും മലങ്കരസഭകളുടെ ഡയലോഗും

വിഹഗവീക്ഷണം (ലേഖനങ്ങൾ) ഒന്നാംഭാഗം.

മൂന്നാം സഹസ്രാബ്ദി, സ്വീകരണകർമ്മപദ്ധതി

ഓർമ്മയുടെചിത്രശാല (സ്മരണകൾ) ഒന്നാംപുസ്തകം

പുലരിപ്പൂക്കൾ (കവിതാസമാഹാരം)

അന്നംപാലേകുടിച്ചിടൂ (സാഹിത്യലേഖനങ്ങൾ)

വി. ജോൺവിയാനി (ജീവചരിത്രം)

വി. ബർണദീത്താ ( ,, )

മോൺ. തോമസ് വടശ്ശേരി ( ,, )

മാർ ഈവാനിയോസ്, ഒരുപഠനം

ആദർശദീപങ്ങൾ (ജീവിതചിത്രീകരണം)

രജതരശ്മികൾ ( ,, )

വിശ്രമവും വിചിന്തനവും (പ്രബന്ധങ്ങൾ)

എക്യുമെനിസം (പ്രബന്ധം)

അന്ത്യോക്യയോറോമയോ? ( ,, )

കണ്ണുതുറപ്പിച്ചവട്ടിപ്പണം (കഥാപ്രസംഗം)

70വർഷംപുസ്തകപ്രസാധനം (പ്രബന്ധം)

കേരളസഭചരിത്രപ്രശ്നങ്ങൾ

www.malankaralibrary.com

# ഉള്ളടക്കം

**അവതാരിക** VII

**പ്രസ്താവന** XII

**എക്യുമെനിസവിചാരം.**

I അനുരഞ്ജനയുഗോദയം 1
II സഭൈക്യത്തിനു രണ്ടുവഴികൾ 4
III സൗഹൃദാന്തരീക്ഷ സൃഷ്ടി 7
IV ഡയലോഗു മനോഭാവം 8
V ആവിഷ്കൃതസത്യവും എക്യുമെനിസവും 12
VI വിശുദ്ധീകരണത്തിന്റെ ഘടകങ്ങൾ വിവിധ സഭകളിൽ 23
VII ക്രിസ്തീയപൈതൃകം പൗരസ്ത്യസഭകളിൽ 25
VIII ദൈവജനവും രക്ഷാപദ്ധതിയും 31
IX നിലാവും നിഴലും നിറഞ്ഞ മുപ്പതുവർഷം 37

**മലങ്കരസഭകളും ഡയലോഗും**

I തീർത്ഥയാത്ര മൂലകുടുംബത്തിലേക്ക് 41
II മലങ്കരയും റോമയും 51
III പ്രാദേശികസഭകളും സാർവ്വത്രികകൂട്ടായ്മയും 63
IV പേടിപ്പെടുത്തുന്നതോ സഭയുടെ അധികാരം? 77
V സഭാവ്യവഹാരവും ഒത്തുതീർപ്പുശ്രമങ്ങളും നല്കുന്നപാഠം 86
VI സ്വാസ്ഥ്യതതേടുന്നവർക്കു മേച്ചിൽപ്പുറം 97

**വീക്ഷിക്കപ്പെടുന്ന സഭാസമൂഹം.**

1 വിടവു ഇനിയും വളർത്തരുതേ 110
2 പാത്രിയർക്കാ സിംഹാസനത്തിനുവേണ്ടി. 111
8 രൂപതകളും മെത്രാന്മാരും ഇത്രമതിയോ? 113
4 അല്മായ വൈദികപങ്കാളിത്തം 115
5 ആരാധനക്രമ പരിഷ്കരണം 117
6 ആരാധനാക്രമവും ഭക്താനുഷ്ഠാനവും 118
7 സ്വാംശീകരണമോ വെട്ടിവിഴുങ്ങലോ? 121
8 കണ്ണിരിക്കെ കൃഷ്ണമണികാണാത്തതെന്തേ! 124
9 ആരാധനക്രമവും ദൈവവിജ്ഞാനീയവും 127
10 സീറോമലബാർ സഭയിലെ ദൈവശാസ്ത്ര രൂപവൽക്കരണം നല്കുന്ന പാഠം 129
11 ലക്ഷ്യബോധം വളർത്തൽ 130
12 പൂർണ്ണത ആർജ്ജിക്കേണ്ട മലങ്കരസഭ 131
അനുബന്ധം, 135
പഠനപദ്ധതി

www.malankaralibrary.com

# അവതാരിക

*റവ. ഡോക്ടർ ഗീവറുഗീസ് പണിക്കർ*

ആരംഭംതൊട്ടേ ''വിമലപ്രബന്ധാവലി''യുടെ അഭ്യുദയകാംക്ഷിയാണു ഞാൻ, വരിക്കാരനുമാണ്. കൃത്യമായി പുറത്തുവരുന്ന ഈ ദ്വൈവാരികയിൽ പ്രധാനമായും കൈകാര്യംചെയ്യപ്പെടുന്നത് സഭൈക്യം എന്ന വിഷയമാണ്. എല്ലാ ക്രിസ്ത്യാനികൾക്കും പ്രത്യേകിച്ചു കേരളത്തിലുള്ളവർക്കും ഇതിൽ താല്പര്യം വേണ്ടതാണ്.

ഇക്കാലത്തു പ്രസിദ്ധീകരണങ്ങൾ ധാരാളമുണ്ട്. ജനപ്രിയതത്തിന്റെപേരിൽ ഇന്നു പുറത്തുവരുന്ന പ്രസിദ്ധീകരണങ്ങളിൽ പലതും കൺമുമ്പിലെത്തുമ്പോൾതന്നെ കുളിർമ്മയുടെ പുഞ്ചിരി വിതറുന്നവയാണ്. അവയിൽ പലതും മനുഷ്യന്റെ ചിന്താഗതിയേയും ധാർമ്മികതയേയും അഭിരുചികളേയും ഉയർത്തുന്നവയാണെന്നുപറയാൻ സാധിക്കുകയില്ല. ''പൈങ്കിളിത്ത''വും ഉപഭോഗഭാവവും വളർത്തുകയാണ് ഇന്നത്തെ പ്രസിദ്ധീകരണങ്ങളുടെ ശൈലി. മാധ്യമങ്ങളും വായുതരംഗങ്ങളുമെല്ലാം ഇന്നു ഈവിധത്തിലാണു മുമ്പോട്ടുപോകുന്നത്. മതാത്മകചിന്തകളും സഭാപ്രബോധനങ്ങളും ലക്ഷ്യമാക്കുന്ന പ്രസിദ്ധീകരണങ്ങൾ പോലും അറിഞ്ഞോ അറിയാതെയോ ഈപ്രവണതയ്ക്കു വശംവദരാകുന്നുണ്ടെന്നു പറഞ്ഞാൽ അതു അതിശയോക്തി ആയിരിക്കുകയില്ല.

ക്രിസ്ത്യാനികളെ വിശ്വാസവീഥിയിൽ സഞ്ചരിക്കുവാനും ധാർമ്മികമൂല്യങ്ങളിൽ ബോധ്യമുള്ളവരാക്കുവാനും അവരുടെ ഇടയിലെ ഭിന്നതകളെക്കുറിച്ചു ആധ്യാത്മികമായി ചിന്തിക്കുവാനും പ്രേരണനല്കുന്ന ഒരുദ്വൈവാരികയാണ് ''വിമലപ്രബന്ധാവലി''. ക്രിസ്തീയനേതാക്കന്മാർ സഭൈക്യത്തെക്കുറിച്ചു ഒത്തിരി ഒത്തിരി പ്രസംഗിക്കാറുണ്ട്, സെമിനാറുകൾ നടത്താറുണ്ട്. പക്ഷേ സഭകളുടെയും സഭാകൂട്ടങ്ങളുടെയും എണ്ണം വർദ്ധിച്ചുവരുന്നതേയുള്ള. പൗലോസ്ശ്ലീഹാ പറയുന്നതുപോലെ, ഇപ്പോഴും

www.malankaralibrary.com



ക്രിസ്ത്യാനികരം ലൗകികരാണ്. ലൗകികരും സാധാരണക്കാരുംതന്നെ; ഓരോരുത്തനും സഭകളുണ്ടാക്കുന്നു, സ്ഥാപനങ്ങരം ഉയർത്തുന്നു, സൗധങ്ങരം പണിയുന്നു, ആർഭാടപ്രകടനം നടത്തുന്നു. ഉൽക്കൃഷ്ടബോധനത്തിനും വിശ്വാസബോധ്യത്തിനുംവേണ്ടി അധ്വാനിക്കുവാൻ സഭാനേതാക്കന്മാർക്കപോലും സമയമില്ല. സിനിമാരീതിയിലുള്ള ''പബ്ലിസിററി''യും ''പരസ്യപ്പെടുത്തലും'' ''താരശൈലിയിലുള്ള'' ഛായാചിത്രവിജ്ഞാപനങ്ങളും സ്മരണികകളും ഒക്കെയാണ് ഇന്നു മതനേതാക്കളും കൂടുതൽകൂടുതലായി സ്വീകരിക്കാറുള്ളത്. ഇന്നു മതപ്രവർത്തകങ്ങളിലും ''മാക്കററു ഇക്കോണമി'' ക്കാണ് മുൻതൂക്കം എന്നുതോന്നിപ്പോകുന്നു.

ആധ്യാത്മികമണ്ഡലത്തിൽ ചലിക്കുവാനും വളരുവാനും പ്രേരിപ്പിക്കുന്ന വിധത്തിലുള്ള പ്രവർത്തനശൈലി ഇന്നുവിരളമാണ്. അതിനുസഹായിക്കുന്ന പ്രസിദ്ധീകരണങ്ങളുമില്ല. ''വിമലപ്രബന്ധാവലി'' എളിയരീതിയിലാണെങ്കിലും ചിന്തോദ്ദീപകമായ മണ്ഡലത്തിൽ ക്രിസ്തീയ വിശ്വാസവളർച്ചയുടെപാതയിൽ പ്രേരണചെലുത്താൻ ശ്രമിക്കുകയാണ്; പ്രത്യേകിച്ചും സഭൈക്യപ്രവർത്തനമണ്ഡലത്തിൽ. സഭാവബോധം ഉളവാക്കുവാനും അതിൻെറ ഫലമായ സഭൈക്യമാർഗ്ഗംആരായുന്നതിനും ''വിശ്വാസികളെ'' പ്രേരിപ്പിക്കുകയാണ് ഈ പ്രബന്ധാവലിയുടെ എഡിററർ വറുഗീസ് കിളിച്ചിമലഅച്ചൻെറ ലക്ഷ്യം. രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ പ്രമാണരേഖകളിൽ, പ്രത്യേകിച്ചും ''സഭൈക്യം'', ''കത്തോലിക്കാപൗരസ്ത്യസഭകരം'', ''തിരുസ്സഭ'' എന്നീപ്രമാണരേഖകളിൽ പറയുന്ന തത്വങ്ങളെ ആധാരമാക്കി ഈ ലക്ഷ്യം സാധിക്കാനാണ് കിളിച്ചിമലഅച്ചൻ ശ്രമിക്കുന്നത്.

''വിമലപ്രബന്ധാവലി''യുടെ പത്തൊൻപതുലക്കങ്ങരം ഇതിനകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇവയിലെ പ്രകാശിതലേഖനങ്ങളുടെ സമാഹാരമാണ് ഇപ്പോരം പ്രസിദ്ധീകരിക്കുന്ന ''എക്യുമെനിസവിചാരവും മലങ്ക

www.malankaralibrary.com



രസഭകേളുടെ ഡയലോഗും'' എന്നപുസ്തകം. ദൈവാരികപരിചയപ്പെട്ടിട്ടില്ലാത്തവർക്കു ഈസമാഹാരംസഹായകമാകും; വിഷയങ്ങളുടെ നൈരന്തര്യവും ഏകാഗ്രതയും വെളിപ്പെടുത്താൻ പുസ്തകം പ്രയോജനപ്പെടും; ഈ വിഷയങ്ങൾ എത്രമാത്രം പ്രസക്തങ്ങളാണെന്ന തോന്നലും ഇക്കൃതിളുണ്ടാക്കും. എക്യുമെനിസവിചാരം, മലങ്കര സഭകളുടെ ഡയലോഗ്, '' വീക്ഷിക്കപ്പെടുന്ന സമൂഹം എന്നിങ്ങനെ മൂന്നുഭാഗങ്ങളാണ് പുസ്തകത്തിലുള്ളത്. അനുരഞ്ജനത്തിൻെറ ഉദയം, സഭൈക്യത്തിൻെറ വഴികൾ, സൗഹൃദാന്തരീക്ഷസൃഷ്ടി, ഡയലോഗുമനോഭാവം, ആവിഷ്കൃതസത്യങ്ങളും എക്യുമെനിസവും, വിശുദ്ധീകരണത്തിൻെറ ഘടകങ്ങൾ വിവിധസഭകളിൽ, ക്രിസ്തീയപൈതൃകം പൗരസ്ത്യസഭകളിൽ, ദൈവജനവും രക്ഷാപദ്ധതിയും, എക്യുമെനിസത്തിൻെറ മുപ്പതുവർഷം തുടങ്ങി ഒൻപതുവിഷയങ്ങൾ അടങ്ങുന്നതാണ് ഒന്നാം ഭാഗം. പ്രതിപാദനം കഴിവതും ആധികാരികമാക്കാനുള്ള ഗ്രന്ഥകാരൻെറശ്രമം പ്രശംസനീയമായിരിക്കുന്നു. എക്യുമെനിസം നിഷ്ക്രിയത്വമല്ലെന്നും ഓരോവ്യക്തിക്കും അതിലുള്ള ഉത്തരവാദിത്വം ചെറുതല്ലെന്നും ഈപ്രകരണം വെളിപ്പെടുത്തുന്നു.

തീർത്ഥയാത്ര മൂലകുടുംബത്തിലേക്കു, മലങ്കരയും റോമയും, പേടിപ്പെടുത്തുന്നതോസഭയുടെ അധികാരം ? സഭാവ്യവഹാരം നല്കുന്നപാഠം, സ്വസ്ഥതതേടുന്നവക്ക് മേച്ചിൽപ്പുറം എന്നിങ്ങനെ ആറുഅധ്യായങ്ങളാണ് രണ്ടാം ഭാഗത്തുള്ളത്. വിവാദ (Polemic) ത്തിൻെറ ശൈലി ഇവിടെയില്ല. എക്യുമെനിസംകാട്ടിത്തരുന്ന ഡയലോഗിൻെറ ഒരു നല്ല മാതൃകതന്നെ എഴുത്തുകാരൻ പ്രകടിപ്പിച്ചിരിക്കുന്നു. അഭിവന്ദ്യ വ്യക്തികളുടെ പ്രസ്താവങ്ങളെ ബഹുമാനപൂർവ്വം ഉദ്ധരിച്ചിട്ടുള്ളതിനോടു കൗൺസിലിൻെറ പ്രമാണരേഖകളും മററും ചേർത്തു പൂരിപ്പിക്കുക മാത്രമേ ചെയ്തിട്ടുള്ളു.

www.malankaralibrary.com


ഗ്രന്ഥകാരന്റെ നിഷ്പക്ഷതയെ നിതരാം വെളിപ്പെടുത്തുന്ന മൂന്നാംഭാഗം ഒരു സ്വാത്മവിമർശനമത്രേ. പന്ത്രണ്ടുകാര്യങ്ങളിൽ സ്വന്തം സമൂഹത്തിനുണ്ടാകേണ്ട പൂർണ്ണത അതിൽ അക്കമിട്ടുനിരത്തുന്നു. വിടവുഇനിയും വളർത്തരുതേ, ആരാധനാക്രമപരിഷ്കരണം, സാംശീകരണമോ വെട്ടിവിഴുങ്ങലോ?, കണ്ണിരിക്കെ കൃഷ്ണമണികാണാത്തതെന്തേ?, ആരാധനക്രമവും ദൈവവിജ്ഞാനീയവും, ലക്ഷ്യബോധം വളർത്തൽ, പൂർണ്ണത ആർജ്ജിക്കേണ്ട മലങ്കരസഭ തുടങ്ങിയ വിഷയങ്ങൾ അതിൽ പെടുന്നുണ്ട്. നിയോഗശുദ്ധി സംരക്ഷിക്കപ്പെടണമെങ്കിൽ മലങ്കരസഭയുടെ പൂർണ്ണതയ്ക്കുവേണ്ടിയുള്ള ഈനിർദ്ദേശങ്ങൾ സ്വീകരിക്കപ്പെടേണ്ടതുതന്നെയാണ്.

ഒരു പഠനപദ്ധതിയാണ് അനുബന്ധമായി ചേർത്തിട്ടുള്ളത്. സഭാപഠനത്തിന്റെ അപര്യാപ്തതയാണ് ഇന്നത്തെ സമൂഹത്തെ ദയനീയതയിലാഴ്ത്തുന്നത്. ഇന്നുനടക്കുന്നമതപഠനം ആവശ്യത്തിനു പോരാതെയായിരിക്കുന്നു. വത്തിക്കാൻ സുന്നഹദോസിന്റെ സഭാത്മകബോധനങ്ങൾ യുവജനങ്ങൾക്കും അഭ്യസ്തവിദ്യർക്കും എല്ലാതലങ്ങളിലുള്ളവർക്കും ലഭ്യമാകേണ്ടിയിരിക്കുന്നു. അതിനുവേണ്ടിയുള്ള ഒരു തീവ്രയത്നപരിപാടി ഇടവകതലത്തിലും രൂപതാതലത്തിലും ആസൂത്രണം ചെയ്യേണ്ടതാണ്.

''സുഗമാസ്ററഡിസർക്കിൾ'' എന്നപേരിൽ ''വിമലപ്രബന്ധാവലി'' രൂപപ്പെടുത്തിയിട്ടുള്ള പഠനപദ്ധതി വളരെഎളുപ്പം പ്രായോഗികമാക്കാവുന്നതത്രേ. ഓരോ അദ്ധ്യായത്തിലും ഒരു ചോദ്യാവലി കാണും. പുസ്തകത്തെ അടിസ്ഥാനമാക്കി ചോദ്യങ്ങൾക്ക ഉത്തരം തയ്യാറാക്കാൻ പ്രയാസംവരികയില്ല. ഉത്തരങ്ങൾ കുറിച്ചിടണം. സമീപസ്ഥിതരായ യോജിപ്പുള്ള ഏതാനുംപേർ ചേർന്നു ഉത്തരംവായിക്കുകയും ചർച്ചനടത്തുകയും ചെയ്യാം. ചർച്ചകൾക്കു ഒരു മോഡറേറർ ആവശ്യമാണ്. ഈചർച്ചാക്ലാസ്സുകൾ ക്രമേണരസകരവും പ്രയോജനപ്രദവുമായിത്തീരും. പഠനപദ്ധതിക്കുപററുന്ന 16 ചോദ്യാവലികൾ ഈപുസ്തകത്തിലുൾപ്പെടുത്തിയിട്ടുണ്ട്.

www.malankaralibrary.com



ചെറിയപ്രയോജനം ആയിരിക്കുകയില്ല ഈസ്ററഡി സർക്കിറം നല്കുന്നത്. സഭാത്മകബോധം പ്രദാനം ചെയ്യുമെന്നതുതന്നെ പ്രധാനകാര്യം. മൂല്യബോധത്തിലുറയ്ക്കുവാനും മാധ്യമങ്ങളുടെ ഭീകരപ്രലോഭനങ്ങറംക്കു വഴങ്ങാതെ ഉറച്ചതീരുമാനമെടുക്കാനും അതുസഹായിക്കും. ക്രിസ്തീയതയിൽ ഉയരുവാനും സഭൈക്യത്തിനു ആക്കം കൂട്ടാനും ഇടവരുത്തുമെന്നതു വേറൊരു പ്രയോജനമാണ്. ചിന്താരസികതവളർത്തുന്നതിലൂടെ വികാരപരതയുടെ ഉപഭോഗതൃഷ്ണയ്ക്കു കടിഞ്ഞാണിടാൻ കഴിയുമെന്നതും ഒട്ടും അപ്രധാനമല്ലാത്തതാണു.

ക്ലേശരഹിതമായ ഈപഠനപദ്ധതിക്കു എന്താണൊരു പ്രതിബന്ധമെന്നല്ലേ? ഇന്നത്തെ സമൂഹത്തിൻെറ തലതിഞ്ഞ കുതിച്ചുപായൽ തന്നെ. ഇന്നു വിഭവസമൃദ്ധിതരുന്ന ഭൗതിക സുഖംമതി, ധൂർത്തും ദിപാളിത്തവും മതി, ഉത്തുംഗസൗധങ്ങളും ആർഭാടത്തുള്ളിച്ചയും മതി. ബോധനപരതയ്ക്കു പ്രാധാന്യം കൊടുക്കാൻ ഇന്നുള്ളവർക്കു മനസ്സില്ല. ഒരു നേതൃത്വത്തിനും ഈദുസ്ഥിതിയെക്കുറിച്ചു വീണ്ടുവിചാരമുണ്ടാകുന്നില്ല. ഇതെല്ലാം കണ്ടു സഭ കൈയും കെട്ടി ഇരുന്നാൽ മതിയോ? ഈദുർഘടസാഹചര്യത്തിൽ കിളിച്ചിമലയച്ചൻ നിർദ്ദേശിക്കുന്ന പഠനപദ്ധതിയെ എത്ര ശ്ലാഘിച്ചാലും മതിയാകയില്ല. ഉറക്കം തൂങ്ങികളെ ഉണർവ്വുററവരാക്കാനുള്ള ശ്രമം സമൂഹം അറിഞ്ഞെങ്കിൽ!

ഈപുസ്തകം ഉയർത്തുന്ന ഗൗരവമേറിയ ആഹ്വാനം ചെവിക്കൊള്ളുന്നില്ലെങ്കിൽ ഉണ്ടാവുന്നനഷ്ടം വിനീതനായ ഈ എഴുത്തുകാരനായിരിക്കുകയില്ല, പിന്നെയോ കൊണ്ടാലും പഠിക്കാത്ത സമൂഹത്തിനായിരിക്കും.

SEERI
കോട്ടയം
1–9–97

www.malankaralibrary.com

# പ്രസ്താവന

ഭോഗതൃഷ്ണയുടെ വാപിളർത്തൽ മൂല്യങ്ങളെ വിഴുങ്ങുന്നു; മതസംസ്കാരത്തെ വീർപ്പുമുട്ടിക്കുന്നു. മതസൗഹൃദത്തിൻെറ ജീവജലം ഒഴുകലാണ് ഒരുപ്രതിവിധി. ഈ പ്രബന്ധത്തിനു രണ്ടുദ്ദേശ്യമുണ്ട്, ക്രിസ്തീയ സഭാസൗഹൃദം വെളിപ്പെടുത്തലും മനസ്സുവെക്കുമെങ്കിൽ അതെളുപ്പമാണെന്നു കാണിക്കലും. ആദ്യലക്ഷ്യത്തിനുവേണ്ടി ''എക്യുമെനിസവിചാരം'', രണ്ടാമത്തേതിനുവേണ്ടി ''മലങ്കര സഭകളുടെ ഡയലോഗ്''. ഒന്നാമത്തേതു അളവുകോൽ, അടുത്തതു അതിൻെറ പ്രായോഗികതലം.

എക്യുമെനിസത്തെ ആധികാരികമായി അവതരിപ്പിക്കാനാണുശ്രമം. വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളും ജോൺപോൾ രണ്ടാമൻ പാപ്പായുടെ "Ut Unum Sint" (എല്ലാവരും ഒന്നാകുന്നതിന്) എന്ന ചാക്രികലേഖനവും ഉപോൽബലകമാക്കിയിട്ടുണ്ട്.

മുമ്പുകണ്ടിട്ടുള്ള വിവാദ (Polemic) മല്ല ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഡയലോഗു. സ്വാഭിപ്രായസമർത്ഥനമല്ല ഇവിടത്തെ ലക്ഷ്യം. പ്രേഷിതപ്രവർത്തനവും ഉദ്ദേശിച്ചിട്ടില്ല. പ്രേഷിതനും ഡയലോഗുകാരനും വ്യത്യാസപ്പെടുന്നു. ദൈവികപ്രകാശത്തിൻെറ ഉപത്യകയിലേക്ക് സാധാരണക്കാരനെ എടുത്തുയർത്തുന്ന പ്രേഷിതൻ. സൗഹൃദാന്തരീക്ഷസൃഷ്ടിക്കുള്ള പണിപ്പെടൽ മാത്രമാണു ഡയലോഗുകാരനുള്ളത്. സൗഹൃദസംഭാഷണത്തിൻെറ ഫലമായി ചിലമാനസാന്തരങ്ങൾ ഉണ്ടായെന്നുവരാം. അതുഡയലോഗുകാരൻ ഉന്നംവെക്കുന്നതല്ല. ഗുരുശിഷ്യബന്ധമല്ല ഡയലോഗിലുള്ളത്. ശിഷ്യനെ ഗുരു ആജ്ഞാനുവർത്തിയാക്കുന്നു. ഇത്തരം ആജ്ഞാനുവർത്തിത്വം ഡയലോഗിലില്ല. സമഭാവനയോടെ പരസ്പരം കൈകോർക്കുന്നവരുടെ ഒരു അഭിമുഖീകരണമാണു ഡയലോഗ്. ഇവിടെ ഒരുവനും അപരൻെറമേൽ പഴിചാരുന്നില്ല. അപരനെ ആക്രമിച്ചുകീഴ്പ്പെടുത്തുന്നുമില്ല. തന്നിൽനിന്നും വ്യതിരിക്തമായി അപരനുള്ള സവിശേഷതയെ ജിജ്ഞാസാപൂർവ്വം അറിയുവാനുള്ളശ്രമമാണിത്. ഡയലോഗുകൊണ്ടു ഒരുവൻ ജയിക്കയോ

www.malankaralibrary.com



തോൽക്കയോ ചെയ്യുന്നില്ല. എന്നാൽ അപരനെപ്പററിയുള്ള അഗാധമായ അറിവുണ്ടാകുന്നതുകൊണ്ടു സംവാദം ഒരുവനെ പൂർവ്വാധികം സമ്പന്നനാക്കുന്നു. പരസ്പരധാരണ ഗാഢസ്നേഹം ഉദിപ്പിക്കും. സ്നേഹത്തിൻെറ ഐക്യം പടുത്തുയർത്തുന്ന ബലിഷ്ഠമായ അടിത്തറയിൽ മാത്രമേ സത്യത്തിൻെറ ഐക്യം നിലനിൽക്കുകയുള്ളു.

മോറോൻ മാർബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ, മോസ്റ്റ് റവ. സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ, റൈററ് റവ. ഡോ. തോമസ് മാർഅത്തനാസിയോസ്, യൂഹാനോൻ മാർ മീലിത്തിയോസ്, ബ. മൂലയിൽ കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ, ഫാ. കെ. ജെ. കുറിയാക്കോസ് എന്നീ അഭിവന്ദ്യവ്യക്തികൾ ഈഡയലോഗിൽ ഭാഗഭാക്കായിട്ടുണ്ട്. ബഹുമാനപൂർവ്വകമാണ് അവരുടെ വിലയേറിയ അഭിപ്രായങ്ങൾ ഇവിടെ പകർത്തിയിട്ടുള്ളത്. എക്യുമെനിക്കൽ കൗൺസിലിൻെറ പ്രമാണരേഖകളുടെയുംമററും പ്രസക്ത ഭാഗങ്ങൾകൂടി യഥാവസരം ചേർക്കുന്നതിനേഉദ്ദേശിച്ചിട്ടുള്ളു. യോജിപ്പിക്കുന്ന നറുമലരുകളെല്ലാം കൊരുത്തുചേർക്കുന്നതിനുള്ള എളിയഉദ്യമം.

1996 സെപ്ററംബർ ലക്കം 'ഐക്യദീപ'മാണ് ഈ രചനയ്ക്കു പ്രേരകം. ആലക്കത്തിൽ ഈഡയലോഗിൻെറ തുടക്കംകാണാം. തൻമൂലം ഈപുസ്തക നിർമ്മാണത്തിനുള്ള ആദ്യകടപ്പാടു ആമാസികയോടു തന്നെ.

വേറൊരുവിധത്തിലും ആപത്രത്തോടു പുസ്തകത്തിനു കടപ്പാടുണ്ട്. ആദിമകേരളസഭ, പ്രാദേശികസഭയും സാർവ്വത്രികകൂട്ടായ്മയും, സഭാഭരണവും ഭയപ്പാടും, മാർ ഈവാനിയോസിനെക്കുറിച്ചു തെററിദ്ധാരണ തുടങ്ങി പലതു ആഡയലോഗിൽ സ്വാഭാവികമായി പൊന്തിവന്നിട്ടുണ്ട്. എല്ലാം ഭാഗികചിത്രങ്ങൾ. അവയുടെ മറുവശം കൂടി അറിയാൻ വായനക്കാർക്കു അവകാശമുണ്ടു. പത്രാധിപരുടെ വെളിച്ചം തെളിക്കലിലൂടെ വേണം അതു സാധിക്കേ

www.malankaralibrary.com



ണ്ടതു. വായനക്കാർ ന്യായമായും അതുപ്രതീക്ഷിച്ചതാണ്. പ്രതീക്ഷ വിഫലമായി. തികഞ്ഞമൗനമാണു പത്രം പ്രകടിപ്പിച്ചത്. വിശദീകരണ ലേഖനം ഉണ്ടാകുമെന്നാണ് ഒരിക്കൽ അഭിവന്ദ്യവികാരി ജനറാൾ ഈലേഖകനോടു പറഞ്ഞത്. ഈവിഷയം സംബന്ധിച്ച് പത്രാധിപക്കു കത്തു ചിലർ എഴുതിയിട്ടുള്ളതായറിയാം. ഒന്നും വെളിച്ചം കണ്ടില്ല. അഭിവന്ദ്യരൂപതാദ്ധ്യക്ഷൻെറയും ബ. വികാരിജനറാളിൻെറയും മുമ്പിൽ ഇതു സംബന്ധിച്ച ആവലാതി 1996 ഒക്ടോബർ 1-ാം തീയതി തിരുവല്ലാ ശാന്തിനിലയത്തിൽ കൂടിയ രൂപതാസെനററുയോഗത്തിൽ അതിലെ അംഗങ്ങൾ ഏകകണ്ഠമായി ഉയർത്തിയതാണ്. അതും വനരോദനമായതേയുള്ളു. തിരുവല്ലാരൂപതയിലെ പണ്ഡിതന്മാരായചില യുവവൈദികർ ഇതുസംബന്ധിച്ച വിശദീകരണ ലേഖനങ്ങൾ എഴുതിക്കൊടുക്കാമെന്നു പത്രാധിപരെ അറിയിച്ചതാണ്. സ്വീകൃതമായില്ല. പത്രാധിപർ ഉത്തരവാദിത്വം നിറവേററിയെങ്കിൽ ഈപ്രബന്ധം ഉണ്ടാകുമായിരുന്നില്ല. ഈപ്രസ്താവനയും വേണ്ടിവരുമായിരുന്നില്ല.

ആറുമാസം കഴിഞ്ഞിട്ടും മൗനം തുടർന്നതേയുള്ളു. കഴിവുകേടിൻെറ ഫലമെന്നു ഈനിശ്ശബ്ദതയെക്കുറിച്ചു പറഞ്ഞുകൂടാ. ഇതിൽ ഉദ്ധരിച്ചിട്ടുള്ള പ്രമാണരേഖകൾ പത്രഓഫീസിലും ഉള്ളതാണു. എക്യുമെനിസം സംബന്ധിച്ച ഒരു കടുത്ത തെററിദ്ധാരണയാണു വഴിതെററിക്കുന്നത്. ചിലസത്യങ്ങൾ വെളിപ്പെടുത്തിയാൽ ജനപ്രീതി കുറഞ്ഞുപോകുമെന്നുള്ള പേടി. വത്തിക്കാൻ പ്രമാണരേഖകൾ പുറത്തെടുക്കുവാൻ ഈ പേടിയില്ലെങ്കിൽ എന്തിനു ലജ്ജിക്കണം? സ്വന്തം വിശ്വാസങ്ങളെ വിഴുങ്ങുകയോ മൂടുപടമിട്ടുകാണിക്കയോ ചെയ്യുന്നതാണു എക്യുമെനിക്കൽ ഡയലോഗെന്നു ധരിച്ചുവശായിട്ടുള്ളവരുണ്ട്. റിച്ചാർഡുകാർഡിനൽ കുഷിംഗു ഒരു സംഭവം രേഖപ്പെടുത്തുന്നു.

കത്തോലിക്കാ മഹിളാസമാജത്തിൽ പ്രസംഗിക്കുന്നതിനു ഒരു വൈദികൻ ക്ഷണിക്കപ്പെട്ടു, സമാജം പ്രസിഡണ്ട്

www.malankaralibrary.com



പ്രസംഗകനെ സമീപിച്ചു മുന്നറിവുനല്കി: ''അച്ചോ, യോഗത്തിൽ ധാരാളം പ്രോട്ടസ്റ്റൻറു മഹിളമാർ പങ്കെടുക്കും. അവർക്കു അരോചകമാകുന്ന വിഷയങ്ങൾ സ്പർശിക്കാതിരിക്കാൻ അച്ചൻ സൂക്ഷിക്കണം''

''തീർച്ചയായും ചെയ്യാം'' വൈദികൻ പറഞ്ഞു:, ''എന്തൊക്കെ വിഷയങ്ങൾ ഉപേക്ഷിക്കണമെന്നാണു നിങ്ങൾ ആവശ്യപ്പെടുന്നത്.''?

''പാപ്പായോ കന്യാമറിയാമോ വിഷയമാക്കാതിരുന്നാൽ മതി.'' മഹിള കൂട്ടിച്ചേർത്തു: ''എക്യുമെനിക്കൽകാലമല്ലേ? നമ്മൾ സൂക്ഷിക്കണം''

പ്രസംഗത്തിനുള്ള സന്ദർഭംവന്നു. തയ്യാറെടുത്തവിഷയമല്ല വൈദികൻ പ്രസംഗിച്ചത്. പകരം തെരഞ്ഞെടുത്തവിഷയം ''നമ്മെ പരസ്പരം അകററുന്ന ചില എക്യുമെനിക്കൽകാര്യങ്ങൾ'' എന്നതായിരുന്നു. പ. ദൈവമാതാവിനെപ്പററിയുള്ള കത്തോലിക്കാധാരണയേയും വി. പത്രോസിൻെറ അനന്തരഗാമിയെ ബന്ധിച്ചുള്ള കത്തോലിക്കാവിശ്വാസത്തേയും ചുററിപ്പററി അദ്ദേഹം സമർത്ഥമായി പ്രഭാഷണംനടത്തി. എക്യുമെനിക്കൽഡയലോഗിനു അവശ്യം ഉണ്ടായിരിക്കേണ്ട ആത്മാർത്ഥതയെക്കുറിച്ചു ആഗ്രൂപ്പിനെ ബോധ്യപ്പെടുത്തണമെന്നതായിരുന്നു പ്രസംഗകൻെറ ഉന്നം. ശ്രോതാക്കൾ പ്രസംഗംകേട്ടു. ആരും നെററിചുളിച്ചില്ല; വിരസതകാട്ടിയില്ല; മുമ്പുകേട്ടിട്ടില്ലാത്ത വിഷയം കേട്ടതിൽ അവർക്കു സംതൃപ്തിയാണുണ്ടായത്. സന്തോഷാധിക്യം അവർ പ്രകടിപ്പിക്കുകയുംചെയ്തു. (Ref. Richard Cardinal Cushing, Grass - Roots Steps to Unity, in S C U PP 195, 196)

സത്യംവെടിഞ്ഞുള്ള സ്നേഹം എക്യുമെനിസംഗത്തുപാട്ടണ്ടോ? ഇല്ലെന്നത്രേ സഭൈക്യചിന്തകന്മാരുടെ ഉറച്ചനില. മക്കഫീബ്രൌൺ, ജോൺ കോർട്ണി എന്നിവർ ഇതുറപ്പിച്ചുതന്നെ പറയുന്നു. "Do not attempt to achive

www.malankaralibrary.com



Charity at the expense of truth" എന്നതു അവർ പ്രതിപാദ്യമാക്കിയിട്ടുണ്ട്. (Ref. John Cogly, Ten commandments for the Ecumenical Age in S C U P. 245)

വിശ്വാസ സത്യങ്ങളെ ഗോപനംചെയ്യൽ ചെറിയകുററമല്ല. സഭൈക്യത്തിനു വിശ്വാസപ്രഖ്യാപനം തടസമാകുമെന്നഭയപ്പാടു ആറാം പൗലോസ് മാർപ്പാപ്പായ്ക്കു തെല്ലുമില്ല. വത്തിക്കാൻ കൗൺസിൽ രണ്ടാംസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ടു അവിടുന്നു പ്രസംഗിക്കുന്നതുകേൾക്കുക. "വിശ്വാസത്തോടു നാം ഏററം കടപ്പെട്ടിരിക്കുന്നു. അതു ദിവ്യമാണ്, അതീവനിർമ്മലമാണ്, വിശ്വാസം രക്ഷകൻേറതാണ്. അതു ഐക്യത്തിൻെറ ഉറവിടമത്രേ. വിഭജിതസഹോദരങ്ങളെ ഒരുമിപ്പിക്കുന്നതിൽ വിശ്വാസം വിലങ്ങുതടി ഉയർത്തുമെന്നു നാം ആശങ്കിക്കുന്നില്ല''.

എക്യുമെനിസത്തിൻെറ വിഖ്യാതചിന്തകനത്രേ എമിലി ജോസഫ് ഡെസ്മ (Emile Joseph De Smedt) സത്യത്തിൻെറ ചിത്രീകരണം ഡയലോഗിനു തടസ്സമാകില്ലെന്നു മാത്രമല്ല വിശ്വാസസത്യം സത്യസന്ധമായി വെളിപ്പെടുത്താൻ കത്തോലിക്കാപ്പക്ഷത്തിനു ഗൗരവമേറിയ ഉത്തരവാദിത്വവുമുണ്ടെന്ന അദ്ദേഹം തിർത്തുപറയുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ ഒന്നാം സമ്മേളനത്തിലേ ആ ചിന്തകൻെറ പ്രസംഗം ശ്രദ്ധിക്കൂ: "അവികലമായ അവതരണമാണു ഡയലോഗിലുണ്ടാകേണ്ടത്. വിശ്വാസസത്യം സത്യസന്ധമായി വെളിപ്പെടുത്താൻ കത്തോലിക്കാപക്ഷത്തിനുകഴിയുന്നില്ലെങ്കിൽ മററുള്ളവർക്കു അതു എവിടെനിന്നു ലഭിക്കും? സത്യത്തിൻെറ യഥാർത്ഥ ചിത്രീകരണം ഒരിക്കലും ഡയലോഗിനെതിരല്ല. സത്യസന്ധമല്ലാത്തഡയലോഗ് ആ പേരിനുതന്നെ അർഹമല്ല.''

ആവിഷ്കൃതസത്യങ്ങളും എക്യുമെനിസവുമായുള്ള ബന്ധം ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ "Ut Unum Sint" എന്ന ചാക്രികലേഖനത്തിൽ അരക്കിട്ടുറപ്പിക്കുന്നു.

www.malankaralibrary.com



'' എക്യുമെനിക്കൽ സംവാദത്തിൽ ഏർപ്പെടുന്ന കത്തോലിക്കാദൈവശാസ്ത്രജ്ഞൻമാർ സഭയുടെ പഠനങ്ങളോടു കൂറുപുലർത്തണം. വിഭജിതസഹോദരങ്ങളോടുചേർന്നുദൈവികരഹസ്യങ്ങളെപ്പററിയുള്ള അന്വേഷണം തുടരണം; സത്യത്തോടു സ്നേഹവും ഔദാര്യവും വിനയവും കാണിക്കുന്നവരാകണം'' (U U S 36)

വിശ്വാസക്കാര്യത്തിലുള്ള ആത്മാർത്ഥതാരാഹിത്യവും നിഷ്ക്രിയത്വവും ഉദാസീനതയും എക്യുമെനിസത്തിൻെറ കഴുത്തിനുകത്തിവെക്കും. മാർഈവാനിയോസിൻെറ ചലനാത്മകമായ പ്രസ്ഥാനത്തെ മരവിപ്പിക്കുന്നതിൽ നിഷ്ക്രിയത്വത്തിൻെറ പങ്കുചെറുതല്ല. ഇക്കാര്യത്തിൽ വിങ്ങിപ്പൊട്ടിയിട്ടുള്ള സഭാസ്നേഹികരം അനവധിയാണ്. വെ. റവ. ഫാ. ഫിലിപ്പുപന്തോളിൽ, വെ. റവ. ഫാദർ യോവാക്കീം നാഗഞ്ചേരിൽ, റവ. ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ. ഐ. സി., റവ. ഫാ. ജേക്കബ് ജോൺ, ശ്രീ. മത്തായി മാലിയിൽ ശാസ്തമംഗലം തുടങ്ങി അങ്ങനെയുള്ളവരുടെ നിര നീണ്ടതാണ്. അന്ത:സത്ത ബലികഴിക്കുന്ന ഏതാനും പത്രങ്ങളുടെ നിരുത്തരവാദിത്വത്തിനു അടിയറവെയ്ക്കേണ്ടതല്ല ക്രൈസ്തവൈക്യസംരംഭം എന്നത്രേ അവരുടെ മുറവിളി.

പിത്തരോഗിയുടെ ആർത്തി മണ്ണുതിന്നുന്നതിനത്രേ. മധുരംകലർത്തി മണ്ണുവിളമ്പുകയാണ് അത്യാധുനികപത്രതന്ത്രജ്ഞത. പിത്തരോഗാർത്തരെ മണ്ണുതീററുന്നതന്ത്രം അവർ സർവ്വസാധാരണമാക്കും. എന്നിട്ടുവീമ്പടിക്കും ചികിത്സയോ പത്ഥ്യമോ അല്ല പിത്തക്കാരനു മണ്ണുതീററതന്നെ വേണം. ഇങ്ങനെ വേണ്ടതിനെ വേണ്ടാത്തതും വേണ്ടാത്തതിനെ വേണ്ടതുമാക്കും; മൂല്യച്യുതിവരുത്തും. ഇത്തരം കീഴ്മേൽമറിച്ചിലിനും ഉപഭോഗതൃഷ്ണയ്ക്കുംവേണ്ടി കുഴലൂത്തുനടത്തുകയാണ് ഇന്നത്തെ മാധ്യമങ്ങരം. വേളാങ്കണ്ണിയാത്ര,

www.malankaralibrary.com



ശബരിമലപൂജ, മെക്കാതീർത്ഥയാത്ര തുടങ്ങി എല്ലാററിന്റെയും വർണ്ണചിത്രങ്ങൾ നിരത്തുന്ന ഇവററയ്ക്കു ഏതെങ്കിലും മതമൂല്യം നിലനിർത്തണമെന്ന താല്പര്യമില്ല. സുവിശേഷസത്യ പ്രചാരണത്തിനു കച്ചകെട്ടിയിട്ടുള്ള കേരളത്തിലെ കത്തോലിക്കാപ്പത്രങ്ങൾ ഇക്കാര്യത്തിൽ വളരെയൊന്നും ഭേദപ്പെട്ടനിലയിലല്ല. ആധുനിക ക്രൈസ്തവചരിത്രത്തിലെ ഏററംവലിയ ചലനമെന്നു വിശേഷിപ്പിക്കപ്പെടുന്ന വത്തിക്കാൻ സുനഹദോസിന്റെ പ്രമാണരേഖകളുടെ പ്രകാശം പ്രസരിപ്പിക്കുന്നതിൽ അവ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല. അറിഞ്ഞോ അറിയാതെയോ ലോകത്തിന്റെ ഉപഭോഗസംസ്കാരത്തിനു ചൂട്ടുപിടിക്കയും ചെയ്യുന്നു.

ദുസ്ഥിതിയുടെ കുത്തൊഴുക്കുകണ്ടു ഹൃദയംനൊന്തു കരയുന്നവരുണ്ട്. ഈലേഖകനും ആ നിരയിലാണ്. കവിതയായത്രേ എന്റെ തേങ്ങൽ രൂപപ്പെട്ടത്.

മടപൊട്ടിപ്പെരുവെള്ളം മറിയുന്നു നെൽപ്പാടം
കടലിന്റെ വായിൽക്കുടുങ്ങിടുന്നൂ
അലറിക്കരേറുന്നലയാഴിനെല്ലുകൾ
തലതല്ലിക്കണ്ണീരൊഴുക്കിടുന്നു
ചെറുനെല്ലേ, നീയും നിൻസുകൃതക്കതിരുമി-
പ്പെരുവെള്ളപ്പാച്ചിലിൽ പെട്ടൊടുങ്ങും
ഞൊടികൊണ്ടിച്ചെറുപാടംകൈയടക്കീടുംവൻ
കുടവയർ വീർത്തൊരിക്കായൽ രാഷ്ട്രം.

ഭീതിദമാണുസ്ഥിതി. പാഠശേഖരം നശിക്കുന്നു. വിളവുവെള്ളത്തിലാഴുന്നു. നിർമ്മലതയുടെ നിറകതിരുകൾ തലതല്ലിവീഴുന്നു. നോക്കിനിൽക്കാൻനേരമില്ല. ആലസ്യം ഉപേക്ഷിക്കാതെവയ്യാ. അണ്ണാൻകുഞ്ഞും തന്നാലാവതു ചെയ്തേപററൂ. 'ഫറവോ' നോടു ഏററുമുട്ടാൻ വിക്കൻ മതിയോ എന്ന സംശയം തീർക്കലിനു നേരമില്ല

www.malankaralibrary.com



എടുത്തുചാട്ടവും പന്തിയല്ല. ആധുനികപത്രതന്ത്രജ്ഞതയുടെ നെറിവുകേടിനു എതിരേയാണു പോര്. നിലവിലുള്ള മാധ്യമങ്ങൾക്കതു സഹ്യമല്ല. ഒന്നിൻെറയും സഹായം കിട്ടുകയുമില്ല. കാലുപിടിത്തം ലക്ഷ്യഹാനിവരുത്തുകയേയുള്ളു. ഒരുസ്വതന്ത്രജിഹ്വ ഉണ്ടാകണം. ലഘുപത്രിക ആയാലും മതി. എക്യുമെനിസത്തെ തെററിദ്ധരിച്ചു സത്യാസത്യങ്ങൾ ഗോപനം ചെയ്യാത്തഒന്ന്; സൗഹൃദത്തിനുവേണ്ടി സത്യമോ സത്യത്തിനുവേണ്ടി സൗഹൃദമോ ബലികഴിക്കാത്തഒന്ന്; മരിക്കേണ്ടി വന്നാലും 'ചാരിത്ര്യ ധ്വംസനത്തിനു വഴിപ്പെടാത്ത ഒന്നു. ദൈവാനുഗ്രഹത്തിൻെറ മിന്നാമിനുങ്ങു പ്രകാശം ഇടയിൽ തെളിഞ്ഞു. വിമല സ്പിരിച്ച്വൽ ട്രാക്റ്റ്സ്'' എന്നൊരു ദൈ്വവാരികയ്ക്കു അനുവാദം ലഭിച്ചു. തിരുവല്ലാ ബിഷപ്പു മോസ്ററ റവ ഗീവറുഗീസ് മാർതിമോത്തിയോസും വികാരി ജനറാൾ മോൺ. തോമസു കൊടിനാട്ടുംകുന്നേലും താങ്ങുനല്കി അനുഗ്രഹിച്ചു. ഇക്കഴിഞ്ഞ ജനുവരി 2-ാം തീയതി പത്രികപുറത്തുവന്നു. 19 ലക്കങ്ങൾ ഇതിനകം ഇറങ്ങി. 1976-ലെ സെപ്ററംബർ ലക്കം ഐക്യദീപം തുടക്കമിട്ട മലങ്കരസഭകളുടെ ഡയലോഗു പൂരിപ്പിക്കുന്നതിനാണ് പ്രഥമത: ശ്രമിച്ചത്. അതിൻെറ സമാഹാരമാണ് ''എക്യുമെനിസവിചാരവും മലങ്കരസഭകളുടെ ഡയലോഗും'' എന്ന ഇപ്പുസ്തകം. ദൈ്വവാരിക കണ്ടിട്ടില്ലാത്തവർക്കു ഇതിലൂടെ കണ്ണോടിക്കാമല്ലൊ: അങ്ങനെ ഈ വിനീതോദ്യമത്തെ വിധിക്കാമല്ലൊ.

ശക്തമായ ഒരുന്യായാസനത്തിൻെറ വിധിയെഴുത്താണ് ഈ പുസ്തകത്തിനുസിദ്ധിച്ചിട്ടുള്ളത്. ഈവിഷയങ്ങൾക്കു റവ. ഡോക്ടർ ഗീവറുഗീസ് പണിക്കരെക്കാൾ ഉപരിയായ ഒരു വിധിയാളനില്ല. ''വിദ്വത്വം ചനൃപത്വം ചനൈവതുല്യംകദാചന'' എന്ന സുഭാഷിത വാക്യമാണ് ആപണ്ഡിതവരേണ്യനെക്കുറിച്ചു ചിന്തിക്കുമ്പോൾ ഓർമ്മവരിക. വൈദുഷ്യത്തിൻെറ യോഗദണ്ഡേന്തുന്ന സിദ്ധനു അധികാരത്തിൻെറ ചെങ്കോലെന്തിന്? മാർഈവാനി

www.malankaralibrary.com



യോസ് കോളജു പ്രിൻസിപ്പൽസ്ഥാനം കൊണ്ടു അദ്ദേഹം മഹാവ്യക്തികളുടെ ആചാര്യനാണ്; ആലുവാ പൊന്തിഫിക്കൽ സെമിനാരി റക്ടർസ്ഥാനം കൊണ്ടു ആധ്യാത്മിക നഭസിലെ നക്ഷത്രമാണ്; മലങ്കര മേജർ സെമിനാരിറക്ടർ സ്ഥാനംകൊണ്ടു പൗരസ്ത്യ സഭാശാസ്ത്ര വിചക്ഷണനാണ്. വാർദ്ധക്യത്തിനു സമയം നല്കാത്ത ആധീരമതി ഇപ്പോഠം കേരളായൂണിവേഴ്സിററിയിലെ ക്രിസ്ററ്യൻ സ്ററഡിസെൻററിൻെറ ചെയർമാനാണ്; സീരിയിലെ (St. Ephrem Ecumenical Research Institute) സർവ്വകലാശാലാ അധ്യയന വിഭാഗത്തിൻെറ അധ്യക്ഷനാണ്. ബഹുകാര്യവ്യഗ്രതകഠംക്കിടയിൽപ്പോലും ഈവിനീതകൃതി വായിക്കുവാൻ അദ്ദേഹം കനിവുകാട്ടി; പ്രസ്താവനമുതൽ അനുബന്ധംവരെ വിശകലന വിധേയമാക്കി. ഒന്നിനും തലകുനിക്കാത്ത ആശബ്ദത്തിനു മുമ്പിൽ ഞാൻ തലകുനിക്കുന്നു.

തിരുവല്ലാ സെൻറു ജോസഫ്സ് പ്രസ്സ്, തിരുവല്ലാപടിപ്പുരയ്ക്കൽ പ്രിൻേറഴ്സ്, പാലയ്ക്കൽത്തകിടി പെർപ്പച്ചാൽ സക്കർപ്രസ്സ് എന്നീ മുദ്രണാലയങ്ങളിലാണ് ഇതിൻെറ അച്ചടി നിർവ്വഹിതമായത്. തിരുവല്ലാ ശ്യാമലിൻ സ്ക്രീൻ പ്രിൻേറഴ്സത്രേ കവറിൻെറ ഡിസൈനിംഗും അച്ചടിയും നടത്തിയത്. ഈമുദ്രണകലാകുശലന്മാരോടു ഗ്രന്ഥകാരനുള്ളകൃതജ്ഞതവാക്കുകളിൽ ഒതുക്കുന്നില്ല.

ലക്ഷ്യം വലുതാണ്. കരുക്കഠം ചുരുക്കവും. വിതക്കാരൻെറ വിരുതിനേക്കാഠം കണ്ടത്തിൻെറ വളക്കൂറാണല്ലൊ വിളവിനു ആധാരം. കുട്ടിക്കാലത്തു പഠിച്ച കുഞ്ചൻനമ്പ്യാരുടെ പാട്ടു കൂട്ടിനു കിട്ടുന്നുമുണ്ട്.

www.malankaralibrary.com



''വളമേറിനകണ്ടത്തിൽ വിതച്ചാൽ
വിളവൊരുപത്തിനു സംശയമില്ല
വളമില്ലാത്ത പറമ്പിൽ വിതച്ചാൽ
അളവേവിത്തും കിട്ടുകയില്ല
കണ്ടത്തിൻെറഗുണം കൊണ്ടേവിള-
വുണ്ടാവുള്ളു വിതച്ചതിലധികം
കൊണ്ടിഹചെന്നു വിതയ്ക്കുന്നവനെ-
ക്കൊണ്ടൊരുകാര്യം വരുവാനില്ല.
നല്ലകൃഷിക്കാരൻ തൻവിത്തൊരു
കല്ലിൽ വിതച്ചാൽ കരികേയുള്ളു
നല്ലൊരു വയലിലതുഴുതുവിതച്ചാൽ
നെല്ലൊരു നാഴിക്കൊരുപറവിളയും
എന്നകണക്കേ കേൾക്കുന്നവനറി-
യുന്നജനങ്ങൾ മഹത്തുകളെങ്കിൽ
ഇന്നവനെന്നില്ലവനുടെ വാക്കുകൾ
നന്നെന്നും വരുമിതിനുടെ യർത്ഥം''

നല്ലിടത്തുതന്നെ എത്തട്ടെ എന്നും സൗമനസ്യത്തിൻെറ വളക്കൂറു ഈഎളിയകൃതിയെ അനുഗ്രഹിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

ഗ്രന്ഥകർത്താവ്

ക്ലേർജിഹോം, പുഷ്പഗിരി
തിരുവല്ലാ—689101
15—9—1997

www.malankaralibrary.com



## ശുദ്ധിപത്രം

| പുറം | വരി | തെററു | ശരി |
|---|---|---|---|
| 7 | 19 | Degnititis Homani | Dignitatis Humanae |
| 25 | 16 | സൗഹൃദയം | സൗഹൃദം |
| 35 | 26 | സാന്തനങ്ങരം | സന്താനങ്ങരം |

76 അന്ത്യോക്യയിലെ കത്തോലിക്കാ - ഓർത്തഡോക്സ് സഭകളുടെ ദൃഢപ്പെടുന്ന ഐക്യം.

1996 ഒക്ടോ. 30-ാം തീയതിയിലെ സത്യദീപത്തിൽ പ്രസിദ്ധീകരിച്ച ഒരു വാർത്തയാണ് ഇവിടെ ചേർത്തിരിക്കുന്നത്. ഇതിനു റവ, ഡോ. ഗീവറുഗീസ് ചേടിയത്തു തിരുത്തൽ നല്കുന്നു

''അന്ത്യോക്യയിലെ ഗ്രീക്കു മെൽക്കൈററു കത്തോലിക്കാ പാത്രിയർക്കേററും ഓർത്തഡോക്സു പാത്രിയർക്കേററും സ്ഥിതി ചെയ്യുന്നത് ടർക്കിയിലെ അൻറാക്യാ എന്ന സ്ഥലത്താണ്'' എന്ന പ്രസ്താവന ശരിയല്ല. ഇതുരണ്ടും സിറിയായിലെ ഡമാസ്കസിലാണ്. അൻറാക്യാ(അന്ത്യോക്യാ) ഇപ്പോരം ടർക്കിയിലാണ്. അവിടെ ലത്തീൻസഭയുടെ ഒരു ചാപ്പലും മഠവും ഒഴിച്ചു യാതൊരു ക്രിസ്തീയ സ്ഥാപനവുമില്ല. പൗരാണിക ക്രൈസ്തവ സംസ്കാരത്തിൻെറ യാതൊരവശിഷ്ടവും ടർക്കി ശേഷിച്ചിട്ടില്ല.

ഡമാസ്കസിലെ പാത്രിയർക്കേററുകളെപ്പററിയാണു പരാമർശനമെങ്കിൽ ആസഭകരം ഉരംകൊള്ളുന്ന ജനങ്ങളെപ്പററിയുള്ള വിവരണവും ശരിയല്ല. ഗ്രീക്കുമെൽക്കീത്താ കത്തോലിക്കാസഭയിൽ 10ലക്ഷം ജനങ്ങളുണ്ടു്, ഗ്രീക്കു ഓർത്തഡോക്സു സഭയിൽ ഏഴു ലക്ഷവും.

| | | | |
|---|---|---|---|
| 144 | 16 | ചേപ്പാട്ടുപീലിപ്പോസ് | ചേപ്പാട്ടുപുലിക്കോട്ട |
| 144 | 26 | 137 മുതൽ | 130 മുതൽ |

www.malankaralibrary.com

# എക്യുമെനിസവിചാരം

## I അനുരഞ്ജന യുഗോദയം

പിളർക്കപ്പെട്ട ക്രിസ്തീയതയുടെ ദീനമുഖമാണ് എക്യുമെനിസത്തിനു വഴിതെളിച്ചത്. പാശ്ചാത്യപൗരസ്ത്യസഭാവിഭജനം ഉണ്ടായിട്ട് ആയിരംവർഷവും പ്രോട്ടസ്റ്റൻറു വിപ്ലവക്കാററൂതിയിട്ടു നാനൂറുവർഷവും കഴിഞ്ഞ കാലഘട്ടം. കത്തോലിക്കാ, പ്രോട്ടസ്റ്റൻറു, ഓർത്തഡോക്സു എന്നിങ്ങനെ സഭാമണ്ഡലം മുറിയപ്പെട്ടു. പ്രോട്ടസ്റ്റൻറു ഓർത്തഡോക്സു തലങ്ങളിൽ വീണ്ടും അവാന്തരവിഭാഗങ്ങളുണ്ടായി, ഏതാണ്ടു രണ്ടായിരത്തോളം തുണ്ടങ്ങൾ. "വീണിതല്ലൊ കിടക്കുന്നു ധരണിയിൽ ശോണിതവുമണിഞ്ഞ്" എന്ന ശോചനീയതയിലായി ക്രിസ്തീയഗാത്രത്തിൻെറ കിടപ്പ്. പാപത്തിൻെറ ദുർഗ്ഗന്ധം, മാരക രോഗലക്ഷണം, ലക്ഷ്യംതകർക്കൽ, വൈരൂപ്യത്തിൻെറ ബീഭത്സത – എല്ലാം ഈ വിഘടിതദേഹം വെളിപ്പെടുത്തി.

### 1 പാപത്തിൻെറ ദുർഗ്ഗന്ധം

പാപമാണ് ഭിന്നതയ്ക്കു കാരണമെന്ന നിഗമനത്തിലാണ് ആൽബർട്ടു കാർഡിനൽ മേയർ എത്തിച്ചേർന്നത്. വിഭജനകാലത്തും വിഭജനം കഴിഞ്ഞകാലങ്ങളിലും ഉണ്ടായ പാപങ്ങൾ. അദ്ദേഹം പറയുന്നു: "ഇന്നത്തെ ക്രിസ്ത്യാനികളുടെ പാപം ഈ എരിതീയിൽ എണ്ണ ഒഴിക്കുന്നുണ്ട്. അതു പിളർപ്പിനെ വളർത്തുന്നു, ആഴപ്പെടുത്തുന്നു. ഉദാസീനത, വെറുപ്പ്, സ്വയസാധൂകരണം, ഔദ്ധത്യം, മുൻവിധി, കള്ളസാക്ഷി, ഇടർച്ച തുടങ്ങിയ തിന്മകളിലൂടെ ക്രിസ്തവനുഗാമികൾ മററുള്ളവരെ സഭയിൽ നിന്നകററുന്നു, മതവിരോധികളാക്കുന്നു ....... സ്വയസാധൂകരണം കൊണ്ടു നമ്മളെ മൂടുമ്പോൾ സമൂഹത്തിനു പുറത്തുള്ളവരെ വെറുപ്പോടെ വീക്ഷിച്ചെന്നിരിക്കും. കൂട്ടുകാരൻെറ

www.malankaralibrary.com



സുകൃതങ്ങൾ കാണാൻ പാടില്ലാത്തവിധം മുൻവിധിയുടെ മൂടൽമഞ്ഞു നമ്മുടെ ദൃഷ്ടികളെ മറച്ചെന്നിരിക്കും ...... .". (Albert Cardinal Mayer, The scandal of a divided christendom, in Steps to christian Unity, Edited by John A O Brien, Great Britain 1964, PP 36, 37)·

## 2 മാരക രോഗലക്ഷണം

കൺമുമ്പിൽ വെക്കപ്പെട്ടിട്ടുള്ള ഒരു അടയാളമാണു സഭാഭിന്നത. ഗ്രീഗറിബാം (Gregory Baum) മിൻെറ ഉറച്ച അഭിപ്രായമാണിത്. ആ ചിന്തകൻെറ സ്വരം ശ്രവിക്കൂ: "ഇസ്രായേല്യരുടെ കഥ ഇത്തരുണത്തിൽ സ്മരണീയമാണ്. അവിശ്വസ്തതയിൽ മുഴുകിയതും ഉപരിയായ ദൈവികാഹ്വാനത്തെ പരിഗണിക്കാതിരുന്നതും ഇസ്രായേല്യരെ പഠിപ്പിക്കുന്നതിനുള്ള പദ്ധതിയായിരുന്നു പന്ത്രണ്ടു ഗോത്രക്കാരുടെ ഭിന്നിപ്പും മറുതലിപ്പും. ക്രിസ്ത്യാനികളുടെ സവിശേഷശ്രദ്ധയ്ക്കു ദൈവം വെച്ചിട്ടുള്ള അടയാളമാണ് സഭയിലെ ഇന്നത്തെ ഭിന്നിപ്പ്. അതു കണക്കിലെടുത്തേ മതിയാവൂ. അല്ലെങ്കിൽ ഇതിൻെറ ദുഷ്പരിണതി ഭയാനകമായിരിക്കും. തങ്ങൾ പാപത്തിൽ മുഴുകിപ്പോയെന്നാണ് ഈ അടയാളം കാണിക്കുന്നത്. നമ്മുടെ പരാജയങ്ങൾക്കു ദൈവികപ്രതിവിധി നേടുവാനും ഈ അടയാളം ഉദ്ബോധിപ്പിക്കുന്നു" (Gregory Baum, Drawing Closer Together Ibid PP 270, 271)·

## 3 ലക്ഷ്യം തകർക്കൽ

"മാരകമായ ഭിന്നിപ്പിൻെറ രോഗം സഭയുടെ മുഖ്യലക്ഷ്യമായ മിഷനറി സംരംഭത്തെ നിഷ്പന്ദമാക്കുന്നു... സുവിശേഷപ്രഘോഷണത്തിനു തടസമുണ്ടാക്കുന്നു. ഇതുമൂലം ക്രിസ്തീയരാജ്യങ്ങളിലും മിഷൻപ്രദേശങ്ങളിലും സുവിശേഷഘോഷണത്തിനു മനുഷ്യൻ ചെവികൊടുക്കുന്നില്ല. തമ്മിൽത്തല്ലിത്തലകീറുന്ന സഭാവ്യൂഹങ്ങൾക്കു

www.malankaralibrary.com



എങ്ങനെ ശക്തിയുണ്ടാകും? അവരുടെ ശബ്ദം ആരുകേൾക്കും?'' (Ibid PP 271, 272). ഈ അഭിപ്രായവും ഗ്രിഗറിബാവായിൻേറതാണ്.

## 4 വൈരൂപ്യത്തിൻെറ ബീഭത്സരൂപം

സഭയുടെ ഹൃദ്രക്തം കുടിച്ചുവററിക്കാനും അന്തഃസത്ത കരണ്ടു നശിപ്പിക്കാനും പിളർപ്പിൻെറ നശീകരണകീടങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. ഗ്രീഗറിബാം ഈ ദയനീയതയെക്കുറിച്ചു വിലപിക്കുന്നു: ''സഭയുടെ മനോഹരമുഖം അമ്പേ, താറുമാറായിപ്പോയി. സ്നേഹത്തിനെതിരായ ഭീകരപ്രലോഭനമാണ് സഭാഭിന്നത സദാ ഉണർത്തുക. പരസ്പരം മല്ലടിക്കുന്ന സഭകളെ എങ്ങനെ സ്നേഹിക്കും? ക്രിസ്തീയതയിൽനിന്നു സ്നേഹം മാറിപ്പോയാലുള്ള സ്ഥിതി എന്തായിരിക്കും? ഉറ നഷ്ടപ്പെട്ടുപോയ ഉപ്പിൻെറ നിരുപയോഗാവസ്ഥ എത്ര ദയനീയം!'' (Ibid) സഭാസൗകുമാര്യം സംരക്ഷിക്കുന്നതിനുള്ള ശ്രമം എക്യുമെനിസത്തിലേക്കു നയിച്ചു.

## എക്യുമെനിസത്തിൻെറ പാപ്പാ

എക്യുമെനിസം ആദ്യമായി മുളയെടുത്തത് പ്രോട്ടസ്ററൻറു ഗ്രൂപ്പിലത്രേ. കത്തോലിക്കാതലത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിലിനോടൊത്തും. ആധുനികലോകത്തിൻെറ അഞ്ജലിക്കു പാത്രമായ ഒരു മഹാനുഭാവനത്രേ ഇരുപത്തിമൂന്നാം യോഹന്നാൻ പാപ്പാ. 1959-ലാണ് ആ വൃദ്ധൻ പാപ്പാസ്ഥാനത്തവരോധിതനായത്. 77-കാരനായ ആ പടുകിഴവനിൽനിന്നു കാര്യമായ ഒന്നും ആരുമാരും പ്രതീക്ഷിച്ചില്ല. വിളംബംവിനാ എക്യുമെനിക്കൽ കൗൺസിലിനെക്കുറിച്ചുള്ള പാപ്പായുടെ ഒരു പ്രഖ്യാപനം ലോകം ശ്രവിച്ചു. കൗൺസിലിൻെറ പ്രധാന ലക്ഷ്യം ക്രൈസ്തവൈക്യവും. കേട്ടവരെല്ലാം അമ്പരന്നു. ക്രൈസ്തവൈക്യത്തിനായുള്ള സെക്രട്ടേറിയററും ഉടനെതന്നെ സംസ്ഥാപിതമായി. ഓർത്തഡോക്സുകാരെയും പ്രോട്ടസ്ററൻറുകാരെയും അതിലേക്കു നിരീക്ഷകരായി ക്ഷണിക്കുകയും ചെയ്തു.

www.malankaralibrary.com



1962 ഒക്ടോബർ 11-ാം തീയതി രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ഘാടിതമായി. 2500 മെത്രാന്മാരാണ് ആ രംഗത്തിനു സാക്ഷ്യം വഹിച്ചത്. അവിടെ തടിച്ചുകൂടിയ ജനസംഖ്യ അരലക്ഷത്തിലധികമായിരുന്നു.

കൗൺസിൽ അവസാനിപ്പിക്കുവാൻ എക്യുമെനിസത്തിന്റെ പാപ്പായ്ക്കു കഴിഞ്ഞില്ല. അതു സാധിച്ചതു പോൾ ആറാമൻ പാപ്പാ ആയിരുന്നു. തുടർന്നുവന്ന ജോൺപോൾ ഒന്നാമൻ മിന്നൽപ്പിണർപോലെ പ്രത്യക്ഷപ്പെടുകയും മറയുകയും ചെയ്തു. ജോൺപോൾ രണ്ടാമനാണ് ഇന്നു ലോകശ്രദ്ധയാകർഷിക്കുന്നത്. 23-ാം യോഹന്നാൻ പാപ്പായെ തുടർന്നുവന്ന മൂന്നു പാപ്പാമാരും എക്യുമെനിസത്തിന്റെ കാര്യത്തിൽ മുൻഗാമിക്കൊത്ത പിൻഗാമികൾ എന്നു പ്രഖ്യാതരാണ്.

# II സഭൈക്യത്തിനു രണ്ടുവഴികൾ

എക്യുമെനിസത്തെക്കുറിച്ചുള്ള വത്തിക്കാൻ പ്രമാണരേഖ പറയുന്നു: "കത്തോലിക്കാസഭയിൽ പൂർണ്ണൈക്യത്തിൽ ചേരാൻ ആഗ്രഹിക്കുന്ന വ്യക്തികളുടെ ഒരുക്കവും രമ്യതയും സംബന്ധിച്ച യത്നങ്ങളിൽ നിന്നും എക്യുമെനിക്കൽ പ്രസ്ഥാനം സ്വഭാവത്താലെ വ്യത്യസ്തമാണ്. എന്നാൽ, അവ അന്യോന്യം പൊരുത്തപ്പെടാത്തവയല്ല. കാരണം രണ്ടും ദൈവത്തിന്റെ അത്ഭുതാവഹമായ പരിപാലനയിൽ നിന്നാണു പുറപ്പെടുന്നത്" (എക്യു. 1. 4).

മൂന്നു കാര്യങ്ങളാണ് ഇവിടെ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

1 എക്യുമെനിസവും പുനരൈക്യവും ഒന്നല്ല; സ്വഭാവത്താലെ വ്യത്യാസമുള്ളവയാണ്;

2 എക്യുമെനിസം ദൈവപരിപാലനയിൽ നിന്നു പുറപ്പെടുന്നു; പുനരൈക്യവും അങ്ങനെതന്നെ. രണ്ടും പരസ്പര വൈരുദ്ധ്യമുള്ളവയല്ല.

www.malankaralibrary.com



3. എക്യുമെനിസത്തിനു പുനരൈക്യം തടസ്സമാകരുത്, പുനരൈക്യത്തിന് എക്യുമെനിസവും പ്രതിബന്ധമുണ്ടാക്കരുത്.

## എക്യുമെനിസവും പുനരൈക്യവും വ്യത്യാസപ്പെടുന്നതെങ്ങനെ?

സഭാഭിന്നത ഉണ്ടായ കാലം മുതൽ യോജിപ്പിനുള്ള യത്നവും നടന്നിട്ടുണ്ട്. ക്രി. വ. 431-ൽ സഭയിൽ നെസ്തോറിയൻ പിളർപ്പുണ്ടായി. 1551-ൽ ആരംഭിച്ചു അവരുടെ പ്രത്യാഗമനം. 451-ലാണ് ഏകസ്വഭാവവാദക്കാർ സഭയിൽനിന്നും വേർപിരിഞ്ഞത്. 1665 ൽ യാക്കോബായ സഭയിൽ നിന്നും, 1771-ൽ ഈഗുപ്തായ സഭയിൽ നിന്നും 1839-ൽ അബിസീനിയൻ സഭയിൽനിന്നും പൂർവ്വമാതൃ സഭയിലേക്ക് പ്രവാഹം തുടങ്ങി. ഗ്രീക്കുസഭയിൽ വിഭജനമുണ്ടായത് 1151 ലായിരുന്നു. 1439-ൽ അവരുടെ സഭാപ്രത്യാഗമനം ആരംഭിച്ചു. 16-ാം നൂററാണ്ടിലത്രേ പ്രോട്ടസ്ററൻറു വിപ്ളവം. 1845-ൽ കർദ്ദിനാൾ ന്യൂമാനെ തുടർന്നു അനേകായിരം വ്യക്തികൾ പ്രോട്ടസ്ററൻറിസത്തിൽ നിന്നു സഭാപരിവർത്തനം നടത്തിയിട്ടുണ്ട്. ഒററയായോ കൂട്ടമായോ ഉള്ള സഭാ മാററങ്ങളാണ് ഭിന്നത തീർക്കാൻ ആദിമുതൽ നടന്നുപോന്നത്. വിഘടിത ഗ്രൂപ്പുകാരുടെ പൂർവ്വമാതൃസഭയോടുള്ള യോജിപ്പിനെ പുനരൈക്യം എന്നു വിളിച്ചുവന്നു.

സത്യത്തിൻെറ അജയ്യശക്തിക്കു മനസ്സാക്ഷി വിധേയപ്പെടുന്നതാണ് പുനരൈക്യമാർഗ്ഗം. (ഇവിടെ സത്യം എന്നുപറഞ്ഞിട്ടുള്ളത് വിശ്വാസസത്യങ്ങൾ, ഐക്യത്തിൻെറ ദൈവശാസ്ത്രപരങ്ങളായ കാര്യങ്ങൾ എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ടാണ്.) സ്നേഹബന്ധങ്ങളെ മുറിപ്പെടുത്തിക്കൊണ്ടുപോലും സത്യത്തെ ആശ്ലേഷിക്കുവാൻ മനസ്സാക്ഷി ഇവിടെ സന്നദ്ധമായിത്തീരുന്നു. (ഇവിടെ സ്നേഹം എന്നു പറഞ്ഞിട്ടുള്ളത് ഐക്യത്തിൻെറ ദൈവശാസ്ത്രപരങ്ങളല്ലാത്ത വൈകാരിക കാര്യങ്ങളെ എല്ലാം ഉൾപ്പെടു

www.malankaralibrary.com



ത്തികൊണ്ടാണ്) സ്നേഹത്തെ ബലികഴിച്ചുകൊണ്ടുള്ള സത്യത്തെപ്പുണരൽ എന്നതായിത്തീരുന്നു ഒട്ടുമിക്കവാറും ഇവിടത്തെ സ്ഥിതി. സ്നേഹം കൂടാതെയുള്ള സത്യം അസഹിഷ്ണതയാകും, മറുതലിപ്പുണ്ടാക്കും. സ്നേഹത്തിന്റെ കടുംകെട്ടുകളെ അറുത്തു മുറിക്കുന്നതിലുള്ള ധർമ്മസങ്കടമാണ് ഇപ്പാതയിലൂടെയുള്ള ഗമനത്തെ ദുർവ്വഹമാക്കുന്നത്; ഈ വഴിയെ ചരിക്കുന്നവരുടെ സംഖ്യ നന്നേ കുറയ്ക്കുന്നത്.

സ്നേഹം കുരുതികഴിക്കാതെയുള്ള സത്യം ആവരുതോ എന്ന ചോദ്യമുണ്ടാകാം. സമൂഹത്തിന്റെ ഊടും പാവുമാണ് വ്യക്തിയെ വട്ടമിട്ടിരിക്കുന്നത്. ക്രിസ്തീയ പൈതൃകത്തിന്റെ ചെറുതോ വലുതോ ആയ ചില സംസ്കാരത്തേൻനുറുങ്ങുകൾ ഓരോ ക്രൈസ്തവസമൂഹത്തിലും കണ്ടെന്നിരിക്കും. ഈ സംസ്കാരനുറുങ്ങും അതിനെ വട്ടമിട്ടിരിക്കുന്ന സമൂഹവും തമ്മിലുള്ള ഇരിപ്പു അകത്തു മധുരത്തേനും പുറത്തു കട്ടിച്ചിരട്ടയും എന്ന മട്ടിലാണ്; ഉൾഭാഗത്തു മനോഹരകുസുമവും ചുററുപാടും കനത്ത മുൾവേലിപ്പടർപ്പും എന്ന സ്ഥിതിയിലാണ്. ക്രിസ്തീയ പൈതൃകത്തിന്റെ നുറുങ്ങു അന്തർഭാഗത്തു കാത്തുസൂക്ഷിക്കുന്ന വ്യത്യസ്ത ക്രിസ്തീയ സമൂഹങ്ങൾ പരസ്പര വിപരീതങ്ങളായ വിശ്വാസസത്യങ്ങളുടെ മുള്ളു വേലിക്കുരുക്കുകൾ കിളർത്തിപ്പിടിച്ചു ശണ്ഠകൂടുന്നവയാണ്; ഇതരഗ്രൂപ്പുകളെപ്പററിയുള്ള ശ്രവണമാത്രയിൽ വിദ്വേഷവിഷം വമിക്കുന്നവയാണ്.

ഈ സ്ഥിതിയിൽ തന്നെ അലംഭാവത്തോടെ തുടർന്നാൽ വ്യക്തിക്കു സമൂഹത്തിന്റെ സ്നേഹബന്ധങ്ങളെ ഛേദിക്കേണ്ട ദുസ്ഥിതിയുണ്ടാകയില്ല. പക്ഷേ അതു സത്യത്തെ ബലി കഴിച്ചുകൊണ്ടുള്ള സ്നേഹം കാക്കലാണ്. സത്യം കൂടാതെയുള്ള സ്നേഹം അന്ധമാണ്. സ്നേഹം ബലികഴിച്ചുകൊണ്ടുള്ള സത്യം ദുർവ്വഹമായിരിക്കുന്നതുപോലെ സത്യം ബലികഴിച്ചുകൊണ്ടുള്ള സ്നേഹവും പാടില്ലാത്തതാണ്. ഇതിനു ഒരറുതി വരുത്തരു

www.malankaralibrary.com



തോ? പിളർക്കപ്പെട്ട ക്രിസ്ത്തീയസാഹോദര്യത്തിന്റെ ദുസ്സഹവേദന സൗഖ്യപ്രാപ്തിക്കു നിലവിളിക്കുന്നു. ഏതു ഗ്രൂപ്പിലാകട്ടെ ക്രിസ്ത്തീയപൈതൃകം ഐക്യത്തിനുവേണ്ടി പിടയുന്നുണ്ട്. ഓരോ ഗ്രൂപ്പും കിളർത്തിപ്പിടിക്കുന്ന വിശ്വാസവൈരുധ്യതയുടെ കൂർത്തു മൂർത്തു മൂർച്ചയേറിയ മുള്ളുകൾ തേഞ്ഞുമായണം. എങ്കിലേ ഐക്യത്തിന്റെ ആലിംഗനം പ്രാപ്യമാകൂ! പരസ്പരം വമിക്കുന്ന വിദ്വേഷവിഷം നിശ്ശേഷം കെട്ടടങ്ങണം. എങ്കിലേ ഐക്യത്തിന്റെ മാലാഖാ പറന്നടുക്കൂ! വിദ്വേഷശമനം, സൗഹൃദാന്തരീക്ഷസൃഷ്ടികൊണ്ടും വിശ്വാസസത്യങ്ങളുടെ പൊരുത്തപ്പെടൽ ഡയലോഗുകൊണ്ടും സാധിക്കും. ഇതാണ് എക്യുമെനിസത്തിന്റെ മാർഗ്ഗം.

സൗഹൃദസൃഷ്ടി, ഡയലോഗ് എന്നീ ചിറകുകൾ വിതിർത്തെങ്കിലേ എക്യുമെനിസപ്പിറാവിനു പറന്നുയരാൻ പററൂ.

# III സൗഹൃദാന്തരീക്ഷ സൃഷ്ടി

നവീകരണത്തിന്റെയും മനോഭാവമാററത്തിന്റെയും ആവശ്യം; അപഭ്രംശങ്ങളിൽ നിന്നു പിന്തിരിയൽ; വത്തിക്കാൻ കൗൺസിലിന്റെ എക്യുമെനിസ മുന്നേററത്തോടു സഹകരിക്കൽ; വ്യക്തിത്വമഹത്വം (Degnititis Homanai) എന്ന പ്രഖ്യാപനത്തിലെ സത്യത്തോടുള്ള ആദരവ്; ക്രൈസ്തവ കൂട്ടായ്മയെക്കുറിച്ചുള്ള അവബോധം; കൂട്ടായ്മ പ്രാർത്ഥനകൾ – എല്ലാം സൗഹൃദാന്തരീക്ഷസൃഷ്ടിക്കുവേണ്ടി മാർപ്പാപ്പാ ചൂണ്ടിക്കാട്ടുന്നു. "Ut Unum Sint" (എല്ലാവരും ഒന്നാകുവാൻ) എന്ന ചാക്രിക ലേഖനത്തിലെ 15, 16, 17, 18, 20, 21 ഖണ്ഡികകളിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്.

സൗഹൃദം ഉറപ്പിക്കുന്നതിനത്രേ തീർത്ഥകനായ പാപ്പാ വാർദ്ധക്യത്തെ അവഗണിച്ചുപോലും ലോകപര്യടനം നടത്തിയത്. എക്യുമെനിക്കൽ പാത്രിയർക്കീസിന്റെ

www.malankaralibrary.com



തലസ്ഥാനം (1979); അഖിലലോക സഭാകൗൺസിലിൻെറ ആസ്ഥാനം (1984); കാൻററ്ബറി ആർച്ചുബിഷപ്പിൻെറ കത്തീഡ്രൽ (1982); സ്കാൻറിനേവിയാ, നോർഡി എന്നീ രാജ്യങ്ങൾ, വടക്കേ അമേരിക്കാ, തെക്കേ അമേരിക്കാ, എന്നീ ഭൂഖണ്ഡങ്ങൾ എന്നിവിടങ്ങളിൽ നടത്തിയ സന്ദർശനങ്ങൾ ആനന്ദബാഷ്പം തൂകിക്കൊണ്ടാണ് മാർപ്പാപ്പാ അനുസ്മരിക്കുന്നത്. സൗഹൃദത്തിൻെറ ഇത്തരം എത്രയെത്ര ഒത്തുചേരലുകൾ വേറെയും നടന്നു. ഡിമിട്രിയോസ് പാത്രിയർക്കീസിൻെറ റോമാസന്ദർശനം (1987), ലൂഥറൻ ആർച്ചുബിഷപ്പുമാർ, സ്വീഡനിലെയും ഫിൻലണ്ടിലെയും ശ്രേഷ്ഠാസഭാധികാരികൾ എന്നിവരെ ഒരുമിച്ചുള്ള കൂടിക്കാഴ്ച (1991) – എല്ലാം ആ സഭൈക്യഹൃദയത്തെ രോമാഞ്ചം കൊള്ളിക്കുന്നു. ഹൃദയം കവിഞ്ഞൊഴുകുന്ന ആ വാക്കുകൾ ശ്രദ്ധിക്കൂ: "ഈ പ്രാർത്ഥനകളും ആശയപങ്കാളിത്തങ്ങളും നമ്മുടെ ഐക്യത്തിൻെറ പുസ്തകത്തിൽ നാം എപ്പോഴും മറിച്ചുനോക്കേണ്ടതും ആവർത്തിച്ചു വായിക്കേണ്ടതുമാണ്". (Ut Unum Sint 25) "വിവിധ ഭൂഖണ്ഡങ്ങളിലെ സഭകളിലും ഇന്നത്തെ ആഗോള രാഷ്ട്ര സമുച്ചയത്തിലെല്ലാംതന്നെ മാർപ്പാപ്പാ എന്ന നിലയിൽ ഞാൻ നടത്തിയ സന്ദർശനങ്ങൾ ഓർക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലാണ് മാർപ്പാപ്പായുടെ ഈ അപ്പസ്തോലികദൗത്യം പ്രത്യേകം നിർവ്വഹിക്കാൻ ഞങ്ങളെ പ്രാപ്തരാക്കിയതെന്ന കാര്യം എനിക്കു നന്നായിട്ടറിയാം..... മാർപ്പാപ്പായുടെ ഈ സന്ദർശനയാത്ര പ്രത്യേകം എടുത്തുപറയേണ്ട ഉത്തരവാദിത്വമായിട്ടാണ് കൗൺസിൽ കാണുന്നത്. എൻെറ യാത്രകളിലും എക്യുമെനിക്കൽ മീററിംഗുകളിലും യേശുക്രിസ്തുവിലും അവിടുത്തെ സഭയിലും ഐക്യം കാംക്ഷിക്കുന്ന സഹോദരീ സഹോദരന്മാരൊത്തുള്ള കൂട്ടായ്മ പ്രാർത്ഥനകളും ഉൾക്കൊള്ളിച്ചിരുന്നു" (Ibid 24)

സൗഹൃദാന്തരീക്ഷത്തിൻെറ പൂനിലാവൊളി എമ്പാടും വീശുന്നുണ്ട്. അതിൻെറ മധുര കിരണം കേരളത്തിലും ഒഴുകുന്നു; വേണ്ടത്രയില്ലെന്നു മാത്രം.

www.malankaralibrary.com



# IV ഡയലോഗു മനോഭാവം

എക്യുമെനിസത്തിൻെറ ചാക്രികലേഖനം (Ut Unum Sint) ഡയലോഗു മനോഭാവത്തെ വിശദീകരിക്കുന്നു:

1 "ആശയങ്ങളുടെ കൈമാററം മാത്രമല്ല ഡയലോഗ്; അതു ദാനങ്ങളുടെ കൈമാററമാണ്. പരസ്പരസമ്മാനദാന മെന്നും ഒരർത്ഥത്തിൽ പറയാം" (Ibid 28).

2 "ഐക്യം സത്യത്തിൽ അധിഷ്ഠിതമാണ്. പരസ്പരം എതിർക്കുന്ന മനോഭാവം വെടിയണം. എങ്കിലേ ഐക്യം നേടാൻ കഴിയൂ" (Ibid 29).

3 "വത്തിക്കാൻ കൗൺസിൽ മാതൃക നല്കുന്ന വിവിധസമൂഹങ്ങളിലെ നിരീക്ഷകരായിവന്ന അനേകം പ്രതിനിധികളുടെ സാന്നിധ്യവും അവരുടെ ഉററസമ്പർക്കവും കൗൺസിൽ സംഭവങ്ങളെപ്പററിയുള്ള അവരുടെ വിലയിരുത്തലുകളും കൗൺസിൽസമയത്തുണ്ടായ നിരവധി മീററിംഗുകളും കൂട്ടായ്മപ്രാർത്ഥനകളുമെല്ലാം പരസ്പരമുള്ള ഡയലോഗിനു പശ്ചാത്തലമൊരുക്കി" (Ibid 30).

4 "ഓരോവിഭാഗവും തങ്ങളുടെ സഭാപഠനങ്ങളെ സമഗ്രമായി വിശദീകരിക്കുന്നു. അതിൻെറ പ്രത്യേകതകളെ വ്യക്തമാക്കിക്കൊടുക്കുന്നു" (Ibid 31).

5 "സഭയെക്കുറിച്ചു ക്രിസ്തുവിനുണ്ടായിരുന്ന മനോഭാവത്തോടു തങ്ങൾ എത്രയ്ക്കു വിശ്വസ്തരാണെന്നു സ്വയം പരിശോധിക്കാൻ ഇതു സഹായിക്കും" (Ibid 32).

6 "പ്രാർത്ഥനയും സംവാദവും വളരെ അടുപ്പവും ബന്ധവുമുള്ളതാണ്. അറിവും ബോധ്യവുമുള്ള ആഴമായ പ്രാർത്ഥന സംവാദത്തെ കൂടുതൽ ഫലപുഷ്ടമാക്കും. സംവാദം പ്രാർത്ഥനയുടെ പിൻബലത്തെ ആശ്രയിക്കണം. പ്രാർത്ഥന സംവാദത്തിൻെറ മധുരഫലം വിളയിക്കുന്നു" (Ibid 33).

www.malankaralibrary.com



7 'എക്യുമെനിക്കൽ സംവാദത്തിൽ ഏർപ്പെടുന്ന കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാർ സഭയുടെ പഠനങ്ങളോടു കൂറുപുലർത്തണം; വിഭജിതസഹോദരന്മാരോടുചേർന്നു ദൈവികരഹസ്യങ്ങളെപ്പററിയുള്ള അന്വേഷണം തുടരണം; സത്യത്തോട് സ്നേഹവും ഔദാര്യവും വിനയവും കാണിക്കുന്നവരാകണം' (Ibid 36).

8 'ഐക്യത്തിനു എതിരു നിൽക്കുന്നതു പാപമെന്ന ബോധം ഉണ്ടാകണം; മാനസാന്തരം ആഗ്രഹിക്കണം' (Ibid 34).

9 'രക്ഷാകരസംവാദ ( Dialogue of Salvation ) മാണു ഡയലോഗു. അതുന്നതമാണ്. അതു വീണ്ടും വീണ്ടും ഉയരണം; ലോകരക്ഷകനിലേക്കു ചെന്നെത്തണം. അതാണു അനുരഞ്ജനം' ( Ibid 35).

10 'സത്യം മുഴുവനും സ്വീകരിക്കേണ്ടതുണ്ട്. ചിലതൊക്കെവിട്ടുകളഞ്ഞാൽ കുഴപ്പമില്ല എന്ന അലസമനോഭാവം വെടിയണം. പുറമോടിയിലുള്ള ഒത്തുതീർപ്പുകൾ പോരാ. എല്ലാ ഗൗരവപ്രശ്നങ്ങളും പരിഹരിക്കപ്പെടണം. അല്ലാഞ്ഞാൽ അവ വീണ്ടും പ്രത്യക്ഷപ്പെടും, അതേമട്ടിലോ മററുവേഷത്തിലോ' (Ibid 36).

**ഡയലോഗുവരുത്തിയ മാററം**

ഇക്കഴിഞ്ഞ 30 കൊല്ലത്തിനുള്ളിൽ ഡയലോഗു വരുത്തിയ മാററം ചെറുതല്ല. ചാക്രികലേഖനം പറയുന്നു: 'എക്യുമെനിസത്തിൻെറ നിതാന്തജാഗ്രതയുടെ ഫലമായി അനുതാപത്തിൻെറയും വീണ്ടുവിചാരത്തിൻെറയും മനോഭാവം സംജാതമായി. സാഹോദര്യത്തിനു ദ്രോഹമാകുന്നതൊക്കെ നിരാകരിക്കണമെന്ന ബോധം വളർന്നു. ക്ഷമാശീലത്തിനു എതിരായവ വർജ്ജിക്കാൻ തുടങ്ങി. 'മറെറകക്ഷിയെ' ശപിക്കണമെന്ന സുവിശേഷവിരുദ്ധനിലപാടു മാറി. ഗർവ്വങ്ങൾ ശമിച്ചു. അനാശാസ്യമുൻവിധികൾ തകർന്നു. ഒരു എക്യുമെനിക്കൽ സ്നേഹം വളർന്നു' (Ibid 15).

വിശ്വാസസംബന്ധമായും മാററമുണ്ടായി. അവ എടുത്തുപറയേണ്ടതാണ്.

1 സഭയെ പണിതുയർത്തുന്ന പ്രക്രിയയിൽ മാമോദീസായ്ക്കുള്ള പരമപ്രാധാന്യം ഉഭയകക്ഷിചർച്ചയിലൂടെ ഉരുത്തിരിഞ്ഞു. ( Ibid 42 ).

www.malankaralibrary.com



2 ക്രിസ്തീയസഭാതലവന്മാരെല്ലാം സഭൈക്യപ്രവർത്തനങ്ങളിൽ സഹകരിക്കുന്നു (Ref. Ibid 43)

3 അഖിലലോകസഭാകൗൺസിൽ വഴിയായി സഹകരണമേഖല വളർന്നു വലുതായി (Ref Ibid).

4 സംയുക്തബൈബിളിന്റെ കാര്യത്തിലുണ്ടായതു ശ്രദ്ധേയമായ ചുവടുവെപ്പാണ്. (Ref. Ibid 44).

5 ആരാധനാക്രമത്തിനും ആരാധനാ ക്രമത്തിലെ പ്രതീകങ്ങൾക്കും ഇന്നു എല്ലാവരും മാന്യമായ സ്ഥാനം കല്പിക്കുന്നു (Ref. Ibid 45).

6 ഒരുമിച്ചുള്ള കുർബ്ബാനയർപ്പണം ഇന്നു സാധ്യമായി കഴിഞ്ഞിട്ടില്ല. എങ്കിലും അതിനുള്ള ആഗ്രഹം വളരുന്നു (Ref. Ibid ).

7 ചില പ്രത്യേകസാഹചര്യങ്ങളിൽ കൂദാശാ സ്വീകരണത്തിനു കത്തോലിക്കരേയും അകത്തോലിക്കരേയും സഹകരിപ്പിക്കുന്ന നിലവന്നു. (Ref. Ibid 46).

8 വിയോജിതസഹോദരന്മാർക്കിടയിൽ കാണുന്ന പൊതു പൈതൃകത്തിന്റെ ഭാഗങ്ങളായ മൂല്യങ്ങൾ കത്തോലിക്കർ സൗഹൃദത്തോടെ അംഗീകരിക്കുന്നു.

**ഡയലോഗു കേരളസഭയിൽ**

ഈ അനുകൂലസ്ഥിതിക്കൊത്തു വേണ്ടത്ര വളരാൻ കേരളസഭയ്ക്കു കഴിഞ്ഞിട്ടില്ല.

1 വത്തിക്കാൻ പ്രമാണരേഖകളുടെ വെളിച്ചത്തിൽ സഭാവബോധം വെളിപ്പെടുത്തുന്ന പുസ്തകങ്ങൾ ഇവിടെ ഉണ്ടായിട്ടില്ല;

2 സഭയുടെ അധുനാതനീകരണത്തിനോ സഭൈക്യത്തിനോ ഇവിടത്തെ വാർത്താമാധ്യമങ്ങൾ പ്രാധാന്യം കൊടുക്കുന്നില്ല. പെട്ടെന്നു പൊതുസമ്മതി കിട്ടുന്നതിനുള്ള തത്രപ്പാടിനു ഗഹനമായ എക്യുമെനിസചിന്ത തടസ്സമാണെന്നോ മറ്റോ നമ്മുടെ ജിഹ്വകൾ ഭയപ്പെടുന്നു;

3 കൗൺസിൽ പ്രമാണരേഖകളുടെ അടിസ്ഥാനത്തിൽ സഭാവബോധം വെളിപ്പെടുത്തുന്ന പ്രതിഭാധനന്

www.malankaralibrary.com



മാർ ഇവിടെ നന്നേ കുറയുന്നു. മോൺ. നടുവത്തുശ്ശേരി, മോൺ. വടശ്ശേരി, ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ, ഫാ. തോമസ് ഇഞ്ചയ്ക്കലോടി, ഷെവ. വി. സി. ജോർജ് എന്നിവർ ഒരു കാലത്തു ചെയ്തിരുന്ന സേവനം. കൗൺസിലിനു ശേഷം സഭാരംഗത്തു തുടരാൻ വൈദികരുടെ നിരയിലോ അല്മായരുടെ നിരയിലോ പ്രതിഭാധനന്മാർ ഇല്ലാതായിരിക്കുന്നു;

4 പൂനയിലെ ജ്ഞാന-ദീപ വിദ്യാപീഠത്തിലെ പ്രൊഫ. ഫാ. പോൾ പാറത്താഴത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ട സർവ്വേയും പഠനറിപ്പോർട്ടും 1996-മാർച്ച് 13-ാം തീയതിയിലെ സത്യദീപത്തിൽ വന്നിരുന്നു. സി. ബി. സി. ഐയുടെ പരിഗണനയ്ക്കു വന്നിരുന്നതാണീറിപ്പോർട്ട്. എന്തൊരു വൈരുധ്യം! മുമ്പൊക്കെ ഒഴുക്കു കത്തോലിക്കാസഭയിലേക്കായിരുന്നു. ഇന്നു നേരെ മറിച്ചായി. സഭാവബോധത്തിന്റെ കുറവല്ലാതെ മററെന്താണിതിനു കാരണം? കൗൺസിലിനുശേഷം സഭാവബോധത്തിനു ഇവിടെ ആരും മെനക്കെടുന്നില്ലത്രേ;

5 എക്യുമെനിസത്തെക്കുറിച്ചു ഇവിടെ ശരിയായ ധാരണയ്ക്കുപകരം തെററായ ധാരണകളുണ്ട്, ദുർവ്യാഖ്യാനങ്ങളുണ്ട്; തെററായ പ്രചാരണങ്ങളുണ്ട്.

# V ആവിഷ്കൃതസത്യങ്ങളും എക്യുമെനിസവും

വെളിപ്പെടുത്തപ്പെട്ട സത്യത്തിന്റെ സംരക്ഷണം എക്യുമെനിസത്തിന്റെ ഉത്തരവാദിത്വമാണ്. വിശ്വാസസത്യത്തിനു വിട്ടുവീഴ്ചയില്ല. ആ സത്യത്തിനു മാററമില്ല, പിന്നെയോ വളർച്ചയുണ്ട്. വിശ്വാസസത്യങ്ങളുടെ വളർച്ചയെന്തെന്നു ചാക്രികലേഖനം പറഞ്ഞുതരുന്നു: "ഇതു വിശ്വാസസത്യങ്ങളുടെ മാററിമറിക്കലല്ല; അംഗീകരിക്കപ്പെട്ട പ്രയോഗശൈലി ഒഴിവാക്കി ഡോഗ്മാകളുടെ അർത്ഥം വെട്ടിത്തിരുത്തലല്ല; കാലത്തിന്റെ താളത്തിനൊ

www.malankaralibrary.com



ത്തു സത്യങ്ങളെ അവതരിപ്പിക്കലെല്ല; ചില കാര്യങ്ങരം ഇന്നാർക്കും മനസിലാകാത്തതാണ് എന്ന തെററായ നിഗമനം വെച്ചു വിശ്വാസസത്യങ്ങരം റദ്ദാക്കലുമല്ല; ദൈവഹിതമനുസരിച്ചുള്ള ഐക്യമുണ്ടാകുന്നതു ആവിഷ്കൃതസത്യങ്ങളുടെ ആകെത്തുകയെ, എല്ലാവരും അംഗീകരിക്കുന്നതോടുകൂടിയാണ്. വിശ്വാസത്തിൻെറ കാര്യത്തിൽ ഒരു ഒഴുക്കൻ ഒത്തുതീർപ്പല്ല ആവശ്യം. അത്താം ഒത്തുതീർപ്പു സത്യം തന്നെയായ ദൈവത്തിനു വിരുദ്ധമാണ്. "വഴിയും സത്യവും ജീവനുമാകുന്ന" (യോഹ. 14 : 6) ക്രിസ്തുവിൻെറ ശരീരമാകുന്ന സഭയിൽ സത്യത്തെ ബലികഴിച്ചുകൊണ്ടുള്ള അനുരഞ്ജനം ന്യായീകരണം അർഹിക്കുന്നില്ല ....... സത്യത്തോടുള്ള ആദരവും അതു മുറുകെപ്പിടിക്കുന്ന സ്വഭാവവും മനുഷ്യമഹത്വത്തിൻെറ ഭാഗമാണ്" (Ibid 18).

"സത്യത്തോടുള്ള സ്നേഹമാണ് സമ്പൂർണ്ണ ക്രൈസ്തവൈക്യത്തിനുള്ള ആധികാരിക അന്വേഷണങ്ങളുടെ ക്ളിപ്തവും നിർണ്ണായകവുമായ മാനദണ്ഡം; ഇതു കൂടാതെ വിഭിന്നാഭിപ്രായങ്ങളെ പരിശോധിക്കുമ്പോരം ദൈവശാസ്ത്ര മനഃശ്ശാസ്ത്ര സാമൂഹ്യ സാംസ്കാരിക പ്രതിബന്ധങ്ങളെ അഭിമുഖീകരിക്കാൻ കഴിയുകയില്ല" (ibid 36).

## സുവിശേഷസത്യങ്ങളും കാലവും

കാലവും കോലവും ഉണ്ടല്ലോ. കാലാകാലങ്ങളിൽ സുവിശേഷത്തിനു രൂപാന്തരം സംഭവിക്കാൻ പാടില്ലേ? അതു കോലം മാററമല്ലേ? സംശയത്തിൻെറ പഴുതു ചാക്രികലേഖനം അടയ്ക്കുന്നു: "വിശ്വാസത്തിൻെറ ഉള്ളടക്കം മാനവരാശിക്കു മൊത്തത്തിൽ നല്കപ്പെട്ടതാണ്. എല്ലാ സംസ്കാരങ്ങളിലേക്കും അതു വിവർത്തനം ചെയ്യപ്പെടണം. സത്യത്തിൻെറ അർത്ഥം തന്നെ കൂട്ടായ്മയുടെ ഘടകങ്ങരം ഉരംച്ചേർന്നത് എന്നാണ്. സത്യത്തിൻെറ വിശദീകരണത്തിന് വിവിധരീതികരം അവലംബിക്കാവുന്നതത്രേ. ഈ വിവിധ രീതികരംക്കു കാലാകാലങ്ങളിൽ രൂപമാററം സംഭവിക്കാം. സുവിശേഷസന്ദേശത്തിൻെറ മാററമില്ലാത്ത സനാതനസത്യം ഇന്നത്തെ മനുഷ്യനു മനസ്സിലാക്കാൻ ഈ മാററം വന്ന രീതികരം ആവശ്യമാണ്" (Ibid 19).

www.malankaralibrary.com



## ഭാഷാശൈലിയും വിശ്വാസസത്യവും

ഭാഷാശൈലി വരുത്തുന്ന പ്രയാസം വിശ്വാസസത്യസ്വീകരണത്തിലുണ്ട്. ഒരേ വിശ്വാസത്തിനു വ്യത്യസ്ത സംജ്ഞകളുണ്ടാകാം. പറയുന്നകാര്യം ഒന്നാണോ എന്നാണ് അപ്പോഴാം പരിഗണിക്കേണ്ടത്. ഒരു ഉദാഹരണം പറയാം. ക്രിസ്തുവിജ്ഞാനീയം (Christology) സംബന്ധിച്ചു ഒരു പ്രചണ്ഡവാദ കോലാഹലം ഏറെനാളം നിലനിന്നു, ഏകസ്വഭാവവാദം, ദ്വിസ്വഭാവവാദം എന്നപേരിൽ. കേവല വാക്പടയാണിവിടെ നടന്നതെന്നു സൂക്ഷ്മശോധന വെളിപ്പെടുത്തും. സാരാംശത്തിൽ വ്യത്യാസമില്ല, എന്നാലും മല്പിടിത്തം. ദ്വിസ്വഭാവവാദത്തെ കൽക്കദോനിയാ സൂനഹദോസ് അധ്യവസാനം ചെയ്യുന്നതും (Denzinger, 148) ഏകസ്വഭാവവാദത്തെ വട്ടശ്ശേരി മാർ ദീവന്യാസ്യോസ് നിർവ്വചിക്കുന്നതും (മതോപദേശസാരങ്ങൾ, വട്ടശ്ശേരി മാർ ദീവന്യാസ്യോസ്, 3-ാം സംഗതി) തമ്മിൽ സാരാംശത്തിൽ ഭേദപ്പെടുന്നില്ല.

ഇത്തരം സന്ദർഭങ്ങളിൽ എന്താണു നിവൃത്തി? മാർപ്പാപ്പാ പറയുന്നു: " .... യാഥാർത്ഥ്യത്തെ സമഗ്രമായി ഉൾക്കൊള്ളുന്ന ഫോർമുല കണ്ടെത്തുകയാണ് ആവശ്യം. അതു ഭാഗിക കാഴ്ചപ്പാടിനെ അതിലംഘിക്കാനും തെററായ വ്യാഖ്യാനങ്ങളെ ഉപേക്ഷിക്കാനും സഹായകരമാകും" (UUS 38).

## സഭാനിർവ്വചനം

സഭയുടെ ഉജ്ജ്വലചിത്രമാണ് കൗൺസിൽ നല്കുന്നത്. "ദൈവത്തിൻെറ ജനം" എന്നനിലയിൽ സഭ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. "രക്ഷയുടെ കൂദാശ", "ക്രിസ്തുവിൻെറ ശരീരം", "മിശിഹായുടെ മണവാട്ടി", "പരിശുദ്ധാത്മാവിൻെറ ആലയം" എന്നീ വിശേഷണങ്ങളുടെ നിഗൂഢതകൾ വെളിപ്പെടുത്തുന്നുമുണ്ട്. ഏകം, വിശുദ്ധം, കാതോലികം. ശ്ലൈഹികം എന്നീ ലക്ഷണങ്ങളുടെ അഗാധത എടുത്തുകാട്ടുകയും ചെയ്യുന്നു. സഭ പൂർവ്വാ

www.malankaralibrary.com



ധികം ആസ്വദനീയമാകുകയാണ് ഇതുമൂലം. സുനഹദോസ് സഭയുടെ മൂടിളക്കിയെന്ന പരാതി വെറും അന്ധജല്പനമെന്നു ഇതു വെളിപ്പെടുത്തും.

സാഭാബന്ധത്തിൽ മാമോദീസായ്ക്കു വിശേഷസ്ഥാനമുണ്ട്. വത്തിക്കാൻ കൗൺസിൽഡിക്രി പറയുന്നു: '[ക്രിസ്തുവിൽ വിശ്വസിച്ചു ശരിയായി മാമോദീസാ സ്വീകരിക്കുന്നവർ കത്തോലിക്കാസഭയുമായി പൂർണ്ണമായിട്ടല്ലെങ്കിലും ഒരുതരം ഐക്യത്തിലാണ് വർത്തിക്കുന്നത്'' [എക്യു. 3, (1)]. സുനഹദോസുചലനങ്ങൾ സൂക്ഷ്മതയോടെ പഠിക്കയും വിധിപറയുകയും ചെയ്ത ഒരു ആംഗ്ലിക്കൻ പണ്ഡിതനത്രേ കാനൻ ബർണാർഡു സി. പൗളി. വിയോജിതസഹോദരന്മാർ ഒരു പ്രത്യേകാർത്ഥത്തിൽ (in a Certain Sense) സഭാംഗങ്ങളാണെന്നും ഒരു പ്രത്യേകതരത്തിലുള്ള (in a Certain Sense) ബന്ധം സഭയുമായുണ്ടെന്നുമുള്ള സിദ്ധാന്തത്തിൽ ആംഗ്ലിയാസഭയുടെ കിരുകിരുപ്പു അദ്ദേഹം വെളിപ്പെടുത്തിയിട്ടുണ്ട്. ആ വാക്യം ഇന്നു ചില ഐക്യവിരുദ്ധർക്കു കടിച്ചുതൂങ്ങുന്നതിനുള്ള കച്ചിത്തുരുമ്പാണ്; ഞാണിന്മേൽ കളിക്കുള്ള ചകിരിനാരാണ്; ഐക്യപൂർണ്ണത വിഭ്രമിപ്പിക്കുന്ന മായാമയിൽപ്പീലിയാണ്. ഇത്തരം പ്രസ്താവങ്ങൾ ഡിക്രിയിൽ വേറെയുമുണ്ട്.

''വേർപെട്ട സഭകൾക്കും സമൂഹങ്ങൾക്കും മേൽപ്പറഞ്ഞ ന്യൂനതകൾ ഉണ്ടെന്നു നാം വിശ്വസിക്കുന്നെങ്കിലും ഈ സഭകൾക്കു രക്ഷണീയ രഹസ്യത്തിലുള്ള പ്രാധാന്യം ഒരു തരത്തിലും ഇല്ലാതാകുന്നില്ല''. (എക്യു. 3)

''കലർപ്പില്ലാത്ത വിശ്വാസം പൂർണ്ണമായി ഏററുപറയുകയോ പത്രോസിൻെറ പിൻഗാമിയോടു ഐക്യം പുലർത്തുകയോ ചെയ്യുന്നില്ലെങ്കിലും ജ്ഞാനസ്നാനം സ്വീകരിച്ചു ക്രിസ്തീയ നാമത്താൽ അലംകൃതരായ എല്ലാവരോടും വിവിധ രീതികളിൽ ബന്ധപ്പെട്ടാണു ഇരിക്കുന്നതു എന്നു തിരുസഭയ്ക്കറിയാം'' (തിരുസഭ. 15).

www.malankaralibrary.com



## കത്തോലിക്കാ സഭയുടെ ലക്ഷണ യുക്തത

വിശുദ്ധീകരണത്തിന്റെ ഘടകങ്ങൾ സഹോദരീ സഭകളിലുണ്ട്. എന്നാൽ, കത്തോലിക്കാ സഭയിലാണ് ലക്ഷണയുക്തത തികഞ്ഞിരിക്കുന്നത്. അർത്ഥശങ്കയ്ക്കിടയില്ലാതെ കൗൺസിൽ എടുത്തുപറയുന്നു: "കാതോലികമായ ക്രിസ്തുവിന്റെ സഭയാണ് രക്ഷാകരമായ എല്ലാ മാർഗ്ഗങ്ങളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടു അവളിൽ കൂടി മാത്രമേ രക്ഷയ്ക്കാവശ്യമായവയെല്ലാം അവയുടെ പരിപൂർണ്ണതയോടുകൂടി സമ്പാദിക്കുവാൻ സാധിക്കുകയുള്ളു. പത്രോസ് തലവനായുള്ള ശ്ലീഹന്മാരുടെ സമൂഹത്തെയാണ് നമ്മുടെ കർത്താവു പുതിയ ഉടമ്പടിയുടെ എല്ലാ നിക്ഷേപങ്ങളും ഏല്പിച്ചിരിക്കുന്നത് എന്നു നാം വിശ്വസിക്കുന്നു" [എക്യു. 3 (5)].

"ഒരു മദ്ധ്യസ്ഥനേയുള്ളു; രക്ഷയുടെ വഴിയും ഒന്നു മാത്രം; അതാണു ക്രിസ്തു. അവിടുന്നു സഭയാകുന്ന തന്റെ ശരീരത്തിലൂടെ നമ്മുടെ ഇടയിൽ സന്നിഹിതനാകുന്നു. അവിടുന്നുതന്നെ സ്പഷ്ടമായ വാക്കുകളിൽ വിശ്വാസത്തിന്റെയും ജ്ഞാനസ്നാനത്തിന്റെയും ആവശ്യകത വ്യക്തമാക്കിയതോടുകൂടിത്തന്നെ (മർക്കോ. 16:16; യോഹ. 3:5) തിരുസഭയുടെ ആവശ്യകതയും സ്ഥിരീകരിച്ചിട്ടുണ്ട്" (തിരുസഭ 14).

"ക്രിസ്ത്യാനികളുടെ ഇടയിലുള്ള അപൂർണ്ണക്കൂട്ടായ്മയെ സത്യത്തിലും സ്നേഹത്തിലുമുള്ള സമ്പൂർണ്ണ കൂട്ടായ്മയായിത്തീർക്കുക എന്നതാണ് എക്യുമെനിസത്തിന്റെ നിതാന്ത ജാഗ്രത" (UUS 15).

"പല കാര്യങ്ങളിലും നമുക്ക് യോജിപ്പാണ്. എങ്കിലും സമ്പൂർണ്ണ ഐക്യത്തിലേക്കുള്ള പാതയിലൂടെയാണു നാമിന്നു മുന്നേറിക്കൊണ്ടിരിക്കുന്നത്. അപ്പസ്തോലിക സഭയ്ക്കു അതിന്റെ ജന്മസമയത്തുണ്ടായിരുന്ന സമ്പൂർണ്ണ ഐക്യമാണു ആത്മാർത്ഥമായി നാമിന്നു തിരയുക" (Ibid 23).

www.malankaralibrary.com



"യേശു സഭയ്ക്കു നേരുന്ന യോജിപ്പിന്റെ വരം (യോഹ. 17:21)സകലരും അതുവഴി സമാശ്ലേഷിക്കപ്പെടണമെന്നുള്ള അഭിലാഷമാണ്. അതു പുറമെ നിന്നുള്ള ഒരു അടിച്ചേൽപ്പിക്കലല്ല; കർത്താവിന്റെ ദൗത്യത്തിന്റെ ജീവത്തുടിപ്പാണത്. തന്റെ ശിഷ്യഗണത്തിന് ഉണ്ടായിരിക്കേണ്ട ഒരു രണ്ടാംതരം സ്വഭാവമായിട്ടല്ല അവിടുന്നു അതു കാണുന്നത്. ഈ സമൂഹത്തിന്റെ അന്തർധാരതന്നെ അതായിരിക്കണം. ഒരു സഭ വേണമെന്നു ദൈവം കണ്ടു. അതു ഏകതചത്തിൽ ഒന്നിച്ചിരിക്കുന്നതായിരിക്കണമെന്നും അവിടുന്നു നിശ്ചയിച്ചു. ഈ ഒന്നിപ്പാണ് സഭയെന്ന കൂട്ടായ്മ (Agape) യുടെ അന്തഃസത്ത ബഹിർസ്ഫുരിപ്പിക്കുന്നത്. ... ഐക്യം ആഗ്രഹിക്കുക എന്നു പറയുന്നത് ഒരു ഏക സഭയായിരിക്കുക എന്നതാണ്'' (Ibid 9).

''രണ്ടായിരം കൊല്ലത്തെ ചരിത്രത്തിൽ കത്തോലിക്കാ സഭ എന്നും ഈ ഐക്യം കാത്തുസൂക്ഷിച്ചുപോന്നുവെന്നാണ് നാം അവകാശപ്പെടുന്നത്. ദൈവം നല്കിയ എല്ലാ നന്മകളും സഭ അതിനുവേണ്ടി ഉപയോഗപ്പെടുത്തി. കടുത്ത പ്രതിസന്ധികൾ സഭയെ പിടിച്ചുലച്ചിട്ടുണ്ട്. സഭാശുശ്രൂഷകരിൽ ചിലരുടെ അവിശ്വസ്തതകൾ സഭയ്ക്കു അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. സഭാംഗങ്ങളുടെ തെറ്റുകളും വീഴ്ചകളും അനവധി സഹിക്കേണ്ടിവന്നിട്ടുണ്ട്. എങ്കിലും ഐക്യം അന്യമായില്ല'' (Ibid 11).

''സമ്പൂർണ്ണ ഐക്യം സംജാതമാകുന്നത് മുഴുവൻ സത്യവും സമ്മതിച്ചുസ്വീകരിക്കുവാൻ പരിശുദ്ധാത്മാവു

www.malankaralibrary.com



ക്രിസ്തുശിഷ്യരെ സജ്ജമാക്കുമ്പോഴാണ്. ചിലതൊക്കെ വിട്ടുകളഞ്ഞാലും കുഴപ്പമില്ല എന്ന അലസമനോഭാവം പാടേ നിരാകരിക്കേണ്ടതാണ്. പുറമോടിയിലുള്ള ഒത്തുതീർപ്പുകൾ കൊണ്ടൊന്നും പ്രശ്നം തീരുകയില്ല. എല്ലാ ഗൗരവപ്രശ്നങ്ങളും പരിഹരിക്കപ്പെടണം. അല്ലാഞ്ഞാൽ ഭാവിയിൽ അവ അതേ മട്ടിലോ മററു വേഷത്തിലോ പ്രത്യക്ഷപ്പെടും'' (Ibid 36)

''ഇന്നു വളരെയേറെ ധാരണയായി.... എന്നാൽ ഏകവും വിശുദ്ധവും കാതൊലികവും അപ്പസ്തോലികവുമായ സഭയെന്നു നാം ഏററുചൊല്ലുന്ന അവസ്ഥയ്ക്കു ഇത്രമാത്രം പോരാ എന്നു ക്രൈസ്തവമന:സാക്ഷി മന്ത്രിക്കുന്നു. എക്യുമെനിക്കൽ പ്രസ്ഥാനത്തിൻെറ ആത്യന്തികലക്ഷ്യം മാമോദീസാ സ്വീകരിച്ചിട്ടുള്ള സകലരുടെയും സമ്പൂർണ്ണവും ദൃശ്യവുമായ ഐക്യമാണ്. .... ഈ ലക്ഷ്യം വച്ചുനോക്കുമ്പോൾ നാളിതുവരെ നേടിയതെല്ലാം ഒരളവുവരെ മാത്രമേയുള്ളു. യാത്രയുടെ ഒരു ഘട്ടമേ കഴിഞ്ഞിട്ടുള്ളു''.

(Ibid 77)

**പൊരുത്തക്കേടോ?**

കത്തോലിക്കാ സഭയേയും വിഭജിതസഭകളേയും പററിയുള്ള പ്രതിപാദനത്തിൽ പ്രഥമദൃഷ്ട്യാ വൈരുധ്യം തോന്നുന്നവരുണ്ട്. ചില എക്യുമെനിസവ്യാഖ്യാനക്കാരെ അതു തെററിക്കുന്നുമുണ്ട്. മുള്ളുവേലി സംരക്ഷണവും പരസ്പരം കൈകൊടുക്കലും എന്ന എക്യുമെനിസഭാഷ്യം അവരുടേതാണ്. വിശുദ്ധീകരണത്തിൻെറ ഘടകങ്ങൾ വിഭജിതസമൂഹങ്ങളിൽ ഉണ്ടെന്നതിൻെറ അർത്ഥം അവർ ഗ്രഹിക്കുന്നില്ല. സഭയുടെ ഉടമസ്ഥതയിൽപെട്ട വരങ്ങളാണവ. അവ ഒരിക്കലും ഐക്യത്തിനു പ്രതിബന്ധമല്ല. പിന്നെയോ പ്രേരകശക്തിയാണ്. ഇക്കാര്യം കൗൺസിൽ വ്യക്തമാക്കുന്നുണ്ട്.

www.malankaralibrary.com



"സഭയുടെ ദൃശ്യമണ്ഡലത്തിനുപുറത്തും സത്യത്തിന്റെയും വിശുദ്ധീകരണത്തിന്റെയും ധാരാളം ഘടകങ്ങൾ കാണപ്പെടുന്നുണ്ട്. എന്നാൽ വാസ്തവത്തിൽ അവ ക്രിസ്തുവിന്റെ സഭയുടെ ഉടമസ്ഥതയിൽപെട്ട വരങ്ങളാണ്; ആ നിലയ്ക്കു അവ കത്തോലിക്കാഐക്യത്തിലേക്കു മാർഗ്ഗനിർദ്ദേശം ചെയ്യുന്ന പ്രേരകശക്തികളാണ്" (തിരുസ്സഭ 8).

കൈചൂണ്ടിയുടെ മാർഗ്ഗനിർദ്ദേശം സ്വീകരിക്കേണ്ടേ? കുടിപാർപ്പിനുള്ള കുററിയായി അതിനെ അധഃപതിപ്പിക്കാമോ? മുദ്രമോതിരത്തിനുണ്ടാകുന്ന സ്ഥാനഭ്രംശം സ്വന്തം സ്ഥാനഭ്രംശത്തിനു തുല്യമായി വിരഹികേഴുന്നുണ്ടല്ലൊ.

"സുകൃതഫലമെനിക്കു വന്നപോലെ

സുകൃശതമോതിരമേ, നിനക്കുമാർന്നൂ". സ്മാരകമുദ്രയുടെ ലബ്ധി പ്രത്യാഗമനത്തിനു പ്രേരിപ്പിക്കേണ്ടതല്ലേ?.

കുടുംബസ്വത്തു മുഴുവൻ അവകാശപ്പെട്ടിരിക്കെ മുണ്ടുമുറിസാമാനങ്ങൾകൊണ്ടുമാത്രം തൃപ്തിപ്പെടേണ്ടതുണ്ടോ? സഭയിൽനിന്നുള്ള അകൽച്ച എത്ര ദയനീയം! പിളർപ്പു എത്ര ഭയാനകം!

"പൂർണ്ണമായ ഐക്യത്തിൽനിന്നു വേർപെട്ടിരിക്കുന്ന മക്കളിൽ തന്റെ കാതൊലികത്വത്തിന്റെ പൂർണ്ണത പ്രസരിപ്പിക്കുന്നതിൽനിന്നു ക്രൈസ്തവരുടെ ഇടയിലുള്ള പിളർപ്പുകൾ സഭയ്ക്കു പ്രതിബന്ധമായി നിലകൊള്ളുന്നു. മാത്രമല്ല സഭയ്ക്കുതന്നെയും പൂർണ്ണമായ കാതൊലികത്വം

www.malankaralibrary.com



അതിൻെറ എല്ലാ വശങ്ങളോടുംകൂടി പ്രാവർത്തികജീവിതത്തിൽ വെളിപ്പെടുത്താൻ ഈ ഭിന്നതകൾ വൈഷമ്യമായിത്തീരുന്നു'' (എക്യു. 4, (8).

## ഐക്യം നിലനിർത്തണം

'സമാധാനബന്ധത്തിൽ ആത്മാവിൻെറ ഐക്യം നിലനിർത്താൻ നിങ്ങൾ ജാഗരൂകരായിരിക്കുവിൻ. ഒരേ പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ ഒരു ശരീരവും ഒരാത്മാവുമാണുള്ളത്. ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളു. സകലത്തിലും ഉപരിയും സകലത്തിലൂടെയും സകലത്തിലും വർത്തിക്കുന്നവനും നമ്മുടെയെല്ലാം പിതാവുമായ ദൈവം ഒരുവൻ മാത്രം (എഫേ. 4:3_5). പിളർപ്പുകളെ സഭ അതിജീവിക്കും'' (Catechism of the Catholic Church 866).

## ഏകത്വം സഭയുടെ സഹജഭാവം

സഭയുടെ സഹജഭാവമാണ് ഏകത്വമെങ്കിൽ സഭയിൽ നിന്നുള്ള അകൽച്ച എക്യുമെനിസത്തിനു എങ്ങനെ സഹ്യമാകും? ഏകത്വത്തെ ഡിക്രി ഉറപ്പിക്കുന്നു: ''പ്രഭവസ്ഥാനം സഭയെ ഏകമാക്കുന്നു. ത്രിത്വത്തിൻെറ ഏകത്വമത്രേ സഭയുടെ ഏകത്വരഹസ്യത്തിനു നിദാനം. പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നായിരിക്കുന്ന സ്ഥിതിയാണ് ത്രിത്വത്തിലുള്ളത്''' (എക്യു. 2, (5).

## സഭാസ്ഥാപകൻെറ ലക്ഷ്യം

''മാംസമെടുത്ത പുത്രനായ സമാധാനരാജൻ കുരിശിലൂടെ സകല മനുഷ്യരേയും ദൈവത്തോടു രമ്യതപ്പെടുത്തി. അങ്ങനെ സകലരേയും ഒരു ജനത്തിൻെറയും ഒരു ശരീര

www.malankaralibrary.com



ത്തിന്റെയും ഐക്യത്തിലേക്കു പുനരാനയിച്ചുകൊണ്ടു തന്റെ സ്വന്തം മാംസത്തിൽ അവിടുന്നു ശത്രുതയെ ഹനിക്കുകയാണ് ചെയ്തത്'' (സഭ ആധുനികയുഗത്തിൽ 78, (3).

പ്രമാണരേഖകളെ ആലംബമാക്കിയുള്ള Catechism ത്തിൽ അലക്സാൻഡ്രിയായിലെ വി. ക്ലമന്റിനെ ഉദ്ധരിക്കുന്നു: ''എത്ര അത്ഭുതകരമായ രഹസ്യം! വിശ്വത്തിനു ഒരു പിതാവ്, ഒരു വചനം, ഒരു പരിശുദ്ധാത്മാവ്. എല്ലായിടത്തും ഒരേ ഒന്നുതന്നെ. ഒരു കന്യക അമ്മയായി, ഞാൻ അവളെ സഭയെന്നു വിളിക്കുന്നു'' (Catechism of the Catholic Church, 813).

''ഭൗതികശരീരത്തിലൂടെ ക്രിസ്തുവിന്റെ ജീവൻ വിശ്വാസികളിലേക്കു പ്രവഹിക്കുന്നു... എന്തെന്നാൽ ഒരേ ആത്മാവിൽ നാമെല്ലാവരും ഒരു ശരീരമായി ജ്ഞാനസ്നാനം ചെയ്യപ്പെട്ടിരിക്കുന്നു'' (1 കോരി. 12:13) (തിരുസ്സഭ 71).

## എക്യുമെനിസരേഖ മനസിലാക്കേണ്ടതെങ്ങനെ?

സഭാശാസ്ത്രപ്രതിപാദനമാണ് എക്യുമെനിസത്തെക്കുറിച്ചുള്ള കൗൺസിൽ രേഖ. കത്തോലിക്കാസഭ, വിഭജിത സമൂഹങ്ങൾ, അക്രൈസ്തവമണ്ഡലം – എല്ലാമിവിടെയുണ്ട്. ആരോഗ്യശാസ്ത്രഗ്രന്ഥത്തിൽ അരോഗാവസ്ഥ, രോഗാതുരതയുടെ ഗുരുലഘുസ്ഥിതികൾ എന്നിവ ഉണ്ടായിരിക്കുമല്ലൊ. സന്മാർഗ്ഗശാസ്ത്രഗ്രന്ഥത്തിൽ പരിശുദ്ധി, മാരകപാപം, ലഘുപാപം–എല്ലാം പരാമൃഷ്ടമാകും. രോഗാവസ്ഥ ഗുരുസ്ഥിതിയിലോ ലഘുസ്ഥിതിയിലോ ആകട്ടെ – പൂർണ്ണാരോഗ്യത്തിനുവേണ്ടി പണിപ്പെടേ

www.malankaralibrary.com



ണ്ടതുണ്ട്. പാപം ലഘുവും ഗുരുവുമുണ്ട്. ലഘു പാപംപോലും ഒഴിവാക്കേണ്ടതാണ്. സഭൈക്യത്തിന്റെ പൂർണ്ണതയ്ക്കു ഉലച്ചിൽ വരുത്തുന്ന ഏതു നിസ്സാരതടസ്സവും പരിഹൃതമാകണം. ദൃഢബന്ധത്തിലെ ഏതു ചെറിയ അകൽച്ചയും അസ്വസ്ഥത വരുത്തും.

അരോഗദൃഢഗാത്രനായ ഒരു ചെറുപ്പക്കാരൻ കളിക്കളത്തിൽ വീണു, വേദനകൊണ്ടു പുളഞ്ഞു, വാവിട്ടുകരഞ്ഞു. പരിശോധിച്ച ഡോക്ടർ വിധിച്ചു: പേടിക്കാനില്ല, എല്ലൊടിഞ്ഞിട്ടില്ല, മാരകമായി ഒന്നും സംഭവിച്ചിട്ടില്ല.

''പിന്നെന്തേ ദുസ്സഹവേദന?''

''എല്ലിനു ഉളുക്കു പററിയിട്ടുണ്ട്. കുഴതിരിയലാണു വേദനയ്ക്കു കാരണം. പേടിക്കാനില്ല''.

പേടിക്കാനില്ലതന്നെ, മാരകസ്ഥിതിയുമില്ല. എങ്കിൽ അലംഭാവത്തിൽ കഴിയരുതോ? പ്രതിവിധി വൈകരുതോ? വൈകിയാൽ രോഗിയുടെ അസ്വസ്ഥത ശമിക്കുമോ? ഇല്ലല്ലൊ. കുഴയിൽ യഥാസ്ഥാനത്തുനിന്നും എല്ലു അല്പം മാത്രമേ മാറിയിട്ടുള്ളു, തീർത്തും കുറച്ചുമാത്രം. അതു യഥാസ്ഥാനത്തു ചേർത്തു വെക്കേണ്ടേ? എങ്കിലല്ലേ അസ്വസ്ഥത തീരൂ.

ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ പിളർപ്പിൽ പരിശുദ്ധാത്മാവു ഉയർത്തുന്ന നിഗൂഢവേദന എത്ര ആഴമുള്ളതായിരിക്കണം. സത്വരപ്രതിവിധി വേണ്ട അസ്വസ്ഥത.

www.malankaralibrary.com



# VI വിശുദ്ധീകരണത്തിന്റെ ഘടകങ്ങൾ വിവിധസഭകളിൽ

"സഭയുടെ മൂല്യങ്ങൾ നിലനിൽക്കുന്നു, പൂർണ്ണാവസ്ഥയിൽ കത്തോലിക്കാസഭയിലും അപൂർണ്ണാവസ്ഥയിൽ മററു സഭകളിലും" (UUS 15, Ref. എക്യു. 4, 7).

ക്രിസ്തീയതയുടെ പൊതുപൈതൃകം വിഭജിതസമൂഹങ്ങളിലുണ്ട്. അവ ആദരപൂർവ്വം സ്വീകരിക്കപ്പെടണമെന്നത്രേ കൗൺസിലിന്റെ ആഹ്വാനം: "വേർപെട്ടുനിൽക്കുന്ന സഹോദരങ്ങളിൽ കാണുന്ന പൊതുപൈതൃകത്തിന്റെ ഭാഗമായ മൂല്യസംഹിതകളെ കത്തോലിക്കർ സൗഹൃദത്തോടെ അംഗീകരിക്കണം" (Ibid 47). "വിഭജിതസഹോദരങ്ങളിൽ പരിശുദ്ധാത്മാവു ചിന്തുന്ന വരങ്ങളുണ്ട്. ഇവയെ കത്തോലിക്കർ മാതൃകയായി കരുതണം. ക്രിസ്തീയമായതൊന്നും വിശ്വാസത്തിനു എതിരല്ല. പ്രത്യുത ക്രിസ്തുരഹസ്യത്തിന്റെയും സഭാരഹസ്യത്തിന്റെയും വികസിത അനുഭവസിദ്ധിയിലേക്കു അതു നയിക്കും" (Ibid 48).

വിശുദ്ധീകരണത്തിന്റെ ഇത്തരം രക്ഷാകരഘടകങ്ങൾ പ്രൊട്ടസ്റ്റന്റുസഭകളിലും ഓർത്തഡോക്സു സഭകളിലുമുണ്ട്.

## പ്രൊട്ടസ്റ്റന്റു സമൂഹം സൂക്ഷിക്കുന്ന ക്രിസ്തീയ പൈതൃകം

1. ഭക്തിപൂർവ്വം ബൈബിൾ സ്വീകരിക്കുന്നു; 2. പരിശുദ്ധാത്മ നടത്തിപ്പു അംഗീകരിക്കുന്നു; 3. ദൈ

www.malankaralibrary.com



വത്തിന്റെ വചനമായ യേശുക്രിസ്തുവിലൂടെ തങ്ങളോടു സംസാരിക്കുന്ന ദൈവത്തെ വി. ഗ്രന്ഥത്തിൽ ആരായുന്നു; 4. വേദപുസ്തകത്തിൽ അവർ യേശുവിനെ ധ്യാനിക്കുന്നു; 5. മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള യേശുവിന്റെ ഉദ്ബോധനങ്ങളെയും പ്രവൃത്തികളെയും സ്മരിക്കുന്നു; 6. വി. ലിഖിതങ്ങളുടെ ദൈവികആധികാരികത അവർ ഉറപ്പാക്കുന്നു; 7. മാമോദീസാ എന്ന കൂദാശ സ്വീകരിക്കുന്നു.

സഭയും വേദപുസ്തകവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ള പ്രോട്ടസ്റ്റന്റുചിന്ത കത്തോലിക്കരുടേതിൽനിന്നു വ്യത്യസ്തമാണ് (Ibid 66); ആവിഷ്കൃതസത്യങ്ങളുടെ വ്യാഖ്യാനങ്ങളെപ്പറ്റി ഇവർക്കു ആഴമായ വ്യത്യാസങ്ങളുണ്ട് (Ibid 64); ഉത്ഭവത്തിലും പഠനത്തിലും ആധ്യാത്മികരീതികളിലും ഈ സഭാസമൂഹങ്ങൾ തമ്മിൽതമ്മിൽ വ്യത്യാസപ്പെടുന്നു. (Ibid 65)

## രജതരേഖകൾ

എക്യുമെനിസ്വപ്രസ്ഥാനത്തിനു തുടക്കംകുറിച്ചതു മതനവീകരണസഭകളിലാണ്; അവരുടെ ആദ്ധ്യാത്മിക ജീവിതവും ധാർമ്മിക പരിഗണനകളും ശ്രദ്ധാർഹമാണ്; മെച്ചപ്പെട്ട സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കാനുള്ള ശ്രമങ്ങൾ അവിടെയുണ്ട്; വേദശാസ്ത്രപരമായ ഉഭയകക്ഷി സംവാദങ്ങൾ പടിഞ്ഞാറൻ സഭകളിൽ ഇന്നു സാധാരണമാണ്; അഖിലലോക സഭാകൗൺസിലുമായി ചേർന്നു ഒരു സംയുക്ത വർക്കിംഗുസമിതി 1964-ൽ രൂപപ്പെട്ടിട്ടുണ്ട്– എല്ലാം വെള്ളിരേഖകളായി തെളിഞ്ഞുനിൽക്കുന്നു.

www.malankaralibrary.com



# VII ക്രിസ്തീയ പൈതൃകം പൗരസ്ത്യ സഭകളിൽ

പൗരസ്ത്യ സഭകളുമായുള്ള ബന്ധം ഏറെ അടുപ്പമുള്ളതാണ്. കിഴക്കിൻെറ സഭാത്മകസ്വഭാവത്തെ ഹൃദയപൂർവ്വമായ സ്നേഹത്തോടെയാണ് വത്തിക്കാൻ കൗൺസിൽ വീക്ഷിക്കുന്നത്. (Ibid 50); ശരിയായ കൂദാശകളും അപ്പസ്തോലികപിൻതുടർച്ചയുള്ള പൗരോഹിത്യവും കുർബാനയുമുണ്ട് (Ibid); ആധ്യാത്മികവും ആരാധനക്രമപരവുമായ വിശിഷ്ട പാരമ്പര്യങ്ങൾ, ചരിത്രപരമായ വികാസപരിണാമങ്ങളുടെ പ്രത്യേകത, സഭാപിതാക്കന്മാരും സാർവ്വത്രിക സൂനഹദോസുകളും വഴി അംഗീകരിക്കപ്പെട്ട കീഴ്വഴക്കങ്ങൾ – എല്ലാം അവിടെയുണ്ട് (Ibid); കത്തോലിക്കാസഭയും ഓർത്തഡോക്സു സഭകളും തമ്മിലുള്ള ദൈവശാസ്ത്രപരമായ സംവാദത്തിനുവേണ്ടി ഒരു സംയുക്ത അന്താരാഷ്ട്ര കമ്മീഷൻ ഉദ്ഘാടിതമായിട്ടുണ്ട്.

## ദൃഢപ്പെടുന്ന കത്തോലിക്കാ ഓർത്തഡോക്സു സൗഹൃദയം

1 പോപ്പു ജോൺ 23–ാമനും പോപ്പു പോൾ ആറാമനും കോൺസ്റ്ററാൻറിനോപ്പിളിലെ പാത്രിയർക്കീസ് അത്തനാഗോറസ് ഒന്നാമനും പിൻഗാമികളും തമ്മിൽ തുറന്ന മനസ്സോടെ കൂടിക്കാഴ്ചകൾ നടത്തി. 1965– ഡിസംബർ 7–ാം തീയതി ചരിത്ര സ്മൃതികളിലെ മുറിവുകളെ ഉണക്കി പരസ്പരം ക്ഷമിച്ച മഹാസംഭവമുണ്ടായി;

2 1964–ൽ പോപ്പു ജോൺ ആറാമൻ ജറുസലേമിൽവെച്ചു ഒന്നാം അത്തനാഗൊറസ് പാത്രിയർക്കീസ്, ഓർത്തഡോ

www.malankaralibrary.com



ക്സു പാത്രിയർക്കീസു എന്നിവരുമായി കൂടിക്കാഴ്ച നടത്തി;

3 1974-ൽ ജോൺപോാംരണ്ടാമൻ മാർപാപ്പാ കോൺസ്ററാൻറിനോപ്പിൾ സന്ദർശിക്കുകയും എക്യുമെനിക്കൽ പാത്രിയർക്കീസ് ഡീമിട്രിയോസുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. ഇരുസഭകളും തമ്മിലുള്ള ദൈവശാസ്ത്രസംവാദത്തിനുള്ള തീരുമാനവും തദവസരത്തിലെടുത്തു;

4 1987-ൽ ഡിമിട്രിയോസ് പാത്രിയർക്കീസ് റോമിൽ നടത്തിയ പ്രതിസന്ദർശനവും എടുത്തു പറയേണ്ടതാണ്;

5 1984-ൽ വി. സിറിലിൻെറയും വി. മെത്തോഡിയസിൻെറയും 11-ാം ശതാബ്ദി ആഘോഷിക്കവേ ബൈസൻറയിൻസഭയിലെ ആ ദീപശിഖാവാഹികളെ യൂറോപ്പിൻെറ സഹരക്ഷകവിശുദ്ധന്മാരായി പാപ്പാ പ്രഖ്യാപിച്ചു. 1964-ൽ വി. ബനഡിക്ടിനെ യൂറോപ്പിൻെറ പേട്രൻ സെയിൻറു ആയി പോാം ആറാമൻ പാപ്പാ പ്രഖ്യാപനം ചെയ്തിരുന്നു. പാശ്ചാത്യ സന്ന്യാസത്തിൻെറ സ്ഥാപകനായ ആ വിശുദ്ധനുമായി ബൈസൻറയിൻ വിശുദ്ധരെ ബന്ധപ്പെടുത്തിയതിൻെറ ഉപപത്തി ജോൺപോാം രണ്ടാമൻ പാപ്പാ വെളിപ്പെടുത്തുന്നുണ്ട്: "വി. ബനഡിക്ടിലൂടെ എന്നതുപോലെ യൂറോപ്പിനു അതിൻെറ ആധ്യാത്മിക മൂല്യങ്ങാം വീണ്ടെടുക്കാൻ വി. സിറിൽ, വി. മെത്തോഡിയസ് എന്നിവരിലൂടെ സാധിക്കണം. നമ്മുടെ കർത്താവിൻെറ ജനനത്തിനുശേഷമുള്ള രണ്ടാം സഹസ്രാബ്ദം ഇതാ തീരാൻ പോകുന്നു. ഈ വിശുദ്ധന്മാരെ ഇത്തരുണത്തിൽ ഒരുമിച്ചു ആദരിക്കാം. നമ്മുടെ പൂർവ്വകാലപേട്രൻസ് ആണവർ, യൂറോപ്യൻ രാഷ്ട്രങ്ങളും സഭകളും തങ്ങളുടെ ഭാവി സൂക്ഷിപ്പിനു ഭരമേൽപ്പിക്കുന്ന വിശുദ്ധരാണവർ" (Ibid 53);

www.malankaralibrary.com



6 കത്തോലിക്കാ ഓർത്തഡോക്സു സഭകൾ തമ്മിലുള്ള ദൈവശാസ്ത്ര സംവാദത്തിനായി ഒരു അന്താരാഷ്ട്ര കമ്മീഷൻ 1779-ൽ സ്ഥാപിതമായി;

7 പോപ്പു പോൾ ആറാമനും കോപ്റ്റിക്കു സഭയുടെ പാത്രിയർക്കീസ് പരിശുദ്ധ ഷെനോഡാതൃതീയനും ഒത്തു ചേർന്നുള്ള സംയുക്ത പ്രസ്താവന 1973ൽ നടത്തി (AAS 63);

8 പോപ്പു പോൾ ആറാമനും അന്ത്യോക്യയിലെ പരി. ഇഗ്നാത്തിയോസ് യാക്കോബ് തൃതീയനും ചേർന്നുള്ള സംയുക്ത പ്രഖ്യാപനം 1971-ൽ ഒപ്പു വച്ചു. (AAS 63);

9 എത്തിയോപ്പിയൻ സഭയുടെ പരി. പാത്രിയർക്കീസ് ആബൂനാ പൗലോസ് 1993-ൽ റോമിൽ എത്തുകയും ജോൺ പോൾ രണ്ടാമൻ പാപ്പായെ കണ്ടു ഇരുസഭകളും തമ്മിലുള്ള കൂട്ടായ്മ ഉറപ്പിക്കുകയും ചെയ്തു. (L'Osservatore Romano 11-12 June 1993);

10 അന്ത്യോക്യയിലെ പരി. ഇഗ്നാത്തിയോസ് സക്കാ പ്രഥമൻ പാത്രിയർക്കീസും ജോൺ പോൾ ദ്വിതീയൻ പാപ്പായും തമ്മിൽ 1984-ൽ നടന്ന സംയുക്ത പ്രഖ്യാപനം സഭയുടെ അജപാലനസഹകരണത്തിന്റെ മേഖലകളിലേക്കും ഉയർന്നു;

11 പൗരസ്ത്യ അസീറിയൻ പാത്രിയർക്കീസ് പരി. സിൻകാ നാലാമനും ജോൺ പോൾ രണ്ടാമൻ പാപ്പായും ചേർന്ന് ഒരു സംയുക്തക്രിസ്തുവിജ്ഞാനീയ വിളംബരം തുല്യം ചാർത്തി, 1994—ൽ.

www.malankaralibrary.com



**ജൈവഘടനാബന്ധം**

പാത്രിയാർക്കൽ സഭകളെക്കുറിച്ചു ചാക്രിക ലേഖനം എടുത്തുപറയുന്നുണ്ട്: "... അവയിൽ പലതും അപ്പസ്തോലൻമാരാൽ സ്ഥാപിതമാണ് എന്ന അഭിമാനംകൊണ്ടുതിളങ്ങുന്നു. സഭയുടെ തീർത്ഥാടനം പെന്തിക്കുസ്തിദിനത്തിൽ ജറുസലേമിൽ നിന്നാരംഭിച്ചു. ലോകവീഥികളിലൂടെയുള്ള പ്രഥമപ്രയാണം പത്രോസിലും മററു പതിനൊന്നുപേരിലും കൂടിയായിരുന്നു. (അപ്പ. 2:14) ഈ അപ്പസ്തോലിക പൈതൃകത്തിൽ നിന്നാണ് കിഴക്കും പടിഞ്ഞാറും സഭയുടെ ജൈവഘടന പുറപ്പെട്ടത്. ഒന്നാം സഹസ്രാബ്ദത്തിൽ അപ്പസ്തോലൻമാരുടെ പിൻഗാമികളായ മെത്രാൻമാർ റോമിലെ മെത്രാനുമായുള്ള കൂട്ടായ്മയിൽ ആ ജൈവഘടനയുടെ ഐക്യം അഭംഗുരം സംരക്ഷിച്ചുപോന്നു. രണ്ടാം സഹസ്രാബ്ദത്തിന്റെ ഈ അന്തിമപാദത്തിൽ നിന്നുകൊണ്ട് സമ്പൂർണ്ണ ഐക്യം പുനസ്ഥാപിക്കുവാൻ വഴികളാരായുന്ന നാം അന്നുണ്ടായിരുന്ന അതേ ഐക്യം അതേ രീതിയിൽ ഉണ്ടായിക്കാണാനാണ് ആഗ്രഹിക്കുന്നത്" (Ibid 55).

വൈവിധ്യത്തിൽ ഏകത്വം എന്നതു സാർവ്വത്രിക സഭയുടെ പ്രഖ്യാപിത നയമാണ്. പൗരസ്ത്യ സഭയുടെ സ്രോതസുകളിൽ നിന്നാണ് ആരാധനക്രമം, ആധ്യാത്മികത എന്നിവ പാശ്ചാത്യസഭകളിലേക്കു പകർന്നത്. കിഴക്കിന്റെ സന്ന്യാസപാരമ്പര്യമത്രേ പടിഞ്ഞാറോട്ടൊഴുകിയത്. കത്തോലിക്കാസഭയുടെ ഉദാരനയം പൗരസ്ത്യ കാനൻ നിയമസംഹിതയിലും എക്യുമെനിസത്തിന്റെ തത്വങ്ങളും ചട്ടങ്ങളും എന്ന ഡയറക്ടറിയിലും തെളിച്ചുപറഞ്ഞിട്ടുണ്ട്.

കത്തോലിക്കാ ഓർത്തഡോക്സു സംവാദത്തിന്റെ പ്രധാനപ്രതിപാദ്യമാകേണ്ടത് ജൈവഘടനയുമായുള്ള ദൃഢ

www.malankaralibrary.com



ബന്ധമത്രേ-റോമാമെത്രാന്റെ മുഖ്യസ്ഥാനം (Primacy) സംബന്ധിച്ച കാര്യം. "Ut Unum Sint" (എല്ലാവരും ഒന്നാകുവാൻ)എന്ന ചാക്രിക ലേഖനത്തിന്റെ 88, 89, 90, 91, 92. 93, 94, 95, 96, 97, 98 എന്നീ ഖണ്ഡികകൾ ഇതിനെക്കുറിച്ചാണ്. പാരമ്പര്യാധിഷ്ഠിതവും ബൈബിൾ കേന്ദ്രീകൃതവുമാണ് റോമിന്റെ പ്രൈമസിയെപ്പറ്റിയുള്ള കാഴ്ചപ്പാടെന്നു ഇവിടെ വെളിപ്പെടുത്തുന്നു. ഓർത്തഡോക്സു സഭകളുടെ ശക്തികേന്ദ്രമായ കേരളത്തിൽ ഈ വിഷയം സംബന്ധിച്ച ഡയലോഗു കാര്യക്ഷമമാക്കുവാൻ കഴിഞ്ഞിട്ടില്ല. എക്യുമെനിക്കൽ മാന്ദ്യം തന്നെ കാരണം. ദിവംഗതനായ ബസേലിയോസ് പൗലൂസ് ദ്വിതീയൻ ശ്രേഷ്ഠ കാതോലിക്കാ ഇതിനുവേണ്ടി ചില നീക്കങ്ങൾ നടത്തിയതായി കേട്ടിട്ടുണ്ട്. അന്ത്യോക്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് സക്കാപ്രഥമനും ജോൺ പോൾ ദ്വിതീയൻ മാർപ്പായും 1984 ൽ ഒപ്പുവെച്ച സംയുക്ത പ്രഖ്യാപനത്തിൽ ശ്രേഷ്ഠ കാതോലിക്കാ ബാവായും സംബന്ധിച്ചിരുന്നു. അതുകഴിഞ്ഞു വത്തിക്കാനിൽ നിന്നു തിരിച്ചെത്തിയശേഷമാണ് സഭൈക്യം സംബന്ധിച്ച ഡയലോഗു ശ്രേഷ്ഠ കാതോലിക്കാബാവാ തിരുമേനി ആരംഭിച്ചത്. മുളയെടുത്ത ആ ഇളംചെടിക്കു വെള്ളവും വെളിച്ചവും നല്കുവാൻ സൗഹൃദാന്തരീക്ഷം ഇവിടെ വളർന്നിരുന്നില്ല.

## അനുകൂലസ്ഥിതിയുടെ തികവ്

1930-നു മുമ്പുള്ള സ്ഥിതിയല്ല ഇന്നത്തേത്. അന്നു കത്തോലിക്കാ സഭയുടെ തുറവിക്കുവേണ്ടി മലങ്കരസഭ കൈനീട്ടുകയായിരുന്നു. ആ തുറവി അന്നു ക്ഷിപ്രസാധ്യമായിരുന്നില്ല. ഇന്നു സ്ഥിതി പാടേമാറി. വിഭജിത സഭകളുടെ അനുരഞ്ജനത്തിനുവേണ്ടി വത്തിക്കാൻ ഇന്നു തിരുനട മലർക്കെ തുറന്നിരിക്കുകയാണ്. 1927-ൽ മോറാൻ

www.malankaralibrary.com



മാർ ബസേലിയോസ് ദ്വിതീയൻ (വാകത്താനം) കാതോലിക്കായുടെ കാലത്തു മലങ്കരയുടെ പുനരൈക്യത്തിനുവേണ്ടിയുള്ള ഒരു മെമ്മോറാണ്ഡം റോമിലേക്കയച്ചു. വിഫലതയോടെയുള്ള അഭ്യർത്ഥന! 1995-ൽ 'Ut Unum Sint' (എല്ലാവരും ഒന്നാകുന്നതിന്) എന്ന ചാക്രിക ലേഖനം ഉദാരതയോടെ റോമിൽ നിന്നു പ്രസിദ്ധീകൃതമായി, "വല്യപ്പമുടയോൻെറ കൊടുപ്പുകേമം" എന്നു പറയാവുന്നവിധം. ഈ ഹൃദത്തിൻെറ ഓളം തുളുമ്പൽ! ഈ ദൈവിക വിളി ശ്രവിക്കുമെങ്കിൽ ഇന്നത്തേതിലും ഭാസുരതരമായ ഒരു കാതോലിക്കാ സിംഹാസനം കേരളത്തിൽ സംജാതമാകും.

1 മലങ്കര കാതോലിക്കാ ഇന്ത്യയുടെ പാത്രിയർക്കീസ് ആയി ഉയരും;

2 'ഓരുസ്വയാധികാര സഭ' (Church Sui juris) എന്ന പുരോഗതി മലങ്കര സഭയ്ക്കു ലബ്ധമാകും; (പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാനൻ നിയമസംഹിത (The code of Canon law for the Eastern Churches യിലൂടെയാണ് ഇതു സാധിതമാകുന്നത്)

3 ആഗോളസഭയുടെ അംഗീകരണവും സഹായ സഹകരണങ്ങളും ഈ സഭാകേന്ദ്രത്തെ ആശീർവദിക്കും;

4 മലങ്കര മക്കളുടെ പ്രേഷിതചൈതന്യം പതിന്മടങ്ങു വർദ്ധമാനമാകും. സഭയുടെ ഭാരതദൗത്യം നിറവേററാൻ അപ്പോഴേ കഴിയൂ;

5 വിഘടിതരായി നിലകൊള്ളുന്ന സുറിയാനിക്കാർ ഒന്നിക്കുന്നതിലുള്ള സാധ്യത തെളിയും;

6 ഏകത്വം, സാർവ്വത്രികത്വം എന്നീ സഭാലക്ഷണങ്ങൾ സംരക്ഷിക്കുന്നതിനും വ്യവഹാരത്തെ നിശ്ശേഷം ശമിപ്പിക്കുന്നതിനും അതു ഇടവരുത്തും;

7 ഔദ്യോഗിക കാനോനാ (ഹൂദായകാനോൻ) അംഗീകരിക്കുന്നതിലൂടെയുള്ള പൂർണ്ണത സഭയ്ക്കു ലബ്ധമാകും;

www.malankaralibrary.com



8. വി. സിറിൽ, വി. മെത്തോഡിയസ് എന്നിവരെ സഹ രക്ഷക വിശുദ്ധന്മാരായി സ്വീകരിച്ചിട്ടുള്ള പാശ്ചാത്യസഭയുടെ ആദ്ധ്യാത്മിക നീക്കത്തിലുള്ള സഹവർത്തിത്വം ഈ കിഴക്കൻ സഭയെ അനുഗ്രഹത്തിലേക്കു നയിക്കും.

സൗഹൃദത്തിൻെറ ധന്യത! പരിശുദ്ധാത്മ ശക്തിയുടെ ശക്തമായ കാററാണ് ആഞ്ഞുവീശുന്നത്. അതിൻെറ മധുരഫലം ലോകത്തെമ്പാടും കണ്ടു തുടങ്ങിയിരിക്കുന്നു. ഹൃദയം തുറക്കുകയേവേണ്ടു. ആ സ്വർഗ്ഗീയ ചൈതന്യം ഉള്ളിലേക്കു പ്രവേശിക്കയും ദിവ്യാനുഭൂതി ഉണർത്തുകയും ചെയ്യും.

# VIII ദൈവജനവും രക്ഷാ പദ്ധതിയും

സാർവ്വത്രിക സഭയുടെ രക്ഷാവീക്ഷണം കൗൺസിൽ നല്കുന്നുണ്ട്. അതറിയുന്നത് എക്യുമെനിസത്തെ ഒരു പടി കൂടെ അടുത്തു കാണാൻ സഹായിക്കും. സകല ജനതയേയും താഴെക്കാണുംവിധം വിഭജിക്കാം.

1 ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ ദൈവജനം;

2 കാതൊലിക സഭയിൽ നിന്നു വിഭജിതമായ സഭാസമൂഹങ്ങൾ;

3 അക്രൈസ്തവ മതങ്ങൾ;

ഇവയിൽ ഒന്നാമത്തെയും മൂന്നാമത്തെയും വകുപ്പിനു ഓരോ പിരിവു കൂടിയുണ്ട്.

4 കാതൊലിക സഭയിലെ നിസ്സഹകരിക്കുന്ന അംഗങ്ങൾ;

www.malankaralibrary.com



5 സ്വന്തം കുററത്താലല്ലാതെ സഭാംഗത്വം കൂടാതെ കഴിയുന്നവർ.

ഈ അഞ്ചു വിഭാഗത്തെക്കുറിച്ചും പ്രമാണരേഖ പറയുന്നുണ്ട്.

## 1 ലക്ഷണയുക്തതയുള്ള ദൈവികജനം

"ഇഹത്തിൽ സ്ഥാപിച്ചു നിയന്ത്രിക്കപ്പെടുന്ന ഒരു സമൂഹമെന്ന നിലയിൽ കത്തോലിക്കാ സഭയിലാണ് ക്രിസ്തുവിന്റെ മേൽപ്പറഞ്ഞ സഭ ദൃശ്യമാകുക. പത്രോസിന്റെ പിൻഗാമിയും അദ്ദേഹത്തോട് ഐക്യം പുലർത്തുന്ന മെത്രാന്മാരും ചേർന്നു ഈ സഭയെ നയിക്കുന്നു" (തിരുസ്സഭ 8, (2) )

## 2 വിഭജിത സഹോദരങ്ങളുടെ സമൂഹങ്ങൾ

"ക്രിസ്തുവിൽ വിശ്വസിച്ചു ശരിയായി മാമോദീസാ സ്വീകരിക്കുന്നവർ കത്തോലിക്കാ സഭയുമായി പൂർണ്ണമായിട്ടല്ലെങ്കിലും ഒരുതരം ഐക്യത്തിലാണ് വർത്തിക്കുന്നത്. കത്തോലിക്കാ സഭയും ഇതര ക്രൈസ്തവസമൂഹങ്ങളും തമ്മിൽ വ്യത്യസ്തമായതോതിൽ വിയോജിപ്പുകളുണ്ട്". (എക്യു. 3, (1) )

## 3 അക്രൈസ്തവ മതങ്ങൾ

"സുവിശേഷം സ്വീകരിക്കാത്തവരും ദൈവജനത്തോടു വിവിധരീതികളിൽ ബന്ധപ്പെട്ടാണിരിക്കുന്നത്" (തിരുസ്സഭ 16)

## 4 നിസ്സഹകരിക്കുന്ന സഭാംഗങ്ങൾ

"സഭയുടെ മടിത്തട്ടിൽ 'ആന്തരികമായി' നിവസിക്കാതെ 'ബാഹ്യമാത്ര'മായി കഴിഞ്ഞു കൂടുന്നവർ സഭയുടെ അംഗങ്ങളായതുകൊണ്ടുമാത്രം രക്ഷപ്രാപിക്കുകയില്ല" (തിരുസ്സഭ 14)

www.malankaralibrary.com



### 5 സ്വന്തം കുററംകൊണ്ടല്ലാതെ സഭയ്ക്കു പുറത്തു നിൽക്കുന്നവർ

"സ്വന്തം കുററംകൂടാതെ ക്രിസ്തുവിൻെറ സുവിശേഷത്തേയും അവിടുത്തെ സഭയേയും അറിയാതിരിക്കുകയും അതേ സമയം ആത്മാർത്ഥഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കയും മനസ്സാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാകുന്ന ദൈവതിരുമനസ്സു.... നിറവേററാൻ പരിശ്രമിക്കയും ചെയ്യുന്നവർ...." (തിരുസ്സഭ 16)

## രക്ഷയുടെ പ്രകാശവലയവും വിവിധസമൂഹങ്ങളും

വിവിധ സമൂഹങ്ങളിലൂടെ രക്ഷയുടെ പ്രകാശവലയം എങ്ങനെ ലഭ്യമാകുന്നുവെന്നു പ്രമാണരേഖ വെളിപ്പെടുത്തുന്നു.

### 1 സഭകൂടാതെ രക്ഷയില്ല

".... തിരുസഭയെ രക്ഷയ്ക്കുള്ള അവശ്യഘടകമായി ക്രിസ്തുവഴി ദൈവം സ്ഥാപിച്ചിരിക്കുന്നു എന്ന പരമാർത്ഥം മനസിലാക്കിയിട്ടും അതിൽ പ്രവേശിക്കുകയോ അതിൽ നിൽക്കയോ ചെയ്യാത്ത മനുഷ്യർ രക്ഷപ്രാപിക്കുകയില്ല" (തിരുസഭ 14)

### 2 വിഭജിതസഭകളും എക്യുമെനിസവും

"സഭയുടെ ദൃശ്യമണ്ഡലത്തിനു പുറത്തും സത്യത്തിൻെറയും വിശുദ്ധീകരണത്തിൻെറയും ധാരാളം ഘടകങ്ങൾ കാണപ്പെടുന്നുണ്ട്. എന്നാൽ വാസ്തവത്തിൽ അവ

www.malankaralibrary.com



ക്രിസ്തുവിന്റെ സഭയുടെ ഉടമസ്ഥതയിൽപെട്ട വരങ്ങളാണ്. ആ നിലയ്ക്കു അവ കത്തോലിക്കാഐക്യത്തിലേക്കു മാർഗ്ഗനിർദ്ദേശം ചെയ്യുന്ന പ്രേരക ശക്തികളാണ്'', (തിരുസഭ 8).

മാർഗ്ഗനിർദ്ദേശം ചെയ്യുന്ന പ്രേരക ശക്തികളെ അപൂർണ്ണതയിൽ ഉറപ്പിക്കുന്നതിനുള്ള കുററികളായി കണക്കാക്കരുത്. പിന്നയോ, സൗഹൃദാന്തരീക്ഷസൃഷ്ടി; ഡയലോഗു എന്നിവയിലൂടെ ഐക്യത്തിന്റെ പൂർണ്ണതയിലേക്കു നീങ്ങണം. ഇതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ എക്യുമെനിസത്തിന്റെ പ്രമാണരേഖയിൽ ആദ്യന്തവും 6, 7, 8 എന്നീ നമ്പരുകളിൽ പ്രത്യേകമായും കാണാം.

## 3 അക്രൈസ്തവ മതങ്ങൾ

വിവിധ മതങ്ങളെപ്പററിയുള്ള പരാമർശം പ്രമാണരേഖയിലുണ്ട്.

### യഹൂദമതം

''പുതിയ ദൈവജനം തിരുസഭയായിരിക്കുന്നതുകൊണ്ടു യഹൂദരെ ദൈവം ശപിച്ചു തള്ളിയതായി ചിത്രീകരിച്ചുകൂടാ. അങ്ങനെ ഒരാശയം വി. ലിഖിതങ്ങളിലില്ല'' (അക്രൈസ്തവമതങ്ങൾ 4).

### മുഹമ്മദുമതം

''സ്രഷ്ടാവായ ദൈവത്തെ ഏററുപറയുന്നവർ അവിടത്തെ പരിത്രാണപദ്ധതിയിൽ ഉൾപ്പെടുന്നു. മുഹമ്മദീയർക്കു ഇവിടെ പ്രധാന പങ്കുണ്ട്. അബ്രാഹത്തിന്റെ വിശ്വാസം അവരും ഏററുപറയുന്നു. ഏകനും കരുണനിറഞ്ഞവനും അന്ത്യനാളിൽ മനുഷ്യരെ വിധിക്കാനിരിക്കുന്ന

www.malankaralibrary.com



വനുമായ ദൈവത്തെ നമ്മോടൊത്തു അവരും ആരാധിക്കുന്നുണ്ട്. ഛായകളിലും പ്രതിരൂപങ്ങളിലും കൂടി അജ്ഞാതനായ ദൈവത്തെ അന്വേഷിക്കുന്നവരിൽ നിന്നു അവിടുന്നു വിദൂരത്തല്ല'' (തിരുസ്സഭ 16).

### പൗരസ്ത്യ മതങ്ങൾ

''...ഹൈന്ദവമതത്തിൽ മനുഷ്യർ ദൈവിക രഹസ്യങ്ങളെപ്പററി ധ്യാനിക്കുന്നു. — പരിണാമവിധേയമായ ഈ പ്രപഞ്ചത്തിന്റെ മൗലികമായ അപര്യാപ്തത ബുദ്ധമതം തുറന്നുസമ്മതിക്കുന്നുണ്ട്. ... മററു മതങ്ങളുടെയും ശ്രമം മനുഷ്യന്റെ ഹൃദയാസ്വാസ്ഥ്യതകരം ശമിപ്പിക്കാനാണ്.... ഈ മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും തിരുസ്സഭ തിരസ്ക്കരിക്കുന്നില്ല'' (അക്രൈസ്തവമതങ്ങരം 2).

### പ്രേഷിതപ്രവർത്തനം ആവശ്യം

''...ദൈവമഹത്വവും സകലരുടെയും രക്ഷയും സാധിക്കാൻ എല്ലാ സൃഷ്ടികളോടും സുവിശേഷം അറിയിക്കുക'' (മർക്കോ. 16:16) എന്ന ക്രിസ്തുനാഥന്റെ കല്പന ഓർത്തുകൊണ്ടു പ്രേഷിതപ്രവർത്തനങ്ങളെ ഉജ്ജീവിപ്പിക്കുവാൻ തിരുസ്സഭ ജാഗ്രതയോടെ ശ്രദ്ധിക്കുകയാണ്''. (തിരുസഭ 16, (1) ) (റോമ. 1:21_25)

### 4 നിസ്സഹകരിക്കുന്ന സഭാംഗങ്ങൾ

ബാഹ്യമാത്രമായി മാത്രം കഴിയുന്ന സഭാംഗങ്ങളുണ്ട്, വൃക്ഷങ്ങളിലെ ഉണക്കക്കൊമ്പുകരം പോലെ. രക്ഷയുടെ അനുഗ്രഹത്തിനു അവർ അർഹരല്ലെന്നു ഡിക്രി തുറന്നുപറയുന്നു: ''തങ്ങളുടെ ഉന്നതമായ സ്ഥാനത്തിനു കാരണം തങ്ങളുടെ യോഗ്യതയല്ല, പ്രത്യുത ക്രിസ്തുവിന്റെ യോഗ്യതകളാണെന്ന പരമാർത്ഥം സഭയുടെ സാന്ത

www.malankaralibrary.com



നങ്ങൾ ശരിയായി അറിഞ്ഞിരിക്കട്ടെ. ഈ അനുഗ്രഹത്തോടു സഹകരിക്കാത്തവർ രക്ഷപ്രാപിക്കയില്ലെന്നു മാത്രമല്ല, കഠിനമായ വിധിക്കു പാത്രമാവുകകൂടി ചെയ്യും''.

(തിരുസ്സഭ 14)

## 5 മനസ്സാക്ഷിക്കൊത്തു നീങ്ങുന്നവർ

''സ്വന്തം കുററം കൂടാതെ ക്രിസ്തുവിൻെറ സുവിശേഷത്തെയും അവിടത്തെ സഭയെയും അറിയാതിരിക്കയും അതേസമയം ആത്മാർത്ഥഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കയും മനസ്സാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാകുന്ന ദൈവതിരുമനസ്സ് പ്രസാദവരത്തിൻെറ പ്രചോദനങ്ങൾക്കനുസൃതമായി നിറവേററാൻ പരിശ്രമിക്കയും ചെയ്യുന്നവർക്കു നിത്യരക്ഷ പ്രാപിക്കാം''.

(തിരുസ്സഭ 16)

## സുന്നഹദോസിൻെറ രക്ഷാവീക്ഷണം നല്കുന്ന പാഠം

1 സകലരും രക്ഷപ്രാപിക്കണമെന്നതാണ് രക്ഷകനായ ദൈവത്തിൻെറ അഭിലാഷം (1 തിമോ. 2:4) (തിരുസഭ 16)

2 രക്ഷയ്ക്കുള്ള കൂദാശയാണു സഭ. ''തിരുസഭയെ രക്ഷയ്ക്കുള്ള ആവശ്യഘടകമായി ക്രിസ്തുവഴി ദൈവം സ്ഥാപിച്ചിരിക്കുന്നു....'' (തിരുസഭ 14).

3 വിഭജിതസമൂഹങ്ങൾ സഭാപൂർണ്ണതയിലേക്കും അക്രൈസ്തവസഹോദരങ്ങൾ ക്രിസ്തുവിൻെറ രക്ഷയിലേക്കും വന്നുചേരണം. അക്രൈസ്തവ തലത്തിലേക്കു പ്രേഷിത പ്രവർത്തനവും വിഭജിത സമൂഹങ്ങളിലേക്കു എക്യുമെനിസവും പ്രവർത്തിക്കണം,

www.malankaralibrary.com



4 നാമമാത്രസഭാംഗങ്ങൾ രക്ഷയ്ക്കർഹരല്ല. സഭാവബോധം അവരെ ഉണർത്തട്ടെ.

5 മനസ്സാക്ഷിക്കൊത്തു കഴിയുന്നവർ പ്രേഷിതപ്രവർത്തനങ്ങളെ ഹൃദയപൂർവ്വം സ്വീകരിക്കാതിരിക്കുകയില്ല.

6 സഭയുടെ ശ്വാസകോശമായ പ്രേഷിതലക്ഷ്യത്തെ നശിപ്പിക്കുന്ന അർബ്ബുദമാണ് പിളർപ്പ്. എക്യുമെനിസം വിജയിക്കുന്നില്ലെങ്കിൽ മിഷൻ നീക്കം സുഗമമാകയില്ല.

# IX നിലാവും നിഴലും നിറഞ്ഞ മുപ്പതുവർഷം

ഒരു ദൈവശാസ്ത്ര പ്രതിസന്ധിയുടെ ചുഴലിയാണ് എക്യുമെനിസത്തെത്തുടർന്ന് ആഞ്ഞടിച്ചത്. അതിനെക്കുറിച്ചു ഒരു ലേഖനഭാഗമിതാ: "വത്തിക്കാൻ സുന്നഹദോസിലെ ഒരുവാക്കോ ആപൂർണ്ണവാക്യമോ വ്യാഖ്യാനിച്ചു വരുത്തുന്ന പുരോഗമന ചിന്തകർ സഭയ്ക്കു വളരെ നാശം ചെയ്തുകൊണ്ടിരിക്കുന്നു. 1965-നു ശേഷം ഈശോസഭയിൽനിന്നു ആറായിരവും കപ്പൂച്ചിൻ സഭയിൽ നിന്നു മൂവായിരവും മററു സഭകളിൽ നിന്നു ഏറെക്കുറെ അനുപാതികരീതിയിലും ദൈവവിളി നഷ്ടപ്പെട്ടിട്ടുണ്ട്. വത്തിക്കാൻ സുന്നഹദോസിൽ വിദഗ്ദ്ധ ദൈവശാസ്ത്രജ്ഞനായി പങ്കെടുത്ത ഫാ. ചാൾസു ഡേവിഡ് സുന്നഹദോസു കഴിഞ്ഞശേഷം സഭയെ ഉപേക്ഷിച്ചു; വിവാഹവും കഴിച്ചു. ഹ്യാൻസുക്യുങ്ങ്, ഷിലബക്ക് തുടങ്ങിയ ഗ്രന്ഥകാരന്മാരുടെയും അവരെ അനുകരിച്ചു എഴുതിയിട്ടുള്ള ദൈവശാസ്ത്രജ്ഞന്മാരുടെയും സന്മാർഗ്ഗ ശാസ്ത്രജ്ഞന്മാരുടെയും പ്രസംഗങ്ങളും പ്രബന്ധങ്ങളും അനേ

www.malankaralibrary.com



കരുടെ ദൈവവിളി നശിപ്പിക്കുകയും ചിന്താക്കുഴപ്പം വരുത്തുകയും ചെയ്തിട്ടുണ്ട്. ഡച്ചുവേദോപദേശം തന്നെ എത്രപേരുടെ വിശ്വാസം തകർത്തിരിക്കുന്നു! പോളണ്ടിലെ മെത്രാന്മാർ മാർപ്പാപ്പായ്ക്കു തലവേദനയായിരിക്കുകയാണ്'' (മോൺ. തോമസ് മൂത്തേടൻ, പ്രേഷിത കേരളം, ഏപ്രിൽ 1980)

## സഭയുടെ അനന്യതയെക്കുറിച്ചു മാർപ്പാപ്പാ

മാമോദീസാ സ്വീകരിച്ചവരെല്ലാം ഒരു പ്രത്യേക വിധത്തിൽ സഭയുടെ അംഗങ്ങളാകുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാ സഭകളും സമാനങ്ങളാകുന്നു എന്ന ചിന്തയിലേക്കു വഴുതിയിട്ടുള്ളവരുണ്ട്. കത്തോലിക്കാസഭയ്ക്കു സമാനമായി മറ്റൊരു സഭയുമില്ലെന്നു മാർപ്പാപ്പാ എഴുതി, 1979-ൽ മതബോധനത്തെക്കുറിച്ചുള്ള ശ്ലൈഹിക ലേഖനത്തിൽ. ചില വാക്യങ്ങൾ ഉദ്ധരിക്കാം.

''ആവിഷ്കൃത സത്യങ്ങളുടെയും ക്രിസ്തു നല്കിയ രക്ഷാമാർഗ്ഗങ്ങളുടെയും പൂർണ്ണത കത്തോലിക്കാസഭയിലുണ്ട് എന്നു പഠിപ്പിക്കുന്നതിൽ നിന്നു വിരമിക്കാതെ തന്നെ മതബോധനത്തിന്റെ സഭൈക്യമാനം സംരക്ഷിക്കാവുന്നതാണ്. ഇങ്ങനെ പഠിപ്പിക്കുന്നത് സഭയുമായി പൂർണ്ണ ഐക്യത്തിൽ അല്ലാത്ത സമൂഹങ്ങളോട് വാക്കുകളിലും പ്രവൃത്തികളും ആത്മാർത്ഥമായ ബഹുമാനം പുലർത്തിക്കൊണ്ടായിരിക്കണമെന്നുമാത്രം.''

''കത്തോലിക്കാ കുട്ടികളെയും യുവജനങ്ങളെയും മുതിർന്നവരേയും തങ്ങളുടെ കത്തോലികമായ അനന്യത ഉറപ്പിച്ചുപറഞ്ഞും അതേ സമയം മററുള്ളവരുടെ വിശ്വാസത്തെ മാനിച്ചുകൊണ്ടും അകത്തോലിക്കരുമായി സമ്പർക്കത്തിൽ ജീവിക്കുന്നതിനും ഒരുക്കുവാൻ പരിശ്രമിക്കുന്നുവെങ്കിൽ മതബോധനത്തിനു സഭൈക്യപരമായ മാനമുണ്ടായിരിക്കും''.

www.malankaralibrary.com



"...തത്ത്വത്തിന്റെ തലത്തിൽ അയവുകളും ഉപേക്ഷകളും വരുത്തിക്കൊണ്ട് എളുപ്പവഴിക്കുള്ള സമാധാനസ്ഥാപനത്തിനായിരിക്കരുത് ഇത്തരം പരിശ്രമങ്ങൾ ...".

"ദൈവശാസ്ത്രത്തിൽനിന്നു മതബോധനത്തിലേക്കു കടന്നുവരുന്ന സമനില തെററിയ സ്ഥിതി (Unstable balance) യുടെ അപകടത്തെ അവർ (1977-ലെ മെത്രാന്മാരുടെ സിനഡ്) പരാമർശിച്ചു".

"വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ അയഞ്ഞ മനസ്ഥിതി പുലർത്തുക എന്നിങ്ങനെ മതബോധനത്തെ ദരിദ്രമാക്കുന്ന എന്തിനെയും അവർ (മെത്രാന്മാരുടെ സിനഡ്) എതിർക്കും".

## ജനസാമാന്യവും തെററായ പൊതുധാരണകളും

"ഏട്ടിൽഅപ്പടി പയററിലിപ്പടി" എന്ന വിധത്തിലത്രേ ഇന്നത്തെ സാമാന്യജനത്തിന്റെ എക്യുമെനിസ ബോധം. വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖ അവർ അപ്പഗ്രഥിച്ചു പഠിച്ചിട്ടില്ല; പഠിപ്പിക്കാൻ ആരും ശ്രമിച്ചിട്ടുമില്ല. തന്മൂലം വികലമായ ചില ധാരണകളാണ് അവർക്കു കിട്ടിയിട്ടുള്ളത്. എഴുതാപ്പുറംവായനകൾ ഉണ്ട്; തെററിദ്ധാരണകളും പരക്കുന്നു.

## എന്താണു കരണീയം

ഒരേ ലക്ഷ്യത്തിലേക്കുള്ള ഇരുവഴികളത്രേ എക്യുമെനിസവും പുനരൈക്യവും. രണ്ടിന്റെയും ഉദയം ഒരേ ദൈവിക ഉറവിടത്തിൽ നിന്നുതന്നെ (എക്യു. 1, 4) എന്തുകൊണ്ടു അവ പൊരുത്തപ്പെട്ടു നീങ്ങിക്കൂടാ. ഒന്നു ധീരതയുടെ വഴി, മററതു പ്രായോഗികതയുടേത്; സഭാശാസ്ത്രാധിഷ്ഠിതത്വം ഒരിടത്ത്, മനോവിജ്ഞാനീയ നീക്കം മററൊരിടത്ത്; സ്വഭാഭിന്നതയ്ക്കു പൂർണ്ണവിരാമമിടാൻ നീണ്ട

www.malankaralibrary.com



കാലത്തെ പുനരൈക്യശ്രമങ്ങരംക്കു കഴിഞ്ഞിട്ടില്ല. എക്യുമെനിസത്തിൻെറ ഭാവിയും സുനിശ്ചിതമല്ല.

പുനരൈക്യത്തെക്കുറിച്ചു എമിലി ജോസഫ് ഡെ സ്മെ (Emile Joseph De Smedt) പറയുന്നു: "വിശ്വാസസത്യങ്ങരം പ്രകാശിപ്പിച്ചാൽ വേണ്ടുവോളമായെന്ന ചിന്തയാണ് നൂററാണ്ടുകളായി കത്തോലിക്കർ വെച്ചുപുലർത്തിയത്. മററു ക്രിസ്ത്യാനികളും ഇതുതന്നെ ചെയ്തു. സ്വന്തം വിശ്വാസസത്യങ്ങളും സാങ്കേതികസംജ്ഞകളും വീക്ഷണകോണങ്ങളും ഉയർത്തിപ്പിടിക്കാൻ ഓരോ സമൂഹവും കയറിക്കയറി നിലകൊണ്ടു. ഫലമോ? കത്തോലിക്കർ വിളിച്ചുപറഞ്ഞതു മററുള്ളവർ തെററിദ്ധരിച്ചു; മററുള്ളവരുടെ പ്രസംഗങ്ങരം കത്തോലിക്കരും അന്യഥാ ഗണിച്ചു; — തെററിദ്ധാരണകളും സംശയങ്ങളും മർക്കടമുഷ്ടിയും കലാപവും വർദ്ധമാനമാകയും ചെയ്തു" (Emile Joseph De Smedt, Tolerance, freedom and Ecumenism, SCU, P 163).

എക്യുമെനിസത്തെക്കുറിച്ചു കൗൺസിൽ പറയുന്നു: "ക്രിസ്തുവിൻെറ ഏകസഭയുടെ ഐക്യത്തിലേക്കു എല്ലാ ക്രൈസ്തവരേയും പുനരാനയിക്കുക എന്ന പരിശുദ്ധമായ ലക്ഷ്യം പ്രാപിക്കാൻ മാനുഷികകഴിവുകരംക്കും സിദ്ധികരംക്കും സാധ്യമല്ലെന്നും ഈ കൗൺസിലിനു ബോധ്യമുണ്ട്" (എക്യു. 24, (2) ).

അനന്തര കരണീയം എന്ത്? എക്യുമെനിസവും പുനരൈക്യവും പുലരട്ടെ. ഒന്നു സൗഹൃദാന്തരീക്ഷം വളർത്തും, മററതു സത്യപ്രകാശനം നിർവ്വഹിക്കും. ഏതെങ്കിലും ഒന്നിനു അയിത്തം കല്പിക്കുന്നതു ദൈവിക പദ്ധതിയെ നിരസിക്കലത്രേ.

www.malankaralibrary.com

# മലങ്കര സഭകളും ഡയലോഗും

## 1 തീർത്ഥയാത്ര മൂലകുടുംബത്തിലേക്ക്

വിശ്വാസത്തിലും ആരാധനക്രമത്തിലും ഒന്നിപ്പ്; അധികാരകേന്ദ്രക്കാര്യത്തിൽ ഭിന്നിപ്പ്—മൂന്നു മലങ്കരസഭകളുടെ പ്രകൃതിയാണിത്. കോട്ടയം, അന്ത്യോക്യാ, റോമ എന്നീ അധികാരകേന്ദ്രങ്ങളുടെ പേരിൽ മാത്രമാണു വേർപിരിയൽ. നേരിട്ടുള്ള ഐക്യചർച്ചയ്ക്കു ഈ സഭകൾ വഴിപ്പെടണമെന്നു മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്താ സിറിൽ മാർ ബസേലിയോസ് ഉദ്ബോധിപ്പിക്കുന്നു. ''ഒരേ ദൈവശാസ്ത്രവീക്ഷണവും വിശ്വാസവും പാരമ്പര്യവും ആരാധനാക്രമവുമുള്ള മലങ്കരകത്തോലിക്കാ സഭയോടു നേരിട്ടുള്ള ഐക്യചർച്ചയ്ക്കാണു ഓർത്തഡോക്സു യാക്കോബായ സഭകൾ പരിശ്രമിക്കേണ്ടത്'' (ഐക്യദീപം, സെപ്റ്റം. '96. P.15).

സംഘാതാത്മകമായ പഠനം വേണം; അല്ലാതെയുള്ള അഭിപ്രായ പ്രകടനം പ്രയോജനപ്പെടുകയില്ല—തിരുമേനി പ്രമേയം ഉറപ്പിക്കുന്നു. ''അതിപുരാതനകാലം മുതൽക്കേ കേരളത്തിൽ ഒരു ക്രൈസ്തവസമൂഹം നിലനിന്നിരുന്നുവെന്നു കത്തോലിക്കരും അകത്തോലിക്കരുമായ എല്ലാ ചരിത്രകാരന്മാരും സമ്മതിക്കുന്ന ഒരു വസ്തുതയാണ്. ഈ സഭാസമൂഹത്തിന്റെ ഉത്ഭവത്തെപ്പറ്റിയും സ്വഭാവവിശേഷങ്ങളെപ്പറ്റിയും മാത്രമേ അഭിപ്രായ ഭിന്നതയുള്ളു. മാർത്തോമ്മാ ശ്ലീഹായാൽ ഉരുവായ ആദിമഭാരതസഭ സാർവ്വത്രികക്കൂട്ടായ്മയിലായിരുന്നു. അതിനുള്ള തെളിവുകൾ എന്തെല്ലാമാണ്? ആദിമഭാരതസഭ കത്തോലിക്കാക്കൂട്ടായ്മയിലായിരുന്നു എന്നതു തെളിയിക്കുവാൻ കത്തോലിക്കർക്കു കടമയുണ്ട്. തുല്യമായ പഠന പശ്ചാത്തലമുള്ള പണ്ഡിതന്മാരുടെ ഒരു സമിതി തെളിവുകൾ പരിശോധിച്ച് ഒരു നിഗമനത്തിലെത്തട്ടെ. അങ്ങനെ ഗൗരവവും സംഘാതാത്മകവുമായ പഠനപരിശ്രമം നടത്താതെ അഭിപ്രായങ്ങൾ പറയുന്നതു ശരിയല്ല'' (Ibid)

### മാർത്തോമ്മാശ്ലീഹായും സിംഹാസനവും

മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനവാദത്തിൽ

www.malankaralibrary.com



ഉറച്ചു നിൽക്കുന്നു മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കതോലിക്കാ ബാവാ. "മാർത്തോമ്മാശ്ളീഹായുടെ സിംഹാസനമാണ് മലങ്കരസഭ. മലങ്കരസഭയിൽ കുറച്ചുപേർ കത്തോലിക്കരായി. കുറച്ചുപേർ മററു വിധേയത്വങ്ങൾ സ്വീകരിച്ചു. മാർത്തോമ്മാ ശ്ളീഹായുടെ യഥാർത്ഥപിന്തുടർച്ച മുറിഞ്ഞു പോകാതെയും നഷ്ടപ്പെടുത്തിക്കളയാതെയും സൂക്ഷിക്കുകയാണ് ഓർത്തഡോക്സു സഭ ചെയ്യുന്നത്. കാലാകാലങ്ങളിൽ മലങ്കരയിൽനിന്നു ഭിന്നിച്ചു പോയവർ ഒന്നിച്ചു വരണം. ആരും അങ്ങോട്ടു പോകുകയോ ഇങ്ങോട്ടു വരികയോ അല്ല. എല്ലാവരും ഒരുമിക്കുകയാണു വേണ്ടത്. ഓരോരുത്തരും അവരവരുടെ ഇഷ്ടം നോക്കി മററുള്ളവർക്കു എതിരാകരുത്........ .......ഈ സഭ അന്ത്യോക്യൻ സഭയുമായി സംസർഗ്ഗം ഉണ്ടായിരുന്ന സഭയാണ്'' (Ibid P. 14).

### അന്ത്യോക്യാ ബന്ധം

യൂഹാനോൻ മാർ മീലിത്തിയോസ് മെത്രാപ്പോലീത്തായ്ക്കു അന്ത്യോക്യാ ബന്ധം സമർത്ഥിക്കുവാൻ ഉത്സാഹമാണ്. സാഹചര്യത്തെളിവുകളാണ് അദ്ദേഹം ഉന്നയിക്കുന്നത്. 1. നിക്യാസുന്നഹദോസ് തീരുമാനം; 2. നാലാം നൂററാണ്ടിലെ സിറിയൻ കുടിയേററം; 3. ആറാം നൂററാണ്ടിലെ രണ്ടാം സിറിയൻ കുടിയേററം; 4. ഒൻപതാം നൂററാണ്ടിലെ ചില സഭാപ്രവർത്തകരുടെ ആഗമനം (ഉദാ. ശാബോർ, പ്രോത്ത്); 5. പോർച്ചുഗീസുഭരണകാലത്തു സിറിയൻ നാടുകളിൽ നിന്നുള്ള ആളുകളുടെ സഭയെക്കുറിച്ചുള്ള അന്വേഷണം — ഇവ എടുത്തുപറയുന്നു. ഇതിൻെറയെല്ലാം സൂചന മലങ്കരയെക്കുറിച്ചു അന്വേഷിക്കുന്ന ഒരു നേതൃത്വം അന്ത്യോക്യയിൽ ഉണ്ടായിരുന്നു എന്നാണ്. (Ref. Ibid P. 19).

അന്ത്യോക്യയുടെ മലങ്കരബന്ധം സമർത്ഥിക്കുന്നതിനു സമർത്ഥമായ ചരിത്രത്തെളിവുകൾ ഇല്ലെന്ന ആക്ഷേപം റൈററു റവ. ഡോ. തോമസ് മാർ അത്താനാസിയോസി

www.malankaralibrary.com



ണ്ട്. ''പോർച്ചുഗീസുകാർ ഇന്ത്യയിൽ വരുന്നതിനുമുമ്പുള്ള അന്ത്യോക്യാമലങ്കരബന്ധത്തെക്കുറിച്ചു ചരിത്രരേഖകാം ഒന്നും തന്നെയില്ല. ചരിത്രപരമായി മലങ്കരസഭ അന്ത്യോക്യൻ സഭയുമായി ബന്ധപ്പെടുന്നത് 1665—ലെ മാർ ഗ്രീഗോറിയോസ് എന്ന യാക്കോബായ മെത്രാൻെറ ആഗമനത്തോടെയാണ്'' (Ibid P. 17, 18).

## വിദേശ യാക്കോബായ സഭയ്ക്ക അവകാശവാദമില്ലാത്ത കേരളം

പരദേശയാക്കോബായസഭയുടെ 17—ാം നൂററാണ്ടിനു മുമ്പുള്ള ചരിത്രം വെളിപ്പെടുത്തുന്ന ഒരു വസ്തുതയുണ്ട്. ആ സഭയുടെ ഈടുവെപ്പിൽ കേരളവുമായുള്ള ബന്ധം വെളിപ്പെടുത്തുന്ന ഒരു തുരുമ്പുപോലുമില്ലെന്നതാണത്. ആധികാരികമായ ഈ അഭിപ്രായം തികഞ്ഞ ഉത്തരവാദിത്വത്തോടെ രേഖപ്പെടുത്തുന്നത് ആലുവാ യു.സി. കോളജു പ്രൊഫസറും അഗാധസഭാപണ്ഡിതനുമായിരുന്ന ഫാ. ററി. വി. ജോണാണ്. അന്ത്യോക്യൻ യാക്കോബായ ചരിത്രത്തിൽ നിന്നു തന്നെ അദ്ദേഹം തെളിവുകാം നിരത്തുന്നു:

''1. ആസ്യയുടെ യൂഹാനോൻ എന്ന യാക്കോബായ എപ്പിസ്കോപ്പായുടെ ആറാം നൂററാണ്ടിലെ സഭാ ചരിത്രത്തിൽ മലങ്കര സഭയെപ്പററി യാതൊരു സൂചനയുമില്ല;

2. പന്ത്രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന ദീവന്യാസ്യോസ് ബർസ്ലീബി മേൽക്കായക്കെതിരായി കുരിശുവരയെപ്പററി എഴുതിയ പ്രബന്ധത്തിൽ പറയുന്നു: 'യാക്കോബായക്കാരും ഈഗുപ്തായക്കാരും നബിയാക്കാരും എന്നു പറഞ്ഞാൽ ഇൻഡ്യാക്കാരും അവരുടെ സമീപവാസികളായ കൂശായക്കാരും ഒരു വിരൽകൊണ്ടു കുരിശു വരയ്ക്കുന്നു.'' (Wood brook studies) (നബിയ = സുഡാൻ, കൂശായാ = എത്തിയോപ്യാ. പരദേശത്തു മാറാനായ, മേൽക്കായ, യാക്കോബായ, കൽദായ (നെസ്തോറിയ) എന്നീ നാലു വകപ്പു സുറിയാനിക്കാരുണ്ട്). ബർസ്ലീബിയുടെ ഇൻഡ്യ കേരളം ഉാപ്പെട്ട ഇൻഡ്യയേ അല്ല.

www.malankaralibrary.com



3. പന്ത്രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസ് മിഖായേൽ റാബോയുടെസഭാ ചരിത്രം. ഇതിൽ ഇൻഡ്യയെപ്പററി യാതൊന്നും പറയുന്നില്ല.

4. പതിമൂന്നാം നൂററാണ്ടിൽ ജീവിച്ചിരുന്ന യാക്കോബായ സഭയുടെ അഭിമാനസ്തംഭമായ ബറെബ്രായുടെ 'പാത്രിയർക്കാ—മഫ്രിയാനാ സിംഹാസനചരിത്രങ്ങൾ' (എക്ലേസിയാസ്റ്റിക്കി ii:172) മഫ്രിയാനായുടെ ഭരണസീമയിൽപെട്ട പന്ത്രണ്ടുപ്രദേശങ്ങളുടെ പേരുകൾ ബറെബ്രായാ കൊടുത്തിട്ടുള്ളതിൽ ഇൻഡ്യ ഉൾപ്പെടുന്നില്ല. ബാബേൽ (കൽദായ) കാതോലിക്കായ്ക്കു ഇൻഡ്യയിൽ സഭയുള്ളതായി ബറെബ്രായാ പറഞ്ഞിരിക്കുന്നു;

5. നെസ്തോറിയ സഭാചരിത്രങ്ങളിൽ, അവർക്കു ഇൻഡ്യയിലും ചൈനയിലും ക്രിസ്ത്യാനികൾ ഉണ്ടെന്നും അവരുടെ ആരാധനാ ഭാഷ സുറിയാനിയും ഫിലപിയുമാണെന്നും പറഞ്ഞിട്ടുണ്ട്. ബറെബ്രായാ അതിനെ സമ്മതിച്ചുമിരിക്കുന്നു;

6. ചരിത്രപണ്ഡിതനായ യാക്കോബായ പാത്രിയർക്കീസ് അപ്രേം സേവേരിയൂസിൻെറ (1933—1957) കല്പന. അദ്ദേഹം എഴുതുന്നു: "ഇക്കഴിഞ്ഞ മുന്നൂറോളം വർഷങ്ങളിലായി മലങ്കര സഭയ്ക്കുവേണ്ടി അനേകം കാര്യങ്ങൾ വിശുദ്ധ സിംഹാസനം ചെയ്തിട്ടുണ്ട്". അതിനു മുമ്പു മലങ്കരയുമായി ബന്ധമില്ലായിരുന്നു എന്നു ചുരുക്കം (മലങ്കരസഭയുടെ ഭാവി PP 11,12).

ഇതേവിധമായ നിഗമനത്തിലത്രേ റവ. ഡോ. പ്ലാസിഡ് പൊടിപാറ സി.ഡിയുടെ ചരിത്രഗവേഷണം എത്തിച്ചേരുന്നത്. "പതിന്നാലാം ശതാബ്ദത്തിനുമുമ്പും അതിനുശേഷവും വിദേശത്തെ യാക്കോബായ സഭയുമായി ബന്ധമുണ്ടായിരുന്നു എന്നു ചിലർ വാദിക്കുന്നതു സ്വീകാര്യമല്ല. ഇൻഡ്യയിൽ അധികാരമുണ്ടെന്നു വാദിച്ചിരുന്ന അന്ത്യോക്യാ പാത്രിയർക്കീസ് യാക്കോബായ പാത്രിയർക്കീസ് ആണെന്നു യാതൊരു തെളിവുമില്ല. പ്രത്യുത അത് മൽക്കായ പാത്രിയർക്കീസ് ആയിരുന്നു." (അന്ത്യോക്യാ എന്നു കേട്ടുകൊണ്ട് യാക്കോബായ എന്നു

www.malankaralibrary.com



അനുമാനിക്കുന്നതിൽ യുക്തിഭംഗമുണ്ട്. ഒന്നിലധികം അന്ത്യോക്യാ പാത്രിയർക്കീസുമാർ വാദവിഷയമായ കാലഘട്ടത്തിലുണ്ടായിരുന്നു. (കൂനൻകുരിശിനുമുമ്പ് P. 129).

ഇക്കാര്യംതന്നെ എം. ഒ. ജോസഫ് നെടുങ്കുന്നം ആവർത്തിക്കുന്നു. "കേരള ക്രിസ്ത്യാനികളുമായി എന്തെങ്കിലും ബന്ധമുണ്ടായിരുന്ന ഒരു അന്ത്യോക്യാ പാത്രിയർക്കീസ് ഉണ്ടായിരുന്നെങ്കിൽത്തന്നെ അതു യാക്കോബായ പാത്രിയർക്കീസ് ആയിരുന്നില്ലെന്നു വ്യക്തമാണ്" (കേരളക്രിസ്ത്യാനികൾ PP 183, 184).

## തർക്കമില്ലാത്ത മുന്നൂറുകൊല്ലം

അന്ത്യോക്യയുമായി മലങ്കരയ്ക്കു മുന്നൂറുകൊല്ലത്തെ ബന്ധമുണ്ടെന്നതു ചരിത്രസത്യമാണ്. അതിൽ സംശയിക്കേണ്ടതില്ലെന്നാണു സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ പറയുന്നത്: ''അന്ത്യോക്യൻ പാത്രിയർക്കീസിന്റെ സിംഹാസനവുമായി ഏകദേശം മുന്നൂറു കൊല്ലത്തെ ബന്ധം മലങ്കര സഭയ്ക്കുള്ളതു ചരിത്ര സത്യമാണ്. ആ ബന്ധം നിഷ്പ്രയാസം വേണ്ടെന്നു വെക്കാനാവില്ല''. (ഐ. ദി. സെപ്ററം '96 P.16).

## അന്ത്യോക്യൻ പാരമ്പര്യത്തിന്റെ വശ്യത

മലങ്കരയിൽ അന്തോക്യൻ പാരമ്പര്യം നിലനിൽക്കുന്നുണ്ട്. അതു ശക്തവുമാണ്. അന്ത്യോക്യയുമായുള്ള പൗരാണിക ബന്ധത്തിന്റെ ചൂണ്ടുപലകയാണതെന്നു വാദിക്കുന്നവരേയും കാണാം. മൂലയിൽ കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ ശക്തിയുക്തം ആറ്വാദമുയർത്തുന്നു: "മലങ്കരസഭയുടെ അന്ത്യോക്യാബന്ധത്തിന്റെ പൗരാണികതയെ തർക്കിക്കുന്നവരും സമ്മതിക്കുന്ന യാഥാർത്ഥ്യമാണ് ആധുനിക കാലത്തും മലങ്കരസഭയിൽ നിലനിൽക്കുന്ന അന്ത്യോക്യൻ പാരമ്പര്യവും ആരാധനക്രമവും സഭാസംഘടനയും കാനോൻ സംഹിതകളും എല്ലാം ലഭ്യമായത് ഈ സുദൃഢ ബന്ധത്തിൽനിന്നാണെന്നുള്ളത്. ആ പാരമ്പര്യം ഇന്നു മലങ്കര

www.malankaralibrary.com



സഭകളുടെ വ്യക്തിത്വത്തിന്റെയും തനിമയുടെയും മുഖമുദ്രകളായി തീർന്നിരിക്കുന്നു. ഇരുഓർത്തഡോക്സു വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം അന്ത്യോക്യൻ പാരമ്പര്യങ്ങളിൽനിന്നും വിഭിന്നമായതൊന്നും തന്നെ ആക്ഷേപം കൂടാതെ ഉൾക്കൊള്ളുവാൻ പോലും കഴിഞ്ഞിട്ടില്ല.'' (Ibid P 24).

പരാമർശിത പാരമ്പര്യത്തെക്കുറിച്ചു ആഴമായ കാഴ്ചപ്പാടു ആവശ്യമായിരിക്കുന്നു. അതിന്റെ പ്രവേശം ആശാസ്യങ്ങളും അനാശാസ്യങ്ങളുമായ പരിണതികൾ വരുത്തി. ആശാസ്യഫലങ്ങൾ ഫാ. റ്റി. വി. ജോൺ എടുത്തു കാട്ടുന്നു:

a) പ്രധാനാചാര്യന്മാരുടെ വേഷഭൂഷകളും ആചാര്യന്മാരുടെ ആരാധനാവസ്ത്രങ്ങളും സ്രോപ്പേന്മാരുടെ ചിറകുകളെ അനുസ്മരിപ്പിക്കുന്നു;

b) പള്ളിയാരാധനാക്രമങ്ങളും സാമാജികാരാധനാരീതി (Congregational worship) യും അഭിമാനിക്കത്തക്കതാണ്. മാതൃഭാഷയിലുള്ള അതിന്റെ പ്രയോഗം മാററു വർദ്ധിപ്പിക്കുന്നു;

c) അലങ്കാര പ്രയോഗങ്ങളും സംഗീതാരാധനാ ക്രമീകരണങ്ങളും ശുശ്രൂഷാരീതികളും ആകർഷകമാണ്;

ഉയരങ്ങളുടെ ഉയരങ്ങളിലിരിക്കുന്ന ദൈവങ്ങളുടെ ദൈവമെന്നും ഇസ്രായേലാകുന്ന മണവാട്ടിയോടു ഉടമ്പടി ചെയ്യുന്നതിനു ഗംഭീരമായ ഇടിമുഴക്കങ്ങളോടുകൂടി സീനായി പർവ്വതത്തിൽ ഇറങ്ങിയവനായ അത്യുന്നതൻ എന്നും മററുമുള്ള അലങ്കാര പ്രയോഗങ്ങൾ;

ഒരേ പാട്ടു എട്ടു രാഗങ്ങളിലാലപിക്കുന്ന സംഗീതാരാധനാ ക്രമീകരണങ്ങൾ;

ഭക്തിനിർഭരങ്ങളും കോൾമയിർ കൊള്ളിക്കുന്നതുമായ പീഡാനുഭആഴ്ചയിലെ പ്രുമിയോനുകളും കുമ്പിടീൽ, പ്രദക്ഷിണം ആദിയായ ശുശ്രൂഷാക്രമങ്ങളും—എല്ലാം വില തീരാത്ത നിധികളാണ്. (Ref. മലങ്കരസഭയുടെ ഭാവി PP. 20,21).

www.malankaralibrary.com



## അന്ത്യോക്യാ യാക്കോബായ ബന്ധം വരുത്തിയ ആശാസ്യങ്ങളല്ലാത്ത പരിണതികൾ

### a) കേരള സുറിയാനിക്കാർക്ക് പുത്തൻകൂർ ഉടുപ്പ്

നിലവിലുണ്ടായിരുന്ന സുറിയാനിക്കാരിൽ ഒരു കൂട്ടരെ പുത്തൻകൂർ ഉടുപ്പു അണിയിച്ചു. 1665—ൽ വന്നുചേർന്ന മാർ ഗ്രീഗോറിയോസിന്റെ യാക്കോബായ പഠനങ്ങൾ സ്വീകരിച്ചവർക്ക പുത്തൻ കൂറുകാരെന്നും അതു സ്വീകരിക്കാഞ്ഞവർക്ക പഴയ കൂറുകാരെന്നും പേരുണ്ടായി (Ref. ഷെവ. വി. സി. ജോർജ്, കറവിലങ്ങാട്ടു മർത്തമറിയം പള്ളിയും കേരള നസ്രാണികളും PP 148, 149)

### b) നവീനോപദേശങ്ങൾ ഉയരുന്നു

കേരളത്തിലെത്തിയ മാർ ഗ്രീഗോറിയോസ് പല പുതിയ ഉപദേശങ്ങളും പഠിപ്പിച്ചുതുടങ്ങി. മാർപ്പാപ്പാ നെസ്തോറിയസിനെപ്പോലെ പാഷണ്ഡിയാണ്; അന്ത്യോക്യാ സഭയാണ് ലോകത്തിന്റെ ശിരസും മാതാവും; മിശിഹായിൽ ഒരു സ്വഭാവമേയുള്ളു; പരിശുദ്ധാരൂപി പിതാവിൽ നിന്നുമാത്രമാണു പുറപ്പെടുന്നത്; ശുദ്ധീകരസ്ഥലമില്ല; പുളിച്ചഅപ്പം ഉപയോഗിച്ചാൽ മാത്രമേ കുർബാന സാധുവാകയുള്ളു. (Ref. Ibid P. 229) മാർ ഗ്രീഗോറിയോസ് വന്നിരുന്നില്ലെങ്കിൽ പുത്തൻകൂർകാർക്കിടയിൽ ഈ ആശയങ്ങൾ ഉണ്ടാകുമായിരുന്നില്ല.

### c) ഡച്ചുകാരുടെ സഹായത്തോടെ പുതിയ ആചാരരീതികൾ

മാർ ഗ്രീഗോറിയോസും കൊച്ചിയിലെ ഡച്ച ഗവർണ്ണരും തമ്മിൽ സംഭാഷണം നടന്നു.

''നിങ്ങൾ എവിടെ നിന്നാണു വരുന്നത്?'' ഗവർണ്ണർചോദിച്ചു.
''ഗോവയിൽ നിന്നല്ല'' അർമേനിയൻ ഉത്തരം നല്കി ''അതു നല്ലത്'' ഗവർണ്ണർ തുടർന്നു. ''കത്തനാന്മാർക്ക് ഭാര്യമാരെ കൊടുക്കാൻ ശ്രമിക്കുക. കുമ്പസാരമില്ലാതാക്കുക. വിശുദ്ധന്മാരുടെ പടങ്ങളും സ്വരൂപങ്ങളും മാററുക''.
''ശരി.ഞാൻ ശ്രമിച്ചു കൊള്ളാം'' അർമേനിയൻ ഉത്തരം നല്കി.

www.malankaralibrary.com

## പൂർവ്വകുടുംബത്തിൻെറ കൈചൂണ്ടികൾ

കുടുംബപ്പഴമയുടെ ചില അവശിഷ്ടങ്ങൾ കേരളത്തിലെ അന്ത്യോക്യൻ പാരമ്പര്യക്കാരുടെ ഇടയിൽ ഇനിയും നിലനിൽക്കുന്നു. അവ പൂർണ്ണമായി മാഞ്ഞുകഴിഞ്ഞിട്ടില്ല.

1 കൽദായസുറിയാനിപ്പദങ്ങൾ സാധാരണക്കാരുടെ ഇടയിൽ പ്രയോഗത്തിലുള്ളതു വളരെയേറെയാണ്;

2 മാവേലിക്കര, കോട്ടയം, ചേപ്പാട് തുടങ്ങിയ മിക്ക പഴയ പള്ളികളുടെ ഭിത്തികളിൽ ഹാനാൻ വെള്ളം ഒഴിക്കുന്നതിനുള്ള കൽക്കുഴികൾ കാണാം;

3 ദൈവമാതാവു, ഗീവറുഗീസ് സഹദാ, ഉണ്ണിയീശോ ആദിയായവരുടെ രൂപങ്ങൾ മേൽപ്പൂട്ടുകളിൽ സൂക്ഷിച്ചിരിക്കുന്നു;

4 തിരുശേഷിപ്പുകൾ സൂക്ഷിക്കുന്നതിനുള്ള പഴയ അറുളിക്കകളുണ്ട്.

5 മണർകാട്ടും മററു ചില അന്ത്യോക്യൻ പാരമ്പര്യമുള്ള പള്ളികളിലും പ്രസിദ്ധമായിത്തീർന്നിട്ടുള്ള എട്ടുനോമ്പ് യാക്കോബായ സഭയിൽ ഉള്ളതല്ല; വിദേശത്തെ യാക്കോബായ പള്ളികളിൽ നടപ്പില്ല;

6 വിവാഹവേളയിൽ പട്ടക്കാരൻ മണവാട്ടിയെ കൊന്ത വാഴ്ത്തി അണിയിക്കുന്ന പതിവു അന്ത്യോക്യൻ പാരമ്പര്യമുള്ള കേരളത്തിലെ പള്ളികളിലുണ്ട്;

7 'വഴിക്കാല' എന്ന മദ്ധ്യസ്ഥ പ്രാർത്ഥന കുന്നംകുളത്തേ യാക്കോബായക്കാർ നടത്തുന്നു;

8 കബറിൽ മൃതദേഹം കൊണ്ടുപോകുമ്പോൾ കുന്നംകുളത്തേ അച്ചന്മാർ ചൊല്ലുന്ന 'പുശ്ബശ്ലോമ്മോ' എന്നു തുടങ്ങുന്ന ഗീതം യാക്കോബായ പുസ്തകങ്ങളിലുള്ളതല്ല;

www.malankaralibrary.com



8 മൃതരായ പുരോഹിതരുടെ കരങ്ങളിൽ കാസായും പീലായും പിടിപ്പിക്കുന്ന പതിവു ചില പുത്തൻകൂർ പ്രദേശങ്ങളിലുണ്ട്.

— തറവാടിനെയാണ് ഈ പ്രത്യേകതകൾ അനുസ്മരിപ്പിക്കുക. (Ref. ഐക്യത്തിന്റെ വിളി, എസ്. എച്ച്. ലീഗു, ആലുവാ, 1955 PP. 7, 8)

## തെററിദ്ധാരണ നീക്കുന്ന പഠനം

വികാരമൂർച്ഛയെ അതിലംഘിക്കുന്ന ചരിത്രസ്നേഹം പലർക്കുമില്ല. അഹത്തള്ളാബാവായെക്കുറിച്ചുള്ള പഠനം തെററിദ്ധാരണ നീക്കാൻ ഉപകരിക്കുമെന്നത്രേ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ പ്രസ്താവിക്കുന്നത്. "കൂനൻ കുരിശുസത്യത്തിനു മുഖാന്തരമായ അഹത്തള്ളാബാവാ യാക്കോബായസഭയിൽ നിന്നു പുനരൈക്യപ്പെട്ട ഒരു മെത്രാനായിരുന്നു എന്നുള്ളത് ഇതു വരെയും ലഭ്യമായിരിക്കുന്ന ചരിത്രരേഖകളുടെയും സംഭവങ്ങളുടെയും വെളിച്ചത്തിൽ തെളിയിക്കുവാനാകും. ഇപ്രകാരമൊരു പഠനം നമ്മുടെ പല തെററിദ്ധാരണകളും നീക്കുവാനുപകരിക്കും. അഹത്തള്ളാബാവായെപ്പററിയുള്ള തികച്ചും വൈകാരികമായ ഊഹാപോഹങ്ങളെ ആശ്രയിക്കാതെ ആധികാരികമായി അദ്ദേഹം ഏതു സഭാംഗമായിരുന്നെന്നും എവിടെ നിന്നാണു മലങ്കരയിലേക്കു വന്നതെന്നും അദ്ദേഹത്തെക്കുറിച്ചുള്ള ചരിത്രരേഖകൾ എന്തൊക്കെയാണെന്നും വ്യക്തമായി "സീറോ മലങ്കരസഭ" എന്ന പുസ്തകത്തിൽ ഞാൻ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ അതിനെപ്പററി ചരിത്രസാക്ഷ്യമുള്ള എതിരഭിപ്രായമോ ചർച്ചകളോ ഇനിയും ഉണ്ടായിട്ടില്ല" (ഐ. ദീ. സെപ്ററം 1996 P. 16).

www.malankaralibrary.com

# II മലങ്കരയും റോമയും

ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ പറയുന്നു: "ആദിമഭാരത അപ്പസ്തോലിക സഭ റോമാപാത്രിയർക്കീസായ മാർപ്പാപ്പായുമായി ബന്ധപ്പെട്ടിരുന്നു എന്നതിനു ചരിത്രപരമായി തെളിവുകളൊന്നുമില്ല" (ഐക്യദീപം, സെപ്ററം. 96 P. 17)

ഇതേ ആശയം തന്നെയാണ് കാതോലിക്കാബാവാ തിരുമേനിയും മുറുകെപ്പിടിക്കുന്നത്: "പോർച്ചുഗീസുകാർ വരുന്നതിനുമുമ്പ് മാർപ്പാപ്പായെപ്പററി മലങ്കരയിലുണ്ടായിരുന്നവർ കേട്ടിട്ടുണ്ടായിരുന്നോ എന്നു സംശയമാണ്".

"ശ്ലൈഹികകൂട്ടായ്മയിൽ ഉറച്ചപ്പെട്ടിരുന്ന മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ സ്ഥാപിച്ച സഭയ്ക്കു സാർവ്വത്രിക സ്വഭാവം ഉണ്ടായിരുന്നു എന്നതുകൊണ്ടു ഇവിടെ കത്തോലിക്കാ സഭയായിരുന്നു ഉണ്ടായിരുന്നത് എന്ന വാദം തെററാണ്" (ibid P. 14).

ഡയലോഗുകാരൻ ചരിത്രത്തിലേക്കു തിരിയേണ്ടിവരുന്നു. ഭൂതകാലാവലോകനത്തിന്റെ ആവശ്യകത മാർ ബസേലിയോസ് മെത്രാപ്പോലീത്താ ഊന്നിക്കാട്ടുന്നുമുണ്ട്: "ആദിമഭാരതസഭ കത്തോലിക്കാ കൂട്ടായ്മയിലായിരുന്നു എന്നതു തെളിയിക്കുവാൻ കത്തോലിക്കർക്കു കടമയുണ്ട്" (Ibid P. 15). ഈ വിഷയത്തിലേക്കു ഗവേഷണദൃഷ്ടി തിരിച്ചിട്ടുള്ള കത്തോലിക്കാ ചരിത്രകാരന്മാർ ഏറെയാണ്. ഷെവ. വി. സി. ജോർജു പറയുന്നു: "പൗരസ്ത്യ സുറിയാനി (കൽദായ സുറിയാനി) യായിരുന്നു ആദിമ കേരള സഭയുടെ ആരാധനാഭാഷ. ശ്ലീഹാ ഏതദ്ദേശീയപുരോഹിതശ്രേഷ്ഠന്മാരെയത്രേ ഇവിടത്തെ ഭരണത്തിനു നിയോഗിച്ചത്. ഈ ശ്രേഷ്ഠ പുരോഹിതവംശാവലി കാലാന്തരത്തിൽ നാമാവശേഷമായി. സിറിയ, പേർഷ്യ, മെസപ്പൊട്ടോമിയ എന്നീ രാജ്യങ്ങളിൽ നിന്നു പുരോഹിതശ്രേഷ്ഠന്മാർ ഇവിടെവന്നു. ഇവരെ നിയോഗിച്ചതു അന്ത്യോക്യാ പാത്രി

www.malankaralibrary.com



യർക്കീസും അനന്തരം ബാബേലിലെ കൽദായപാത്രിയർക്കീസുമായിരുന്നു. കൽദായ പാത്രിയർക്കീസിൻെറ കീഴിൽ കൽദായ റീത്തു അനുസരിച്ചു കൽദായമെത്രാന്മാരാൽ കേരളത്തിലെ നസ്രാണി സമൂഹം അനേകം ശതാബ്ദക്കാലത്തേക്കു ഭരിക്കപ്പെട്ടുപോന്നു. (Ref. നിധീരിക്കൽ മാണിക്കത്തനാർ, ഒന്നാം പതിപ്പ്, 5-ാം അദ്ധ്യായം PP. 12-22).

ഇരുളടഞ്ഞഏടുകരം കേരളസഭാചരിത്രത്തിലുണ്ടെന്ന വസ്തുത ആ ചരിത്രഗവേഷകൻ മറച്ചുപിടിക്കുന്നില്ല. "മതമത്സരം, മതപീഡനം, മതത്യാഗം ആദിയായ കാരണങ്ങളാൽ ക്രൈസ്തവസഭ ഏതാനും ദശാബ്ദങ്ങളിൽ ക്ഷയോന്മുഖമായി കഴിഞ്ഞു. ശ്ലീഹാ കേരളത്തിൽ സഭാധ്യക്ഷനായി നിയമിച്ച കൊടുങ്ങല്ലൂരിലെ കേപ്പാമെത്രാൻെറ നിര്യാണശേഷം അദ്ദേഹത്തിൻെറ പിൻഗാമികളായ മെത്രാന്മാർ എത്രകാലത്തേക്കു സഭാഭരണം നടത്തിയെന്നു നിശ്ചയമില്ല. കേരളസഭ അധോഗതിയിൽ കഴിനുന്ന കാലത്തു അർക്കദിയാക്കോൻ എന്ന വൈദിക സ്ഥാനി ഇന്നാട്ടിൽ ഇല്ലായിരുന്നുവെന്നുള്ളതും പ്രസ്താവയോഗ്യമാണ്" (വി. സി. ജോർജ്, കുറവിലങ്ങാട്ടു മർത്തമറിയം പള്ളിയും കേരള നസ്രാണികളും, P. 241)

ക്ലേശങ്ങളുടെ കാരമുള്ളുകരം ചവിട്ടാതെ കടന്നുകൂടാവുന്നതല്ല പ്രാചീനകേരളസഭാചരിത്രതലം. ഗതാഗതസൗകര്യമുണ്ടായിരുന്നില്ല. വാർത്താവിനിമയോപാധികളുടെ സ്ഥിതിയും അവ്വിധംതന്നെ. ചരിത്രസംരക്ഷണവും ഡയറിസൂക്ഷിപ്പും ഇന്നാട്ടുകാർ പതിവാക്കിയിരുന്നില്ല. നെസ്തോറിയൻ എന്നു അവകാശപ്പെടുന്ന സെലൂക്യാ അഥവാ ബാബേൽ സഭയുടേയും യാക്കോബായ സഭയുടെയും പൂർവ്വചരിത്രം അറിഞ്ഞെങ്കിലേ പ്രാചീന കേരളസഭാചരിത്രത്തിലേക്കു കുറച്ചെങ്കിലും വെളിച്ചം തെളിക്കാനൊക്കൂ. അന്ത്യോക്യാ, പേർഷ്യാ, അലക്സാന്ത്രിയാ എന്നീ സഭകളെപ്പററിയും കുറെയെല്ലാം മനസ്സിലാക്കണം,

www.malankaralibrary.com



കൂനൻകുരിശിനു മുമ്പുള്ള കേരളസഭാചരിത്രം റവ. ഡോ. പ്ലാസിഡ് പൊടിപാറ സി. ഡി സൂക്ഷ്മ പഠനത്തിനു വിഷയമാക്കിയിട്ടുണ്ട് "കൂനൻ കുരിശിനു മുമ്പ്" എന്ന പുസ്തകത്തിൻെറ 10, 11, 12 എന്നീ അധ്യായങ്ങരം ഈ വിഷയമാണ്. കേരളസഭയുടെ കത്തോലിക്കാ ഐക്യമാണ് ഇവിടെ സമർത്ഥിച്ചിട്ടുള്ളത്. Were the Syrian Christians Nestorians" എന്ന ഗവേഷണ പ്രബന്ധത്തിലൂടെ ദിവ്യശ്രീ പി. റ്റി. ഗീവറുഗീസ് പണിക്കർ ശെമ്മാശനും "The Indian Church of St Thomas എന്ന ഇംഗ്ളീഷു ഗ്രന്ഥത്തിലൂടെ ഇടവഴിക്കൽ മി. ഇ. എം. പിലിപ്പോസും "മാർത്തോമ്മാ ശ്ളീഹായുടെ ഇന്ത്യൻ സഭ" എന്ന അതിൻെറ വിവർത്തനത്തിലൂടെ ശ്രീ. ഇ. പി. മാത്യുവും അവതരിപ്പിച്ചിട്ടുള്ള കത്തോലിക്കാ വിരുദ്ധവാദങ്ങളുടെ കഴമ്പില്ലായ്മ കാര്യകാരണ സഹിതം അവിടെ വെളിപ്പെടുത്തിയിട്ടുണ്ട് (Ref. ഡോ. പ്ളാസിഡ് കൂനൻകുരിശിനു മുമ്പ്, PP 117-176)

ചരിത്രകാരനായ എം. ഒ. ജോസഫ് നെടുങ്കുന്നം മലങ്കരയുടെ റോമാബന്ധത്തെ പരാമർശിക്കുന്നുണ്ട്. "ക്രിസ്തുമതത്തിൻെറ ആദിമശതകങ്ങളിൽ കേരളവും റോമയുമായി വർദ്ധമാനമായ തോതിലുള്ള വാണിജ്യബന്ധമുണ്ടായിരുന്നുവെന്നും ഒരു റോമൻകോളനിതന്നെ കേരളത്തിലും മററൊന്നു പൗരസ്ത്യതീരത്തും ഉണ്ടായിരുന്നുവെന്നുള്ളതു ചരിത്രവസ്തുതയാണ്. റോമാ കേരളീയർക്കു അജ്ഞാതമായിരുന്നില്ലെന്നുചുരുക്കം. ക്രിസ്തു തൻെറ സഭയുടെ തലവനായി നിയമിച്ച വി. പത്രോസിൻെറ ആസ്ഥാനം റോമയാണെന്നുള്ള വസ്തുതയും പ്രാചീന ക്രിസ്ത്യാനികരംക്കു അജ്ഞാതമായിരുന്നിരിക്കയില്ല ............ ............... മാർപ്പാപ്പായുടെ പരമാധിപത്യത്തിലുള്ള വിശ്വാസം മാർത്തോമ്മാ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം കേവലം ഒരു തോന്നൽ മാത്രമല്ലായിരുന്നു. സെലൂക്യായിൽനിന്നുകൊണ്ടുവരപ്പെട്ടിരുന്ന ഗ്രന്ഥങ്ങളിൽ റോമാ

www.malankaralibrary.com



മാർപ്പാപ്പായുടെ ദൈവസ്ഥാപിതമായ അധികാരത്തെപ്പറ്റി വ്യക്തമായ പ്രസ്താവനകളുണ്ടായിരുന്നു. റോമയുടെ അധികാരം ഏറ്റുപറയുന്ന നിഖ്യാ(അറബി) കാനോനകളുടെ അൻപതു പ്രതികഠം കേരളത്തിൽ താൻ കണ്ടതായി റോസ് മെത്രാപ്പോലീത്താ പ്രസ്താവിക്കുന്നുണ്ട്. ഈ പ്രസ്താവനകഠം അവരുടെ വിശ്വാസത്തിന്റെ പ്രകടമായ തെളിവുകളാകുന്നു'' (കേരള ക്രിസ്ത്യാനികഠം PP 184, 185)

## മെത്രാന്മാരുടെ നാമധേയങ്ങൾ നല്കുന്ന പാഠം

''അഭിഷേചനാവസരത്തിൽ യാക്കോബായ മെത്രാന്മാർ സ്വീകരിക്കുന്ന പേരുകഠം ഗ്രീഗോറിയോസ്, ഈവാനിയോസ്, ബസേലിയോസ്, അത്താനാസിയോസ്, ദീവന്യാസിയോസ്, തോമ്മാ, കൂറിലോസ്, പീലക്സിനോസ്, ദീയസ്കോറോസ്, യൂലിയോസ്, യൗസേഫ്, സേവേറിയോസ് എന്ന പ്രകാരമുള്ളവയാണ്. 16-ാം ശതാബ്ദത്തിനുമുമ്പു കേരളത്തിൽ വന്നിട്ടുള്ള മെത്രാന്മാരിൽ ആർക്കും യാക്കോബായ മെത്രാന്മാരുടെ ഇടയിൽ സർവ്വസാധാരണങ്ങളായ ഗ്രീഗോറിയോസ്, അത്താനാസിയോസ്, ദീവന്യാസിയോസ്, കൂറിലോസ് ആദിയായ പേരുകഠം ഇല്ലായിരുന്നു. കൂടാതെയും അവരിൽ ചിലരുടെ പേരു യാക്കോബായ മെത്രാന്മാർ ഒരിക്കലും സ്വീകരിച്ചിട്ടില്ലാത്തവയുമാണ്''. (റവ. ഡോക്ടർ പ്ലാസിഡ് സി. ഡി. കൂനൻകുരിശിനു മുമ്പ് P. 135) (cf. Agur, Church History of Travancore, Part 1 P. 74)

## വിളങ്ങുന്ന വഴിവിളക്കുകൾ

കേരളസഭാചരിത്ര യാത്രികന്റെ മുമ്പിൽ ജ്വലിക്കുന്ന ചില രത്നവിളക്കുകളുണ്ട്. ഇരുളടഞ്ഞ കോണുകളിലേക്കു അവ വെളിച്ചം തെളിക്കും.

www.malankaralibrary.com



## 1 നിക്യാസുന്നഹദോസിലെ യോഹന്നാൻ മെത്രാൻ

A·D· 325–ലാണ് നിക്യാസുന്നഹദോസ്. 318 മെത്രാന്മാർ അവിടെ സന്നിഹിതരായി. കൂട്ടത്തിൽ "വലിയ ഇൻഡ്യയുടെയും പേർഷ്യയുടെയും മെത്രാനായ യോഹന്നാൻ" എന്ന പേരും ഒപ്പും രേഖപ്പെടുത്തിയിട്ടുണ്ട്. (History of the council of Nice, Lib· 2· Cap· XXVII, Col 235, apud Labbeum, Sacro Sancta concilia, Tom 2, Venetiis, 1728),

കേരളത്തിലല്ലാതെ അന്നത്തെ ഇൻഡ്യയിൽ ക്രിസ്ത്യാനികൾ ഉള്ളതായി അറിവില്ല. കേരളക്രിസ്ത്യാനികളുടെ മേൽ അധികാരമുള്ളവനായിരുന്നു പ്രസ്തുത മെത്രാൻ. സുന്നഹദോസിലെ പിതാക്കന്മാർ മാർപ്പാപ്പായുടെ അധികാരം അംഗീകരിച്ചിരുന്നു. റോമയിൽനിന്നുവന്ന രണ്ടു പട്ടക്കാർ പാത്രിയർക്കീസന്മാർക്കു മുമ്പായിത്തന്നെ സുന്നഹദോസു നിശ്ചയങ്ങളിൽ ഒപ്പുവെച്ചു. കേരളീയസഭയിൽ അധികാരമുണ്ടായിരുന്ന യോഹന്നാൻ മെത്രാനും അദ്ദേഹത്തിൻെറ ഭരണീയരും മാർപ്പാപ്പായെ സ്വീകരിച്ച കത്തോലിക്കാ വിശ്വാസികളായിരുന്നു. അവർ നെസ്തോറിയരോ യാക്കോബ്യരോ ആയിരുന്നില്ലെന്നു വ്യക്തം. നിഖ്യാസുന്നഹദോസുകാലത്ത് അക്കൂട്ടർ ഉണ്ടായിരുന്നില്ല. നെസ്തോറിയൻസഭ എഫേസൂസ് സുന്നഹദോസിനുശേഷവും യാക്കോബായസഭ കൽക്കദോനിയാ സുന്നഹദോസിനുശേഷവുമാണുത്ഭവിക്കുന്നത്. എഫേസൂസ് കൗൺസിൽ 431–ലും കൽക്കദോനിയാ കൗൺസിൽ 451–ലുമേ നടക്കുന്നുള്ളു.

## 2 ക്നായിതോമായും കൂട്ടരും

ക്രി. വ. 345–ലാണ് ക്നായിതോമായുടെയും കൂട്ടരുടെയും ആഗമനം. 472 സിറിയൻ ക്രിസ്ത്യൻ കുടുംബങ്ങൾ ആ സംഘത്തിലുണ്ടായിരുന്നു. കേരളത്തിലെ മഹാദേവർ പട്ടണത്തിൽ അവർ കുടിയേറി. എദേസാ അഥവാ ഉറഹാ പട്ടണത്തിലെ മാർ യൗസേഫ് എന്ന മെത്രാനും കൂ

www.malankaralibrary.com



റെ പട്ടക്കാരും ശെമ്മാശ്ശന്മാരും കൂട്ടത്തിലുണ്ടായിരുന്നു. ഈ മെത്രാനും പട്ടക്കാരും ജനങ്ങളും നെസ്തോറിയരോ യാക്കോബ്യരോ അല്ലായിരുന്നു. കാരണം മുകളിൽ പറഞ്ഞതുതന്നെ. 345_ൽ ആരിയൂസ് സഭയൊഴിച്ചു അകത്തോലിക്കാ സുറിയാനിസഭകളൊന്നും ഉത്ഭൂതമായിരുന്നില്ല. കുടിയേററക്കാർ ആരിയൂസ് സഭക്കാരായിരുന്നില്ല. അവർക്കു നിക്യാസുന്നഹദോസിൻെറ വിശ്വാസം തന്നെയായിരുന്നു. അവർ റോമാസിംഹാസനത്തിൻെറ അധികാരത്തിനു വിധേയരായിരുന്നു.

## 3 കോസ്മോസിൻെറ വിവരണം

അലക്സാണ്ഡ്റിയാക്കാരനായിരുന്നു കോസ്മോസ്. ഇൻഡ്യാസിലോൺ രാജ്യങ്ങളിലേക്കുള്ള അദ്ദേഹത്തിൻെറ സഞ്ചാരം എ. ഡി. 522_നോടടുത്തകാലത്താണ്. അന്നു. അലക്സാണ്ഡ്റിയായിൽ നെസ്തോറിയാ യാക്കോബായ സഭകളുണ്ടായിരുന്നില്ലെന്നും പിന്നെയോ കത്തോലിക്കാ സഭയാണു പ്രചരിച്ചിരുന്നതെന്നും അവിടത്തെ സഭാചരിത്രം വെളിപ്പെടുത്തുന്നു. സഞ്ചാരവിവരണത്തിൽ ഇൻഡ്യാ സിലോൺ രാജ്യങ്ങളിലെ സഭയെപ്പററി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. ''സഭ ക്ഷയോന്മുഖമായിട്ടില്ല. എന്നാലോ നാനാ ഭാഗങ്ങളിലും വ്യാപിച്ചും ഭൂമി മുഴുവൻ ക്രിസ്തീയതത്വങ്ങളാൽ നിറഞ്ഞും അവ ദിനംപ്രതി എന്ന വണ്ണം അഭിവൃദ്ധി പ്രാപിച്ചും സുവിശേഷം ലോകമെങ്ങും പ്രസംഗിക്കപ്പെട്ടും വരുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു. ...... കുരുമുളകു വിളയുന്ന മെയിൽ (മലബാർ) രാജ്യത്തും ക്രൈസ്തവസഭയുണ്ട്. എന്നുമാത്രമല്ല, ''കല്യാണ'' എന്ന സ്ഥലത്ത് പേർഷ്യയിൽ അഭിഷേകം ചെയ്യപ്പെട്ട ഒരു മെത്രാനുമുണ്ട്''. (Bibliothica Veterum Patrumt 2 liber III PP449-450)

കത്തോലിക്കനായ കോസ്മോസിൻെറ വിവരണത്തിൽ നിന്നു കേരളത്തിലേതു കത്തോലിക്കാ സഭയായിരുന്നു എന്നു സിദ്ധിക്കുന്നു.

www.malankaralibrary.com

## 4 ഇംഗ്ലണ്ടിലെ ആൽഫ്രഡ് രാജാവിന്റെ നേർച്ച

മൈലാപ്പൂരുള്ള തോമാശ്ലീഹായുടെ കബറിടത്തിൽ നേർച്ചകാഴ്ചകൾ അർപ്പിക്കുന്നതിനുവേണ്ടി ഇംഗ്ലണ്ടിലെ മഹാനായ ആൽഫ്രഡുരാജാവ് സിങ്ഗ്ലേം (Singhelem) എന്ന മെത്രാനെ 883-ൽ ഇൻഡ്യയിലേക്കു അയച്ചു. "ആംഗ്ലോസാക്സൻ ക്രോണിക്കിൾ" എന്ന പുരാതന ഇംഗ്ലീഷു രേഖയിൽ ഇക്കാര്യമുണ്ട്. ഉത്തമകത്തോലിക്കനായിരുന്നു ആൽഫ്രഡ് രാജാവ്. അകത്തോലിക്കാപ്പള്ളികളിൽ നേർച്ച കൊടുക്കുവാൻ കത്തോലിക്കരെ സഭ അനുവദിക്കുന്നില്ല. അന്നും ഇന്നും മൈലാപ്പൂരിലേതു കത്തോലിക്കാദൈവാലയം തന്നെ. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ മൈലാപ്പൂരിലേക്കു തീർത്ഥയാത്ര പതിവാക്കിയിരുന്നു. ഇംഗ്ലണ്ടിലെ ആൽഫ്രഡു രാജാവിനെപ്പോലെ കേരളത്തിലെ സുറിയാനിക്കാരും കത്തോലിക്കാവിശ്വാസമുള്ളവരായിരുന്നു.

## 5 മാർ യോഹന്നാൻ തൃതീയന് പാലും എന്ന സ്ഥാനവസ്ത്രം

കലിക്സ്ററസ് ദ്വിതീയൻ മാർപ്പാപ്പായെ 1112-ാമാണ്ടു ഇൻഡ്യയുടെ മെത്രാപ്പോലീത്താ മാർ യോഹന്നാൻ തൃതീയൻ സന്ദർശിച്ചു. കോൺസ്റ്റാന്റിനോപ്പിളിലേക്കു ആദ്യം പോയി, അവിടെനിന്നു റോമിലേക്കു പ്രയാണം ചെയ്തു. തോമാശ്ലീഹായുടെ കബറിടത്തിങ്കലേ അത്ഭുതങ്ങൾ മെത്രാപ്പോലീത്താ മാർപ്പാപ്പായേയും കർദ്ദിനാളന്മാരെയും വിവരിച്ചു കേൾപ്പിച്ചു. മാർപ്പാപ്പാ "പാല്യം" എന്ന സ്ഥാനവസ്ത്രം മെത്രാപ്പോലീത്തായ്ക്കു സമ്മാനിച്ചു. കലിക്സ്ററസ് മാർപ്പാപ്പായുടെ ജീവചരിത്രത്തിലും യൂറോപ്പിലെ ചരിത്രപണ്ഡിതന്മാരുടെ കൃതികളിലും ഈ

www.malankaralibrary.com



സംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. (Gesta Callisti II Papae; Chronicles of Albereous, Analecta Mabilloni P. 468; Raulin PP 435-436; Le Quien Vol. II P. 1275; H. K. Mann, The lives of the Popes in the Middle Ages, Vol. VIII, London 1910 PP 216-220).

മാർപ്പാപ്പായിൽനിന്നു സ്ഥാനവസ്ത്രം ലഭിച്ച മെത്രാപ്പോലീത്തായുടെ ഭരണീയരായ കേരളത്തിലെ നസ്രാണികൾ കത്തോലിക്കാ വിശ്വാസികളായിരുന്നില്ലേ? അവർ മാർപ്പാപ്പായുടെ അധികാരത്തെ സ്വീകരിക്കുന്നവരായിരുന്നില്ലേ?

## 6 കൊല്ലം മെത്രാൻ ജോർദാനൂസ്

യോഹന്നാൻ 22-ാമൻ മാർപ്പാപ്പാ ജോർദാനൂസ് എന്ന ഡോമിനിക്കൻ വൈദികനെ മെത്രാനായി വാഴിച്ചു; കൊല്ലം രൂപതയുടെ അധിപനായി നിയോഗിച്ചു. 1328-ലാണിത്. ഫ്രാൻസിലെ അവിഞ്ഞോൺ പട്ടണത്തിലാണ് അന്നു മാർപ്പാപ്പാ വസിച്ചിരുന്നത്. കൊല്ലത്തെ നസ്രാണിക്രിസ്ത്യാനികളുടെ പ്രമാണിക്കു ഒരു ലേഖനം കൊടുത്തയയ്ക്കുകയും ചെയ്തു. (Dr. J. C. Panjikaran O. C. P. 103). മാർപ്പാപ്പാ വാഴിച്ചയച്ച മെത്രാനെ സ്വീകരിക്കുന്നവരായിരുന്നില്ലേ കൊല്ലത്തെ വിശ്വാസികൾ?

## 7 പാപ്പായുടെ പ്രതിനിധിക്കു സ്വീകരണം

ജോൺ ദെ മഞ്ഞോളി എന്ന ഫ്രാൻസിസ്കൻ മെത്രാൻ ആറാം ക്ലമൻറു മാർപ്പാപ്പായുടെ (1342-1352) ചൈനയിലെ പ്രതിനിധിയായിരുന്നു. അദ്ദേഹം 1348-ൽ കൊല്ലത്തു വരികയുണ്ടായി. അവിടത്തെ നസ്രാണി ക്രിസ്ത്യാനികളോടുകൂടി ഒരു കൊല്ലവും നാലുമാസവും താമസിക്കുകയും ചെയ്തു. ഇവിടത്തെ ക്രിസ്ത്യാനികളെപ്പററി അദ്ദേഹം എഴുതി: "കുരുമുളകിൻെറ ഉടമസ്ഥന്മാർ മഹമ്മദീയരല്ല, മാർത്തോമ്മാ ക്രിസ്ത്യാനികളാണ്. ഈ ക്രിസ്ത്യാനികൾ സാമാനങ്ങൾ തൂക്കുന്ന പബ്ലിക്കു

www.malankaralibrary.com



ആഫീസിലെ അധിപന്മാരാണ്. അവരിൽനിന്നു മാർപ്പാപ്പായുടെ പ്രതിനിധി എന്നനിലയിൽ പ്രതിമാസം നൂറു പൊൻപണം വീതം എനിക്കു കിട്ടിയിരുന്നു. ഇതുകൂടാതെ ഞാൻ സ്ഥലം വിട്ടപ്പോറം ആയിരം പണവും എനിക്കു ലഭിച്ചു". (Mackenzie, Christianity in Trvencore, Travencore state Manual Vol. II. P. 145). മാർപ്പാപ്പായുടെ പ്രതിനിധിക്കു നല്കുന്ന സാദരമായ സ്വീകരണവും പാരിതോഷികവും എന്താണു വെളിപ്പെടുത്തുന്നത്?

## 8 വില്ലാർവട്ടം രാജാവും പാപ്പായുടെ കത്തും

കേരളത്തിലുണ്ടായിരുന്ന ഒരു ക്രിസ്തീയ രാജകുടുംബമാണ് വില്ലാർവട്ടം. പറിങ്കികളുടെ വരവിനു മുമ്പുവരെ ഈ രാജകുടുംബം നിലനിന്നു. മുപ്പതിനായിരം ക്രിസ്തീയകുടുംബങ്ങറം അവിടെ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. അവിടത്തെ രാജാവായിരുന്ന തോമായ്ക്കു എവുജേനിയൻ നാലാമൻ മാർപ്പാപ്പാ 1439-ൽ ഒരു കത്തയച്ചു. "മിശിഹായിൽ നമുക്കേററം പ്രിയപുത്രനും ഇൻഡ്യയുടെ വിശ്രുതചക്രവർത്തിയുമായ തോമായ്ക്കു ക്ഷേമവും ശ്ലൈഹികാശീർവാദവും. താങ്കളും താങ്കളുടെ രാജ്യത്തെ പ്രജകളും സത്യക്രിസ്ത്യാനികളാണെന്നുള്ള സുസ്ഥിരമായ കേഴ്വി നമ്മുടെ പക്കൽ പലപ്പോഴും വന്നിട്ടുണ്ട്". Ibid P. 143). സത്യക്രിസ്ത്യാനികറം എന്നു മാർപ്പാപ്പായാൽ പ്രശംസിതരായിരുന്നു അന്നു കേരളത്തിലുണ്ടായിരുന്നത്.

## 9 സഞ്ചാര പുസ്തക വിവരണം

വെനീസുകാരൻ ലൂയിസ് കടമുസ്തോസ് സഞ്ചാര വിവരണം എഴുതിയിട്ടുണ്ട്. പോർച്ചുഗീസുകാരുടെ വരവിനു അഞ്ചുകൊല്ലം മുമ്പാണ് അദ്ദേഹത്തിൻെറ കേരള സന്ദർശനം, 1493-ൽ. സഞ്ചാരപുസ്തകം 58-ാം അധ്യായത്തിൽ കേരള ക്രിസ്ത്യാനികളെപ്പററി പറയുന്നു. തിരുസ്സഭയുടെ തലവനായ മാർപ്പാപ്പാ റോമാപ്പട്ടണത്തിൽ വസി

www.malankaralibrary.com



ക്കുന്നെന്നുള്ള കാര്യം അവർക്കു ഖഡ്ഡിതമായി അറിയാമെന്നത്രെ രേഖപ്പെടുത്തിയിരിക്കുന്നത്, (Raulin, Historia Ecclesiae Malabaricae, (Rome 1475) P. 385; cf Heras S. J Examiner feb 12 1938. P. 81).

## സുറിയാനി പണ്ഡിതന്മാരുടെ ഭാഷാഗവേഷണം

സുറിയാനി വ്യുൽപത്തിമൂലം പ്രാചീനകേരളസഭയെക്കുറിച്ചു ബോധ്യംവന്നിട്ടുള്ള ചിന്തകന്മാരുണ്ട്. ആദിമുതൽ കേരളത്തിൽ നടപ്പിലിരുന്ന സുറിയാനിയുടെ രൂപത്തെക്കുറിച്ചുള്ള അറിവാണു കാരണം. കൽദായ സുറിയാനി എന്നപേരിലറിയപ്പെടുന്ന പൗരസ്ത്യ സുറിയാനിയാണ് ഇവിടെ നടപ്പിലിരുന്നത്; അല്ലാതെ പാശ്ചാത്യ സുറിയാനി എന്നപേരിലറിയപ്പെടുന്ന അന്ത്യോക്യൻ സുറിയാനിയല്ല. അന്ത്യോക്യൻ സുറിയാനിയുടെ ആഗമനം പിൽക്കാലത്താണ്.

കേരളത്തിലെ പഴയ അച്ചന്മാരുടെ കൈവശമുണ്ടായിരുന്ന സുറിയാനിപുസ്തകങ്ങളെല്ലാംതന്നെ കൽദായ സുറിയാനിയിലുള്ളവയായിരുന്നു.

അന്ത്യോക്യൻ സുറിയാനി ആരാധനാഭാഷയായി ഉപയോഗിക്കുന്നവരുടെ ഇടയിൽ ചില കൽദായ സുറിയാനിപ്പദങ്ങൾ ഇന്നും പ്രചാരത്തിലുണ്ട്. ആദിമുതൽ പ്രയോഗത്തിലിരുന്ന ഭാഷയെക്കുറിച്ചുള്ള ഒരു ചൂണ്ടുപലകയാണവ. കൗമാ, കൂദാശ, കാസാ, മാമ്മൂദീസാ, ബസ്ക്കുദിശാ, മദ്ബഹാ, കുർബാന, റൂശ്മാ, എന്നീ പദങ്ങൾ അങ്ങനെയുള്ളവയാണ്. അന്ത്യോക്യൻ സുറിയാനിയിലാണെങ്കിൽ കൗമോ, കൂദോശോ, കാസോ, മാമ്മൂദീസോ, ബസ്ക്കുദിശോ, മദ്ബഹോ, കുർബോനോ, റൂശ്മോ എന്നിങ്ങനെയാണു പറയേണ്ടത്. ആദിമുതൽ കേരളത്തിൽ നടപ്പിലിരുന്നത് കൽദായ സുറിയാനി ആണെന്നത്രെ ഇതു വ്യക്തമാക്കുക. യാക്കോ

www.malankaralibrary.com



ബായ ഓർത്തഡോക്സു സഭകൾക്കു കൽദായസുറിയാനി ഒരിക്കലും ആരാധനാഭാഷയായിരുന്നില്ല. (Ref. ഓർമ്മയുടെ ചിത്രശാല, ഒന്നാം പുസ്തകം PP 92-93).

## രക്തസാക്ഷിത്വത്തിന്റെ അടയാളമുള്ള ആരാധനക്രമം

പോർച്ചുഗീസുകാരുടെ കടന്നുവരവുമൂലം മാററത്തിനു വിധേയമായ ആരാധനക്രമത്തെക്കുറിച്ചുള്ള ചിന്ത ഇവിടെ സംഗതമായി വരുന്നു. പറുങ്കികൾ കേരള ആരാധനക്രമത്തിൽ മാററം വരുത്തി. അമ്പതുകൊല്ലം ദീർഘിച്ച മാററം. കേരളത്തിൽ നിലവിലിരുന്ന ഏതു സുറിയാനിക്രമമാണു ആ മാററങ്ങൾക്കു വിധേയമായത്? ആ മാററങ്ങളുടെ പാടു യാക്കോബായ ആരാധനാക്രമത്തിൽ കാണാനുണ്ടോ? വിദേശത്തെ യാക്കോബായ ക്രമത്തിൽനിന്നു എന്തെങ്കിലും വ്യത്യസ്തത ഇവിടത്തെ യാക്കോബായ ക്രമത്തിൽ കാണിക്കാനുണ്ടോ? പോർച്ചുഗീസ് കൈയേററത്തിന്റെ ലാഞ്ഛനകൾ കേരളത്തിലെ യാക്കോബായ ക്രമത്തിൽ എവിടെയെങ്കിലും കണ്ടുകിട്ടുമോ?

കാണിക്കാവതല്ലെങ്കിൽ അതിന്റെ അർത്ഥമെന്താണ്? പോർച്ചുഗീസു കൈയേററം കേരള അന്ത്യോക്യൻ ക്രമത്തിൽ ആയിരുന്നില്ല എന്നല്ലേ?

പറുങ്കികളുമായുള്ള യുദ്ധത്തിൽ ഏററമുറിവുകൾ ചൂണ്ടിക്കാണിക്കുന്ന ആരാധനക്രമം കേരളത്തിലുണ്ടല്ലൊ. ഏതാണ് ആ രക്തസാക്ഷി? തനി ലത്തീനും തനി സുറി

www.malankaralibrary.com



യാനിയുമര്കാതെ സമ്മിശ്രസ്ഥിതിയിൽ ആയിത്തീർന്ന സുറിയാനിക്രമം ഏതാണ്? പോർച്ചുഗീസുകാരുടെ "പരിഷ്കാരങ്ങൾ" ലോകത്തിലെ ഒരു ആരാധനക്രമത്തിലും ഇല്ലാത്ത വൈരൂപ്യം കേരളത്തിലെ കൽദായ സുറിയാനി ക്രമത്തിൽ വരുത്തി. ഇന്നും അതിൻെറ കെടുതി ആ ആരാധനക്രമത്തിൽനിന്നു പൂർണ്ണമായി മാറിയിട്ടില്ല. ഇറാക്ക്, സിറിയ തുടങ്ങിയ സ്ഥലങ്ങളിലെ കൽദായക്രമത്തിൽനിന്നു കേരളത്തിലെ കൽദായക്രമം ഭേദപ്പെട്ടുപോയി.

പോർച്ചുഗീസു കൈയേററക്കാലത്തു ഇവിടെ നിലവിലിരുന്നതു അന്ത്യോക്യൻ ആരാധനക്രമമല്ലെങ്കിൽ കേരളത്തിലെ പൂർവ്വികസഭ യാക്കോബായ ആയിരുന്നെന്നു എങ്ങനെ പറയാൻ കഴിയും? യാക്കോബായക്കാർ ഒരിക്കലും കൽദായസുറിയാനി ആരാധനാഭാഷയാക്കിയിട്ടില്ലല്ലോ.

## കൂനൻകുരിശും മാർപ്പാപ്പായും

കൂനൻകുരിശുസത്യം മാർപ്പാപ്പായ്ക്കു വിരുദ്ധമായിരുന്നു എന്ന ചിന്ത ഇന്നത്തെ ഓർത്തഡോക്സുകാർക്കില്ല. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ പറയുന്നു: "അതു (കൂനൻകുരിശുസത്യം) പോർച്ചുഗീസുകാരോടും അവരുടെ കൂടെയുണ്ടായിരുന്ന സന്ന്യാസികളോടുമുള്ള എതിർപ്പായിരുന്നു. അല്ലാതെ മാർപ്പാപ്പായോടുള്ള എതിർപ്പിൻെറ പ്രശ്നമൊന്നും കൂനൻകുരിശുസത്യത്തിലില്ല" (ഐ.ടി. സെപ്ററം. 96 P. 17).

www.malankaralibrary.com

# III പ്രാദേശികസഭകളും സാർവ്വത്രിക കൂട്ടായ്മയും

സഭാസ്വാതന്ത്ര്യസംരക്ഷണം മലങ്കര ഓർത്തഡോക്സുഗ്രൂപ്പിനു നിർബന്ധമാണ്. കാതോലിക്കാബാവാ തിരുമേനി പറയുന്നു: "നിങ്ങൾ ഇസ്രായേൽ ഗോത്രത്തെ പന്ത്രണ്ടു സിംഹാസനങ്ങളിലിരുന്നു വിധിക്കും" എന്നു നമ്മുടെ കർത്താവു പറയുമ്പോൾ ഓരോ ശ്ലീഹായും സ്ഥാപിച്ച സഭ സ്വതന്ത്രമാണെന്നും ആർക്കും കീഴിലല്ലെന്നും വ്യക്തമാണ്. അപ്പോൾ എല്ലാവരും ഞങ്ങൾക്കു കീഴ്പെട്ടിരിക്കണമെന്ന റോമിൻെറ വാദത്തിനു പ്രസക്തിയില്ല" (ഐക്യദീപം, സെപ്ററം. 1996, P. 14) തിരുമേനി തുടർന്നു പറയുന്നു: "ഓർത്തഡോക്സു സഭയുടെ ശ്ലൈഹിക പിൻതുടർച്ചയും സ്വയം ശീർഷകത്വവും ഉൾഭരണസ്വാതന്ത്ര്യവും ആർക്കും വിധേയപ്പെടുത്തിക്കൊണ്ടുള്ള ഒരു യോജിപ്പോ ഐക്യമോ അല്ല നാം ലക്ഷ്യം വെക്കുന്നത്" (Ibid).

ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയും സഭയുടെ ഭരണസ്വാതന്ത്ര്യം വെളിപ്പെടുത്തുന്നു: "മലങ്കര സഭ ആകമാനസുറിയാനി സഭയുടെ ഭാഗമാണ് എങ്കിലും മലങ്കര സഭയെ പാത്രിയർക്കീസു നേരിട്ടു ഭരിക്കണം എന്നു ഇതു അർത്ഥമാക്കുന്നില്ല" (Ibid P. 18).

സഭ ഒരേ സമയം പ്രാദേശികവും സാർവ്വത്രികവുമാണെന്ന പക്ഷമത്രേ യൂഹാനോൻ മാർ മീലിത്തിയോസിനുള്ളത്. "പ്രാദേശിക സഭ ക്രിസ്തുവിൻെറ ശരീരരക്തങ്ങളുടെ പങ്കാളിത്തത്തിൽ ഒരേ സമയം പ്രാദേശികവും സാർവ്വത്രികവുമാണ്. അതുകൊണ്ടു സാർവ്വത്രികതയ്ക്കു വേണ്ടി വിപുലമായ ഒരു ഘടനാശൈലി സ്വീകരിക്കണമെന്നു നിർബന്ധമില്ല. എന്നാൽ ദൈവശാസ്ത്രാടിസ്ഥാനത്തിൽ പ്രാദേശിക സഭകളുടെ സമ്പൂർണ്ണമായ സമ്മേളനം തീർച്ചയായും ലക്ഷ്യമാണ്" (Ibid P. 19).

www.malankaralibrary.com



## വ്യക്തിത്വവും സാമൂഹ്യബന്ധവും

വ്യക്തിത്വം ഏവനുമുണ്ട്. കറുത്തവനെന്നോ വെളുത്തവനെന്നോ അവിടെ വ്യത്യസ്തതയില്ല. വ്യക്തിത്വത്തിന്റെ സവിശേഷത ആർക്കും അവകാശപ്പെട്ടതാണ്. മനുഷ്യസാമാന്യത ഉള്ളതുകൊണ്ടാണു ഒരുവനു വ്യക്തിത്വം അർഹതപ്പെടുക. ഇല്ലെങ്കിൽ അവൻ മനുഷ്യവ്യക്തിയേ ആകുന്നില്ലല്ലൊ. പ്രാദേശിക സഭയ്ക്കു വ്യക്തിത്വമുണ്ട്. അതു സംരക്ഷിതമാവുകയും വേണം. സഭയുടെ സാമാന്യതയത്രേ പ്രാദേശികസഭയെ സഭയാക്കുന്ന ഘടകം. കാതൊലികം, ശ്ലൈഹികം, ഏകം, വിശുദ്ധം എന്നിവ സഭയെ സാമാന്യവൽക്കരിക്കുന്ന കാര്യമാണ്. പ്രാദേശികസഭാസംസ്കൃതിക്കു ഊന്നൽ കൊടുക്കാം. അതേ സമയം സാർവ്വത്രികതയുടെയും ഏകത്വത്തിന്റെയും കാര്യങ്ങൾ വിസ്മരിക്കാൻ പാടില്ല.

വത്തിക്കാൻകൗൺസിൽ പ്രാദേശികസഭകളുടെ കാതൊലിക ബന്ധം അരക്കിട്ടുറപ്പിക്കുന്നുണ്ട്: "സാർവ്വത്രിക സഭയുടെ മാതൃകയിൽ രൂപപ്പെടുത്തിയിട്ടുള്ള പ്രാദേശിക സഭകളിലെ ഐക്യത്തിന്റെ ദൃശ്യമായ ഉറവിടവും അടിത്തറയും മെത്രാന്മാർതന്നെ. പ്രാദേശിക സഭകളിലൂടെയാണ് ഏകീയമായ കത്തോലിക്കാസഭ രൂപം കൊള്ളുന്നത്".

"മെത്രാന്മാരുടെ സംഘത്തിലെ അംഗങ്ങളും ശ്ലീഹന്മാരുടെ നിയമാനുസരണമുള്ള പിൻഗാമികളും എന്ന നിലയിൽ ഓരോ മെത്രാനും ക്രിസ്തുവിന്റെ സ്ഥാപനയും കല്പനയുമനുസരിച്ചു സഭ മുഴുവന്റെയും കാര്യത്തിൽ തല്പരരായിരിക്കുവാൻ ബാധ്യസ്ഥനാണ്"

(തിരുസ്സഭ 23).

സ്നേഹത്തിലൂടെയുള്ള ആധ്യക്ഷ്യമാണ് റോമിലെ സഭ വഹിക്കുന്നത്. ആ സഭയുമായുള്ള ബന്ധത്തിലൂടെ ഓരോ പ്രാദേശിക സഭയ്ക്കും കാതൊലികത്വത്തിന്റെ പൂർണ്ണത അവകാശപ്പെടാവുന്നതാണ്. അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസ് അത്രേ ഈ അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളത്. ആദികാലം തൊട്ടേ റോമയുടെ പ്രാമുഖ്യം അംഗീകൃതമാണ്. "നരകകവാടങ്ങൾ പ്രബലപ്പെടുകയില്ല" എന്ന വാഗ്ദാനം അവിടെയാണു നിറവേററപ്പെട്ടിരുക്കുന്നത്,

www.malankaralibrary.com

## അവിഭക്ത സാർവ്വത്രികത്വം

''മോരും മുതിരയുമെന്നകണക്കിൽ
വേറെ വേറെഇരിക്കുന്ന'' സ്ഥിതിയുണ്ട്. അതല്ല സഭയ്ക്കു വേണ്ടത്. അവിഭക്ത സാർവ്വത്രികത്വമാണ് സഭ അവകാശപ്പെടുന്നത്. സത്താപരമായി വ്യത്യാസപ്പെട്ടിരിക്കുന്ന പ്രാദേശികകൂട്ടങ്ങളുണ്ട്; അവയുടെ നിയമവിരുദ്ധ കൂട്ടുകെട്ടുണ്ടാകാം. സഭയുടെ സാർവ്വത്രികതയെ അത്തരം കൂട്ടുകെട്ടായി കാണരുത്. വിളികൊണ്ടും ദൗത്യംകൊണ്ടും സഭ സാർവ്വത്രികമാണ്. സാംസ്കാരികവും സാമൂഹ്യവും മനുഷ്യമാത്സര്യ കോട്ടകളുടേയുമായ രംഗങ്ങളുടെ വൈവിധ്യത്തിൽ വേരോടിക്കേണ്ടിവന്നിട്ടുള്ളപ്പോൾ ലോകത്തിന്റെ ഓരോഭാഗത്തിനും ഒപ്പിച്ചിട്ടുള്ള ബാഹ്യരൂപവും ഭാവവും അവൾ (സഭ) സ്വീകരിച്ചിട്ടുണ്ട്. (P. Paul VI E. N. 62) പ്രാദേശികസഭകൾക്കു തനതായുള്ള വൈദികശിക്ഷണങ്ങളുടെയും ആരാധനാക്രമങ്ങളുടെയും ആദ്ധ്യാത്മികവും ദൈവശാസ്ത്രപരവുമായ പാരമ്പര്യങ്ങളുടെയും വൈവിധ്യങ്ങൾ ഒരേലക്ഷ്യത്തിലേക്കു ഒത്തൊരുമിക്കുന്നത് അവിഭക്ത സഭയുടെ സാർവ്വത്രികത്വം ഉജ്വലതരമായികാണിക്കുന്നു.

''ദൈവപരിപാലനയുടെ ക്രമീകരണംവഴി ശ്ലീഹന്മാരും അനന്തരഗാമികളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച വിവിധസഭകൾ കാലക്രമത്തിൽ സജീവമായ ഐക്യത്തിൽ വർത്തിക്കാൻ തുടങ്ങി. പിന്നീടു പല സമൂഹങ്ങളായി അവയോജിച്ചു. വിശ്വാസൈക്യവും സാർവ്വത്രികസഭയുടെ ദൈവീക ഘടനാവിശേഷവും നിലനിർത്തിക്കൊണ്ടുപോകുന്ന പ്രസ്തുത സഭാസമൂഹങ്ങൾ സ്വന്തമായ ശിക്ഷണക്രമത്താലും ആരാധനാവിധികളാലും ദൈവശാ

www.malankaralibrary.com



സ്ത്രപരവും ആദ്ധ്യാത്മികവുമായ പിതൃധനത്താലും അലംകൃതങ്ങളത്രെ. .... ഈ പ്രാദേശികസഭകളിൽ നിലവിലിരിക്കുന്ന ഏകോന്മുഖമായ വൈവിധ്യം അവിഭക്തയായ തിരുസ്സഭയുടെ കാതോലിക സ്വഭാവത്തിനു പ്രകടമായ തെളിവാണ്''. (തിരുസ്സഭ 23, 4)

സാർവ്വത്രിക സഭയുടെ അംഗങ്ങൾ വഹിക്കേണ്ട ഉത്തരവാദിത്വം ചെറുതല്ല. ''സഭയുടെ സകല നിബന്ധനകളും നിത്യരക്ഷയ്ക്കായി അതിൽ ഏർപ്പെടുത്തിയിട്ടുള്ള മാർഗ്ഗങ്ങളും സ്വീകരിക്കണം; സഭയുടെ ദൃശ്യഘടനവഴി ക്രിസ്തുവിനോടു ഐക്യപ്പെട്ടിരിക്കണം; മാർപ്പാപ്പായും മെത്രാന്മാരുംവഴി സഭയെ ഭരിക്കുന്നത് അവിടുന്നാണ് എന്നകാര്യം അംഗീകരിക്കണം. വിശ്വാസപ്രഖ്യാപനത്തിന്റെയും കൂദാശകളുടെയും സഭയുടെ ഭരണഘടനയുടെയും പരസ്പരൈക്യത്തിന്റെയും ശൃംഖലകളാൽ അവർ യോജിച്ചിരിക്കണം''

## വൈവിധ്യവും ഏകത്വവും പൊരുത്തപ്പെടുമോ?

വൈവിധ്യം ഉൾക്കൊള്ളുന്ന സമൃദ്ധിയാണു സഭയുടെ ഏകത്വം. ''ദൈവജനം പലതരത്തിലുള്ള ആളുകളെക്കൊണ്ടു രൂപം കൊണ്ടിരിക്കുന്നു. അതിന്റെ ആന്തരികഘടനതന്നെ പല നിലകളിൽ പെട്ടവരെ ഉൾക്കൊള്ളുന്നതുമാണ്........ അതിനാൽ ഈ സഭാസമൂഹത്തിനുള്ളിൽതന്നെ പ്രത്യേക സഭകൾക്കും ന്യായമായ സ്ഥാനമുണ്ട്. പത്രോസിന്റെ സിംഹാസനത്തിനുള്ള പരമാധികാരം അംഗീകരിച്ചുകൊണ്ടു തന്നെ അവർക്കു തങ്ങളുടെ പ്രത്യേക പാരമ്പര്യങ്ങൾ അനുവർത്തിക്കയും ചെയ്യാം. ഉപവിയുടെ ഈ സമൂഹത്തെ മുഴുവൻ ഭരിക്കയും ന്യായമായ വ്യത്യാസങ്ങൾ പരിരക്ഷിക്കയും അതേസമയം ഈ പ്രത്യേകതകൾ യോജിപ്പിനു സഹായമാകാൻ ശ്രദ്ധിക്കയും ചെയ്യുന്നതു പത്രോസിന്റെ

www.malankaralibrary.com



സിംഹാസനമാണ്..... ദൈവജനത്തിലെ ഓരോ അംഗവും തന്റെ സമ്പത്തു പൊതുവായി അനുഭവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. ''ദൈവികവരങ്ങളുടെ ഉത്തമനായ കാര്യസ്ഥനെന്നപോലെ നിങ്ങളിൽ ഓരോരുത്തനും തനിക്കു ദൈവത്തിൽനിന്നു ലഭിച്ചിരിക്കുന്ന വരങ്ങൾ പങ്കുവെച്ചനുഭവിക്കുക'' (1പത്രോ. 4: 10) (തിരുസ്സഭ 13, (2) )

വൈവിധ്യം ഉൾക്കൊള്ളുന്ന ഈ വലിയ സമൃദ്ധി സഭയുടെ ഏകത്വത്തെഹനിക്കുന്നില്ല. എന്നാൽ പാപവും അതിന്റെ പരിണത ഫലങ്ങളായ കാര്യങ്ങളും ദൈവജനത്തിന്റെ ഐക്യത്തിനു ഭീഷണി ഉയർത്തുന്നു. അതുകൊണ്ടു അപ്പസ്തോലൻ ഉദ്ബോധിപ്പിക്കുന്നു. ''സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം നിലനിർത്താൻ ജാഗരുകരായിരിക്കുവിൻ'' (എഫേ. 4 : 3)

### സഭയുടെ ലക്ഷണയുക്തത

''....കാതൊലികമായ ക്രിസ്തുവിന്റെ സഭയാണ് രക്ഷാകരമായ എല്ലാമാർഗ്ഗങ്ങളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടു അവളിൽകൂടി മാത്രമേ രക്ഷയ്ക്കാവശ്യമുള്ളവയെല്ലാം അവയുടെ പരിപൂർണ്ണതയോടുകൂടി സമ്പാദിക്കുവാൻ സാധിക്കുകയുള്ളു. പത്രോസ് തലവനായുള്ള ശ്ലീഹന്മാരുടെ സമൂഹത്തെയാണ് നമ്മുടെ കർത്താവു പുതിയ ഉടമ്പടിയുടെ എല്ലാ നിക്ഷേപങ്ങളും ഏല്പിച്ചിരിക്കുന്നത് എന്നു നാം വിശ്വസിക്കുന്നു. ഏതെങ്കിലും തരത്തിൽ ''ദൈവജനം'' എന്ന നാമത്തിനു പാത്രമായിട്ടുള്ളവരെല്ലാം ഇതിനോടു പൂർണ്ണമായി ഐക്യം പ്രാപിച്ചിരിക്കണം'' (എക്യു. 3, (5) )

www.malankaralibrary.com



## സഭാഭരണം തെററിദ്ധരിക്കപ്പെടുന്നു.

പ്രാദേശികസഭാസ്വാതന്ത്ര്യം, സാർവ്വത്രികക്കൂട്ടായ്മ എന്നിവയെപ്പററിയുള്ള ചർച്ചയിൽ സഭാഭരണം പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. പ്രാദേശികതയോടുള്ള സ്നേഹമോ സാർവ്വത്രികതയോടുള്ള വിദ്വേഷമോ അല്ല പ്രശ്നത്തിനു കാരണം. സഭാഭരണമാണ് ഇവിടെ പേടിപ്പെടുത്തുന്നത്. സ്വാതന്ത്ര്യവാഞ്ഛ ഉയർത്തുന്ന രോദനങ്ങളിൽ ഇതു മറനീക്കിപുറത്തുവരുന്ന സന്ദർഭങ്ങളുണ്ട്. "പ്രാദേശിക വ്യക്തിഗതസഭകളുടെ പ്രശ്നങ്ങൾ ആമേഖലകളിൽതന്നെ പരിഹൃതമാകണം. അതിനുമുകളിൽനിന്നുള്ള ഉത്തരവു പ്രതീക്ഷിച്ചിരിക്കേണ്ടകാര്യമൊന്നുമില്ല. എപ്പിസ്ക്കോപ്പായുമായുള്ള ബന്ധത്തിൽ നിലനിൽക്കുന്ന ഒരു കേന്ദ്രഭദ്രാസനം കൗദാശിക, ആരാധന, ഭരണപരമായതലത്തിൽ പൂർണ്ണമാണ്'' "എല്ലാ അധികാരവും ഒരു കേന്ദ്രത്തിൽ നിക്ഷിപ്തമായിരിക്കണമെന്ന ആശയവും സഭൈക്യവും യോജിപോകയില്ല " (ഡോ. തോമസ് മാർ അത്തനാസിയോസ് ഐ. ദീ. സെപ്തം. 1996 , p. 18)

സഭാഭരണം തെററിദ്ധാരണയ്ക്കു വിധേയമായിരിക്കുന്നു. ലോകത്തിൻെറ ഭരണവും സഭയുടെ ഭരണവും സമാനമായി കാണുന്നിടത്താണ് അപകടം. സുവിശേഷവിഹിതമാണു സഭയിലെ ഭരണം; ദൈവികമായ ശുശ്രൂഷയാണത്. സുവിശേഷവിഹിതമല്ലാത്ത ഭരണം അഥവാ സ്വാർത്ഥതയുടെ കുതിരകയററമാണ് ലോകത്തിൽ പലപ്പോഴുമുള്ളത്. പൊരുത്തപ്പെടാത്ത ഈ ഭരണരീതികളെ അല്പംകൂടി അറിയുന്നതു നല്ലതാണ്.

www.malankaralibrary.com



## എന്താണു സഭാശുശ്രൂഷ അഥവാ സുവിശേഷ വിഹിതഭരണം?

സഭ ദൈവത്തിന്റെ ജനമാണ്. ക്രിസ്തുവിന്റെ രാജത്വത്തിൽ ദൈവജനം പങ്കുചേരുന്നു. ക്രിസ്തുവിന്റെ രാജത്വം എന്തെന്നല്ലേ? മരണത്തിലും ഉത്ഥാനത്തിലുമൂടെ എല്ലാവരേയും തന്നിലേക്കാകർഷിച്ചുകൊണ്ടാണ് ക്രിസ്തു രാജത്വം വെളിപ്പെടുത്തിയത്. (യോ. 12:32) ''ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കുവാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കുവാനും മനുഷ്യപുത്രൻ വന്നിരിക്കുന്നു.'' (മത്താ. 20,28) ''സഭ ഞെരുക്കമനുഭവിക്കുന്നവരെ സസ്നേഹം ആശ്ലേഷിക്കുന്നു. പാവപ്പെട്ടവനിലും പീഡിതനിലും ദരിദ്രനും പീഡിതനുമായ ദിവ്യസ്ഥാപകന്റെ പ്രതിച്ഛായ ദർശിക്കുന്നു. അവരുടെ അവശതകൾ പരിഹരിക്കാൻ പരമാവധി പരിശ്രമിക്കുകയും ചെയ്യുന്നു. അവരിലൂടെ സഭ ക്രിസ്തുനാഥനെ ശുശ്രൂഷിക്കുകയാണ്'' (തിരുസഭ 8) ക്രിസ്തുവിനോടു കൂടി ശുശ്രൂഷയർപ്പിച്ചുകൊണ്ട് രാജത്വദൗത്യം സഭ നിർവ്വഹിക്കുകയാണ്. ശുശ്രൂഷയുടെ ഈ ദൗത്യനിർവ്വഹണമാണ് സഭയ്ക്കുള്ളത്.

''തൃക്കഴലിണ കൂപ്പുവാനെൻതല
പുൽക്കൊടിയിലും കീഴിലായ് താഴ്കിലും
എത്തുടുന്നീലതൃപ്പാദപാംസുവാ—
ലർച്ചിതങ്ങളാം താണോരിടങ്ങളിൽ''

എന്നതാണു സഭാശുശ്രൂഷയുടെ നില.

www.malankaralibrary.com



## സുവിശേഷവിഹിതമല്ലാത്ത ഭരണം

പാപത്തിന്റെ നുഴഞ്ഞുകയററം ദൈവജനത്തിലുണ്ടാകാം. ''പാപമുള്ളിടത്തു വിവാദമുണ്ട്, ഛിദ്മമുണ്ട്, പാഷണ്ഡതയുണ്ട് '' എന്നാണ് Origen പറയുന്നത്. ആദർശസുന്ദരമായ സഭാ ശുശ്രൂഷയുടെ തലത്തിൽ നിന്നു ഭരണവിജ്യംഭണത്തിന്റെ ലൗകായതിക തലത്തിലേക്കു സഭാ ശുശ്രൂഷയെ വീഴ്ത്തുവാൻ പാപം ഇടയാക്കും. '' ആർ വലിയവൻ!'' എന്ന തർക്കം ശ്ലീഹന്മാരിലുണ്ടായിട്ടുണ്ട്. നന്മയുടെ ഗോതമ്പിനോടൊപ്പം തിന്മയുടെ കളകളും സഭാവയലിൽ കിളരും. (മത്താ. 13: 24-30) എന്ന മുന്നറിയിപ്പുണ്ട്. വൈദികർ ഉൾപ്പെടെ സഭാംഗങ്ങൾ എല്ലാം തങ്ങൾക്കു പാപം ഉണ്ടെന്നു അറിഞ്ഞിരിക്കണം. ''നമുക്ക പാപം ഇല്ലെന്നു നാം പറഞ്ഞാൽ അതു ആത്മവഞ്ചനയാകും; അപ്പോൾ നമ്മിൽ സത്യമില്ലെന്നുവരും; പാപങ്ങൾക്കു പരിഹാരം ചെയ്യുക എന്നതാണു അത്തരം സന്ദർഭങ്ങളിൽ വേണ്ടത്. (1യോഹ. 1: 8-10) പാപത്തിന്റെ വിളയാട്ടം സഭാഭരണത്തെ ദുഷിപ്പിക്കും. സാർവ്വത്രികസഭയിൽ മാത്രമല്ല, പ്രാദേശിക സഭകളിലും ഇത്തരം ദുഷിപ്പുണ്ടാകാം. (ഈ ലേഖകന്റെ എക്യുമെനിസം എന്ന പുസ്തകം 6, 7 അദ്ധ്യായങ്ങളിൽ PP 81-104 ഈ വിഷയം പരാമർശിതമായിട്ടുണ്ട്.)

സുവിശേഷവിഹിതമല്ലാത്ത സഭാഭരണമുണ്ടായാൽ ? സഭയ്ക്കു മങ്ങലേൽക്കും ; അധികാരപ്രമത്തത വളരും ; അധികൃതപൂജ നടമാടും; കപടഭക്തി ഉയരും; കുഴലൂത്തുകാരും ശിങ്കിടിസംഘവും അണിനിരക്കും; ധാർമ്മികാധഃപതനമുണ്ടാകും; വ്യക്തിത്വവികസനം ഭഞ്ജിക്കപ്പെടും; മെത്രാനും വൈദികരും വിഘടിതരാകും; വൈദികരും അല്മായരും പരസ്പരം പഴിപറയും.

www.malankaralibrary.com



ശിങ്കിടിക്കാരനുമാത്രമേ അംഗീകരണമുള്ളെന്നു മെത്രാനെക്കുറിച്ചു വൈദികർക്കു പരാതി, വൈദികർക്കു സഭാവിധേയത്വം കുറയുന്നെന്നു മെത്രാനു ആവലാതി; പള്ളിസ്വത്തിൻെറയും പള്ളിക്കൂടത്തിൻെറയും ആശുപത്രികളുടെയും നടത്തിപ്പ് എന്തുകൊണ്ടു തങ്ങൾക്കായിക്കൂടാ എന്നു അല്മായൻെറ നിലപാട്, ഉള്ളകഞ്ഞിയിൽകൂടി പാററാവീഴുമോ എന്നു വൈദികനേതൃത്വത്തിൻെറ ഭയപ്പാട്. സഭാവബോധത്തിൻെറ അഭാവമല്ലാതെ മറെറന്താണു ഈ കലക്കങ്ങൾക്ക് അടിയിൽ? കുരിശിൻെറ ഇടുങ്ങിയപാത സഭ മാർഗ്ഗദർശകമാക്കുന്നു; ക്രിസ്തുവിനെ അനുകരിച്ചുകൊണ്ടുള്ള ശൂന്യവൽക്കരണമാണു അവിടെ ലക്ഷ്യം; അല്മായനുള്ള കടമയും, അവകാശങ്ങളും ഊന്നിക്കാട്ടുന്നുമുണ്ട് — ഇവയെക്കുറിച്ചു യഥാവിധി മനസ്സിലാക്കിയാൽ മുകളിൽ പറഞ്ഞ പടലപിണക്കം എത്രവേഗം അസ്തമിക്കും.

## സഭ മാർഗ്ഗദർശകമാക്കുന്ന കുരിശിൻെറ ഇടുങ്ങിയ പാത.

"സഭയുടെ പ്രേഷിതവൃത്തിക്കു ആധാരമായ തത്വങ്ങളുടെ ഒരു രൂപരേഖ നല്കുന്നതിനും എല്ലാവിശ്വാസികളുടെയും ശക്തി സംഘടിപ്പിക്കുന്നതിനും ആഗ്രഹിക്കുന്നു. അങ്ങനെ കുരിശിൻെറ ഇടുങ്ങിയ പാതയിലൂടെ സഞ്ചരിച്ചു ദൈവജനം യുഗങ്ങളുടെ നാഥനും വിധാതാവുമായ (പ്രഭാ. 36: 19) ക്രിസ്തുവിൻെറ രാജ്യം ലോകം മുഴുവൻ പരത്തുകയും അവിടുത്തെ ആഗമനത്തിനായി ലോകത്തെ ഒരുക്കുകയും ചെയ്യട്ടെ." (പ്രേഷിതപ്രവർത്തനം (1, (3) )

## ശൂന്യവൽക്കരണം ക്രിസ്തുവിനെപ്പോലെ സഭയ്ക്കും

"ക്രിസ്തുനാഥൻ ദാരിദ്ര്യത്തിൻെറയും സഹനത്തിൻെറയും മാർഗ്ഗത്തിലൂടെയാണ് രക്ഷാകർമ്മം പൂർത്തിയാക്കിയത്.

www.malankaralibrary.com



സഭയും ഈ മാർഗ്ഗത്തിലൂടെ മുന്നേറാൻ ആഹ്വാനം ചെയ്യപ്പെട്ടിരിക്കുകയാണ്. രക്ഷാകർമ്മത്തിന്റെ ഫലം മനുഷ്യരാശിക്കു പകരുക എന്ന ദൗത്യത്തിൽ യേശുക്രിസ്തു ''ദൈവത്തിന്റെ സാദൃശ്യമായിരിക്കെ സ്വയംശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ചു'' (ഫിലി. 2:6) ''നമുക്കുവേണ്ടി സമ്പന്നനായ അവിടുന്നു ദരിദ്രനായി'' (2 കോരി 8:9) ഇപ്രകാരം തന്നെയാണു സഭയും. ദൗത്യനിർവ്വഹണത്തിനു മാനുഷികമൂല്യങ്ങൾ അവൾക്കാവശ്യമാണെങ്കിലും ലൗകികമഹത്വം അല്ല അവൾ അന്വേഷിക്കേണ്ടത്. പ്രത്യുത, സ്വമാതൃകയിൽ വിനയവും ആത്മപരിത്യാഗവും ഉയർത്തിക്കാണിക്കാനായിരിക്കണം അവളുടെ ശ്രമം. ക്രിസ്തുനാഥൻ പിതാവിനാൽ അയയ്ക്കപ്പെട്ടത് ''പാവങ്ങളോടു സുവിശേഷം അറിയിക്കുവാനും .... ......തകർന്ന ഹൃദയങ്ങൾക്കു ആശ്വാസമരുളാനും'' (ലൂക്ക് 4:18) കാണാതെപോയതിനെത്തേടി കണ്ടുപിടിക്കാനും രക്ഷിക്കാനും (ലൂക്ക്. 19:10) വേണ്ടിയാണ്. ഇങ്ങനെതന്നെ സഭയും മാനുഷികമായ ബലഹീനതകൾമൂലം ഞെരുക്കം അനുഭവിക്കുന്നവരെ സസ്നേഹം ആശ്ലേഷിക്കുന്നു. പാവപ്പെട്ടവനിലും പീഡിതനിലും ദരിദ്രനും പീഡിതനുമായ ദിവ്യസ്ഥാപകന്റെ പ്രതിച്ഛായ ദർശിക്കുന്നു. അവരുടെ അവശതകൾ പരിഹരിക്കുവാൻ പരമാവധി പരിശ്രമിക്കുകയും ചെയ്യുന്നു. അവരിലൂടെ അവൾ ക്രിസ്തുവിനെ ശുശ്രൂഷിക്കുകയാണ്...........പശ്ചാത്താപത്തിന്റെയും നവീകരണത്തിന്റെയും മാർഗ്ഗം അവൾ നിരന്തരം പിന്തുടരുന്നു''

(തിരുസഭ 8 (3)

(തുടരും)

www.malankaralibrary.com

### *അല്മായൻെറ പദവിയും ദൗത്യവും*

''ശിരസ്സാകുന്ന ക്രിസ്തുവിനോടുള്ള ഐക്യത്തിൽ നിന്നാണ് അല്മായർക്കു പ്രേഷിതജോലിക്കുള്ള കടമയും അവകാശവും ഉത്ഭവിക്കുന്നത്. ........ കർത്താവുതന്നെയാണു അവരെ പ്രേഷിതപ്രവർത്തനത്തിനു ഏർപ്പെടുത്തിയിരിക്കുന്നത്. ....... ആത്മീയബലികളർപ്പിക്കുവാനും ലോകമെങ്ങും ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനും വേണ്ടി അവർ രാജകീയ പൗരോഹിത്യത്തിലേക്കും വിശുദ്ധ ജനമെന്ന പദവിയിലേക്കും അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു.'' (1പത്രോ. 2: 4–10) (പ്രേഷിതപ്രവർത്തനം 3).

സഭാപ്രവർത്തനത്തിൻെറ ശുശ്രൂഷാഭാവവും ശൂന്യവൽക്കരണവും എവിടെ? ലോകഭരണത്തിൻെറ ശർക്കരക്കുടത്തിൽ കൈയിടൽ എവിടെ? ഇതുമനസ്സിലാക്കിയെങ്കിൽ സഭൈക്യരംഗത്തെ എന്തെന്തു പ്രതിബന്ധങ്ങരം ഒഴിവാക്കാമായിരുന്നു.

## സാർവ്വത്രിക കൂട്ടായ്മയെക്കുറിച്ച്
## മോസ്റ്റ് റവ. സിറിൽ മാർ ബസേലിയോസ്

### *റോമാസഭയും മലങ്കര സഭയും*

''ക്ലിപ്തമായി പറയുമ്പോരം കത്തോലിക്കാ കൂട്ടായ്മയിലെ ഒരു പ്രാദേശികസഭമാത്രമാണ് റോമാസഭ. റോമാസഭയുടെ ആരാധനാക്രമ പാരമ്പര്യമനുസരിച്ച് ലത്തീൻ സഭയെന്ന നാമധേയവും അവർ സ്വീകരിച്ചിട്ടുണ്ട്. സാർവ്വത്രികസഭയുടെ പരമാദ്ധ്യക്ഷനാണ് മാർപ്പാപ്പാ അഥവാ റോമിലെ മെത്രാൻ. സാർവ്വത്രികസഭയുടെ തലവനെന്ന ഔദ്യോഗികപദവികൂടാതെ റോമിലെ പ്രാദേശികസഭയുടെ

www.malankaralibrary.com



മേലദ്ധ്യക്ഷനാണ് മാർപ്പാപ്പാ. അതിനാൽതന്നെ ലത്തീൻ പാത്രിയർക്കേററിൻെറ പരമാധികാരിയുമാണ്. ''

(ഐ. ദീ. 1996, p 16)

### *മലങ്കരസഭ മാർപ്പാപ്പായെ സ്വീകരിക്കുന്നതെങ്ങനെ?*

''മലങ്കര കത്തോലിക്കാസഭ ലത്തീൻ ഹയരാർക്കിയുടെ ഭരണത്തലവൻ എന്ന നിലയിലല്ല മാർപ്പാപ്പായെ സ്വീകരിക്കുന്നത്, പിന്നെയോ പത്രോസിൻെറ പിൻഗാമിയായ സാർവ്വത്രികസഭാദ്ധ്യക്ഷൻ, റീശ്ശപാത്രിയർക്കീസ് എന്ന നിലയിലാണ്. മലങ്കര കത്തോലിക്കാസഭ റോമിലെ മാർപ്പാപ്പായെ ഐക്യത്തിൻെറ പ്രതീകമായിട്ടാണോ അധികാര കേന്ദ്രമായിട്ടാണോ സ്വീകരിക്കുന്നത് എന്നചോദ്യം മാർപ്പാപ്പായുടെ റോമിലെ ബിഷപ്പെന്നും പത്രോസിൻെറ പിൻഗാമിയെന്നുമുള്ള ദ്വിവിധ ചുമതലകാം മനസ്സിലാക്കാത്തതുകൊണ്ടുയരുന്നതാണ്'' (Ibid)

### *മലങ്കരസഭയും സാർവ്വത്രിക കൂട്ടായ്മയും*

''മലങ്കരസഭയും റോമാസഭയും രണ്ടു വ്യത്യസ്ത പ്രാദേശിക അപ്പസ്തോലിക സഭകളാണ്. ഒരു സഭയിൽ നിന്നു മറെറാരു സഭയിലേക്കു മാറുന്ന, മാറേറണ്ട പ്രശ്നമില്ല. എന്നാൽ പ്രാദേശികസഭകാം തമ്മിലുള്ള കൂട്ടായ്മ അത്യന്താപേക്ഷിതമാണ്. സാർവ്വത്രികകൂട്ടായ്മയിലുറപ്പെടുന്നതുകൊണ്ട് മലങ്കരസഭയുടെ ആധികാരികമായ ഒരു സഭാത്മ കഘടകവും നഷ്പ്പെടേണ്ടതില്ല എന്നതാണ് താത്വികമായ അടിസ്ഥാനം. മലങ്കര കത്തോലിക്കാസഭയുടെ സാർവ്വത്രിക സഭാസംസർഗ്ഗത്തിലേയ്ക്കു പ്രവേശിച്ചവർ മറേറതെങ്കിലും സഭയിൽ പ്രവേശിച്ച പ്രതീതിഇല്ലാത്തതു ഈ സത്യത്തിനു സാക്ഷ്യമാണ്. മുമ്പുണ്ടായിരുന്നതൊന്നും അവർക്കുപേക്ഷിക്കേണ്ടി വന്നില്ല. നമ്മുടെ കർത്താവു ആഗ്രഹിച്ചതുപോലെ 'എല്ലാവരും ഒന്നായിത്തീരണം' എന്ന കൽപന സാർവ്വത്രിക സഭാസംസർഗ്ഗത്തിലൂടെ മലങ്കര കത്തോലിക്കർ നിറവേററുകയാണുണ്ടായത്'' (Ibid)

www.malankaralibrary.com



### അന്ത്യോക്യാബന്ധം കൊണ്ടുമാത്രം സാർവ്വത്രികത പൂർത്തിയാകുന്നില്ല

" മലങ്കരസഭയിലെ അന്ത്യോക്യാവിഭാഗത്തിൽ ലയിക്കുമ്പോൾ കാതോലിക്കോസ് വിഭാഗം ദേശീയ തലത്തിൽ ഒതുങ്ങിപ്പോകുകയാണ്. പരസ്പരബഹുമാനവും സഹകരണവും, സാഹോദര്യവും, കൂട്ടായ്മയും ഉള്ള ആഗോളസഭാകൂട്ടായ്മയിലേക്കു പ്രവേശിക്കാതെ മലങ്കരസഭയിലെ അകത്തോലിക്കാസമൂഹങ്ങൾക്കു എത്രനാൾ ഒററപ്പെട്ടു നിൽക്കാനാവും! മലങ്കരകത്തോലിക്കാ സമൂഹത്തിൻെറ കത്തോലിക്കാ കൂട്ടായ്മയിലെ സാന്നിദ്ധ്യംകൊണ്ടു മലങ്കരസഭയുടെ സാർവ്വത്രികത താത്വികമായി ഉറപ്പിക്കപ്പെട്ടു കഴിഞ്ഞു. " (Ibid.)

### മലങ്കര കത്തോലിക്കാസഭയുടെ വിളിയും ദൗത്യവും

" ഐക്യത്തിൻെറ കൂദാശയായി നിലകൊള്ളുവാനുള്ള വിളിയും ദൗത്യവുമാണു " മലങ്കര കത്തോലിക്കാസഭയുടേത്. അപ്പസ്തോലസംഘത്തിൻെറ അദ്ധ്യക്ഷനായ പത്രോസിൻെറ പിൻഗാമിയെന്ന നിലയിൽ വേദപുസ്തകാധിഷ്ഠിതവും പാരമ്പര്യാധിഷ്ഠിതവുമായിട്ടാണ് നാം മാർപ്പാപ്പായെ സ്വീകരിക്കുന്നത്. അന്ത്യോക്യൻ പാത്രിയർക്കീസിൻെറസ്ഥാനം ഇതല്ല. എങ്കിലും അന്ത്യോക്യൻ പാത്രിയർക്കീസിൻെറ സിംഹാസനവുമായി ഏകദേശം 300 കൊല്ലത്തെ ബന്ധം മലങ്കരസഭയ്ക്കുള്ളതു ചരിത്രസത്യമാണ്. ആബന്ധം നിഷ്പ്രയാസം വേണ്ടാ എന്നു വെക്കുവാനാവില്ല.

ചരിത്രത്തിൽ അന്ത്യോക്യാ പാത്രിയർക്കീസിനു മലങ്കര സഭയിൽ കിട്ടിയ സ്ഥാനം നിലനിർത്തിക്കൊണ്ടുള്ള ഒരു സഭൈക്യപരിശ്രമത്തിനു നാം ശ്രമിക്കുന്നതായിരിക്കും കൂടുതൽ ഫലപ്രദം" (Ibid)

www.malankaralibrary.com



## അന്ത്യോക്യയിലെ കത്തോലിക്കാ-ഓർത്തഡോക്സ് സഭകളുടെ ദൃഢപ്പെടുന്ന ഐക്യം

അന്ത്യോക്യയിലെ ഗ്രീക്ക മെൽക്കൈററു കത്തോലിക്കാ പാത്രിയർക്കേററും ഓർത്തഡോക്സ് പാത്രിയർക്കേററും സ്ഥിതിചെയ്യുന്നതു ടർക്കിലെ അൻറാക്യാ എന്ന സ്ഥലത്താണ്. ഇരുസഭകളിലും ഏകദേശം പത്തുലക്ഷംവീതം വിശ്വാസികളാണുള്ളത്. 1995-ലാണ് ഇരു പാത്രിയാർക്കേററുകളും തമ്മിലുള്ള ഐക്യശ്രമം സജീവമായത്. ഇതു സംബന്ധിച്ച ഒരു രേഖ ഇരുപാത്രീയർക്കീസുമാർക്കും സമർപ്പിച്ചിരുന്നു. ഇതേത്തുടർന്നാണു ഇപ്പോൾ ഐക്യത്തിൻെറ പ്രായോഗികവശങ്ങളെക്കുറിച്ചു ചർച്ചചെയ്യാൻ കമ്മററി രൂപീകരിച്ചിരിക്കുന്നത്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇരുസഭകളും തമ്മിലുള്ള ബന്ധം വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. ഇതിൻെറ അടിസ്ഥാനത്തിലാണ് ഇപ്പോഴത്തെ ഐക്യശ്രമം.

അന്ത്യോക്യായിലെ ഓർത്തഡോക്സുസഭയും കത്തോലിക്കാസഭയും തമ്മിലുള്ള ഐക്യം സാക്ഷാൽക്കരിക്കപ്പെട്ടാൽ അതു സഭൈക്യചരിത്രത്തിൽ വലിയൊരു നാഴികക്കല്ലായിരിക്കും. പൗരസ്ത്യകത്തോലിക്കാസഭകളും കത്തോലിക്കാസഭയും തമ്മിലുള്ള ഐക്യശ്രമങ്ങൾക്ക ശക്തിയേററുകയും ചെയ്യും.

(Ref സത്യദീപം, ഒക്ടോബർ 30, 1996, P. 16)

www.malankaralibrary.com



# IV പേടിപ്പെടുത്തുന്നതോ സഭയുടെ അധികാരം?

പ്രൊട്ടസ്റ്റന്റു സഭയോടു വിടവാങ്ങുന്നതിനു നാലു കൊല്ലംമുമ്പു ജോൺ ഹെൻട്രി ന്യൂമാൻ ഒരു കത്തോലിക്കാ സുഹൃത്തിന് എഴുതി. യാവ് കോംഗാർ എന്ന എക്യുമെനിസചിന്തകൻ ആ കത്തു ഉദ്ധരിക്കുന്നുണ്ട്: ''നമ്മൾ തമ്മിലുള്ള വേർപാടിന്റെ പ്രധാനകാരണം പരസ്പര വിശ്വാസമില്ലായ്മയും സംശയാലുത്വവുമാണ്. വിശ്വാസത്തിൽ എത്രമാത്രം അടുപ്പം കണ്ടെത്തിയാലും ഞങ്ങളുടെ ജനങ്ങൾക്കു നിങ്ങളോടുള്ള വൈരംമുറുകുകയേ ഉള്ളു. ഈ ദുസ്ഥിതി തുടരുന്നിടത്തോളം നമ്മൾ ഇരുകൂട്ടരും വേർപാടിന്റെ വേദനയെ സഹിക്കയേ നിർവാഹമുള്ളു; ഞങ്ങൾക്കു ഈ പ്രതിബന്ധം മാററാൻ കഴിയില്ല. നിങ്ങളാണ് ഈ തടസ്സം മാററേണ്ടത്. നിങ്ങൾ ഞങ്ങളെ ഭയപ്പെടുന്നില്ല; ഞങ്ങൾ നിങ്ങളെ ഭയപ്പെടുന്നു. നിങ്ങളോടുള്ള ഭയപ്പാടു നീങ്ങാത്തിടത്തോളം നിങ്ങളെ സ്നേഹിക്കുവാൻ ഞങ്ങൾക്കു കഴിയുകയില്ല''

ന്യൂമാൻ വിരലൂന്നുന്ന ഈ ഭയവിഹ്വലതയെ കോംഗാർ വിശദീകരിക്കുന്നു. ബോധനസ്വഭാവത്തോടുകൂടിയ ചോദ്യം ചെയ്യാവതല്ലാത്ത ഒരു അധികാരകേന്ദ്രമായും സുസംഘടിതമായ ഒരു അധീശശക്തിയുമായത്രേ കത്തോലിക്കാസഭ പ്രത്യക്ഷപ്പെടുക. അധികാരത്തേയും ശക്തിയേയും എതിർത്തു സ്വയരക്ഷനേടാൻ ജനങ്ങൾ ശ്രമിക്കുന്നു. പേടിപ്പെടുത്തുന്ന ഭയവിഹ്വലതയുടെ അടിസ്ഥാനം ഇവിടെയാണ്.

www.malankaralibrary.com



പരസ്പരവിശ്വാസമില്ലായ്മയും സംശയവും സഭകൾ തമ്മിലുണ്ട്. മലങ്കരയിലെ ചില പരിദേവനങ്ങൾ കേൾക്കുക; ''ബന്ധപ്പെടുവാൻ വന്നവരോടൊക്കെ ആത്മീയബന്ധമെന്നു കരുതിയാണ് സഭ സംസർഗ്ഗത്തിലേർപ്പെട്ടത്. എന്നാൽ ബന്ധം സ്ഥാപിച്ചു ലൗകികഅധികാരംചെലുത്താനായിരുന്നു പലർക്കും തിടുക്കം''
(മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ, ഐ. ദീ. സെപ്റ്റം, 1996 p 14 )

''എല്ലാ അധികാരവും ഒരു കേന്ദ്രത്തിൽ നിക്ഷിപ്തമായിരിക്കണം എന്ന ആശയവും സഭൈക്യവും യോജിച്ചു പോകയില്ല. അധികാരങ്ങളൊന്നുമില്ലാത്ത ജനങ്ങൾ എപ്പോഴും ഐക്യത്തിനുവേണ്ടി നിലകൊള്ളുന്നതിന്റെ കാരണവും ഇതുതന്നെയാണ്.''

''ഭരണപരമായ വികേന്ദ്രീകരണം സഭാഐക്യത്തിനു അനുകൂലമായ സാഹചര്യം സൃഷ്ടിക്കുമെന്നാണ് എന്റെബോധ്യം.'' (ഡോ,തോമസ് മാർഅത്താനാസിയോസ് Ibid p. 18)

''സാർവ്വത്രികതയ്ക്കുവേണ്ടി ഒരു കേന്ദ്രനേതൃത്വത്തെ അംഗീകരിക്കേണ്ടതില്ല. വിശ്വാസപരമായ കാര്യത്തിൽ പ്രാദേശികസഭകൾ തമ്മിലുള്ള ഐക്യം ഭരണപരമായ ഘടനകളെ ഉണ്ടാക്കാവുന്നതാണ്. യാക്കോബായ സഭയിൽ ഇടവകപ്രതിപുരുഷന്മാർ ചേർന്നാണ് നേതൃത്വത്തെ തിരഞ്ഞെടുക്കുന്നത്. നേതൃത്വം ഉരുത്തിരിഞ്ഞുണ്ടാകുന്നതു താഴെതട്ടിലാണ്. മുകളിൽനിന്നുള്ള നിർദ്ദേശം സുറിയാനിസഭാവിജ്ഞാനീയത്തിന് യോജിക്കുന്നതല്ല. സഭാസുന്നഹദോസ് എടുക്കുന്ന തീരുമാനം പ്രഖ്യാപിക്കുക എന്നതാണ് പാത്രിയർക്കീസിന്റെ ചുമതല. മാർപ്പാപ്പായുടെ പോലുള്ള അധികാരങ്ങൾ പാത്രിയർക്കീസിനില്ല. പ്രാദേശികതലത്തിൽ കേന്ദ്രീകൃതശൈലി ചില സന്ദർഭങ്ങളിൽ നല്ലതാണ്''

www.malankaralibrary.com



''ഘടനാപരമായി ഐക്യം ഉണ്ടാകുന്നതു നല്ലതാണ്. ഉണ്ടായില്ല എന്നു കരുതി ദോഷവുമില്ല'' (യൂഹാനോൻ മാർ മീലിത്തിയോസ്' (Ibid p. 20)

ലൗകികമായ അധികാരപ്രമത്തത, അധികാര കേന്ദ്രീകരണം, നേതൃത്വകേന്ദ്രം, മുകളിൽനിന്നു കീഴ്പ്പോട്ടുള്ള അധികാരപ്രയോഗം എന്നിവയെല്ലാമാണ് ഇവിടെ പേടിപ്പെടുത്തുന്നത്. നേരാംവണ്ണം സഭയെ കാണാത്തവരാണ് ഇത്തരം ഭയപ്പാടിനു വിധേയരാവുന്നത്. കൂരിരുട്ടത്തു വനാന്തരത്തിലൂടെ നീങ്ങിയ ഒരു യാത്രക്കാരൻ ഭൂതത്തെ കണ്ടു പേടിച്ചുപോയി; മോഹാലസ്യപ്പെട്ടു വീണുപോയി. മിന്നലിന്റെ വെളിച്ചത്തിൽ മാത്രമേ അതൊരു കൈചൂണ്ടിപ്പലകയാണെന്നു മനസ്സിലായുള്ളു. സഭ ക്രിസ്തുവിന്റെ തുടർച്ചയെങ്കിൽ ആദിവ്യരൂപം കണ്ടു എന്തിനു ഭൂതം എന്നു ഭയപ്പെടണം? സഭ പരിശുദ്ധാത്മാവിന്റെ ആലയമെങ്കിൽ ആ ശാന്തിഭവനത്തിൽ എന്തിനു അസ്വസ്ഥതപ്പെടണം? സഭയുടെ സുകുമാരരൂപം കാണാത്തതിന്റേതാണ് ഇവിടത്തെ പേടി. ചൂടുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളംകണ്ടു ഭയപ്പെടുന്നതുപോലെയാണ്.

സഭാധികാരത്തെ ഊന്നിയുള്ള പേടിതീർക്കാൻ സഭതന്നെ മുന്നോട്ടു വന്നിരിക്കുന്നു, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിലൂടെ. പാത്രിയാർക്കൽ സഭകരം, വിവിധത്വത്തിന്റെയും ഏകത്വത്തിന്റെയും സംരക്ഷണം, മെത്രാനും പ്രാദേശികസഭയും, പ്രാദേശിക തലത്തിലെ സാർവ്വത്രിക സഭാതാൽപര്യനിർവ്വഹണം എന്നിവയെല്ലാം അവിടെ പ്രസ്പഷ്ടമാക്കിയിട്ടുണ്ട്.

## പാത്രിയാർക്കൽ സഭകൾ.

പാത്രിയർക്കൽ സഭകളെക്കുറിച്ചും പ്രാദേശിക സഭകളുടെ സാർവ്വത്രികകൂട്ടായ്മയെപ്പററിയും വത്തിക്കാൻ ഡിക്രി ഉദ്ബോധിപ്പിക്കുന്നു

www.malankaralibrary.com



ഒരേസംസ്ക്കാരം പങ്കിടുന്ന സമീപസ്ഥസഭകൾ സഭാപ്രോവിൻസുകൾക്കോ പാത്രിയാർക്കൽ സഭകൾക്കോ രൂപം കൊടുക്കുന്നു. ഇവിടെയുള്ള മെത്രാന്മാർക്കു സുന്നഹദോസോ പ്രൊവിൻഷ്യൽ കൗൺസിലോ കൂടാവുന്നതാണ്. ഇന്നുള്ളതുപോലെയുള്ള മെത്രാൻ സംഘത്തിനു സംഘാതാത്മകത യാഥാർത്ഥ്യമാക്കാൻ കഴിയും ''(തിരുസ്സഭ 23,(2))

## വിവിധത്വവും സാർവ്വത്രികത്വവും ഏകത്വവും

(മെത്രാന്മാരുടെ) ''ഈ സംഘം ദൈവജനത്തിന്റെ വിവിധത്വവും സാർവ്വത്രികത്വവും ഒരേ ഒരു തലവന്റെ കീഴിൽ അണിനിരന്നിരിക്കുന്നു എന്ന സ്ഥിതിക്കു ക്രിസ്തുവിന്റെ അജഗണത്തിനുള്ള ഏകത്വവും പ്രസ്പഷ്ടമാക്കുന്നു'' (തിരുസ്സഭ 22)

## മെത്രാനും പ്രാദേശികസഭയും

''പ്രാദേശിക സഭയിലെ ഐക്യത്തിന്റെ ദൃശ്യമായ ഉറവിടവും അടിത്തറയും മെത്രാൻതന്നെ. പ്രാദേശിക സഭകളിലും പ്രാദേശിക സഭകളിൽനിന്നുമാണ് ഏകവും ഏകീയവുമായ കാതോലികസഭ രൂപം പ്രാപിക്കുന്നത്. ഇക്കാരണത്താൽ ഓരോമെത്രാനും സ്വന്തംസഭയെ പ്രതിനിധാനം ചെയ്യുന്നു'' (തിരുസ്സഭ 23)

''ഓരോ മെത്രാനും തന്റെ സൂക്ഷത്തിലിരിക്കുന്ന ദൈവജനവിഭാഗത്തിൽ അജപാലനം നിർവ്വഹിക്കുന്നു''. (തിരുസ്സഭ 23)

മെത്രാൻസംഘത്തിന്റെ അംഗമെന്നനിലയിൽ ഓരോ മേത്രാനും സാർവ്വത്രികസഭയുടെ കാര്യത്തിൽ താൽപര്യമുള്ളവനായിരിക്കണം. ''തങ്ങളുടെ അദ്ധ്യാപനാധികാരത്തേയും അജപാലനോചിതമായ ഭരണത്തേയും സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ സാർവ്വത്രികസഭയിൽ സംഘാതാത്മകമായി അവർ പരസ്പരം ഐക്യപ്പെട്ടിരിക്കുന്നു.'' (മെത്രാന്മാർ 3)

www.malankaralibrary.com

പേടിപ്പെടുത്തുന്നതോ സഭയുടെ അധികാരം? (തുടർച്ച)

## സാർവ്വത്രീക സഭാതാൽപര്യനിർവ്വഹണം

പ്രാദേശികസഭയുടെ മെത്രാന് സാർവ്വത്രികസഭയുടെ താൽപര്യം സംരക്ഷിക്കാം.

1. തങ്ങളെ ഏൽപിച്ചിരിക്കുന്ന പ്രത്യേകസഭ സാർവ്വത്രികസഭയുടെ ഒരു വിഭാഗമെന്നപോലെ ഭംഗിയായി നയിച്ചുകൊണ്ട്;

2. സ്വകർത്തവ്യനിർവ്വഹണം അനുവദിക്കുന്നിടത്തോളം പരസ്പരവും പത്രോസിന്റെ പിൻഗാമിയോടു ചേർന്നും പൊതുപ്രവർത്തനങ്ങൾ നിർവ്വഹിച്ചുകൊണ്ട്. (തിരുസ്സഭ 23) പ്രേഷിതരംഗം, ഉപവിയുടെ രംഗം തുടങ്ങിയവയാണ് ഇവിടെ പരാമർശിക്കുന്ന പൊതുപ്രവർത്തനം. പാവപ്പെട്ടവരിലേക്കും മർദ്ദിതരിലേക്കും ലോകമെമ്പാടുമുള്ള മിഷനറിമാരിലേക്കുമാണ് ഇവ്വിധം ശ്രദ്ധ തിരിക്കേണ്ടത്.

## അധികാരത്തെപ്പറ്റി തെററിദ്ധാരണ

ലൗകിക അധികാരപ്രയോഗം സഭാഘടനയിലില്ല. ദൗത്യത്രയമാണ് ക്രിസ്തുവിനുണ്ടായിരുന്നത്. പുരോഹിതൻ, പ്രവാചകൻ, രാജാവ് എന്നിങ്ങനെ ആ ദൗത്യങ്ങൾ വിശുദ്ധീകരികണം, പ്രബോധനം, സേവനം എന്നിവയിലൂടെ തുടരുക മാത്രമാണ് സഭ നിർവ്വഹിക്കുന്നത്. ഇവയൊഴികെയുള്ള അധികാരമൊന്നും സഭയ്ക്കില്ല. ഈ സഭാധർമ്മങ്ങളെ യഥാരൂപം ധരിക്കുമെങ്കിൽ സഭയെക്കുറിച്ചുള്ള പേടി ഓടി മറയും. അതിനു സഭയുടെ പൗരോഹിത്യ വിളി, പ്രവാചക ധർമ്മം, രാജത്വഭാഗിത്വം എന്നിവ അറിയണം.

## സഭയുടെ പൗരോഹിത്യവിളി

വിശ്വാസത്തിലൂടെയും മാമോദീസായിലൂടെയും ഒരുവൻ ''ദൈവജന''ത്തിന്റെ അംഗമാകുന്നു, അതിലൂടെ അതിവിശിഷ്ടമായ പൗരോഹിത്യവിളിക്കു അർഹനാകുന്നു. (എബ്രാ. 5: 1–5; വെളി. 1:6)...... അതിനാൽ ക്രിസ്തുവിന്റെ ശിഷ്യരെല്ലാം പ്രാർത്ഥനകളിലും ദൈവസ്തുതി

www.malankaralibrary.com



കളിലും മുഴുകി (നട. 2 42-47) പ്രിയംകരവും വിശുദ്ധവും സജീവവുമായ ബലിവസ്തുക്കളായി ദൈവത്തിനു സ്വയം സമർപ്പിക്കണം (റോമാ. 12: 1) ഭൂമിയിലെവിടെയും അവർ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയും നിത്യജീവിതത്തെപ്പററി തങ്ങൾക്കുള്ള പ്രതീക്ഷയെക്കുറിച്ചു ചോദ്യംചെയ്യുന്നവരോടു സമാധാനം പറയുകയുംവേണം (1പത്രോസ് 3: 15) (തിരുസഭ 10)

**പ്രവാചകദൗത്യം**

ദൈവജനം ക്രിസ്തുവിന്റെ പ്രവാചകദൗത്യത്തിൽ പങ്കുചേരുന്നു (എബ്രാ. 13: 15) പരിശുദ്ധനായവനാൽ അഭിഷേകം ചെയ്യപ്പെട്ടിരിക്കകൊണ്ട് (1യോഹ.2: 20–27) വിശ്വാസികളുടെ സമൂഹത്തിനു ഒന്നാകെ വിശ്വാസത്തിൽ തെററുപററുയില്ല ...... ആവിശ്വാസത്തെ അചഞ്ചലമായി മുറുകെപ്പിടിക്കുകയും ശരിയായ ആത്മജ്ഞാനംവഴി അതു കൂടുതൽ ആഴമായി ഗ്രഹിക്കുകയും ജീവിതത്തിലേക്കു സമഗ്രമായി പകർത്തുകയും ചെയ്യുന്നു.'' (തിരുസ്സഭ 12)

**രാജത്വഭാഗഭാഗിത്വം**

ദൈവജനം ക്രിസ്തുവിന്റെ രാജത്വത്തിൽ പങ്കുചേരുന്നു. മരണത്തിലും ഉദ്ധാനത്തിലുമൂടെ എല്ലാവരേയും തന്നിലേക്കു ആകർഷിച്ചുകൊണ്ടാണ് ക്രിസ്തു രാജത്വം വെളിപ്പെടുത്തിയത്. (യോഹ. 12: 32) ''ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കുവാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കുവാനും മനുഷ്യപുത്രൻ വന്നിരിക്കുന്നു (മത്താ. 20: 28) ''സഭ ഞെരുക്കമനുഭവിക്കുന്നവരെ സസ്നേഹം ആശ്ലേഷിക്കുന്നു. പാവപ്പെട്ടവനിലും പീഡിതനിലും ദരിദ്രനും പീഡിതനുമായ ദിവ്യസ്ഥാപകന്റെ പ്രതിച്ഛായ ദർശിക്കുന്നു. അവരുടെ അവശതകൾ പരിഹരിക്കാൻ പരമാവധി പരിശ്രമിക്കുകയും ചെയ്യുന്നു. അവരിലൂടെ ക്രിസ്തുനാഥനെ ശുശ്രൂഷിക്കുകയാണ്'' (തിരുസ്സഭ 8)

www.malankaralibrary.com



''ദീനരോദനം പൊങ്ങുമിടങ്ങളിൽ,
മ്ലാനമാംമുഖം കാണുമിടങ്ങളിൽ,
ഘോരദാരിദ്ര്യദഗ്ദ്ധമാം ജീവിതം,
നീറിനീറിപ്പുകയുമിടങ്ങളിൽ;
താവക പാദപീഠം വിലസുന്നു,
പാവനം മഹാതേജോവലയിതം''

ഇങ്ങനെയുള്ളതാണ് ക്രിസ്തുവിന്റെ രാജത്വം. ക്രിസ്തുവിനോടുകൂടി ശുശ്രൂഷയർപ്പിച്ചുകൊണ്ടു രാജത്വദൗത്യം സഭ നിർവ്വഹിക്കുകയാണ്. സഭയുടെ ദിവ്യങ്ങളായ ധർമ്മദീപങ്ങളാണിവ. ഇവയെ ഉദ്ദീപിപ്പിക്കുന്നില്ലെന്നുമാത്രമല്ല തട്ടിക്കെടുത്തുകയും ചെയ്യുന്നു. എന്നിട്ടു മിന്നാമിനുങ്ങുകളുടെ മായാമോഹങ്ങളുടെ പിറകെ ഓടുന്നു. സഭയെ തെററിദ്ധരിക്കുന്നവർ ഇതാണുചെയ്യുന്നത്.

## സഭയുടെ പവിത്രീകരണ ധർമ്മനിർവ്വഹണം

വിശുദ്ധീകരണപ്രക്രിയ സഭ നിറവേററുന്നതെങ്ങനെ?

''ഉന്നതമായ പൗരോഹിത്യത്തിന്റെ പ്രസാദവരത്തെ കൈകാര്യം ചെയ്യുന്നവനാണു മെത്രാൻ'' (തിരുസഭ 26)

ദിവ്യകാരുണ്യം മുഖേനയാണ് തിരുസ്സഭ നിരന്തരം ജീവിക്കുന്നതും വളരുന്നതും;

ക്രിസ്തുവിന്റെ സുവിശേഷഘോഷണത്താൽ വിശ്വാസികരം ശക്തിയാർജ്ജിക്കുന്നു;

കർത്തൃശരീരവും രക്തവുംവഴി സമസ്തസഹോദരങ്ങളും ദൃഢപ്പെടുന്നതിലേക്കു കർത്താവിന്റെ തിരുവത്താഴരഹസ്യം പരികർമ്മം ചെയ്യുന്നു.

''ഇങ്ങനെ തങ്ങളുടെ സംരക്ഷണത്തിന് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തോടൊത്തു മെത്രാൻമാരും നിത്യജീവനിലേക്കു പ്രവേശിക്കുന്നു. (തിരുസഭ 26 (3) )

www.malankaralibrary.com



ലോകത്തിൻെറ ഭോഗമനോഭാവത്തിൽമുററിയവനു സഭയുടെ ഈ ശുശ്രൂഷയിലേക്കു എത്തിനോക്കാവതല്ല.

''നിന്ദ കൊണ്ടു നിറഞ്ഞോരെൻ മാനസ-
മെങ്ങനെ തിരുമുമ്പിലൊന്നെത്തിടും?''

## സഭയുടെ അജപാലനധർമ്മം

ആടുകളെ വഴി നടത്തുന്ന ക്രിസ്തുവിൻെറ ദൗത്യമാണ് സഭ തുടരുന്നത്.'' ക്രിസ്തുവിൻെറ വികാരിമാരും സ്ഥാനപതികളും എന്നനിലയിൽ അജപാലകർ ഉപദേശം, ഉദ്ബോധനം, മാതൃക എന്നിവയിലൂടെ ആടുകളെ നയിക്കുന്നു;

ശുശ്രൂഷിക്കപ്പെടുന്നതിനുപകരം ശുശ്രൂഷിക്കാനും (മത്താ. 20 ; 28. മർക്കൊ. 10 ; 45)

സ്വന്തം ആടുകൾക്കുവേണ്ടി ജീവൻ ഹോമിക്കാനും (യോഹ. 10 ; 11) വന്ന നല്ല ഇടയൻെറ മാതൃക അജപാലകരുടെ കൺമുമ്പിൽ ഉണ്ടായിരിക്കണം'' (തിരുസ്സഭ 27) (ലൂക്ക്. 22 ; 26 – 27)

ശൂന്യവൽക്കരണത്തിൻെറ ഈ ധർമ്മനിർവ്വഹണത്തിനു സ്വാർത്ഥതയുടെയോ അഹങ്കാരത്തിൻെറയോ ലേശംപോലുമില്ല.

''സാധ്യമല്ലഹംഭാവത്തിനു ഭവൽ
സന്നിധിയിലേക്കെത്തിനോക്കീടുവാൻ''

## സഭയുടെ ബോധനാധികാരം

നേർവഴി വിടാതെയും തെററിൽ വീഴാതെയും ദൈവജനത്തെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതാണു സഭയുടെ ബോധനാധികാരം. വിമോചിപ്പിക്കുന്ന ലക്ഷ്യത്തിൽ ദൈവജനത്തെ നിലനിർത്തണമെന്നതു നേർവഴി നടത്തുന്ന ഈ അജപാലനത്തിൻെറ ലക്ഷ്യമാണ്. ഈ സേവനം അനുഷ്ഠിക്കുന്നതിനു ക്രിസ്തു തെററില്ലായ്മയുടെ വരം പ്രദാനം

www.malankaralibrary.com



ചെയ്യുന്നു. വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിലാണ് സഭയുടെ ഇടയന്മാർക്ക് ഈ വരം നല്കപ്പെട്ടിട്ടുള്ളത്.

''സഭയ്ക്കു ഉണ്ടായിരിക്കണമെന്നു ദിവ്യരക്ഷകൻ ആഗ്രഹിച്ച ഈ അപ്രമാദിത്വം പരിശുദ്ധമായി സംരക്ഷിക്കപ്പെടുകയും വിശ്വസ്തതാപൂർവ്വം വിശദീകരിക്കപ്പെടുകയും ചെയ്യേണ്ട ദൈവാവിഷ്കരണത്തിന്റെ ഭണ്ഡാഗാരത്തോളം വ്യാപ്തിയുള്ളതാണ്'' (തിരുസ്സഭ 25)

ഈ ബോധനാധികാരത്തിന്റെ അഭാവത്തിൽ സഭയ്ക്കുണ്ടാവുന്ന കെടുതി ചെറുതായിരിക്കുകയില്ല.

പിതാവിന്റെ ഭവനം കച്ചവടവേദിയാക്കുന്നതിനെ ക്രിസ്തു അധികാരപൂർവ്വം ചെറുക്കുന്നുണ്ടല്ലോ. (യോഹ. 2: 16) ഇത്തരം ഘട്ടങ്ങൾ ഇന്നുമുണ്ടാകാം. സഭയുടെ പവിത്രീകരണനിർവ്വഹണം വഴിതെറ്റുമ്പോൾ; അജപാലനധർമ്മം അപഭ്രംശപ്പെടുമ്പോൾ; ബോധനാധികാരം ദുരുപയോഗിക്കുമ്പോൾ; സുവിശേഷാധിഷ്ഠിതമല്ലാത്ത ഭരണത്തിന്റെ ഇത്തിൾച്ചെടി സഭയിൽ വേരുപിടിക്കുമ്പോൾ; ശുശ്രൂഷിക്കുന്നതിനു പകരം ശുശ്രൂഷിക്കപ്പെടുക എന്ന മനസ്ഥിതി കടന്നു കൂടുമ്പോൾ; വികാരിയും രൂപതാധ്യക്ഷ്യനും സഭാസ്ഥാപനങ്ങളിലെ മേലാളന്മാരും ശിങ്കിടിസംഘത്താൽ ചൂഴപ്പെടുമ്പോൾ; സഭാധർമ്മത്രയത്തിനു നിരക്കാത്ത അധികാരപ്രമത്തത നേതൃസ്ഥാനങ്ങളിൽ വലിഞ്ഞു കേറുമ്പോൾ — എല്ലാം ക്രിസ്തുവിന്റെ ചാട്ടവാർ ഉയരാൻ ഇടയുണ്ട്. സഭ അധുനാതനീകരണത്തിനു നിർബ്ബന്ധിതമായിരിക്കുന്നുവെന്നു തന്മൂലം വത്തിക്കാൻ സുന്നഹദോസ് വിളിച്ചു പറയുന്നു.

'' ..... ........... വിളിയിലുള്ള വിശ്വസ്തത കാത്തുകൊണ്ടു സഭ അധുനാതനീകരണത്തിനു (നവോത്ഥാനത്തിനു) വിധേയമാകണം. ആന്തരികപരിവർത്തനം ഐക്യത്തിനു ചാലകശക്തിയാകും. നിരന്തരമായ നവീകരണത്തിനായി ക്രിസ്തു തീർത്ഥാടകസഭയെ ആഹ്വാനം ചെയ്യുന്നു.'' (എക്യു. 6)

www.malankaralibrary.com

# V സഭാവ്യവഹാരവും ഒത്തുതീർപ്പു ശ്രമങ്ങളും നല്കുന്നപാഠം

1996-മാർച്ച് 25-ാംതീയതി സുപ്രീംകോടതിയിൽനിന്ന് മലങ്കരസഭക്കേസ്സുസംബന്ധിച്ച വിധിയുണ്ടായി. ഈ വ്യവഹാരത്തെക്കുറിച്ചു സുപ്രീംകോടതിവിധി ഇതാദ്യമല്ല. 1912-ൽ തുടങ്ങിയ വ്യവഹാരം 46 കൊല്ലത്തെ നിയമയുദ്ധത്തിനുശേഷം 1958-ലെ സുപ്രീംകോടതിവിധിയോടെയാണ് തെല്ലടങ്ങിയത്. ഇരുക്കൂട്ടരും ഒത്തുതീർപ്പിലായി. പക്ഷേ ശാന്തത നീണ്ടുനിന്നില്ല. 12 കൊല്ലത്തിനുശേഷം വ്യവഹാരം വീണ്ടും പത്തിവിടർത്തി. 25 കൊല്ലത്തെ ഭീകരമായനിയമയുദ്ധമാണ്, 96-ലെ സുപ്രീംകോടതിവിധിയിൽ കലാശിച്ചിരിക്കുന്നത്. ഇപ്പോൾ ഒത്തുതീർപ്പുശ്രമം തകൃതിയായിനടക്കുന്നു.

ഇരുകൂട്ടർക്കും സ്വീകാര്യമായ പത്തു നിഗമനങ്ങൾ കോടതിവിധിയിൽ ഉള്ളതായി മൂലയിൽ കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ കാണുന്നു.

1 '' മലങ്കരസഭയിലെ ഇരുവിഭാഗങ്ങളും അനുരഞ്ജനത്തിലൂടെ ഒന്നാകണം;

2 മലങ്കരസഭ ആകമാനസഭയുടെ ഒരുഭാഗമാണ്;

3 അന്ത്യോക്യാപാത്രിയർക്കീസ് ഈ സഭയുടെ ആത്മീയ പരമാദ്ധ്യക്ഷനാണ്;

4 മലങ്കരസഭ ഉൾഭരണ സ്വാതന്ത്ര്യംഉള്ളതും സമുദായവസ്തുക്കൾ മലങ്കരമെത്രാപ്പോലീത്തായിൽ നിക്ഷിപ്തവുമാണ്;

5 1934-ലെ ഭരണഘടന സാധുവാണ്;

6 മലങ്കരസഭ സ്വയംശീർഷകസഭയല്ല. ആകമാനസുറിയാനിസഭയുടെ ഭാഗമാണ്. പാത്രിയർക്കീസിന്റെ സ്ഥാനം ആത്മീയമായി കാതോലിക്കോസിനുമേലെയാണ്;

www.malankaralibrary.com



7 സഭാഭരണഘടനയിലെ പ്രാതിനിധ്യവ്യവസ്ഥ ആനുപാതികക്രമത്തിലായിരിക്കണം;

8 1971-ന ശേഷമുള്ള വിഭാഗീയനിയമനങ്ങൾ യോജിച്ചു കൂടുന്ന അസോസിയേഷൻ തിരഞ്ഞെടുപ്പുവരെയും 'സ്ററാററ്സ്കോ' നിലനിർത്തണം;

9 പാത്രിയർക്കീസ് മലങ്കരയിൽ അധികാരവിനിയോഗം നടത്തുന്നതു ഏകപക്ഷീയമായിരിക്കരുത്. അതു ഭരണഘടനയ്ക്കുവിധേയമായി കാതോലിക്കോസിലൂടെ ആയിരിക്കണം;

10 'പരിശുദ്ധ' 'സിംഹാസന' പ്രയോഗങ്ങൾ ആലങ്കാരികമായിമാത്രം കാണേണ്ടതാണ്'' (ഐ. ദീ. സെപ്. '96, P. 25)

സുപ്രീംകോടതിയുടെ ഈ നിഗമനങ്ങൾ എങ്ങനെ പ്രായോഗികമാക്കമെന്നാണ് ഒത്തുതീർപ്പുകാരുടെപ്രശ്നം. മൂന്നുമാർഗ്ഗങ്ങൾമാത്രമേ അതിനള്ളെന്നാണ് പീററർ സി. തോമസ് കോലഞ്ചേരി പറയുന്നത്.

I കോടതിവിധി ഇരുഭാഗവും അതിൻെറ സ്പിരിററിൽ അംഗീകരിക്കുക.

a, അസോസിയേഷനിൽ ഭൂരിപക്ഷം ലഭിക്കുന്ന കക്ഷിക്ക സഭയുടെ ഭരണം കൈവരും; b, പാത്രിയർക്കീസുകക്ഷിക്ക ഭൂരിപക്ഷം തെളിയിക്കാൻ കഴിയില്ലെങ്കിൽ പള്ളികൾ വിട്ടു പിൻമാറേണ്ടിവരും; c, സിംഹാസനപ്പള്ളികൾ അവർക്കു സ്വന്തമായി നിലനിർത്താം; d, പുതിയപള്ളികൾ ഉണ്ടാക്കുന്നതു പ്രയാസമുള്ളതല്ല, എന്നാൽ സിമിത്തേരിനിർമ്മാണം പ്രയാസമാണ്; e, കോടതിഉത്തരവു ചെറുക്കമെന്നും കലാപമുയരുമെന്നും ഭീഷണിമുഴക്കുന്നതുഭൂഷണമല്ല.

II പാത്രിയർക്കീസുബാവായെ പരമാദ്ധ്യക്ഷനായി അംഗീകരിച്ചു ഇരുഭാഗവുംഅദ്ദേഹത്തിൻെറ കീഴിൽ ഒരുസഭയായി വരിക.

www.malankaralibrary.com



a, കോടതിഉത്തരവിനു അതീതമാണ് ഈമാർഗ്ഗം; b, സിറിയായിലെ സഭയും മലങ്കരയിലെ സഭയും ഒരുമിച്ചുവരുന്ന ഈ ഒററസഭയുടെ പാത്രിയർക്കീസിനെ സിറിയായിൽനിന്നു മാത്രമല്ല മലങ്കരയിൽനിന്നുകൂടി തിരഞ്ഞെടുക്കാവുന്നതാണെന്നുവ്യവസ്ഥചെയ്യണം; c, മലങ്കരയിലെ ഏതൊരുമെത്രാപ്പോലീത്തായ്ക്കും പാത്രിയർക്കാസ്ഥാനത്തിന് അർഹതയുണ്ടായിരിക്കണം; d, സിറിയാക്കാർ തിരഞ്ഞെടുക്കുന്നസ്ഥാനികരം മലങ്കരയിലുള്ളവരെ മുടക്കാനും മാററാനും അധികാരമുള്ളവരെന്ന നിലപാടു ന്യായമല്ല.

III സിറിയായിലെ പാത്രിയർക്കീസുബാവായുടെ കീഴിലുള്ളസഭയും മലങ്കരയിലെ കാതോലിക്കാബാവായുടെ കീഴിലുള്ളസഭയും സഹോദരീസഭകളായി പരസ്പരം സമാധാനത്തിൽ വർത്തിക്കുക.

സഹോദരീസഭകളായി ഇരുസഭകളും തുടരുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകരം അംഗീകരിക്കണം.

a, കാതോലിക്കാവാഴ്ചയ്ക്കു പാത്രിയർക്കീസിനെ ക്ഷണിക്കണം; അദ്ദേഹം കാർമ്മികത്വം വഹിക്കണം. പാത്രിയർക്കാസ്ഥാനാരോഹണത്തിനു കാർമ്മികത്വംവഹിക്കാൻ കാതോലിക്കായെ ക്ഷണിക്കണം. അങ്ങനെ ഇരുസഭകളുംതമ്മിലുള്ള സ്നേഹവും ബന്ധവും നിലനിർത്താം; b, തർക്കം നിലവിലിരുന്നകാലത്തു പാത്രിയർക്കീസുബാവാ ഏകപക്ഷീയമായി മലങ്കരയിലേക്കു വാഴിച്ചയച്ചമെത്രാപ്പോലീത്താമാരും അവർപട്ടംകൊടുത്ത വൈദികരും കാതോലിക്കേററിലെ മെത്രാപ്പോലീത്താമാരും വൈദികരും ആയികണക്കാക്കപ്പെടണം; c, മേൽപ്പറഞ്ഞമെത്രാപ്പോലീത്താമാർ 58-ൽ ചെയ്തതുപോലെ കാതോലിക്കാബാവായ്ക്കു വിധേയത്വഉടമ്പടി (ശൽമൂസാ) എഴുതിവയ്ക്കണം; d, പാത്രിയർക്കീസ് വിഭാഗത്തിലെ മെത്രാപ്പോലീത്താമാരും വൈദികരും ഇപ്പോഠ ചുമതലവഹിക്കുന്ന ഭദ്രാസനങ്ങളിൽനിന്നുവിട്ടു മററുഭദ്രാസനങ്ങളിൽ പ്രവർത്തിക്കാൻ നിയമിക്കപ്പെടണം.

www.malankaralibrary.com



അങ്ങനെ തെക്കും വടക്കും ഭേദമില്ലാതെ സഭ ഒന്നായി ത്തീരട്ടെ; e, സഭയിലെ സൺഡേസ്കൂറം, യൂത്തുലീഗ് സമാജങ്ങരം മുതലായവയെല്ലാം ഏകോപിപ്പിക്കുകയും അവയ്ക്ക് ഓരോന്നിനും അനുയോജ്യരായ മെത്രാപ്പോലീത്താമാരെ ചുമതലപ്പെടുത്തുകയും വേണം; f, സുപ്രിം കോടതി അംഗീകരിച്ച സഭാഭരണഘടന എല്ലാ ഇടവകപ്പള്ളികളിലും നടപ്പിലാക്കണം; g, ഏതെങ്കിലും ഇടവകപ്പള്ളിയോ സ്ഥാപനമോ സഭാഭരണഘടനയ്ക്ക വിരുദ്ധമായ വകുപ്പുകരം തങ്ങരം ഉണ്ടാക്കിയിട്ടുള്ളവ സ്വന്തം ഭരണഘടനയിൽ ഉരം പ്പെടുത്തിയിട്ടുണ്ടെങ്കിൽ അവ സഭാഭരണഘടനയ്ക്ക അനുയോജ്യമായി ഭേദഗതി ചെയ്യണം; h, നോമ്പു, കൂദാശകരം തുടങ്ങിയവയെല്ലാം കാതോലിക്കേററിനു കീഴിലുള്ള സുന്നഹദോസ് നിശ്ചയപ്രകാരം ഏകീകൃതമാക്കണം. അല്ലാത്തപക്ഷം സഭയുടെ അച്ചടക്കം നഷ്ടപ്പെടുത്തുവാൻ ഇടയാകും. i, സിംഹാസനപ്പള്ളികരം, പൗരസ്ത്യസുവിശേഷസമാജം പള്ളികരം തുടങ്ങിയ എല്ലാ സ്ഥാപനങ്ങളുടെയും മേൽക്കോയ്മ പാത്രിയർക്കീസു ബാവാ ഉപേക്ഷിക്കണം; j, കാതോലിക്കാ ബാവായും പാത്രിയർക്കീസു ബാവായും തങ്ങളുടെ ഭരണാതിർത്തി വിട്ടു സഭാംഗങ്ങരംക്കു സ്ഥാനമാനങ്ങരം കൊടുക്കുന്ന രീതി ഒരിക്കലും ആവർത്തിക്കരുത്; k, മഞ്ഞനിക്കര കബറിങ്കലെ വരുമാനം പാത്രിയർക്കീസുബാവായ്ക്ക ആയിരിക്കണമെന്ന അദ്ദേഹത്തിൻെറ നിലപാടു ഉപേക്ഷിക്കുകയും അതു മലങ്കരസഭയ്ക്ക വിട്ടുകൊടുക്കുവാൻ വ്യവസ്ഥ ചെയ്യുകയും വേണം; l, തർക്കം നിലനിന്ന കാലത്തു ഇരുവിഭാഗത്തെയും മെത്രാപ്പോലീത്താമാർ സഭാ മക്കളിൽനിന്നും പിരിച്ചെടുത്ത പണം കൊണ്ടു ഉണ്ടായിയിട്ടുള്ള പള്ളികളും സ്ഥാപനങ്ങളും മലങ്കരസഭയിൽ ലയിപ്പിക്കണം; m, ക്നാനായ ഭദ്രാസനം ഇപ്പോരം പാത്രിയർക്കീസു ബാവായ്ക്ക നല്കിയിട്ടുള്ള പദവികരം മേലിൽ കാതോലിക്കാ ബാവായ്ക്ക ആയിരിക്കുവാൻ വ്യവസ്ഥ ചെയ്യണം.

ഇങ്ങനെ പത്രോസ് ശ്ലീഹായുടെയും തോമാ ശ്ലീഹായുടെയും പിൻഗാമികരം എന്ന നിലയിൽ

www.malankaralibrary.com



രണ്ടു സഭാമേലദ്ധ്യക്ഷന്മാരും ആ വിശുദ്ധഅപ്പസ്തോലന്മാരുടെ ത്യാഗോജ്ജ്വലമായ ആത്മീയജീവിതപാത. പിൻതുടരട്ടെ! സഭാമാതാവു സന്തോഷിക്കട്ടെ''. (Ref Ibid 33:34).

ഇരുകൂട്ടർക്കും എത്രയോ ദുർവ്വഹമായ വ്യവസ്ഥകളാണ് ഈ മൂന്നുമാർഗ്ഗനിർദ്ദേശങ്ങളിൽ ഓരോന്നിലുമുള്ളത്. ഒത്തുതീർപ്പുണ്ടായി എന്നിരിക്കട്ടെ. അതു ശാശ്വതമായിരിക്കുമോ? 1958–ലെ ഒത്തുതീർപ്പു ശാശ്വതമായില്ലല്ലോ. ഇപ്പോഴുണ്ടാകുന്നതു ശാശ്വതമാകാൻ പ്രാർത്ഥിക്കാം.

ഇതിനകം 84 കൊല്ലം ദീർഘിച്ച ഈ ഭീകരവ്യവഹാരത്തിന്റെ ദുർബലത എവിടെയാണ്? ഇതിനോടു ബന്ധപ്പെട്ട നിയമവിദഗ്ദ്ധന്മാരുടെ സുചിന്തിതമായ അഭിപ്രായം ശ്രദ്ധിക്കൂ. വൈദികകോടതി തീരുമാനിക്കേണ്ട പ്രശ്നം സിവിൽ കോടതിയിലേക്കു എറിയപ്പെട്ടു എന്നതാണ് ഈ വ്യവഹാരത്തിന്റെ ദൂഷകതാബീജം.

കേരളാ ഹൈക്കോടതിയിലെ ബ. ജസ്റ്റിസ് ശ്രീ.റ്റി. ചന്ദ്രശേഖരമേനോൻ 1980 ജൂൺ 6-ാം തീയതി പ്രഖ്യാപിച്ച സ്പെഷ്യൽ കോടതി വിധിയിൽ പറയുന്നു: ''മഹത്തായ ഈ സഭയിലെ രൂക്ഷമായ ഈ ഭിന്നതയ്ക്കു സന്തോഷകരമായ ഒരു അന്ത്യം ഉണ്ടാകുന്നതിനു ഏക മാർഗ്ഗം ബന്ധപ്പെട്ട കക്ഷികൾ തമ്മിൽ കോടതിക്കു പുറത്തു ഒത്തുതീർപ്പുണ്ടാക്കുക എന്നതു മാത്രമാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഒട്ടേറെ പ്രഗത്ഭമതികളെ സൃഷ്ടിച്ചിട്ടുള്ള ഈ സമുദായത്തിന്റെ നേതാക്കൾക്കു ഇതു സാധിക്കാത്തതിൽ ഞാൻ അത്ഭുതപ്പെടുന്നു''. (ജസ്റ്റിസ് ശ്രീ. റ്റി. ചന്ദ്രശേഖരമേനോൻ, സ്പെഷ്യൽ കോടതി വിധി, ആമുഖം, 1980 ജൂൺ 6).

1928-ലെ ഹൈക്കോടതി വിധി ഇക്കാര്യം ഒന്നുകൂടി

www.malankaralibrary.com



വ്യക്തമാക്കി "....അത്ര ഒരു വൈദികകോടതി സ്വീകരിക്കേണ്ട പ്രശ്നമാണെന്നും അങ്ങനെ ഒരു തീരുമാനത്തിൻെറ അഭാവത്തിൽ സിവിൽകോടതികൾക്കു മെത്രാപ്പോലീത്തായും അനുയായികളും സഭയ്ക്ക ഇതരരോ ശീശ്മാക്കാരോ എന്നു പറയാൻ അധികാരമില്ലെന്നും കോടതി വിധിച്ചു". (സി.എഫ്.ആർ. 4–7–1928–ലെ ഹൈക്കോടതി വിധി).

ഈ പ്രശ്നത്തിൻെറ മർമ്മം വരെ ആഴ്ന്നിറങ്ങിയിട്ടുള്ള ശ്രീ. എ. പീലിപ്പോസ്ജഡ്ജിയുടെ പ്രസ്താവം ശ്രദ്ധിക്കുക: "കാതോലികതത്വങ്ങളും കാതോലിക ഭരണരീതിയും നിയന്ത്രിക്കുവാനുള്ള വാഹനം കോടതിയായിട്ടാണ് ഇപ്പോൾ നമുക്ക തീർന്നിരിക്കുന്നത്. ഈ സംഗതികൾ കോടതിയുടെ കൈകളിൽ ഒരിക്കലും കൊടുക്കാവുന്നതല്ല. ഈ സംഗതികളെല്ലാം ദൈവികകാര്യങ്ങളാണ്. ഇവയെല്ലാം മനസ്സാക്ഷിയെ ബന്ധിക്കുന്ന കാര്യങ്ങളാണ്. കോടതികൾ മനസ്സാക്ഷിയെ ബന്ധിക്കയില്ല. മനസ്സാക്ഷിയെ ബന്ധിക്കാൻ അധികാരമുള്ളവരുടെ കൈകളിലാണ് ഈ സംഗതികൾ തീരുമാനത്തിനായി വിട്ടുകൊടുക്കേണ്ടത്". (എ. പീലിപ്പോസ്, കാതോലിക പുനരൈക്യചിന്തകൾ പേജ് 84.)

മനസ്സാക്ഷിയെ ബന്ധിക്കാൻ അധികാരമുള്ള സഭാനേതൃത്വത്തെ അംഗീകരിക്കാൻ സമ്മതമില്ല. തന്മൂലം വിശ്വാസവിഷയങ്ങൾ കോടതിത്തിണ്ണയിൽ അടിയറവു വെക്കേണ്ടി വരുന്നു. സഭയുടെ സ്വയംശീർഷകത്വത്തെപ്പററിയും സ്വാതന്ത്ര്യത്തെപ്പററിയും ഉറക്കെപ്പറയുന്നുണ്ട്. വൈദികകോടതിയെപ്പററി പരാമർശമില്ല; വിശ്വാസത്തർക്കം എങ്ങനെ പരിഹൃതമാകണമെന്നു ചിന്തിക്കുന്നില്ല. പഠിപ്പിക്കുന്ന സഭയുടെ ആവശ്യഘടകമായ ബോധനാധികാരത്തെക്കുറിച്ചു മിണ്ടാട്ടമില്ല. ചില പരാമർശങ്ങൾ കേൾക്കുക.

www.malankaralibrary.com



''ഓർത്തഡോക്സു സഭയുടെ പൈതൃകതുടർച്ചയും സ്വയംശീർഷകത്വവും ഉദ്ഭരണസ്വാതന്ത്ര്യവും ആർക്കും വിധേയപ്പെടുത്തി കൊണ്ടുള്ള ഒരു യോജിപ്പോ ഐക്യമോ അല്ല നാം ലക്ഷ്യം വെയ്ക്കുന്നത്''. (മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വീതീയൻ കാതോലിക്കാബാവാ, ഐ. ദീ. സെപ്തം 1996, പേജ് 13.)

''പ്രാദേശികവ്യക്തിഗതസഭകളുടെ പ്രശ്നങ്ങൾ ആ മേഖലയിൽ തന്നെ പരിഹൃതമാകണം. അതിനു മുകളിൽനിന്നുള്ള ഉത്തരവും പ്രതീക്ഷിച്ചിരിക്കേണ്ട കാര്യമൊന്നുമില്ല. എപ്പിസ്കോപ്പായുമായുള്ള ബന്ധത്തിൽ നിലനിൽക്കുന്ന ഒരു ഭദ്രാസനം കൗദാശിക, ആരാധന, ഭരണപരമായ തലങ്ങളിൽ പൂർണ്ണമാണ്. ഗുണപരമായ കാതോലികത്വം അതിനുണ്ട്'' (ഡോ. തോമസ് മാർ അത്താനാസിയോസ്. Ibid P. 18.

''പ്രാദേശികസഭകളുടെ സഭാവൈജ്ഞാനീയത്തിലെ ഏകതാനതകൊണ്ടു ഉണ്ടാകുന്ന സമ്മേളനമാണ് ഘടനാപരമായി അതിനെ വിപുലമാക്കുന്നത്. പ്രാദേശികമായ സഭ ക്രിസ്തുവിൻെറ ശരീരരക്തങ്ങളുടെ പങ്കാളിത്തത്തിൽ ഒരേ സമയം പ്രാദേശികവും സാർവത്രികവുമാണ്. അതുകൊണ്ടു സാർവ്വത്രികതയ്ക്കുവേണ്ടി വിപുലമായ ഒരു ഘടനാശൈലി സ്വീകരിക്കണമെന്നു നിർബന്ധമില്ല''. (യൂഹാനോൻ മാർ മീലിത്തിയോസ്', Ibid P. 19.)

''സാർവ്വത്രികതയ്ക്കുവേണ്ടി ഒരു കേന്ദ്രനേതൃത്വത്തെഅംഗീകരിക്കേണ്ടതില്ല. വിശ്വാസപരമായ കാര്യത്തിൽ പ്രാദേശികസഭകൾ തമ്മിലുള്ള ഐക്യം ഭരണപരമായഘടനകളെ ഉണ്ടാക്കാവുന്നതാണ്. യാക്കോബായ സഭയിൽ ഇടവകപ്രതിപുരുഷന്മാർ ചേർന്നാണ് നേതൃത്വത്തെ തിരഞ്ഞെടുക്കുന്നത്. നേതൃത്വം ഉരുത്തിരിഞ്ഞുണ്ടാകുന്നത് താഴെ തട്ടിലാണ്. മുകളിൽനിന്നുള്ള നിർദ്ദേ

www.malankaralibrary.com



ശം സുറിയാനി സഭാവൈജ്ഞാനീയത്തിനു യോജിക്കുന്നതല്ല. (Idid P. 20).

ആശാനു ദക്ഷിണ കൊടുക്കാൻ മനസ്സില്ല. കൊടുക്കേണ്ടതാണ്. എങ്കിലും കൊടുക്കുന്നില്ല. എന്നാൽ വൈദ്യവിഹിതം കൊടുക്കാൻ നിർബന്ധിതരായി. അപ്പോൾ ഓർത്തുപോയി വീഴ്ചവരുത്തിയ ആശാൻദക്ഷിണയെപ്പററി. 84 കൊല്ലങ്ങളിലെ കോടതിത്തിണ്ണകയററം വൈദികന്യായാസനത്തെപ്പററി ചിന്തിക്കാൻ ഇടവരുത്തുന്നു. തെററില്ലാത്ത ഒരു ബോധന കേന്ദ്രത്തെക്കുറിച്ചു കേൾക്കുക പ്രൊട്ടസ്റ്റൻറു സഭകൾക്കും ഓർത്തഡോക്സ്സഭയ്ക്കും പുച്ഛമാണ്. അവരുടെ അതിദ്രുത ശിഥിലീകരണത്തിനു ഹേതു അത്തരം ബോധനാധികാരത്തിൻെറ നിരാസമല്ലാതെ മറെറന്താണ്? വേദപുസ്തകവും പാരമ്പര്യവും സഭയുടെ ബോധനാധികാരത്തെ ഉറപ്പിക്കുന്നു.

''ദൈവവചനം ലിഖിതമായി ലഭിച്ചതായാലും പാരമ്പര്യമായി കിട്ടിയതായാലും അതിനെ ആധികാരികമായി വ്യാഖ്യാനിക്കേണ്ട ചുമതല സഭയുടെ ജീവിക്കുന്ന പ്രബോധനാധികാരത്തിനു മാത്രം നല്കപ്പെട്ട ഒന്നാകുന്നു. ഈ അധികാരം യേശുക്രിസ്തുവിൻെറ നാമത്തിൽ അവർ കൈകാര്യം ചെയ്യുന്നു''. (ദൈവാവിഷ്കരണം 10 (2))

''സത്യാരൂപിയുടെ പ്രകാശനത്തിൻെറ നേതൃത്വത്തിൽ ആവിഷ്കൃതസത്യങ്ങൾ സഭയിൽ പരിശുദ്ധമായി സംരക്ഷിക്കപ്പെടുകയും വിശ്വസ്തതാപൂർവം വിശദീകരിക്കപ്പെടുകയും ചെയ്യുന്നു. റോമാമാർപ്പാപ്പായോ അദ്ദേഹത്തോടു ചേർന്ന മെത്രന്മാരുടെ സംഘമോ ഒരു വിധി പ്രസ്താവിക്കുമ്പോൾ ... അതനുസരിക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ്''. (തിരുസഭ 25 (2).)

''റോമാ മാർപ്പാപ്പാമാരും മെത്രാന്മാരും, തങ്ങളുടെ ഉദ്യോഗത്താലും കാര്യഗൗരവത്താലും യുക്തമായ മാർഗ്ഗങ്ങൾ

www.malankaralibrary.com



ഉപയോഗിച്ച് ആവിഷ്കൃതസത്യങ്ങൾ യഥാതഥം പരിശോധിക്കാൻ തീക്ഷ്ണമായി യത്നിക്കയും അതിന്റെ ഉള്ളടക്കത്തിന് ശരിയായ പ്രകാശനം നല്കുകയും വേണം''
(തിരുസ്സഭ 25)

## ജൈവഘടനയുമായുള്ള ദൃഢ ബന്ധം

കത്തോലിക്കാ ഓർത്തഡോക്സു സംവാദത്തിന്റെ പ്രധാന പ്രതിപാദ്യമാകേണ്ടതു ജൈവഘടനയുമായുള്ള ദൃഢബന്ധമത്രേ--റോമാമെത്രാന്റെ മുഖ്യസ്ഥാനം (Primacy) സംബന്ധിച്ച കാര്യം. ''Ut Unum Sint'' (എല്ലാവരും ഒന്നാകുവാൻ) എന്ന ചാക്രികലേഖനത്തിന്റെ 88 മുതൽ പതിനൊന്നു ഖണ്ഡികകൾ ഇതിനെക്കുറിച്ചാണ്. പാരമ്പര്യാധിഷ്ഠിതവും ബൈബിൾ കേന്ദ്രീകൃതവുമാണ് റോമിന്റെ പ്രൈമസിയെപ്പററിയുള്ള കാഴ്ചപ്പാടെന്നു ഇവിടെ വെളിപ്പെടുത്തുന്നു.

## ഒന്നാം സഹസ്രാബ്ദം മുതലുള്ള നിയന്ത്രണ സ്ഥാനം

''ഒന്നാം സഹസ്രാബ്ദം മുതൽ വിശ്വാസത്തിലും കൂദാശാജീവിതത്തിലും ഒരു സ്നേഹസാഹോദര്യക്കൂട്ടായ്മയുടെ നിറവുണ്ടായിരുന്നു. അന്നു വിശ്വാസം, നടപടിക്രമം മുതലായവ സംബന്ധിച്ച ഭിന്നാഭിപ്രായങ്ങൾ ഉണ്ടായപ്പോളൊക്കെ പൊതുസമ്മതപ്രകാരം റോമാ നിയന്ത്രണസ്ഥാനം വഹിച്ചിരുന്നു. ഐക്യത്തിനുവേണ്ടിയുള്ള മുഖ്യസ്ഥാന വിനിയോഗം അങ്ങനെയായിരുന്നു'' (UUS 95)

## പ്രഥമസ്ഥാനത്തിന്റെ വിവിധ തലങ്ങൾ

''ഈ പ്രഥമസ്ഥാനം വിവിധ തലങ്ങളിലാണ് വിന്യസിച്ചിരിക്കുക....... സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി സഭയുടെ പൊതുനന്മയെ ആരെങ്കിലും മറികടക്കുന്നതു കാണു

www.malankaralibrary.com



പോൾ സഭയുടെ പൊതുനന്മയുടെ സൂക്ഷിപ്പിനായി വേണ്ടതു ചെയ്യുക എന്നതും പത്രോസിൻെറ പിൻഗാമിയുടെ ചുമതലയിൽപെട്ട കാര്യമാണ്. ചില കാലങ്ങളിൽ പ്രചരിക്കുന്ന ചില ഭിന്നാഭിപ്രായങ്ങൾ വിശ്വാസത്തിൻെറ സത്തയ്ക്കും ഏകാത്മകതയ്ക്കും നിരക്കാത്തവയാണെന്നു പ്രഖ്യാപിക്കാനും ഉപദേശിയ്ക്കാനും മുന്നറിയിപ്പു നല്കാനും അദ്ദേഹത്തിനു കടമയുണ്ട്. ചില പ്രത്യേകസാഹചര്യങ്ങളിൽ തന്നോടു കൂടിയുള്ള മററു അജപാലകരുടെ പേരിലും അദ്ദേഹം സംസാരിക്കണം. ചില ചില പഠനങ്ങൾ വിശ്വാസനിക്ഷേപത്തിൽ പെട്ടവയാണെന്നു ഒന്നാംവത്തിക്കാൻ കൗൺസിലിൻെറ നിർദ്ദിഷ്ടവ്യവസ്ഥകൾക്കു വിധേയമായി അദ്ദേഹത്തിനു പ്രഖ്യാപിക്കാം (Ex Cathedra). അദ്ദേഹത്തിൻെറ ഈ സാക്ഷ്യപ്പെടുത്തൽ ഐക്യത്തെ സഹായിക്കലാണ്'' (Ibid 97)

## പ്രാദേശിക സഭകളും റോമാബന്ധവും

''അപ്പസ്തോലപ്രവൃത്തികളുടെ ആദ്യഭാഗത്തു പത്രോസ് അപ്പസ്തോലസംഘത്തിൻെറ പേരിൽ സംസാരിക്കുന്നതായി നാം കാണുന്നു. സഭയുടെ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുന്നു. അതേസമയം ജറുസലേംസഭയുടെ തലവനായ വി. യാക്കോബിൻെറ അധികാരത്തെ മാനിക്കയും ചെയ്യുന്നു. പത്രോസിൻെറ ഈ പ്രവർത്തനശൈലി യേശുക്രിസ്തുവാകുന്ന ഏക ഇടയൻെറ കീഴിൽ തുടരണം. അങ്ങനെ സഭ ക്രിസ്തുശിഷ്യഗണത്തിൻെറ തികഞ്ഞ അരുമകൂട്ടായ്മയായി തിളങ്ങിവിളങ്ങണം ........ ഇമ്മാതിരി ഒരു ശുശ്രൂഷയുടെ ആവശ്യകത ആരും കാണാതിരിക്കുമോ? ........ (Ibid 97)

## വി. അഗസ്തിനോസിൻെറ സ്വരം

''യേശുക്രിസ്തുവാകുന്ന ഏകഇടയൻെറ ഐക്യത്തിൽ എല്ലാവരും ഒന്നായിരുന്നു'' എന്ന വാക്യം ഉദ്ധരിച്ചിട്ടു

www.malankaralibrary.com



സെൻറു അഗസ്റ്ററിൻ പറയുന്നു: ''ആ ഏകക ഇടയനിൽ എല്ലാ ഇടയന്മാരും ഒന്നായിരിക്കട്ടെ. ആ ഏകക ഇടയൻെറ സ്വരം കേൾക്കാൻ ഇടയാകട്ടെ ...... അജഗണം ആ സ്വരം കേൾക്കട്ടെ ....... ആ ഏകകസ്വരം, ആ അവിഭക്തസ്വരം, ആ വേദവിപരീതവിമുക്തമായ സ്വരം, ആ സംശുദ്ധസ്വരം കേൾക്കാൻ അജഗണത്തിനിടയാകട്ടെ'' അജപാലനസംഘത്തിൽ റോമാമെത്രാൻെറ ജോലി ഒരു കാവൽക്കാരൻേറതുപോലെയാണ്. അതു ഒരു സെൻറിനലിൻെറ(സേനാനായകൻെറ) ജോലിയാണ്. (Episcopein) .......അങ്ങനെ ഇടയന്മാരെ ഭരമേൽപ്പിച്ചിരിക്കുന്ന പ്രാദേശിക സഭകളിലൂടെ ഏകകവും വിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ സഭയിലും അതു കേൾക്കമോറാകണം. അപ്പോൾ എല്ലാ സഭകളും തമ്മിൽ സമ്പൂർണ്ണക്കൂട്ടായ്മയുണ്ടാകും. കാരണം ഇടയന്മാരെല്ലാം പത്രോസിനോടു ചേർന്നു നിൽക്കുന്നു. അങ്ങനെ യേശുക്രിസ്തുവിൽ ഒരണിയായിരിക്കുന്നു. (Ibid 94)

## പത്രോസിനു അത്യുന്നത സ്ഥാനം

''അപ്പസ്തോലപ്രവൃത്തികളുടെ ആദ്യഭാഗത്തു പത്രോസ് നേതാവും അപ്പസ്തോലസംഘത്തിൻെറ വക്താവുമായി നിറഞ്ഞുനിൽക്കുന്നു. 'പത്രോസും പതിനൊന്നുപേരും' (2:14; 2:37; 5:29) എന്നു എടുത്തെടുത്തു പറഞ്ഞിട്ടുണ്ട്. പത്രോസിനു കൊടുത്തിരിക്കുന്ന ഈ സ്ഥാനം സുവിശേഷത്തിൽ കാണുന്നതുപോലെ യേശുവിൻെറ തന്നെ വാക്കുകളിൽ അന്തർലീനമായിട്ടുള്ളതാണ്'' (Ibid 90)

## vi. പത്രോസിൻെറ ദൗത്യം റോമാമെത്രാന്

''പത്രോസ് അപ്പസ്തോലൻെറ ശുശ്രൂഷാദൗത്യം അദ്ദേഹത്തിൻെറ പിൻഗാമി എന്ന നിലയിൽ റോമാമെത്രാന് ലഭിച്ചിരിക്കുന്നു. സഭയിലെ ഐക്യത്തിൻെറ ദൃശ്യവും സനാതനവുമായ അടിസ്ഥാനം എന്ന നിലയിൽ ദൈവസ്ഥാപിതമാണത് (Ibid 88)

www.malankaralibrary.com

# VI. സ്വാസ്ഥ്യത തേടുന്നവർക്കു മേച്ചിൽപ്പുറം

### *പാളം തെററിയ ആവേശം*

സഭാവ്യവഹാരശമനത്തിനു അനുരഞ്ജനരൂപരേഖ അവതരിപ്പിക്കുന്ന ശ്രീ. പീററർ സി. ജേക്കബ് കോലഞ്ചേരി പറയുന്നതു കേൾക്കുക: ''ഈ ലേഖനം പ്രസിദ്ധീകരിക്കുന്ന ഞങ്ങൾ കക്ഷിവഴക്കിന്റെ ആരംഭകാലത്തു ആഘോഷങ്ങൾക്കും സ്വീകരണങ്ങൾക്കും സമയവും ധനവും ഊർജ്ജവും ചെലവഴിച്ചു ഓടിനടന്നവരാണ്''. ''പെററമ്മയെ മറന്നാലും അന്ത്യോക്യയെ മറക്കില്ല'' എന്നു വിളിച്ചു കൂവിയവരാണ്. ഇന്നു ആലോചിക്കുമ്പോൾ ലജ്ജ തോന്നുന്നു. അന്ത്യോക്യ 'ടർക്കി' രാജ്യത്തുള്ള ഒരു പട്ടണമാണ്. പാത്രിയർക്കീസ് ബാവായുടെ ആസ്ഥാനം സിറിയാ രാജ്യത്തുള്ള 'ദമാസ്ക്കസ്'' ആണ്. ഞങ്ങളോ പാവങ്ങൾ! അന്ത്യോക്യാവിശ്വാസികൾ!

നമ്മുടെ പിതാക്കന്മാരാരെങ്കിലും അന്ത്യോക്യാ വിശ്വാസം പഠിച്ചിട്ടുണ്ടോ? മൂവാററുപുഴവിശ്വാസമെന്നോ കോട്ടയം വിശ്വാസമെന്നോ ഒരു വിശ്വാസമുണ്ടോ? മലയാളക്കരയിലെ മെത്രാപ്പോലീത്താമാരെ നാം തിരുമേനി എന്നു വിളിക്കാറുണ്ട്. ശീമയിൽനിന്നു വരുന്ന മെത്രാപ്പോലീത്താമാരെ നാം ബാവാ എന്നേ വിളിക്കൂ.

........അർഹതയില്ലാത്ത വളരെപ്പേർ വളഞ്ഞ വഴിയിലൂടെ സ്ഥാനമാനങ്ങൾ കരസ്ഥമാക്കി സത്യവിശ്വാസത്തിന്റെ മറ പിടിച്ച് വളരെ സ്വത്തുക്കൾ സമ്പാദിച്ചു. ഇന്നു ആ സ്വത്തുക്കൾ ആരുടേതാണെന്നു നിങ്ങൾ പരിശോധിച്ചിട്ടുണ്ടോ? വിശ്വാസത്തിനുവേണ്ടി ''ത്യാഗം'' സഹിച്ചവരുടെ സമ്പാദ്യം എത്രമാത്രമെന്നു നിങ്ങൾ മനസിലാക്കിയിട്ടുണ്ടോ? സത്യവിശ്വാസത്തിന്റെ പേരിൽ സഭാമക്കൾ തമ്മിലടിക്കുന്നു. പള്ളികൾ നശിക്കുന്നു. കോടിക്കണക്കിനു രൂപാ കേസു പറഞ്ഞു ചെലവഴിക്കുന്നു. ആർക്കുവേണ്ടി? സിറിയായി

www.malankaralibrary.com



ലെ പള്ളികളിൽ വഴക്കില്ല. ഇവിടത്തെ പള്ളികളിലെ വഴക്കം വ്യവഹാരവും അവർക്കു പ്രശ്നവുമല്ല........'' (ഐ.ടി സെപ്റ്റം. 1996 P. 36, 41).

## പ്രയാസമില്ലാത്ത കൂട്ടുകെട്ട്

മുളന്തുരുത്തി ഓർത്തഡോക്സ്പള്ളിയുടെ വികാരി ഫാ. കെ. ജെ. കുറിയാക്കോസ് ഇടപ്പാങ്ങാട്ടിൽ അന്ത്യോക്യാ ബന്ധം പ്രയോജനമില്ലാത്തതെന്നു കരുതുന്നു. മലങ്കര കത്തോലിക്കാ ബന്ധത്തിനുവേണ്ടി വാദിക്കുകയും ചെയ്യുന്നു: ''അന്ത്യോക്യാ പാത്രിയർക്കീസുമായുള്ള ബന്ധം കൊണ്ടു മലങ്കരസഭയ്ക്ക വലിയ പ്രയോജനമൊന്നും ഉണ്ടാകുന്നില്ല. ജനങ്ങളില്ലാത്ത അന്ത്യോക്യൻസഭയ്ക്കു ഇവിടെ വരുമ്പോഠ ലക്ഷക്കണക്കിനു വിശ്വാസികളെ കാണാം എന്നൊരു പ്രയോജനമുണ്ട്. യഥാർത്ഥത്തിൽ ഓർത്തഡോക്സ്സഭ കത്തോലിക്കാ സഭയോടാണ് സംസർഗം സ്ഥാപിക്കേണ്ടത്. കാരണം അതു ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള വിവിധസഭകളുടെ കൂട്ടായ്മയായ ഏററവും വലിയ സഭയാണ്. കത്തോലിക്കാകൂട്ടായ്മയിലെ ഓരോസഭയ്ക്കും അവരവരുടെ ദൈവശാസ്ത്രവീക്ഷണവും പാരമ്പര്യങ്ങളും ഭരണസംവിധാനങ്ങളും അഭംഗുരം ആർക്കും വിധേയപ്പെടുത്താതെ കാത്തുസൂക്ഷിക്കാമെന്ന ഉറപ്പു രണ്ടാം വത്തിക്കാൻകൗൺസിലിൻെറ ഡിക്രികളിൽ കാണുന്നു. മാത്രമല്ല കത്തോലിക്കാസഭയിലെ അച്ചടക്കം പ്രത്യേകം കണ്ടു പഠിക്കേണ്ട ഒന്നാണ്. വ്യവഹാരങ്ങളും കേസുകളും ഇല്ലാത്ത സഭയെന്ന നിലയിൽ കത്തോലിക്കാസഭ ഉത്തമസാക്ഷ്യവും നല്കുന്നുണ്ട്. ഇതൊന്നും അന്ത്യോക്യൻസഭയിലില്ല എന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതുകൊണ്ടു റോമാപാത്രിയർക്കീസുമായുള്ള സംസർഗ്ഗത്തിനാവശ്യമായ ഫോർമുല കണ്ടെത്തേണ്ടത് എല്ലാവരുടെയും കടമയാണ്. ഭാരതത്തിൽ ക്രിസ്ത്യാനികഠ വളരെയേറെ ഭീഷണികഠ നേരിടുന്ന അവസരത്തിൽ എല്ലാവരും ഒരുമിച്ചു നിന്നേ മതിയാവു.

www.malankaralibrary.com



മലങ്കരകത്തോലിക്കാസഭയും ഓർത്തഡോക്സ് സഭയും തമ്മിൽ യോജിച്ചുപോകാൻ അധികം പ്രയാസപ്പെടേണ്ടിവരികയില്ല. യാക്കോബായസഭയുമായി വർഷങ്ങൾ നീണ്ടുനിന്ന വ്യവഹാരചരിത്രമാണ് ഓർത്തഡോക്സ് സഭയ്ക്കുള്ളത്. വിശ്വാസികൾ ചേരിതിരിഞ്ഞു തെരുവിൽ ഏറ്റുമുട്ടിയിട്ടുള്ള അനേകം സംഭവങ്ങളുണ്ടായിട്ടുണ്ട്. വടക്കൻ സ്ഥലങ്ങളിൽ താമസിക്കുന്ന ഞങ്ങൾ നേരിട്ടിട്ടുള്ള മനോവ്യഥകൾ വാക്കുകൾക്കതീതമാണ്. വി. കൂദാശകൾ പരികർമ്മം ചെയ്യുന്ന ദൈവാലയത്തിനുള്ളിൽ വെച്ചുതന്നെ, കൂദാശാനുഷ്ഠാനം നടക്കുന്ന സമയത്തുതന്നെ അക്രൈസ്തവമായ എന്തെല്ലാം സംഭവങ്ങൾ നടന്നിരിക്കുന്നു. എന്നിട്ടും ഓർത്തഡോക്സ്സഭ യാക്കോബായസഭയോടു വിട്ടുവീഴ്ചയുള്ള അനുരഞ്ജനമനോഭാവം സ്വീകരിച്ചിരിക്കുകയാണ്. ഞങ്ങൾ വടക്കുള്ളവർ ഇതിനെതിരാണെങ്കിലും സഭാനേതൃത്വത്തെ ചോദ്യം ചെയ്യാതെ അനുസരിക്കുകയാണ്. മലങ്കരകത്തോലിക്കാസഭയുമായുള്ള ബന്ധത്തിൽ യാക്കോബായ സഭയുമായുള്ളതുപോലെ കൈയ്പേറിയ അനുഭവങ്ങളോ ഏറ്റുമുട്ടലുകളോ വ്യവഹാരമാലകളോ ഒന്നും തന്നെ ഓത്തഡോക്സ് സഭയ്ക്കുണ്ടായിട്ടില്ല" (Ibid.28,29)

### മാർ ഈവാനിയോസ് – സഭയുടെ പ്രതീക്ഷ

മലങ്കരകത്തോലിക്കാ സഭയുമായുള്ള അനുരഞ്ജനം അഭിലഷിക്കുന്ന ഫാ. കെ. ജെ. കുറിയാക്കോസ് മാർ ഈവാനിയോസിനെയും അനുസ്മരിക്കുന്നുണ്ട്. "1930 വരെ ഒന്നിച്ചുനിന്നവരാണ് ഓർത്തഡോക്സ്സഭാംഗങ്ങളും മലങ്കരകത്തോലിക്കരും. മാർ ഈവാനിയോസ് തിരുമേനി സഭയുടെ വലിയ പ്രതീക്ഷയായിരുന്നു. അദ്ദേഹത്തിന്റെ നിലപാടും ബോധ്യങ്ങളും സഭാംഗങ്ങളെല്ലാവരെയും മനസിലാക്കിക്കൊടുക്കുവാൻ പരിശ്രമിക്കാതെ വളരെ തിടുക്കത്തിൽ അദ്ദേഹം സഭ ഉപേക്ഷിച്ചു പോയതു് വളരെ നിർഭാഗ്യകരമായിപ്പോയി. വട്ടശ്ശേരിൽ തിരുമേനിയുടെ സമ്മതം അദ്ദേ

www.malankaralibrary.com



ഹത്തിനുണ്ടായിരുന്നില്ല........തന്മൂലം മലങ്കര കത്തോലിക്കാ സഭയോടു ഓർത്തഡോക്സ്സഭ ശത്രുതാമനോഭാവം പുലർത്തിയിട്ടുണ്ടെങ്കിൽ അതിനെ കുററപ്പെടുത്തുവാൻ സാധിക്കുകയില്ല'' (Ibid P. 28).

### മലങ്കരകത്തോലിക്കാ സഭയുടെ ദൗത്യവും വിളിയും

മാർ ഈവാനിയോസിന്റെ മഹത്വവും മലങ്കരകത്തോലിക്കാസഭയുടെ ലക്ഷ്യവും സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ വെളിപ്പെടുത്തുന്നു: ''അതിപുരാതനവും അപ്പസ്തോലികവുമായ മലങ്കരസഭ സാർവ്വത്രികസഭാ കൂട്ടായ്മ അനുഭവിച്ചു വളർന്നെങ്കിലും ഇടക്കാലത്തു സാർവ്വത്രികകൂട്ടായ്മയ്ക്കുണ്ടായ തകർച്ചയ്ക്കു പരിഹാരം കാണുകയായിരുന്നു മാർ ഈവാനിയോസ് തിരുമേനിയുടെ ലക്ഷ്യം. അങ്ങനെ പൂർവ്വികമായ മലങ്കരസഭയെ സാർവ്വത്രികസഭാകൂട്ടായ്മയുടെ വഴിത്താരയിലേക്കു സഭാത്മകമായ പൈതൃകങ്ങൾ നഷ്ടപ്പെടുത്താതെ നയിക്കുകയാണ് മാർ ഈവാനിയോസ് തിരുമേനി ചെയ്തത്. കൂനൻ കുരിശുസത്യത്തിനുശേഷം ഏതാണ്ട് 250 വർഷങ്ങൾ നമ്മുടെ പൂർവ്വപിതാക്കന്മാർ സാർവ്വത്രികകൂട്ടായ്മ വീണ്ടെടുക്കുവാൻ നടത്തിയ പരിശ്രമങ്ങളെ വിജയിപ്പിച്ചതിലാണ് മാർ ഈവാനിയോസ് തിരുമേനിയുടെ മഹത്വം''(Ibid P.16)

### സഭാംഗങ്ങളുടെ ഇന്നത്തെ കർത്തവ്യം

സഭാംഗങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ചു തിരുമേനി തുടർന്നുപറയുന്നു:''ഈ വഴിത്താരയിലേക്കു കടന്നുവരാത്ത ബഹുഭൂരിപക്ഷത്തേയും ഇതു ബോധ്യപ്പെടുത്താനുള്ള ഉപാധികൾ കണ്ടുപിടിക്കണം. ഇതു നമ്മുടെ ചിന്തകളുടെയും പഠനങ്ങളുടെയും പ്രഥമസ്ഥാനത്തുണ്ടാകണം- മലങ്കരസഭാചരിത്രം നന്നായി പഠിച്ചു സാർവ്വത്രികസഭാ സംസർഗത്തിലേക്കു നാം എന്തിനു പ്രവേശിച്ചു എന്ന വ്യക്തമായ ബോധ്യത്തോടെ സൗഹാർദ്ദപരമായും പണ്ഡിതോചിതമായും സഹോ

www.malankaralibrary.com



ദരീസഭകേളോട് നാം സംഭാഷണം നടത്തണം. പരസ്പരം സഹകരിച്ച് പ്രവർത്തിക്കാവുന്ന മേഖലകൾ കണ്ടെത്തി കൂടി വരവും കൂടിക്കാഴ്ചകളും വർദ്ധിപ്പിക്കുമ്പോൾ അകൽച്ചയുടെ മതിൽക്കെട്ടുകൾ തനിയെ തകർന്നു കൊള്ളും. ഐക്യത്തിൻെറ കൂദാശയായി നിലകൊള്ളുവാനുള്ള വിളിയും ദൗത്യവുമാണ് നമ്മുടേത്- അപ്പസ്തോലസംഘത്തിൻെറ അദ്ധ്യക്ഷനായ പത്രോസിൻെറ പിൻഗാമിയെന്ന നിലയിൽ വേദപുസ്തകാധിഷ്ഠിതവും പാരമ്പര്യാധിഷ്ഠിതവുമായിട്ടാണ് നാം മാർപ്പാപ്പായെ സ്വീകരിക്കുന്നത്. അന്ത്യോക്യൻപാത്രിയർക്കീസിൻെറ സ്ഥാനം ഇതല്ല. എങ്കിലും അന്ത്യോക്യൻ പാത്രിയർക്കീസിൻെറ സിംഹാസനവുമായി ഏകദേശം 300 കൊല്ലത്തെ ബന്ധം മലങ്കരസഭയ്ക്കുള്ളതു ചരിത്രസത്യമാണ്. ആ ബന്ധം നിഷ്പ്രയാസം വേണ്ട എന്നു വെക്കുവാനാവില്ല'' (ibid).

മലങ്കരകത്തോലിക്കാമെത്രാപ്പോലീത്താ സഭാംഗങ്ങളിൽ ചുമത്തുന്ന പ്രസ്തുത കർത്തവ്യഭാരം നിർവ്വഹിതമായിരുന്നെങ്കിൽ ഇന്നു സഭൈക്യരംഗം ഭാസുരതരമാകുമായിരുന്നു. മാർ ഈവാനിയോസിനെക്കുറിച്ച് ഫാ. കെ.ജെ. കുറിയാക്കോസ് ഉയർത്തുന്ന ആരോപണങ്ങളുടെ മൂടൽമഞ്ഞു കുറയുമായിരുന്നു.

## മാർ ഈവാനിയോസിൻെറ സഭാമാററത്തിൻെറ സാമൂഹ്യ സ്വഭാവം

1978—ൽ പ്രസിദ്ധീകൃതമായ ഈ ലേഖകൻെറ എക്യുമെനിസം എന്ന പുസ്തകത്തിൽ പ്രസ്തുതവിഷയം പരാമർശിതമാകുന്നുണ്ട്: ''വ്യക്തിപരപരിവർത്തനമായിരുന്നില്ല ബഥനിയുടേത്. അതു ആകമാനമലങ്കരസഭയ്ക്കുവേണ്ടിയുള്ള ഒരു യത്നമായിരുന്നു. 1926 നവംബർ മാസം 17—ാം തീയതി ചേർന്ന ഓർത്തഡോക്സ് സമൂഹത്തിലെ മേൽപ്പട്ടക്കാരുടെ സുന്നഹദോസ് എടുത്തതീരുമാനമാണിത്. (Ref. മോൺ. തോമസ് വടശ്ശേരി, കത്തോലിക്കാ സഭയും യാക്കോ

www.malankaralibrary.com



ബായ വാദങ്ങളും P 420). ഗൗരവാവഹമായ പ്രശ്നങ്ങാം ഉരംക്കൊണ്ടിരുന്നതുകൊണ്ടാണു അന്നത്തെ അഭ്യർത്ഥനയ്ക്കു മറുപടി നല്കാൻ 1930 വരെ റോം ദീർഘിപ്പിച്ചത്. സഭാകേന്ദ്രത്തിന്റെ വിധിതീർപ്പു ഉടനെ ലഭ്യമാകാൻ ശക്യമല്ലാത്ത വിപ്ളവതാം അന്നാ പ്രശ്നത്തിനുണ്ടായിരുന്നു. സന്ദർഭം വന്നപ്പോരം പുനരൈക്യത്തിനു തീരുമാനമെടുത്ത പലരും പിന്തിരിഞ്ഞതു ശരിതന്നെ. അതുമൂലം ഈ സംരംഭത്തിന്റെ സാമൂഹ്യസ്വഭാവം നഷ്ടമാകുന്നില്ല. ആകമാന മലങ്കരയ്ക്കുവേണ്ടിയുള്ള നീക്കം തന്നെയായിരുന്നു അത്. പൗരസ്ത്യകാതോലിക്കാസിംഹാസനമോ ഭാരതപാത്രിയാർക്കേറ്റോ ഒന്നുംതന്നെ മലങ്കരഹയരാർക്കിയുടെ ഭാവനയ്ക്കു നിരക്കാത്തതല്ല. ബഥനിപരിവർത്തനത്തിന്റെ ഈ സാമൂഹ്യസ്വഭാവം അതിനെ എക്യുമെനിസവുമായി അടുപ്പിക്കുകയാണ്. ന്യൂമാന്റെയോ ചെസ്റ്റർട്ടന്റെയോ പുനരൈക്യം പോലെയല്ല മാർ ഈവാനിയോസിന്റെ സഭൈക്യം. വ്യക്തികളുടെ സഭാമാററമല്ല ഇവിടെ സംഭവിച്ചതു്. രണ്ടു സഭകരം തമ്മിലുള്ള ഗാഢവും ഹൃദ്യവുമായ ആശ്ലേഷണമാണ് ഇവിടെ കാണുന്നത്. ഇവിടെ ഒരുസഭ വേറൊന്നിനു കീഴ്പ്പെടുന്നില്ല.. മലങ്കര സഭയുടെ സംസ്കാരവിശേഷങ്ങളെ ഒന്നടങ്കം സാർവത്രികസഭ സാംശീകരിച്ചു. സാർവത്രികസഭയുടെ ഐക്യം മലങ്കരസഭ നേടിയെടുത്തു. ഇരുസഭകളും പൂർവാധികം ഉത്തേജിതമായി. മാമോദീസാ മുഴകിയവരെല്ലാം ഒരു പ്രത്യേകവിധത്തിൽ സഭയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നത് ശരിയാണ്; അനേകായിരം പേർ സാർവത്രികസഭയുമായി പുനരൈക്യപ്പെട്ടിട്ടുണ്ടെന്നതും ശരിയാണ്; അനേകം ബൃഹത്സഭകരം ഉണ്ടെന്നതും ശരിയാണ്; എന്നാൽ മലങ്കരസഭയെ അല്ലാതെ മറെറാരു സഭയേയും സഭയെന്ന നിലയിൽ സാർവത്രികസഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടില്ല. മാർ ഈവാനിയോസ് നിർവ്വഹിച്ച സഭാശ്ലേഷണത്തിന്റെ പ്രത്യേകതയത്രേ ഇതിനു കാരണം.

www.malankaralibrary.com



''മാർ ഈവാനിയോസിന്റെ പുനരൈക്യപ്രസ്ഥാനം എക്യുമെനിസത്തിനു എതിരാണെന്നു പറയുക സാധ്യമല്ല'' എന്നു സമ്മതിക്കുന്ന ചിലർ അതേ ശ്വാസത്തിൽ ''മാർ ഈവാനിയോസിന്റെ പുനരൈക്യം എക്യുമെനിക്കൽ രൂപത്തിൽ മുളച്ചുപൊങ്ങിയില്ല'' എന്നു പറയുന്നുണ്ട്. അന്നത്തെ കത്തോലിക്കാസഭയ്ക്കു എക്യുമെനിസത്തിന്റെ ആശയം ഉണ്ടായിരുന്നില്ലെന്നു പറയുന്നതു ശരിയാണ്. മാർ ഈവാനിയോസിന്റെ സമീപനം ഇന്നത്തെ എക്യുമെനിസത്തിന്റെ സാരാംശം പൂർണ്ണമായി ഉൾക്കൊള്ളുന്നതായിരുന്നു. 1926 നവംബർ 17-ാം തീയതിയിലെ ഓർത്തഡോക്സുസുന്നഹദോസിന്റെ തീരുമാനം പൂർണ്ണമായി ഫലപ്രാപ്തിയിലെത്താതെപോയ നിർഭാഗ്യമുണ്ടായതു ആ സുന്നഹദോസു തീരുമാനത്തിന്റെ ശക്തിക്കുറവുമൂലമായിരുന്നില്ല. പിന്നെയോ അതിന്റെ പുതുമ മനസ്സിലാക്കാൻ കഴിയാതെപോയ സഭാകേന്ദ്രത്തിന്റെ അമാന്തം കൊണ്ടായിരുന്നു. കേവലപുനരൈക്യത്തിനുവേണ്ടിയുള്ള അഭ്യർത്ഥനയായിരുന്നെങ്കിൽ റോമിൽനിന്നു ഈ അമാന്തം ഉണ്ടാകുമായിരുന്നില്ല. മലങ്കരയിൽ നിന്നുണ്ടായ അത്ഥന കേവലപുനരൈക്യത്തിനുവേണ്ടിയുള്ളതായിരുന്നില്ല, പിന്നെയോ എക്യുമെനിസത്തിന്റെ സാരാംശമുൾക്കൊള്ളുന്ന ഒരു സഭൈക്യത്തിനുവേണ്ടിയുള്ളതായിരുന്നു. വ്യക്തികളെയല്ല, മലങ്കരയെ പൂർണ്ണമായി സാംശീകരിക്കുന്നതിനുള്ള ആശയമുണ്ടായിരുന്നതുകൊണ്ടത്രേ മറുപടി നല്കാൻ റോമിനു താമസം വന്നത്. മാർ ഈവാനിയോസിന്റെ പരിവർത്തനത്തിന്റെ സവിശേഷതയാണു സമീപകാല കത്തോലിക്കാചിന്തകന്മാരെ എക്യുമെനിസത്തിന്റെ ആശയത്തിലേക്കടുപ്പിച്ച ഒരു ഘടകം'' (PP 120, 121, 122)

## മാർ ഈവാനിയോസിന്റെ സഭാമാററത്തിൽ മാർ ദീവന്യാസ്യോസ് വഹിച്ച പങ്ക്

''വട്ടശ്ശേരിൽ മാർ ദീവന്യാസ്യോസും ബഥനിയുടെ മാർ ഈവാനിയോസും'' എന്ന ഈ ലേഖകന്റെ പ്രബന്ധത്തിൽ (1980) ബഥനി മെത്രാപ്പോലീത്തായെ സഭാപരിവർത്തനത്തിനു പ്രേരിപ്പിച്ച ഘടകങ്ങൾ എടുത്തുകാണിച്ചിട്ടുണ്ട്. മാർ ദീവന്യാസോസിനു ഈ സംരംഭത്തിലുള്ള പങ്കു അക്കമിട്ടു അവതരിപ്പിച്ചിട്ടുള്ളതു കാണുക:

1 ''കാതോലിക്കാബാവായുടെ പട്ടം അസാധുവെന്ന പാത്രിയർക്കീസിന്റെ പ്രഖ്യാപനവും മാർ ദീവന്യാസ്യോസിന്റെ മുടക്കു സാധുവെന്ന ചീഫ്ജസ്ററീസ് വീരരാഘ

www.malankaralibrary.com



വയ്യങ്കാരുടെ കോടതിവിധിയും (1098 മീനം 10—ാം തീയതിയിലെ കോടതിവിധി)മൂലം അന്ന് ഓർത്തഡോക്സ്സമൂഹം ഗതിമുട്ടിയ സ്ഥിതിയിലെത്തി;

2. മർദ്ദീനിലേക്കുള്ള യാത്രാമദ്ധ്യേ, റഹമാനിപാത്രിയർക്കീസിന്റെ സുറിയാനികത്തോലിക്കാമെത്രാപ്പോലീത്തായെ മാർ ദീവന്ന്യാസ്യോസ് സന്ദർശിച്ചു. (മാർ ഈവാനിയോസിന്റെ ആത്മകഥാകഥനം, ഫാ. തോമസ് ഇഞ്ചയ്ക്കലോടിയുടെ മാർ ഈവാനിയോസ്, ഒന്നാഭാഗം P. 262)

3. അന്ത്യോക്യയിലെ റഹമാനി പാത്രിയർക്കീസിന്റെ ഒരു കത്തു പരുമലവച്ചു മാർ ദീവന്യാസ്യോസിനു കിട്ടി. പുനരൈക്യം സംബന്ധിച്ചുള്ളതായിരുന്നു ആ കത്ത്. അതിനു മറുപടി എഴുതാൻ ഏർപ്പെടുത്തിയതു മാർ ഈവാനിയോസിനെയത്രേ.മറുപടിക്ക ചുമതലപ്പെടുത്തിക്കൊണ്ടു മാർ ദീവന്യാസ്യോസ് പറഞ്ഞു: യോജിക്കുന്നതിനു എനിക്കു സമ്മതമാണ്. സഹോദരന്മാരായ മേൽപ്പട്ടക്കാരോടും പട്ടക്കാരിലും അല്മായക്കാരിലും പ്രധാനന്മാരായവരോടും ആലോചിച്ചശേഷമേ അവസാന തീരുമാനം എഴുതാൻ സാധിക്കുകയുള്ളു''

(Ibid P 264)

4. രണ്ടാമത്തെ കാതോലിക്കാബാവാ മാർ ബസേലിയോസ് (വാകത്താനം), കണ്ടനാട്മെത്രാൻ മാർ ഗ്രീഗോറിയോസ് (പിന്നീടു മൂന്നാമത്തെ കാതോലിക്കാ), മാർ ഈവാനിയോസ് എന്നിവരെ പരുമലസെമിനാരിയിലേക്കു മാർ ദീവന്യാസ്യോസ് ക്ഷണിച്ചു വരുത്തി, ആ ദുർഘടഘട്ടത്തിൽ സഭയുടെ ഭാവിനടപടികളെക്കുറിച്ചു മൂന്നുപേരുംകൂടി ആലോചിച്ചു തീരുമാനിക്കണമെന്നു നിർദ്ദേശിച്ചു; തീരുമാനം അദ്ദേഹം സ്വീകരിക്കുന്നതാണെന്നു അറിയിച്ചു. റഹമാനി പാത്രിയർക്കീസിന്റെ കത്തു മാർ ദീവന്യാസ്യോസുതന്നെ തിരുമേനിമാരെ കാണിച്ചു സംസാരിച്ചു. കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ തിരുമേനിമാർ യോഗം കൂടി. സെക്രട്ടറിയായി മാർഈവാനിയോസ് പ്രവർത്തിച്ചു. അന്ത്യോക്യയുടെ കാനോനാകളും നടപടികളും അംഗീകരിക്കയും മലങ്കരയ്ക്കു സ്വദേശികളായ മേൽപ്പട്ടക്കാരെ തലമുറതലമുറയായി ലഭിക്കയും ചെയ്യത്തക്കവിധത്തിൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിന് വേണ്ട എഴുത്തുകുത്തുകൾ നടത്തുവാൻ സുന്നഹദോസ് മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തി. (Ibid).

www.malankaralibrary.com



5. റഹമാനിപാത്രിയർക്കീസ് അയച്ചുകൊടുത്ത കബ്ബാന തക്സാ മാർ ഗ്രീഗോറിയോസും മാർഈവാനിയോസും കൂടി തിരുവല്ലാപാലിയേക്കര ബഥനിപ്പള്ളിക്കുപടിഞ്ഞാറുവശമുള്ള ബഥനിഅച്ചടിശാലയിൽവെച്ചു പരിശോധിച്ചു. (Ibid p. 265)

.6 റഹമാനിപാത്രിയക്കീസിൻെറകത്തു മാർഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വായിക്കുകയും കാതോലിക്കാബാവായുമായി ആലോചിച്ചു മറുപടി അയയ്ക്കാൻ മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തുകയും ചെയ്തു. (Ibid)

7. മി. കെ. വി. ചാക്കോ, ഫാ. മാത്യൂസ് പാറേട്ടു (പിന്നീട മത്യൂസ് മാർഈവാനിയോസ്) എന്നിവരൊത്തു മാർഈവാനിയോസ് വാകത്താനത്തുപോയി കാതോലിക്കാബാവായെ സന്ദർശിക്കുകയും റഹമാനിപാത്രിയർക്കീസിൻെറ കത്തുകാണിച്ചുമറുപടിതയ്യാറാക്കുകയും ചെയ്തു. (Ibid p. 266) (മാർബസേലിയോസ്ദ്വിതീയൻകാതോലിക്കാ സ്വന്തം കൈപ്പടയിൽ തയ്യാറാക്കിയ പ്രസ്തുത മറുപടിക്കത്തിൻെറ ബ്ലോക്കും പരിഭാഷയും ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് എന്ന പുസ്തകത്തിൻെറ 286, 287 എന്നീ പുറങ്ങളിലുണ്ട്.)

8. പുനരൈക്യത്തിൻെറ ആവശ്യകതകാണിച്ചുകൊണ്ട് കുണ്ടറ അരമനയിൽനിന്നു മാർഗ്രിഗോറിയോസ് മെത്രാപ്പോലീത്താ 1102 ചിങ്ങം 15–ാം തീയതി മാർഇവാനിയോസിനു എഴുതി. (Ibid p. 268) ഈകത്തിൻെറ ബ്ലോക്കു ആർച്ചുബിഷപ്പു മാർഈവാനിയോസ് എന്ന ഗ്രന്ഥത്തിൽ (p. 268) കാണാവുന്നതാണ്.

9. പുനരൈക്യത്തക്കുറിച്ചു കാതോലിക്കാബാവായുമായിനടത്തിയ സംഭാഷണവിവരം ശ്രീ. കെ. വി. ചാക്കോ മാർഈവാനിയോസിനെഴുതുന്നു: " Bava assures that he is prepared to promote reunion with Rome

www.malankaralibrary.com



provided he is not asked to anethematize any of the fathers or abjure any part of the faith he holds." (പിതാക്കന്മാരിൽ ആരെയെങ്കിലും ശപിക്കുന്നതിനോ താൻസ്വീകരിക്കുന്ന വിശ്വാസത്തിൽ ഏതെങ്കിലും ഭാഗം പരിത്യജിക്കുന്നതിനോ ആവശ്യപ്പെടാത്തപക്ഷം റോമുമായുള്ളപുനരൈക്യത്തിനു താൻ സന്നദ്ധനാണെന്നു ബാവാ ഉറപ്പുനല്കുന്നു.) (Ibid p. 341)

ഈവസ്തുതകൾ എന്താണുവെളിപ്പെടുത്തുന്നത് ? മാർദിവന്യാസ്യോസ് പുനരൈക്യത്തെ അറിഞ്ഞു അംഗീകരിച്ചിരുന്നു. മററു മേൽപ്പട്ടക്കാർക്കും സമുദായപ്രമുഖർക്കും ഇക്കാര്യം അറിയാമായിരുന്നു. അന്നത്തെ സാഹചര്യം ഇതിനുപ്രേരിപ്പിക്കുന്നതായിരുന്നു. എങ്കിൽ, എന്തിനു മാർദീവന്യാസ്യോസ് തക്കസന്ദർഭത്തിൽ പുനരൈക്യത്തെ ചെറുത്തു ? അഭിപ്രായവ്യത്യാസത്തിലൂടെ തനിക്കും ആപ്തമിത്രത്തിനും മനോവേദന ഉളവാക്കാൻ എങ്ങനെ ഇടവന്നു?

4 — 7 — 1928 —ൽ ചീഫ് ജസ്ററീസ് ചാററ്ഫീൽഡിൻെറ സമുദായക്കേസ്സുവിധിയുണ്ടായി. മാർദീവന്യാസ്യോസിൻെറ മുടക്കു അസ്ഥിരപ്പെടുത്തിക്കൊണ്ടായിരുന്നു വിധി. മാർദീവന്യാസ്യോസ് സംതൃപ്തനായി; സമാധാനത്തിനും കീഴ്പ്പെടലിനും ഒരുങ്ങി; വിട്ടുവീഴ്ചകൾക്കു തയ്യാറായി; അടുത്തകാതോലിക്കായെ വാഴിക്കാതെ സമാധാനം സ്ഥാപിക്കാൻവരെ ഒരുങ്ങി. പുനരൈക്യാലോചനയിൽനിന്നു അങ്ങനെ പിന്തിരിയാനും ഇടയായി.

മുടക്കുഖഡ്ഗത്തിനിരയായതു വട്ടശ്ശേരിത്തിരുമേനിയത്രേ; കൂനിന്നുമേൽ കുരുവെന്നവണ്ണം കോടതിവിധി പ്രതികൂലമാകയുംചെയ്തു. അബ്രേംറഹമാനി എന്ന കത്തോലിക്കാപാത്രിയർക്കീസുമായി എഴുത്തുകുത്തുനടത്തിയതും അവിടന്നാണ്. പരുമലസൂന്നഹദോസിനു തിരുമേനിമാരെ

www.malankaralibrary.com



വിളിച്ചുകൂട്ടിയതും മററാരുമായിരുന്നില്ല. ഗുരുഭക്തിയാൽ നീതനായി ഏല്പിക്കപ്പെട്ടജോലി ആത്മാർത്ഥമായിനിർവ്വഹിക്കുക എന്നതുമാത്രമാണ് മാർഈവനിയോസ് ചെയ്തത്. പ്രേരിപ്പിച്ചുമുന്നോട്ടുതള്ളിയവരാണോ കാൽവാരിയത്? അതോ മുന്നോട്ടുവെച്ചപാദം പിൻവലിക്കാഞ്ഞവരോ? ചരിത്രം വിധിയെഴുതട്ടെ.!

## ഏടുത്തുചാട്ടമോ?

ഉത്തമബോധ്യം സമുദായത്തെ അംഗീകരിപ്പിക്കാമായിരുന്നല്ലൊ. തിടുക്കത്തിൽ സഭവെടിഞ്ഞതു നിർഭാഗ്യമായിപ്പോയി – മാർഈവാനിയോസിനെക്കുറിച്ചു ഇന്നു ഉയരുന്ന പരിദേവനമാണിത്. കാര്യം അറിയാതെയുള്ള സങ്കടംപറച്ചിൽ! അന്നത്തെമേൽപ്പട്ടക്കാരാരും ഇക്കാര്യം അറിയാതിരുന്നിട്ടില്ല; സമുദായനേതാക്കന്മാരുടെ ആലോചനയും സഹകരണവും ഉണ്ടായിട്ടുണ്ട്; ബഥനിപ്പള്ളികളിലൂടെ സാമാന്യജനങ്ങളും കാര്യമറിഞ്ഞിരുന്നു; ബഥനിസന്ന്യാസികളുടെ നിർബന്ധംതന്നെ ഉണ്ടായിരുന്നു.

1. 'ഗിരിദീപം' എന്ന മാർ ഈവാനിയോസിൻെറ ആത്മകഥാകഥനം സഭാമാററസംഭവത്തിനുമുമ്പുണ്ടായി. പുലിക്കോട്ടു ചേപ്പാട്ടു റമ്പാന്മാർ ചേർന്നു ''മലങ്കരസഭയുടെ കുഴൽകണ്ണാടി'' എന്ന കൃതിയും സമുദായസമക്ഷം എത്തിച്ചു. ബഥനിനീക്കത്തെപ്പററി അറിയാത്തവർ അന്നാരും മലങ്കരയിലുണ്ടായിരുന്നില്ല.

2. ബോധ്യത്തിൻെറ കുറവല്ല വട്ടശ്ശേരിത്തിരുമേനിയേയും ബസേലിയോസ് തൃതീയൻ കാതോലിക്കായേയും പിന്തിരിച്ചത്. പുനരൈക്യത്തിൻെറ വാതിൽക്കൽവരെ ബഥനിത്തിരുമേനിയെ എത്തിച്ചത് അവരാണ്. ഉറങ്ങുന്നവരെ ഉണർത്താം; ഉറക്കം നടിക്കുന്നവരെ പററുമോ?

3. പ്രതീക്ഷിച്ചുലഭിച്ച റോമയുടെ ഉദാരത ധിക്കരിക്കുന്നതിൻെറ ഭവിഷ്യത്തു വളരെയാണെന്നു ബഥനിജനയിതാവുകണ്ടു.

www.malankaralibrary.com



a, കണ്ടനാട്ടുയുവാക്കീം മാർ ഈവാനിയോസ്, മോറാൻ മാർ ബസേലിയോസ് ദ്വിതീയൻ കാതോലിക്കാബാവാ എന്നിവർ പുനരൈക്യം അഭിലഷിച്ചു; നടന്നില്ല; അവർക്കുണ്ടായ ആത്മവ്യഥ തനിക്കും ഉണ്ടാകും; അതുപാടില്ല.

b, പുനരൈക്യപരിശ്രമങ്ങൾ ഒന്നും രണ്ടുമല്ല പുത്തൻകൂർ നസ്രാണികൾ നടത്തിയത്. എല്ലാം പടിക്കലെത്തി കുടമുടഞ്ഞു. കിട്ടിയ സന്ദർഭം വിനിയോഗിക്കുന്നില്ലെങ്കിൽ തന്റെ വഴിയും പഴയതുപോലെ പാഴിലാകും. അതുണ്ടാവരുത്.

c. അഞ്ചലച്ചൻ, പുത്തൻപീടികയിലച്ചൻ എന്നിവർ ലത്തീൻ റീത്തിൽചേർന്നു; പയ്യമ്പള്ളിൽ ദാവീദച്ചനും മനയിൽ യാക്കോബു കത്തനാരും സീറോമലബാർ റീത്തിലും. അവരോടൊപ്പം ധാരാളം വിശ്വാസികളും ഉണ്ടായിരുന്നു. മലങ്കരറീത്തിനുവേണ്ടി അവർ കേഴുകയാണ്. ദൈവജനത്തിന്റെ ആ നിലവിളി ചെവിക്കൊള്ളാതിരിക്കുന്നത് ക്രൂരതായി മാർ ഈവാനിയോസ് കണ്ടു.

d, മലങ്കരസഭയുടെ ആധ്യാത്മികഉണർവ്വിനു അപരിത്യാജ്യമെന്നു കരുതിയത്രേ സന്ന്യാസീസമൂഹങ്ങളുടെ സ്ഥാപനം. അതിന്റെ വളർച്ചയ്ക്കു പററിയ മണ്ണും വളവും പുനരൈക്യം താമസിപ്പിച്ചാൽ ലഭിക്കുകയില്ല. അതുമൂലമുണ്ടാകുന്ന മുരടിപ്പു നികത്താവുന്നതല്ല.

e, യാക്കോബായ പാത്രിയർക്കീസും ഭരണക്കുടവും കാതോലിക്കായുടെയും കൂട്ടാളികളുടെയും പട്ടം അന്നുനിഷേധിച്ചിരിക്കുകയാണ്. മാർപ്പാപ്പാ പ്രസ്തുതപട്ടം അംഗീകരിക്കുന്നതാണു പററിയപ്രതിവിധി. ആ മഹാകാര്യമാണ് പുനരൈക്യത്തിലൂടെ സാധിക്കുന്നത്. മാർപ്പാപ്പാ അംഗീകരിക്കുന്ന പട്ടമെന്നതാണു പിൽക്കാലത്തു പ്രസ്തുത പട്ടം സാധൂകരിക്കുവാൻ കോടതിയെ പ്രേരിപ്പിച്ച പ്രധാനകാര്യം. മാർ ഈവാനിയോസിന്റെ പുനരൈക്യത്തിനു

www.malankaralibrary.com



അമാന്തമുണ്ടായെങ്കിൽ കാതോലിക്കായുടെ പട്ടത്വസാധൂകരണത്തിനും ഒരുപക്ഷേ കോടതിക്കും അമാന്തം ഉണ്ടാകുമായിരുന്നു.

f, കത്തോലിക്കാഐക്യം അഭിലഷിച്ച രണ്ടാം കാതോലിക്കാപുനരൈക്യത്തിന്റെ അനുവാദം വന്നപ്പോഴേക്കു കാലം ചെയ്തുകഴിഞ്ഞിരുന്നു. മൂന്നാംകാതോലിക്കാ ഐക്യത്തിനുവശപ്പെട്ടുമില്ല. കത്തോലിക്കാഐക്യത്തിലുള്ള ഒരു കാതോലിക്കായെ കിട്ടുന്നതിനുള്ള ഭാഗ്യം ഇക്കാലമത്രയും മലങ്കരയ്ക്ക ലഭിച്ചില്ല. കാതോലികഐക്യത്തിലുള്ള ഒരു മലങ്കരസഭയെങ്കിലും ഇന്നുണ്ടല്ലൊ. അതുസാധിതമായതു മാർഈവാനിയോസിന്റെ പുനരൈക്യംമൂലമാണ്.
അന്നത്തെ പുനരൈക്യം മാററിവെച്ചെങ്കിൽ മലങ്കരകത്തോലിക്കാസഭയ്ക്കുള്ള സാധ്യത സങ്കല്പത്തിൽ മാത്രമാകുമായിരുന്നു.

g, സാർവ്വത്രികകൂട്ടായ്മയുടെ ആവശ്യകതമനസിലാക്കാത്തവരാണ് സഭൈക്യം താമസിപ്പിക്കുന്നത്. സഭാചിന്തകനായ മാർഇവാനിയോസിനു അതുസാധിക്കമായിരുന്നില്ല.

''പത്രോസ് തലവനായുള്ള ശ്ലീഹന്മാരുടെ സമൂഹത്തെയാണ് നമ്മുടെകർത്താവു പുതിയഉടമ്പടിയുടെ എല്ലാനിക്ഷേപങ്ങളും ഏല്പിച്ചിരിക്കുന്നതെന്നു നാം വിശ്വസിക്കുന്നു. ഇതു ക്രിസ്തുവിന്റെ ഏകശരീരത്തെ ഭൂമിയിൽ കെട്ടിപ്പടുക്കാനാണ് ........... ''ദൈവജനം'' എന്ന നാമത്തിനു പാത്രമായിട്ടുള്ളവരെല്ലാം ഇതിനോടു പൂർണ്ണമായി ഐക്യം പ്രാപിച്ചിരിക്കണം.'' (ഏക്യു 3)

www.malankaralibrary.com

# വീക്ഷിക്കപ്പെടുന്ന സഭാസമൂഹം

## 1. വിടവു ഇനിയും വളർത്തരുതേ

''അകലം വളർത്തരുത്, അടുക്കാൻനോക്കാം'' എന്നത്രേ കേരളത്തിലെ അകത്തോലിക്കരുടെ ആവലാതി. ഇതാ ഒരു പ്രസ്താവന: ''പുനരൈക്യനാളുകളിൽ മലങ്കര കത്തോലിക്കാവൈദികർ തൊപ്പി ഉപേക്ഷിച്ചു. അതുപോലെതന്നെ താടി നിർബന്ധമില്ലെന്നായി. വൈദികരുടെ ബ്രഹ്മചര്യത്തിൽ തിരഞ്ഞെടുപ്പിനുള്ള അവകാശമില്ലെന്നുവന്നു. നമ്മുടെ പാരമ്പര്യത്തിനന്യമായ ഒത്തിരി ഭക്താഭ്യാസങ്ങൾ മലങ്കരകത്തോലിക്കർക്കുണ്ട്. ഇപ്രകാരമുള്ള അകലങ്ങൾ വർദ്ധിപ്പിക്കാതെ അടുക്കുവാനുള്ളമാർഗ്ഗം എത്രയുംവേഗം ആരായാം.'' (ഐ. ദീ. സെപ്റ്റം. 1966, p. 29) മുളന്തുരുത്തി ഓർത്തഡോക്സുപള്ളിവികാരി ഇടപ്പാങ്ങാട്ടിൽ ഫാ. കെ. ജെ. കുറിയാക്കോസ് ആണ് ഇങ്ങനെ എഴുതുന്നത്. ഐക്യദാഹമത്രേ പ്രസ്താവത്തിനുപ്രേരകം. മലങ്കരകത്തോലിക്കാസമൂഹത്തെ സസൂക്ഷ്മം വീക്ഷിക്കുന്നവർ അനവധിയാണ്. സമൂഹത്തിനു അകത്തും പുറത്തുമുള്ള സഭാസ്നേഹികളുടെ വീക്ഷണദൃഷ്ടി ഇവ്വിധം ഉയരുന്നുണ്ട്. ആരാധനക്രമം, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, നിയമസംഹിത എന്നീകോണുകളിലേക്കാണു നിരീക്ഷണം തിരിയുന്നത്. നിയോഗശുദ്ധി സംരക്ഷിക്കപ്പെടണമെന്നുണ്ടെങ്കിൽ പ്രസ്ഥാനം ഇത്തരം അഭിപ്രായപ്രകടനങ്ങളിൽ ചെവി അടയ്ക്കുവാൻ പാടില്ലാത്തതാണ്.

കിഴക്കുംപടിഞ്ഞാറുമുള്ള ക്രൈസ്തവർ ഇനിയും അടുക്കണം. പിതൃസ്വത്തു അറിഞ്ഞുആദരിക്കൽ അതിനുസഹായകമാകുമെന്നു വത്തിക്കാൻ പ്രമാണരേഖപറയുന്നു: ''പൗരസ്ത്യസഭകളുടെ സമൃദ്ധിയാർന്ന ആരാധനാപരവും ആദ്ധ്യാത്മികവുമായ പിതൃസ്വത്തു എല്ലാവരും അറിയണം; ആദരിക്കണം; കാത്തുസൂക്ഷിക്കുകയും പോററി

www.malankaralibrary.com



വളർത്തുകയുംവേണം. പൂർണ്ണമായ ക്രിസ്തീയപാരമ്പര്യത്തെ വിശ്വസ്തതാപൂർവ്വം സംരക്ഷിക്കാനും കിഴക്കും പടിഞ്ഞാറുമുള്ള ക്രൈസ്തവർതമ്മിൽ ഐക്യം കൈവരുത്താനും ഇതനുപേക്ഷണീയമായ ആവശ്യമാണെന്നവർ മനസ്സിലാക്കണം.'' (എക്യു. 15 (5) )

## 2. പാത്രിയർക്കാ സിംഹാസനത്തിനുവേണ്ടി

1979-ൽ 49-ാമതു പുനരൈക്യവാർഷികത്തോടു അനുബന്ധിച്ചു കൊട്ടാരക്കരവെച്ചുനടത്തിയ സിംപോസിയത്തിൽ അവതരിപ്പിച്ച ശ്രീ. വറുഗീസ് കരിപ്പായിയുടെ പ്രബന്ധത്തിൽ ആവശ്യപ്പെട്ടു:

''മലങ്കരസഭയുടെ പാരമ്പര്യം സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും മലങ്കരസഭയ്ക്കു ഒരു പാത്രിയർക്കാ സിംഹാസനമോ മഫ്രിയാനാ സ്ഥാനമെങ്കിലുമോ ഉണ്ടായിരിക്കേണ്ടതാണ്. മലങ്കരഹയരാർക്കിക്കു പൊതുവായ ഒരു നേതൃത്വമില്ലാതെ ഓരോരൂപതയും സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഇന്നത്തെ സ്ഥിതിവിശേഷം പാരമ്പര്യത്തിനു വിരുദ്ധംകൂടിയാണ്. ഒരു സിരാകേന്ദ്രം മലങ്കരസഭയ്ക്കു കൂടിയേതീരു''

ഈആശയംതന്നെ റവ. ഡോക്ടർ ആന്റെണി വലിയവിളയിലും നല്കുന്നുണ്ട്.

''മലങ്കരകത്തോലിക്കാസഭയുടെ ഹയരാർക്കി അതിന്റെ പൂർണ്ണതപ്രാപിക്കണമെങ്കിൽ പാത്രിയർക്കീസിന്റെ അധികാരങ്ങളുള്ള കാതോലിക്കായും പാത്രിയാർക്കൽ അധികാരങ്ങളുള്ള സിനഡും നിലവിൽവരണം. ഇത്തരത്തിലുള്ള ഒരു സ്വയാധികാരസ്വഭാവമാണ് മലങ്കരസഭയ്ക്കുണ്ടായിരുന്നതു എന്നു പൗരസ്ത്യം സാക്ഷിക്കുന്നു.'' (ഐ. ദീ. സെപ്ററം. 1996 p. 38)

www.malankaralibrary.com



സഭയിലെ സിനഡൽഭരണക്രമം പരാമർശിക്കവേ റവ. ഡോക്ടർ ഗീവറുഗീസ് പണിക്കർ പറയുന്നു: ''മലങ്കര കത്തോലിക്കാസഭയുടെ ഇന്നത്തെ ഭരണസമ്പ്രദായം ഇതുവരെയും പൗരസ്ത്യസഭകളുടെ ഭരണസമ്പ്രദായപാരമ്പര്യങ്ങൾക്കു അനുയോജ്യമായ ഒന്നായിതീർന്നിട്ടില്ല. ഈസഭയ്ക്കു ''സിനഡൽ'' ഭരണഘടന ഉണ്ടാക്കുവാൻ ഇനിയും കാത്തിരിക്കേണ്ടിയിരിക്കുന്നു. ഇടവകതലത്തിലും ഭദ്രാസനതലത്തിലും സഭയുടെ പൊതുവായ തലത്തിലുള്ള മാററങ്ങൾ വേണമെന്നു പൗരസ്ത്യസഭകൾക്കായുള്ള കാനൻനിയമം പ്രസ്താവിക്കുന്നുണ്ട്. അതുപ്രായോഗികമാക്കിത്തീർക്കുവാനുള്ള പരിശ്രമം പ്രധാനമായും മലങ്കരസഭയിലെമെത്രാന്മാരിൽനിന്നും പ. സിംഹാസനത്തിൽനിന്നുമാണ് ഉണ്ടാകേണ്ടത്. അതു ആവശ്യമാണെന്നുള്ളബോധം മലങ്കരകത്തോലിക്കാസഭയിലെ വൈദികർക്കും വിശ്വാസികൾക്കും ഉണ്ടാകണം. എങ്കിൽമാത്രമേ വേണ്ടതായ മാററങ്ങൾ ത്വരിതപ്പെടുത്താൻ സാധിക്കുകയുള്ളു.'' (ഐ. ടി. മെയ് 1996 p. 10)

ഫാ. ഡോമിനിക്കു സക്കറിയാ 1980 - ൽ പറഞ്ഞു; ''മലങ്കര ഓർത്തഡോക്സുസഭ ഒന്നാകെയാണ് പുനരൈക്യാലോചന ആരംഭിച്ചതെങ്കിലും ഭരണം നിയന്ത്രിച്ചിരുന്ന കാതോലിക്കായും മലങ്കരമെത്രാപ്പോലീത്തായും അതിൽനിന്നു പിൻവാങ്ങിയതുകൊണ്ടു കാതോലിക്കായുടെ കീഴിലുള്ള സിനഡൽ ഭരണക്രമം അനുവദിക്കുകയെന്ന പ്രശ്നത്തിൽ നിന്നു റോം ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. അതോടെ മലങ്കരസഭയിൽ നിലവിലിരുന്ന യാതൊരു ഭരണസമ്പ്രദായവും തുടരുവാൻ മലങ്കരകത്തോലിക്കാസഭയ്ക്കു സാധിച്ചില്ലെന്നതാണു യാഥാർത്ഥ്യം.'' (21 - 2 - 1980 - ൽ തിരുവല്ലാ ശാന്തിനിലയത്തിൽ നടത്തിയ സിംപോസിയത്തിൽ അവതരിപ്പിച്ച പ്രബന്ധങ്ങൾ pp. 58 - 59)

www.malankaralibrary.com

## 3. രൂപതകളും മെത്രാന്മാരും ഇത്രമതിയോ!

''മലങ്കര കത്തോലിക്കാസഭയുടെ വ്യക്തിത്വം'' എന്ന പുസ്തകത്തിൽ ഫാ. സിൽവസ്റ്റർ കാഞ്ഞിരമുകളിൽ ഒ. ഐ. സി. എഴുതുന്നു: ''1978-ൽ ബത്തേരിരൂപത രൂപമെടുക്കുന്നതുവരെയുള്ള നാൽപത്തെട്ടുവർഷം രണ്ടുരൂപതകൾ കൊണ്ടുമാത്രം തൃപ്തിപ്പെടേണ്ടിവന്ന വസ്തുത ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്. രൂപതകളിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അങ്ങനെ മലങ്കരസഭയുടെ വളർച്ചയ്ക്കും ഉന്നതിക്കും പര്യാപ്തമാകുന്നതിനും രൂപതാവിഭജനം തീർച്ചയായും ഇന്നിന്റെ ഒരാവശ്യമാണു. അങ്ങനെ കൂടുതൽ രൂപതകളും മെത്രാന്മാരും ഉറപ്പുവരുത്തിക്കൊണ്ടു സ്വയം ഭരണസംവിധാനത്താൽ അധിഷ്ഠിതമായ സിനഡിനുവേണ്ടി ഒരുക്കങ്ങൾ ചെയ്യുവാൻ ശ്രമിക്കുന്നതുനന്നായിരിക്കും'' (P. 117)

ഈസ്വരം നേരത്തെതന്നെ കേട്ടുതുടങ്ങിയതാണു. 1978-ൽ പ്രസിദ്ധീകൃതമായ മെത്രാഭിഷേകസൂവനീറിൽ വെ. റവ. ഡോ. ഏബ്രഹാം കാക്കനാട്ടു എഴുതി: ''നമ്മുടെ സഭയുടെ പൊതുവായ ലക്ഷ്യങ്ങളേയും മാർഗ്ഗങ്ങളേയും സംബന്ധിച്ചു ഒരുമിച്ചു ആലോചിക്കാനും തീരുമാനിക്കാനും ഒററക്കെട്ടായി പ്രവർത്തിക്കാനും നമുക്കു ഒരു മെത്രാന്മാരുടെ സിനഡു ഉണ്ടാകേണ്ടതു അത്യന്താപേക്ഷിതമാണു. ഇനിമുതൽ K. C. B. C. യിലും C. B. C. I. യിലും പൗരസ്ത്യസംഘത്തിലും മററു ഔദ്യോഗികവേദികളിലും വ്യക്തിഗതങ്ങളായ അഭിപ്രായങ്ങളേക്കാൾ ഒരുമെത്രാൻ സംഘത്തിന്റെ കൂട്ടായ സ്വരമായിരിക്കും കേൾക്കുക. ഊഹാപോഹങ്ങൾ ശരിയാണെങ്കിൽ തിരുവനന്തപുരം അതിരൂപതയ്ക്കും പുതിയരൂപതകളും പുതിയ മെത്രാന്മാരും ഉണ്ടാകുവാൻ പോകുന്നു ...... മാർ പീലക്സിനോസ് തിരുമേനിയുടെ പുനരൈക്യത്തോടുകൂടി തൃശൂരും സമീപപ്രദേശങ്ങളിലും അക

www.malankaralibrary.com



ത്തോലിക്കാ സഹോദരങ്ങളുടെ ഇടയിൽ ഒരു ചലനം ഉണ്ടായിട്ടുണ്ട്. ചുരുങ്ങിയസമയംകൊണ്ടു ആഭാഗത്തു അനേകം മിഷൻ കേന്ദ്രങ്ങൾ തുറക്കാൻ നമുക്കുസാധിച്ചിട്ടുണ്ട്. വളരെ അടുത്തഭാവിയിൽ ആഭാഗത്തു പുതിയൊരു രൂപത സ്ഥാപിച്ചു കിട്ടാൻ സാധ്യതയുണ്ട്. കേരളസഭയിൽ മാത്രമല്ല ആഗോളസഭയിലും നമ്മൾ ശ്രദ്ധിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും വേണമെങ്കിൽ ഇത്തരത്തിലുള്ള വളർച്ച കൂടിയേ തീരൂ.

.... ......മുഖ്യമായും കേരളത്തിലൊതുങ്ങിനിൽക്കുന്ന മലങ്കരകത്തോലിക്കാസഭ ഇന്നത്തെ അതിർത്തികൾക്കപ്പുറവും വളരേണ്ടിയിരിക്കുന്നു. ഉത്തരേന്ത്യൻ നഗരങ്ങളിലും ഗൾഫുരാജ്യങ്ങളിലും ജോലിക്കായി താമസിക്കുന്ന മലങ്കര മക്കൾ നമ്മുടെ സ്വന്തം പള്ളികൾക്കും ആധ്യാത്മികസേവനത്തിനുംവേണ്ടി മുറവിളികൂട്ടാൻ തുടങ്ങിയിട്ടു അനേക വർഷങ്ങളായി. സുവിശേഷവൽക്കരണത്തിനു നമ്മുടെ കർത്താവും സഭയും തന്നിട്ടുള്ള കല്പന നിലനിൽക്കുമ്പോൾ ഏതാനും നിക്ഷിപ്ത താല്പര്യക്കാരെഭയന്നു നാം മാറിനിൽക്കുകയാണെങ്കിൽ ചരിത്രം നമ്മെ കുററംവിധിക്കുമെന്നുതീർച്ച. ഒരുകാലത്തു നമ്മുടെസഭയുടെ ഊർജ്ജസ്വലത അളക്കുന്ന മാനദണ്ഡമായിരിക്കും നമ്മുടെ വിദേശമിഷനുകൾ.'' (ഐസക് മാർയൂഹാനോൻ, സിറിൽ മാർബസേലിയോസ് എന്നീ തിരുമേനിമാരുടെ മെത്രാഭിഷേകസുവനീർ, 1978 p. 14 )

1984 - ൽ ശ്രീ. എം. വി. മത്തായി മാലിയിൽ, തിരുവനന്തപുരം ഡോ. കാക്കനാട്ടിൻെറ പ്രസ്താവനയെ പൂരിപ്പിച്ചുകൊണ്ടു എഴുതി; ''....... പതിനാറുവർഷമായി റവ. ഡോ. ഏബ്രഹാം കാക്കനാട്ടു ആ ലേഖനം എഴുതിയിട്ട്. ആ ഊഹാപോഹങ്ങൾ ഇന്നും ഊഹങ്ങളും അപോഹങ്ങളുമായിതന്നെ നിലകൊള്ളുകയാണ്. അറുപത്തിനാലുവർഷം കഴിഞ്ഞിട്ടും മൂന്ന ഭദ്രാസനങ്ങൾകൊണ്ടു

www.malankaralibrary.com



തൃപ്തിപ്പെടേണ്ടിവന്നിരിക്കുന്നു. കേരളത്തിലെ സീറോ മലബാർസഭ കഴിഞ്ഞ അരനൂററാണ്ടുകൊണ്ടു ഇന്ത്യയിലാകെ പടർന്നുപന്തലിച്ചുകഴിഞ്ഞു. പുതിയരൂപതകറം സ്ഥാപിച്ചും ഉള്ളതിനെ പലതായി വിഭജിച്ചുമാണ് ഈ നേട്ടങ്ങറം കൈവരിച്ചത്. യാക്കോബായ, ഓർത്തഡോക്സ്, മാർത്തോമ്മാ, സി. എസ്. ഐ. മുതലായവയും ചെറിയരൂപതകറം സ്ഥാപിച്ചു അവരുടെ പ്രവർത്തനം വ്യാപിപ്പിച്ചു.''

ബത്തേരിരൂപതകൊണ്ടുണ്ടായനേട്ടവും ലേഖകൻഎടുത്തുപറയുന്നുണ്ട്. ''ബത്തേരിഭദ്രാസനം 1978 – ൽ തുടങ്ങിക്കഴിഞ്ഞു 16 വർഷങ്ങറംകൊണ്ടുണ്ടായ പുരോഗതി അത്ഭുതകരമാണ്. അതുനേരത്തെ വിഭജിച്ചുകൊടുത്തിരുന്നെങ്കിൽ വമ്പിച്ച നേട്ടങ്ങറം കൈവരിക്കാമായിരുന്നു എന്നാണ് ഇപ്പോറം എല്ലാവരും അഭിപ്രായപ്പെടുന്നത്.'' (മാർഈവാനിയോസിൻെറ പുനരൈക്യം എന്ത്? തിരുവനന്തപുരം 1984.)

സാമ്പത്തികപരാധീനത കാരണംപറഞ്ഞു രൂപതാസ്ഥാപനവും രൂപതാവിഭജനവും അമാന്തിപ്പിക്കുന്നത് ആത്മഹത്യാപരമെന്നത്രേ ലേഖകൻെറ അഭിപ്രായം.

### 4. അല്മായ വൈദീക പങ്കാളിത്തം

1978 - സെപ്ററംബറിൽ റാന്നിയിൽവെച്ച് പുനരൈക്യവാർഷികം നടത്തപ്പെട്ടു. അതിനു അനുബന്ധമായി കൂടിയ സിംപോസിയത്തിൽ ശ്രീ. പി. എം. ചെറിയാൻ & ജോർജു ചെറിയാൻ ചേർന്ന അവതരിപ്പിച്ച പ്രബന്ധം ''സഭാജീവിതത്തിൽ വൈദിക അല്മായ പങ്കാളിത്തം'' എന്നതായിരുന്നു. അതിൽ പറയുന്നു; ''കേരളത്തിലെ യാക്കോബായ ഓർത്തഡോക്സ്സഭാംഗങ്ങറം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതുമൂലം അവർക്കു എന്തെങ്കിലും നഷ്ടമുണ്ടാകുന്നോ എന്ന ചോദ്യം പുനരൈക്യചിന്തയോളം തന്നെ പഴക്കമുള്ളതാണ്. ഓർത്തഡോക്സ്

www.malankaralibrary.com



സഭയിൽ അല്മായർ അനുഭവിച്ചിരുന്ന മെത്രാന്മാരെ തെരഞ്ഞെടുക്കുന്നതുംപ്പെടെയുള്ള അധികാരാവകാശങ്ങൾ കത്തോലിക്കാസഭയിൽ ലഭിക്കുന്നില്ല എന്നതു പ്രകടമായ ഉത്തരമാണ്.'' (P. I.)

അതേപ്രബന്ധം 3–ാംപേജിൽപറയുന്നു: ''സാർവ്വത്രികസഭയോടുള്ള ഐക്യപ്രാപ്തിയോടുകൂടി ഓർത്തഡോക്സുസഭയിൽ നമ്മുടെ അല്മായർ അനുഭവിച്ചുപോന്ന അധികാരങ്ങളും മററുചില വൈപരീത്യകങ്ങളും നാം ബലികഴിച്ചിട്ടുണ്ടെങ്കിൽ അവ വീണ്ടെടുക്കാനുള്ളസമയം ഇനിയും അതിക്രമിച്ചിട്ടില്ല.''

ഇതേഅവകാശവാദം ശ്രീ എം. വി. മത്തായി മാലിയിൽ ശാസ്തമംഗലം, തിരുവനന്തപുരം ഉയർത്തുന്നു: ''പാശ്ചാത്യസഭകളെ അപേക്ഷിച്ചു മലങ്കരസഭയ്ക്കു ഒരുപാരമ്പര്യമുണ്ടു്. ജനായത്തഭരണരീതി, അധികാരവികേന്ദ്രീകരണം, മേലധ്യക്ഷന്മാരെതിരഞ്ഞെടുക്കുന്നവിധം ഇവയെല്ലാംഅതിൽ പെടുന്നു. അതേപാരമ്പര്യംപുലർത്തേണ്ട മലങ്കരകത്തോലിക്കാസഭയിൽ അല്മായപ്രതിനിധികൾക്കോ വൈദികർക്കോ ഈവക കാര്യങ്ങളിൽ യാതൊരുകർത്തവ്യവും അവകാശവും ഇല്ലാത്തരീതിയിലുള്ള പ്രവണതയാണുകാണുന്നത്. ഈപാരമ്പര്യത്തിനു പ്രതികൂലമാണോ കത്തോലിക്കാസഭയുടെ അനുശാസനങ്ങൾ?'' (മാർഈവാനിയോസിൻെറ പുനരൈക്യപ്രസ്ഥാനം, ഒരുഅവലോകനം (ലഘുലേഖ) തിരുവനന്തപുരം 1977, P.8)

### വത്തിക്കാൻപ്രമാണരേഖകൾ അല്മായൻെറസ്ഥാനം ഉയർത്തിക്കാട്ടുന്നു.

''ക്രിസ്തുവിൻെറ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലുംരാജത്വത്തിലും പങ്കുകാരാണു അല്മായർ. അതുകൊണ്ടുഅവർക്കുസഭയുടെ ജീവിതത്തിലും പ്രവർത്തനത്തിലും അവരുടേതായ പങ്കു സജീവമായി നിർവ്വഹിക്കുവാ

www.malankaralibrary.com



നുണ്ട്. ഇടയന്മാരുടെ പ്രേഷിതപ്രവർത്തനം പൂർണ്ണമായി ഫലമണിയാൻ അല്മായരുടെ പ്രവർത്തനവുംകൂടി വേണം. അത്രയ്ക്ക അവശ്യഘടകമായിട്ടുണ്ട് സഭാസമൂഹങ്ങളിൽ അവരുടെപ്രവർത്തനം''
(അല്മായപ്രേഷിതത്വം 10)

ശിരസ്സായ ക്രിസ്തുവിനോടുള്ള ഐക്യത്തിൽ നിന്നാണു അല്മായർക്കു പ്രേഷിതജോലിക്കുള്ളകടമയും അവകാശവും ഉത്ഭവിക്കുന്നത്. ജ്ഞാനസ്നാനം വഴി തൻെറമൗതികശരീരത്തോടു യോജിപ്പിച്ചുകൊണ്ടും സൈ്ഥര്യലേപനംവഴി പരിശുദ്ധാരൂപിയുടെ ശക്തിയാൽ ബലപ്പെടുത്തിക്കൊണ്ടും കർത്താവുതന്നെയാണു അവരെ പ്രേഷിതപ്രവർത്തനത്തിനു ഏർപ്പെടുത്തിയിരിക്കുന്നത്. എല്ലാപ്രവൃത്തികളുംവഴി ആത്മീയബലികളർപ്പിക്കാനും ലോകമെങ്ങും ക്രിസ്തുവിന സാക്ഷ്യം വഹിക്കാനും വേണ്ടി അവർ രാജകീയപൗരോഹിത്യത്തിലേക്കും വിശുദ്ധജനമെന്ന പദവിയിലേക്കും അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു ( 1 പത്രോ. 2: 4-10 ) (അല്മായപ്രേഷിതത്വം 3 ''

## 5. ആരാധനാക്രമപരിഷ്കരണം

ആരാധനാക്രമത്തിൻെറ പിതൃസ്വത്ത് കൈകാര്യം ചെയ്യുന്നതിലുള്ള അനവധാനതയെപ്പററി റവ. ഡോക്ടർ ഗീവറുഗീസ് പണിക്കാർ എഴുതുന്നു: ''65 വർഷങ്ങൾക്കകത്തു അനേകംപ്രാവശ്യം ആരാധനാക്രമപുസ്തകങ്ങൾ പലവിധത്തിലാക്കി പ്രകാശനം ചെയ്തിട്ടുണ്ട്. വല്ലാത്ത കുഴപ്പങ്ങളും വൈകല്യങ്ങളും അതുകൊണ്ടുണ്ടായിട്ടുണ്ട്.''
(ഐ. ഠീ. മെയ് 1996, p. 10.)

അനുപേക്ഷണീയതയെ മറന്നുകൊണ്ടുള്ള പരക്കംപാച്ചിലിനോടു ആ സഭാസ്നേഹിക്കു പ്രതിഷേധമുണ്ട്: '' മലങ്കരകത്തോലിക്കാസഭയുടെ ആരാധനാക്രമത്തിൻെറ വൈശിഷ്ട്യവും മേന്മയും മഹിമയും അറിയുവാനും

www.malankaralibrary.com



അനുഭവിക്കുവാനും ഗ്രഹിക്കുവാനും വൈദികരോ അല്പമായരോ വ്യക്തിപരമായോ സഭാപരമായോ കാര്യമായി പരിശ്രമിച്ചിട്ടില്ല. മലങ്കരസഭ ചെയ്യേണ്ട അത്യാവശ്യകാര്യം ഇതാണ്. രൂപതാതലത്തിലോ സന്ന്യാസതലത്തിലോ പോലും ഇതിനുവേണ്ടി ഒരുപ്രവർത്തനം ഇതുവരെ ഉണ്ടായിട്ടുള്ളതായി അറിവില്ല. പല പ്രോജക്ടു ''കളുടെയും സാമൂഹ്യപരിപാടികൾക്കുവേണ്ടിമാത്രം നാം പ്രയത്നിക്കുകയാണ് എന്നുതോന്നും. ഏററവും അത്യാവശ്യവും നമുക്കുമാത്രം ചെയ്യാവുന്നവയുമായ പ്രവർത്തനം നമ്മൾ ഉപേക്ഷിക്കുന്നു; പകരം അടിയന്തരമല്ലാത്തതും അല്പമാത്രം ശ്രദ്ധിക്കേണ്ടതുമായ തലങ്ങളിലേക്കു വഴുതിവീഴുന്നു. അതുകൊണ്ടു മലങ്കരകത്തോലിക്കാസഭയ്ക്കു അതിൻെറ പൈതൃകത്തിൽനിന്നു ലഭ്യമാകേണ്ട ശക്തിയാർജ്ജിച്ചു സഭാകൂട്ടായ്മയുടെ ഉൾക്കരുത്തുപ്രകടമാക്കി വളരാൻ സാധിക്കാതെവന്നിട്ടുണ്ട്. നമ്മുടെ ഇപ്പോഴുള്ള ''പ്രോജക്ടു''കളും പദ്ധതികളും നടപ്പാക്കാൻ നാം മലങ്കരകത്തോലിക്കാസഭയുടെ അംഗമായിരിക്കണമെന്നില്ല.'' (Ibid)

### 6. ആരാധനാക്രമവും ഭക്താനുഷ്ഠാനവും

ആരാധനാക്രമത്തിലുള്ളതാഴ്ച ഭക്താനുഷ്ഠാനങ്ങൾ കൊണ്ടു നികത്താവുന്നതല്ലെന്നു ഉറപ്പിച്ചുപറയുന്നതിനും ഡോക്ടർ ഗീവറുഗീസ് പണിക്കർ മടിക്കുന്നില്ല. ''ദൈവികജീവൻ ജനിക്കുന്നതിനും നിലനിൽക്കുന്നതിനും പൂർണ്ണതപ്രാപിക്കുന്നതിനും - യേശുക്രിസ്തുവിൻെറ പൂർണ്ണത അനുസരിച്ചുള്ള പക്വതപ്രാപിക്കുന്നതിനും ഉള്ള ഏകവഴി ആരാധനാക്രമാഘോഷമാണ്. അതുവഴി ഉണ്ടാവുന്നത് ത്രീത്വാനുഭവവും ക്രിസ്ത്വനുഭവവും പവിത്രാത്മാനുഭവവും സഭാനുഭവവും ആണെന്നുള്ളതു ഓർക്കേണ്ടതുണ്ട്. ഈഅനുഭവത്തെ സഹായിക്കുകമാത്രമാണ് ഭക്താനുഷ്ഠാനങ്ങൾ ചെയ്യുന്നത്. അതിനുസഹായിക്കാത്തതോ അതിനുവിഘാതമായിവരുന്നതോ ആയഭക്താനുഷ്ഠാനങ്ങളെ

www.malankaralibrary.com



ഉപേക്ഷിക്കേണ്ടതുമുണ്ട്. ഏതെങ്കിലും ഒരുഭക്താനുഷ്ഠാനം ഉത്തമമായ ആരാധനക്രമാഘോഷാനുഭവത്തിൽനിന്നും നമ്മെ വ്യതിചലിപ്പിക്കുന്നുണ്ടെങ്കിൽ അതുവേണ്ടെന്നു വെക്കുകയാണാവശ്യം. മിശിഹായുടെ സഭയോടുള്ള ഒരുവൻെറ സ്നേഹത്തിൻെറ അളവനുസരിച്ചാണ് മനോഹരമായ നമ്മുടെ ആരാധനക്രമം മനസ്സിലാക്കേണ്ടത്; അതു അർഹമാംവിധം ആഘോഷിച്ചു ആ അനുഭവംവഴി മലങ്കര സഭാപൈതൃകത്തിൻെറ ഉറംക്കരുത്തു നാം വീണ്ടെടുക്കേണ്ടത്. എങ്കിൽമാത്രമേ നാം ഒരുവ്യക്തിഗതസഭയായി ''ആരാധിക്കുന്നസംഘ''മായിത്തീരുകയുള്ളു.'' (Ibid)

ആരാധനാക്രമത്തിലെ പലതും തട്ടിക്കളഞ്ഞിട്ടു നൂതനതയ്ക്കുവേണ്ടിയുള്ള പ്രവണതയുണ്ടാകാം. അതിനെക്കുറിച്ചു ശ്രീ. എം. ററി. ജോബ്, അയ്യൻകുളങ്ങര എഴുതുന്നു: ''കത്തോലിക്കാവിശ്വാസികളിൽനിന്നു ആരാധനാക്രമത്തിലെചിലതെല്ലാം വഴുതിപ്പോകുമ്പോഠം പലതും നുഴഞ്ഞുകയറുന്നുമുണ്ട് ........... ബൈബിറംകൺവൻഷൻ, ആരാധന, കുടുംബപ്രാർത്ഥന, പ. കുർബാനതുടങ്ങി കൂദാശകളും അനുഷ്ഠാനങ്ങളും കത്തോലിക്കായാക്കോബായസഭകളിൽ പുരാതനകാലംമുതൽക്കേ നിലനിന്നുകാണുന്നുണ്ട്. എന്നാൽ ഇതിൽനിന്നൊക്കെവ്യത്യസ്തമായി പെന്തിക്കുസ്തിസഭകളിൽമാത്രം കണ്ടുവരുന്ന - ഇടക്കാലത്തുവെച്ചു കത്തോലിക്കാസഭകളിൽ കയറിക്കൂടിയ - പ്രതിഭാസമാണല്ലോ കരിസ്മാററിക്കപ്രസ്ഥാനം.'' (ഐ. ദീ. ഒക്ടോ. 1996 p. 4)

ലോകംമുഴവൻപടർന്നിട്ടുള്ള ഒരുണർവ്വുസംരംഭമാണല്ലൊ കരിസ്മാററിക്പ്രസ്ഥാനം. ആരോപണക്കാരനു ഇതുമനസ്സിലായിട്ടില്ലായിരിക്കുമോ? പരിശുദ്ധാത്മനടത്തിപ്പിനെക്കുറിച്ചുള്ള അവബോധം ഏവർക്കംവേണ്ടതല്ലേ? തിരുവചനധ്യാനം പ്രോത്സാഹിപ്പിക്കപ്പെടുന്നതിൽ എന്താണുകുഴപ്പം? ഭക്തഗാനങ്ങളുടെ അകമ്പടി ആരെയാണു ആകർഷിക്കാത്തത്? ദൈവസ്തുതിപാടലും ആത്മീയ

www.malankaralibrary.com



സൗഖ്യലബ്ധിയും ആശാവഹമെന്നതിനു എന്താണുസംശയം! മലങ്കരആരാധനയുടെ ഈടുവെപ്പിൽ ഇവയ്ക്കെല്ലാം സ്ഥാനമുണ്ടല്ലോ. പിന്നെന്തിനു എതിർക്കണം? എല്ലാദൈവാലയങ്ങളിലും പരിശുദ്ധാത്മശക്തിയാൽ ഇതെല്ലാം ഉത്തേജിപ്പിക്കുന്നതിനല്ലേ നോക്കേണ്ടത്? എന്നാൽ ഒന്നുണ്ട്. ഇതിനുവേണ്ടി ആദ്ധ്യാത്മികമുത്തുകൾ എന്നുവിശേഷിപ്പിക്കാവുന്ന നമ്മുടെ ആരാധനയിലെ അനർഘരത്നങ്ങൾ ഉപേക്ഷിക്കാവുന്നതല്ല. ഇത്തരംവഴുതിപ്പോക്കു ഉണ്ടാകുന്നുണ്ടോഎന്ന സൂക്ഷ്മശോധനവേണ്ടതാണ്. നമ്മുടെ ആരാധനാവത്സരത്തിൻെറ സവിശേഷതയ്ക്കു മങ്ങൽവരുത്തിക്കൂടാ. പീഡാനുഭവആഴ്ചയിലെ അനുഷ്ഠാനങ്ങളും വലിയനോമ്പിലെ പ്രാർത്ഥനാദികളിലുള്ള ശുഷ്കാന്തിയും നമ്മുടെ വലിയസമ്പത്താണ്. അതിൽ കിഴിവുവരുന്നുണ്ടോഎന്നുനോക്കണം. ഈസ്ററർ, ക്രിസ്മസ്, പെന്തിക്കുസ്തി, ദനഹാ തുടങ്ങിയ പെരുന്നാളുകളിലെ നമ്മുടെ ശുശ്രൂഷകൾ വിലപിടിച്ചവയാണ്. അതിൻെറ നിർവ്വഹണത്തിൽ ഉദാസീനത കടന്നുകൂടുന്നുണ്ടോ എന്നു ശോധനചെയ്യണം. കൂദാശകളേയും അവയുടെ പരികർമ്മത്തേയുംപററിയുള്ള അവബോധം ജനങ്ങളിൽ വളർത്തേണ്ടതാണ്; അവയഥാർഹം വളരുന്നുണ്ടോ എന്നുസൂക്ഷ്മനിരീക്ഷണംവേണം.

വീട്ടിലുണ്ടെങ്കിൽ വിരുന്നിലുമുണ്ടു. വീടുവെടിഞ്ഞാലോ? ''കടിച്ചതുമില്ല, പിടിച്ചതുമില്ല'' എന്നായിത്തീരും. ആരാധനക്രമംവർജ്ജിച്ചുകൊണ്ടുള്ള ഭക്താനുഷ്ഠാനത്തെക്കുറിച്ചും ഇതുശരിയാണ്. ഈആശയമായിരിക്കാം ശ്രീ. എ. ററി. ജോബ് ഉന്നയിക്കുന്നത്. അദ്ദേഹം തുടർന്നു പറയുന്നതുകേൾക്കുക: ''ക്രൈസ്തവവിശ്വാസികളെ ക്രിസ്തുവിലേക്കുനയിക്കാൻ സഭ പുരാതനകാലംമുതൽ കൂദാശകളും ഭക്ത്യനുഷ്ഠാനങ്ങളും അംഗീകരിച്ചുനല്കിയിട്ടുണ്ട്. പുതുതായിരൂപംകൊള്ളുന്ന പ്രവണതകൾ ഭക്തജനങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നതിന് വഴിയൊരുക്കുമെന്നു സംശയിക്കേണ്ടിയിരിക്കുന്നു.'' (Ibid)

www.malankaralibrary.com

## 7. സാംശീകരണമോ വെട്ടിവിഴുങ്ങലോ?

സ്വത്വം സംരക്ഷിക്കണമോ? ബാഹ്യാക്രമണം ചെറുക്കണം; അപരിചിതങ്ങളുടെ തള്ളിക്കയററത്തിൽ സൂക്ഷ്മത വേണം. സാംശീകരിച്ചോ വെട്ടിവിഴുങ്ങിയോ വൈദേശീയതയെ സ്വീകരിക്കാം. ഭാഷയിലും സംസ്കാരത്തിലും ഇങ്ങനെയാണ്. സാംശീകരണമാണ് അഭിലഷണീയം. ഭാഷയുടെ സ്വത്വസംരക്ഷണത്തെപ്പററി പറയുന്നതു കേൾക്കുക: ''ഭാഷ എന്നതു വാക്കുകളുടെ പ്രയോഗശൈലിയാണ്. അതതുഭാഷാസംസ്കാരങ്ങളുടെ സ്വത്വം ആ പ്രയോഗശൈലിയിലാണു പ്രത്യക്ഷപ്പെടുക. ആശൈലി കളഞ്ഞുകൊണ്ടു മററൊരുഭാഷാശൈലി സ്വീകരിക്കുമ്പോൾ നഷ്ടപ്പെടുന്നതു ഭാഷയുടെസ്വത്വമായിരിക്കും. അതുവഴി സംസ്കാരംതന്നെ അപ്പാടെ മാറിപ്പോയെന്നും വരാം'' (ബാലചന്ദ്രൻ വടക്കേടത്തു, ഭാഷാപോഷിണി, ഡിസംബർ 1996 P. 29. 1996 ഒക്ടോബർ 31 — നു കോട്ടയത്തുനടത്തിയ ഭാഷാസെമിനാറിൽ ചെയ്ത പ്രസംഗം)

മലയാളവൽകരണത്തിലൂടെ ഭാഷാസംരക്ഷണം സാധിച്ച എഴുത്തച്ഛന്റെ സേവനം ഒ. എൻ. വി, വെളിപ്പെടുത്തുന്നു: ''അതുല്യമായ സംസ്കാരത്തിന്റെ കലവറയായിരുന്ന സംസ്കൃതത്തോടു വെറുപ്പുണ്ടാക്കിയിട്ടായിരുന്നില്ല രാമാനുജൻ മാതൃഭാഷയെ സംരക്ഷിച്ചത്. മറിച്ച കൈയൊതുക്കത്തിൽ കിട്ടിയ ഏതു സംസ്കൃതപദവും നമുക്കു കൈയാളാം. പക്ഷേ, അതു മലയാളിവൽകരിച്ചു വേണം ഉപയോഗിക്കാൻ എന്നദ്ദേഹം നമ്മെ പഠിപ്പിച്ചു. മലയാളത്തോടുചേർത്തിണക്കി ആത്യന്തികമായി വേദഭാഷയിലെപദങ്ങളെ നമ്മുടെ മാതൃഭാഷയിലേക്കു മാററിവേണം പ്രയോഗിക്കുവാനെന്നു തുഞ്ചൻ നിഷ്കർഷിച്ചു''
(കലാകൗമുദി 1115, P. 13)

സംസ്കാരാന്തരബന്ധത്തെ (transculturation) പ്പററി ആർച്ചു ബിഷപ്പു മാർവർക്കി വിതയത്തിൽ പറയുന്നതു ശ്രദ്ധേയമാണ്. ''മററു സംസ്കാരങ്ങളിൽ നല്ലതെന്നു

www.malankaralibrary.com


തോന്നുന്നവ സ്വീകരിക്കുന്നതാണ് ട്രാൻസുകൾച്ചറേഷൻ. എവിടെയൊക്കെ നല്ലതുകാണുന്നുവോ അതൊക്കെസ്വാഭാവികമായി സ്വീകരിക്കുവാൻ നമുക്കു സാധിക്കും. ഇന്ത്യയല്ലലോകം: ഇന്ത്യ ലോകത്തിന്റെ ഭാഗം മാത്രമാണ് എന്നു പറയുന്നതുപോലെ നമ്മുടെ റീത്തു കത്തോലിക്കാസഭയുടെ ഒരുഭാഗമാണ്. ഇത്തരം ഒത്തിരിറീത്തുകൾ കത്തോലിക്കാസഭയിലുണ്ട്. മററു റീത്തുകളിൽനിന്നു സ്വീകരിക്കാവുന്ന അംശങ്ങൾ നമുക്കു സ്വീകരിക്കാം. പക്ഷേ, ജൈവമായ (Organic) വളർച്ചയുടെ ഭാഗമായിരിക്കണം. അല്ലാതെ നമ്മുടെ അനന്യതയെ നശിപ്പിക്കുന്ന രീതിയിലുള്ളതായിരിക്കരുത്'' (സത്യദീപം 1997 ജനുവരി 15, P. 7)

വ്യക്തിഗതസഭകളുടെ ആരാധനക്രമം സംബന്ധിച്ചും ഈനയം ഓർത്തിരിക്കേണ്ടതാണ്. ഓരോ സഭയുടെയും സ്വത്വം സൂക്ഷിക്കാൻ അതിന്റെ ആരാധനക്രമത്തിനു കഴിയണം. സാംശീകരിക്കാതെയുള്ള സ്വീകരണം സ്വത്വം നശിപ്പിക്കും. മാർതെയോഫിലോസുതിരുമനസ്സുകൊണ്ട് ഇക്കാര്യത്തിൽ മാതൃക നല്കുന്നുണ്ട്. തിരുവല്ലാ രൂപതയുടെ പ്രഥമമെത്രാനായ തിരുമേനിക്കു സ്ലീബാപാത (കുരിശിന്റെ വഴി) എന്ന കത്തോലിക്കാഭക്തകൃത്യത്തോടു താല്പര്യംതോന്നി. അങ്ങനെയൊരു ഭക്തകൃത്യം മലങ്കരസഭയിലുണ്ടായിരുന്നില്ല. മലങ്കരയ്ക്കുസ്വീകാര്യമല്ലാത്ത ആശയങ്ങളൊന്നും സ്ളീബാപാതയിൽ ഇല്ലായിരുന്നുതാനും. മലങ്കരയുടെ സംസ്കാരത്തിനു യോജിച്ചവിധത്തിൽ അതുസ്വീകരിക്കുന്നതിനാണ് ആ വന്ദ്യഗുരുതയ്യാറായത്. 1933 ൽ ''സ്ളീബാനുഗമനം'' എന്ന പ്രാർത്ഥനാകൃതി പുറത്തുവന്നു, മലങ്കരസുറിയാനിക്കാർക്കു ചേരുന്നപാട്ടുകളോടും പ്രാർത്ഥനയോടുംകൂടി. ഒന്നാംസ്ഥലത്തേക്കു നീങ്ങുമ്പോളുള്ളഗാനം ''യാമ്മൊദ് റഹ്മെക്കുഹോ യാറിനോ'' എന്ന സുറിയാനിഈണം 7–ാം നിറത്തിലുള്ളതാണ്.

www.malankaralibrary.com



''സകലാധിപനാകു—മേ-ശു
പീലാത്തോസിൻ വിധിയയ്യോ
ശരണം കരുതി—നിൽപ്പൂ ദയനീയൻ
ബറബാസിനെവിട്ടെ—ന്നാ-ലും
തിരുവടിയെക്കൊല്ലാനായി
കരുണാരഹിതം—പ്രാർത്ഥിപ്പൂയൂദർ
പീലാത്തോസുടനെ—ദുഷ്ടൻ
വിധികല്പിക്കുന്നു കൊല്ലാൻ
വെളിപാടരുളി—പ്രിയരോധിച്ചിട്ടും
പലനന്മകളങ്ങിൽ-നി—ന്നും
പ്രാപിച്ചവരല്ലോയേവം
ഹാലേലൂയ്യാ—ചെയ്വൂദുഷ്കൃത്യം''

കുരിശിൻെറ വഴിയിൽ ഓരോസ്ഥലത്തു എത്തുമ്പോഴും മുമ്പൻ ചൊല്ലുന്നപ്രാർത്ഥനയും ജനത്തിൻെറ പ്രത്യുത്തരവുമുണ്ടു്. ''മോറാൻ എപ്സാഹാമ്മേലൈൻ'' എന്നസുറിയാനിരീതി 5—ാംനിറത്തിലാണു് മുമ്പൻെറ പ്രാർത്ഥന

''മിശിഹായേ!.....തിരുവടി.....—യെഞാൻ
പ്ര....ണമിച്ചു....ഭിവന്ദി....ക്കുന്നേൻ''

ജനങ്ങളുടെ പ്രത്യുത്തരവും അതേഈണത്തിൽതന്നെ

''കു....രിശാല....ങ്ങിബ്ഭു....വനത്തെ
സ....ദയം സം....രക്ഷി....ച്ചല്ലൊ''

ഒരുസ്ഥലം വിട്ടുമററൊന്നിലേക്കു പോകുമ്പോഴും ചൊല്ലേണ്ട പ്രാർത്ഥനാഗാനമുണ്ടു്. ''മോറാനെപ്സാഹാമ്മേലൈൻ'' എന്ന സുറിയാനിഈണം 5—ാംനിറത്തിലാണു ആഗാനം ആലപിക്കേണ്ടതു്

''മാ....താവേ!....പ്രിയ....തനയ....ൻ തൻ
തി....രുമുറിവു....കളെഹൃ....ദയത്തിൽ
ഗാ....ഢംപ....തിവാൻകൃ....പചെയ്ക
പ....രിശുദ്ധേ....നിന്നാ.... ശ്രിതനിൽ''

www.malankaralibrary.com



ഇതു സാംശീകരിച്ചുകൊണ്ടുള്ള സ്വീകരണമാണ്. ഇത്തരം അനുരൂപണം കൂടാതെയുള്ള വേലിചാടിക്കേററം ആരാധനക്രമത്തിന്റെ സ്വത്വം നഷ്ടപ്പെടുത്തും. ശ്രീ ജോബ് എ. ററി, ആരോപണമുയർത്തുന്നു: '' ......കുറെഅപശബ്ദങ്ങൾ തൊണ്ടപൊട്ടുമാറുച്ചത്തിൽ അലറിവിളിച്ചു മനുഷ്യമനസ്സിനെയും ശരീരത്തെയും മരവിപ്പിക്കുന്ന ഒരുതരം മയക്കത്തിലേക്കു ഭക്തജനങ്ങളെ ആട്ടിതെളിക്കുന്ന പ്രതിഭാസം ഒരുതരം ഹിപ്നോട്ടിസമല്ലേ?'' (Ibid) സാംസ്കാരികാനുരൂപണം എന്തുകൊണ്ടുപാടില്ല? എന്നാണു ചോദ്യം. മലങ്കരആരാധനയിൽ സ്തുതിപ്പുകൾക്കു സ്ഥാനമുണ്ട് ; ആവർത്തനവുംനിഷിദ്ധമല്ല. ഇതാഉദാഹരണം:

''സ്തോത്രം സ്തോത്രം കർത്താവേ,
സ്തോത്ര മതായിരമായിരമായ്
അനവധിയായ് സ്തോത്രം നാഥാ,
കൃപവേണംഞങ്ങളിലെന്നും''
''ഹാലേൽ ഹാലേൽ ഹാലേലുയ്യാ പാടിടേണം
മാലാഖാമാർ സഹിതംനാമും ഭക്തിപൂർവ്വം''

ഈ സംസ്കൃതിയോടു എന്തുകൊണ്ടുചേർന്നുകൂടാ? പച്ചക്കുതുക്കനെ കട്ടിത്തുണ്ടങ്ങൾ വെട്ടിവിഴുങ്ങുന്നതു ദഹനക്കേടു വരുത്തുകയില്ലേ? നമ്മുടെ പാരമ്പര്യത്തിനു സ്വീകാര്യരൂപമായാൽ എന്താണുകുറവു? എന്തുകൊണ്ടു സാംശീകരിച്ചു സ്വീകരിച്ചുകൂടാ?

### 8. കണ്ണിരിരിക്കെ കൃഷ്ണമണി കാണാത്തതെന്തേ !

''ക്രൈസ്തവകാഹള'' ത്തിന്റെ പത്രാധിപർക്കുള്ള കത്തുകളിൽ ഒന്നിതാ: ''അനേകം ആളുകൾ സഭയെ ഉപേക്ഷിച്ചു പെന്തിക്കുസ്തിസഭകളിൽ പോകുന്നെന്നും അതിനുള്ള പ്രധാനകാരണം കത്തോലിക്കാസഭയിൽ ദൈവാനുഭവം ലഭിക്കാത്തതാണെന്നും പറയുന്നുണ്ടല്ലോ. ഇതൊരുവാസ്തവമല്ലേ? കാത്താലിക്കാസഭയിൽ ദൈവാനുഭവത്തിന്റെ അഭാവം അനുഭവപ്പെടുന്നില്ലേ? (സാറാകുര്യൻ, ക്രൈസ്തവകാഹളം, ഒക്ടോ, 1996 P. 42)

www.malankaralibrary.com



കാണം വിററും ഓണംഉണ്ടതിൻെറ ദുഷ്പരിണതി. അനുപേക്ഷണീയമായത്ത തൃണവൽഗണിച്ചതിൻെറ ക്രൂരമായ തിരിച്ചടി. ആരാധനയുടെ ആസ്വാദനീയതയിലേക്കു ആരും തിരിയുന്നില്ല, ആരെയും തിരിക്കാൻ ഒട്ടു ശ്രമിക്കുന്നു മില്ല. അത്യാവശ്യകാര്യംവിട്ടു അനുബന്ധിതകാര്യങ്ങളി ലേക്കുള്ള മയങ്ങിവീഴൽ രൂക്ഷമായിരിക്കുന്നു. അതു നാശംചെയ്തുകൊണ്ടിരിക്കുന്നു. മലങ്കരകത്തോലിക്കാ പൈതൃകത്തിൽനിന്നു ലഭ്യമാകേണ്ട ശക്തിയാർജ്ജിക്കു വാൻ ഇന്നുസാധിക്കാതെ പോകുന്നു. തന്മൂലം സഭാകൂ ട്ടായ്മയുടെ ഉറംക്കരുത്തു പ്രകടമാക്കി വളരാനും കഴിയു ന്നില്ല. ഇക്കാര്യം ഉറക്കെപ്പറയുവാൻ റവ. ഡോ. ഗീവറുഗീസ് പണിക്കർക്ക മടിയില്ല. അദ്ദേഹത്തിൻെറ വാക്യങ്ങൾ മുക ളിൽ ഉദ്ധരിച്ചിട്ടുണ്ട്. (5-ാം ഖണ്ഡിക കാണുക)

ദൈവികസൗഹൃദം എങ്ങനെയാണു വളരുന്നത് ? മാനുഷികസൗഹൃദത്തെപ്പററി അറിയാം. കേൾക്കൽ,കാണൽ, ആശ്ലേഷിക്കൽ എന്നീ ത്രിതലങ്ങളവിടെയുണ്ട്. ശ്രവണം, ദർശനം, സമാശ്ലേഷണം എന്നീ മൂന്നു തലങ്ങൾ ദൈവിക സൗഹൃദത്തിലുണ്ട്. വേദപുസ്തകത്തിലൂടെ കേട്ടു, ക്രി സ്തുവിലൂടെ കണ്ടു, താദാത്മ്യപ്രാപ്തിയിലൂടെ ക്രി സ്തുവുമായിഒന്നായി. ദൈവികശ്രവണത്തിനു മനുഷ്യ ൻെറ മറുപടിയാണ് പ്രാർത്ഥന; ദൈവികദർശനത്തിനു മനുഷ്യൻെറ പ്രത്യുത്തരമാണ് വിശ്വാസം; ക്രിസ്തുവും മനുഷ്യനുമായുള്ള താദാത്മ്യം പ്രാപിക്കലാണ് വി. കുർബ്ബാന യിലൂടെയുള്ള ദിവ്യസംസർഗ്ഗം. പാട്ടിനും നൃത്തത്തിനും വശ്യതയുണ്ട്. എങ്കിലും സമാശ്ലേഷണത്തിൻെറ നിഗൂഢ തലത്തിലേക്കെത്താൻ അവയ്ക്കു കഴിവില്ല. വേദപുസ്തകം വായിക്കുകയും ധ്യാനിക്കുകയും ഭക്തകീർത്തനം ആലപി ക്കുകയും ചെയ്യുന്നവർക്കു കൂദാശയിലൂടെ ഒന്നിക്കുന്ന നിഗൂഢാത്മകതയിലേക്കു ഉയരാൻകൂടി സാധിച്ചിരുന്നെ ങ്കിൽ! അദൃശ്യനായദൈവത്തിൻെറ ദൃശ്യരൂപമായ ക്രിസ് തു കൂദാശയാണ്; സ്വർഗ്ഗാരോഹണംചെയ്തക്രിസ്തുവിൻെറ

www.malankaralibrary.com



ഭൂമിയിലെ കാണപ്പെടുന്ന ശരീരമാകുന്ന ദൈവജനം (സഭ) കൂദാശയാണ്; അനുഗ്രഹത്തിൻെറ നീർച്ചാലുകളായി സഭയിലുള്ള ദൈവസ്ഥാപിതങ്ങളായ മാമോദീസാ വി. കുർബ്ബാന തുടങ്ങിയവയും കൂദാശകരംതന്നെ. കൂദാശകളിലൂടെയാണ് ദൈവികമായഅനുഭവവേദ്യത ഇന്നുള്ളവർക്കു ലഭിക്കേണ്ടതു.

വചനധ്യാനത്തിൽ മാത്രമല്ല കൂദാശാജീവിതത്തിലും വളരണമെന്നു മാർ വർക്കി വിതയത്തിൽ ഉദ്ബോധിപ്പിക്കുന്നു. ''ദൈവവചനത്തിനുമാത്രമല്ല, കൂദാശാജീവിതത്തിനും പ്രാധാന്യംനല്കണം. കാരണം, ദൈവവചനം സാക്ഷാൽകരിക്കപ്പെടുന്നതുകൂദാശകളിലാണ്''
(സത്യദീപം 1997 ജനുവരി 15, P. 7)

''കൂദാശാശെമ്മാശ്ശൻ'' എന്നു് അറിയപ്പെടുന്ന ഒരു ഘട്ടം മാർഈവാനിയോസിൻെറ ചരിത്രത്തിലുണ്ട്. അന്നു മലങ്കര തികഞ്ഞ ഉറക്കത്തിലായിരുന്നു; ആധ്യാത്മിക മരവിപ്പിലായിരുന്നു. കൂദാശാനുഭവം ഉണ്ടായിരുന്നില്ല. ഏബ്രഹാംമല്പാൻെറ നേതൃത്വത്തിലുള്ള നവീകരണസംരംഭം സമൂഹത്തെഉലയ്ക്കുകയുംചെയ്തു. ഉപരിവിദ്യാഭ്യാസവുമായി സഭാരംഗത്തു പ്രത്യക്ഷപ്പെട്ട പി. റ്റി. ഗീവറുഗീസ് ശെമ്മാശ്ശൻ ജനങ്ങളെ ഉണർത്തി. കൂദാശാവബോധം ഉയർത്താനാണദ്ദേഹം പണിപ്പെട്ടത്. അതിനു വേണ്ടി സാരഗർഭങ്ങളായപ്രഭാഷണങ്ങൾ നടത്തി; പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു. ഫലം ആശാവഹമായിരുന്നു. ദാഹിച്ചുവരണ്ടമാൻകൂട്ടം നീർത്തോട്ടിലെത്തി. ആധ്യാത്മികവേലിയേററമുണ്ടായി. പ്രബുദ്ധജനത ''കൂദാശാശെമ്മാശ്ശൻ'' എന്നുഅദ്ദേഹത്തെ വിളിച്ചു.

പ്രമാണങ്ങളുടെ ഭാണ്ഡക്കെട്ടിൽക്കൂദാശകളുണ്ട്. അതിനെക്കുറിച്ചുള്ള അവബോധമുണർത്താൻ, ഭാണ്ഡക്കെട്ടു സൂക്ഷിപ്പുകാർ ഒന്നുംചെയ്യുന്നില്ല. മററു ചിലർക്കു കൂദാശകളുടെ ഉദാത്തമായ ആസ്വാദ്യമേഖലയില്ല. പാട്ടിലും വായനയിലും മാത്രമാണു ദൈവാനുഭവമെന്ന തെററി

www.malankaralibrary.com



ദ്ധാരണയിൽ ഒതുങ്ങിക്കഴിയേണ്ട ദയനീയതയാണവർക്കു. ഉണ്ടായിട്ടും വിളമ്പിക്കൊടുക്കാത്ത ഉത്തരവാദിത്വമില്ലാത്ത തള്ള ഒരിടത്തു; വെപ്പുകാടിയല്ലാത്ത മറെറാരുഭോജ്യം കിട്ടുകയില്ലെന്ന പട്ടിണിസ്ഥിതി മറെറാരിടത്തു. രണ്ടും കഷ്ടസ്ഥിതിതന്നെ.

## 9. ആരാധനാക്രമവും ദൈവവിജ്ഞാനീയവും

ദൈവവിജ്ഞാനീയം ആരാധനക്രമബന്ധിയല്ലാതായാലുള്ള പാളിച്ച റവ. ഡോ. സി. ററി. ഗീവറുഗീസ് പണിക്കർ എടുത്തുകാണിക്കുന്നുണ്ട്. ''ആത്യന്തികമായി ആരാധനക്രമത്തോടു അനുയോജ്യമായവിധത്തിലായിരിക്കണം ദൈവശാസ്ത്രംപഠിക്കേണ്ടത്. പാശ്ചാത്യസഭയിലെ ദൈവശാസ്ത്രത്തിനു പററിയപാളിച്ച ആരാധനക്രമവും ദൈവശാസ്ത്രവും തമ്മിലുള്ള വിഘടനമാണ്. അതിൻെറ ഫലമായി ദൈവശാസ്ത്രം ഒരുപരിധിവരെ വിശ്വാസം തകർക്കുന്നതിനു കാരണമായിരിക്കുകയാണ്. ശരിയായ ദൈവവിജ്ഞാനീയം കാസായുടെ അടിത്തട്ടിൽ നിന്നുമാണ് വരേണ്ടത് എന്ന റഷ്യൻ ദൈവശാസ്ത്രജ്ഞൻെറ പ്രസ്താവവും മുട്ടിന്മേൽനിൽക്കുന്ന ആളിൻെറ ദൈവവിജ്ഞാനീയമാണ് ഇന്നു ആവശ്യമായിട്ടുള്ളത് എന്നകാംഗറാനറുടെ പ്രസ്താവവും ഇന്നത്തെ ദൈവവിജ്ഞാനീയത്തിൻെറ ദുരവസ്ഥയെ എങ്ങനെ മാററണമെന്നുള്ളതു കാണിക്കാനുള്ള പ്രസ്താവങ്ങളാണ്.''

''മലങ്കരസെമിനാരിയിൽ തിയോളജിപഠിപ്പിക്കുന്നവർ മലങ്കര ആരാധനക്രമവും ആധ്യാത്മികതയും മനസ്സിലാക്കിക്കൊണ്ടുദൈവശാസ്ത്രത്തിനു ആവിധത്തിലുള്ള മാനംപ്രദാനംചെയ്യാൻ കഴിവുള്ളവരായിരിക്കണം''

(ഐ. ദീ. മെയ് 1996, p. 10)

സെൻറ്മേരീസ് മലങ്കരമേജർസെമിനാരി ആരംഭിക്കുന്നതിനുമുമ്പു പ്രസ്തുത സെമിനാരിയുടെ സംവിധാനത്തിനു ഒരു ആസൂത്രണക്കമ്മീഷൻ പ്രവർത്തിച്ചിരുന്നു. റവ. ഡോക്ടർ ബർക്കുമാൻസ് ഒ. ഐ. സി. കൺവീന

www.malankaralibrary.com



റായി. ഈലേഖകനും ആകമ്മീഷനിൽ ഉൾപ്പെട്ടു. P. O. C. യിൽകൂടിയ അതിൻെറ അവസാനത്തെ മീററിംഗിൽ മാർ ഗ്രിഗോറിയോസ്, മാർബസേലിയോസ്, ഐസക്ക്മാർ യൂഹാനോൻ, ഡോ. ഗീവറുഗീസ് പണിക്കർ തുടങ്ങിയ വരുടെ സാന്നിധ്യമുണ്ടായിരുന്നു. മലങ്കരസെമിനാരിയു ടെ ബോധനസമ്പ്രദായത്തെപ്പററിതദവസരത്തിൽ ഈലേ ഖകൻ പറഞ്ഞ അഭിപ്രായം ഓർക്കുന്നു: ''നമ്മുടെ സെമി നാരിയുടെ ബോധനരീതിപാശ്ചാത്യസെമിനാരികളുടേ തുപോലാകരുത്. പ്രോട്ടസ്ററൻറു, പാശ്ചാത്യകത്തോലി ക്കാ, ഓർത്തഡോക്സ് എന്നീമൂന്നുവിധത്തിലുള്ള ക്രിസ് തീയബോധനരീതികളുണ്ട്. വേദപുസ്തകകേന്ദ്രീകൃതം (Bible Centered), വിശ്വാസപ്രമാണകേന്ദ്രീകൃതം (Dogma Centered), ആരാധനക്രമകേന്ദ്രീകൃതം (Liturgy Centered) എന്നിങ്ങനെ. ബൈബിൾ അടിസ്ഥാനമാക്കി വിശ്വാസ പ്രമാണങ്ങളിലേക്കും ആരാധനയിലേക്കുംപ്രവേശിക്കുന്നു ഒരുകൂട്ടർ; വിശ്വാസസത്യങ്ങളിൽ ഊന്നിനിന്നുകൊണ്ടു അതിൻെറ ബൈബിൾ അധിഷ്ഠിതത്വത്തിലേക്കും അതി ലൂടെ എത്തിച്ചേരുന്ന ആരാധനയിലേക്കും കടക്കുകയാണ് അടുത്തകൂട്ടർ; ആരാധനക്രമത്തിലൂടെ വേദപുസ്തകത്തി ലേക്കും വിശ്വാസസത്യങ്ങളിലേക്കും തിരിയുന്നു മൂന്നാം കൂട്ടർ. ഇതിൽ ലിററർജികേന്ദ്രീകൃതബോധനരീതിയാണ് മലങ്കരസെമിനാരി സ്വീകരിക്കേണ്ടത്.

ആരാധനാകേന്ദ്രീകൃതബോധനസമ്പ്രദായം വിശദീക രിക്കപ്പെടണമെന്നായി. പെന്തിക്കുസ്തിപ്പെരുന്നാളിൻെറ ശുശ്രൂഷ ഉദാഹരണമാക്കിക്കൊണ്ടത്രേ വിശദീകരണം. ഒന്നാമതായി പെന്തിക്കുസ്തി ശുശ്രൂഷ അപഗ്രഥിക്കുക, ഓരോന്നിൻെറയും ബൈബിൾ അധിഷ്ഠിതത്വം വെളിപ്പെ ത്തുക; അതിൽനിന്നുരുത്തിരിയുന്ന വിശ്വാസസത്യങ്ങൾ എടുത്തുകാണിക്കുക; അങ്ങനെ പരി. ത്രിത്വം, പിതാവു, പുത്രൻ, പരിശുദ്ധാത്മാവ് എന്നീത്രിത്വത്തിലെ മൂന്നാള കൾ, പരിശുദ്ധാത്മാവിൻെറ പുറപ്പാട്, സഭയെ ജീവി പ്പിക്കുന്ന പരിശുദ്ധാരൂപി തുടങ്ങിയ വിഷയങ്ങൾ പ്രത്യക്ഷ പ്പെട്ടു.

www.malankaralibrary.com
128-ാം പേജു തുടർച്ച)

ഇവയെക്കുറിച്ചു സഭാപിതാക്കന്മാരുടെ പഠിപ്പിക്കലും വിശ്വാസസത്യപ്രഖ്യാപനങ്ങളും അനുബന്ധമായിവരും. ഇങ്ങനെ എല്ലാവിഷയങ്ങളും ആരാധനക്രമകേന്ദ്രീകൃതമായി തയ്യാറാക്കാം. ഇത്തരം ഒരു പാഠ്യപദ്ധതി (Syllabus) തൽക്കാലം ഇല്ലല്ലൊ എന്നായി എതിർവാദം. ഒരുവിദഗ്ദ്ധ സമിതിക്കു അതുക്രമപ്പെടുത്താവുന്നതാണെന്ന സമാധാനം പറഞ്ഞുനോക്കി. പ്രായോഗികബുദ്ധിമുട്ടുകൊണ്ടു അത്തരം ഒരുസമ്പ്രദായം നടപ്പിലായില്ല.

ലിററർജികേന്ദ്രീകൃതമായ മലങ്കര സഭാദൈവശാസ്ത്രത്തെക്കുറിച്ചു ഡോ. ബസീലിയോ പീററിൻെറ പ്രസ്താവന ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. അദ്ദേഹത്തിൻെറ ശിഷ്യൻ റവ. ഡോക്ടർ ചാക്കോ എറേത്ത് ഒ. ഐ. സി. ആണിതു രേഖപ്പെടുത്തുന്നത് ''ലിററർജികേന്ദ്രീകൃതമായ ഒരു മലങ്കരസഭാദൈവശാസ്ത്രം വളർന്നു വരിക എന്നത് മലങ്കരസഭയുടെ ആവശ്യത്തേക്കാളുപരി ആഗോളസഭയുടെ അത്യാവശ്യമാണ്. കാരണം, ആഗോളസഭയുടെ ഇത്തരത്തിലുള്ള പരിശ്രമങ്ങരംക്കു ആക്കംകൂട്ടാനും ദൈവശാസ്ത്രപരമായ പല വഴിത്തിരിവുകളിലും മാർഗ്ഗനിർദ്ദേശം നല്കാനും നിങ്ങളുടെ സഭയ്ക്കു കഴിയും. അതിനുള്ള പരിശ്രമമാണു നിങ്ങരം നടത്തേണ്ടത്''
(ഐ. ദീ. 1997 ജൂൺ P. 20)

## 10 സീറോമലബാർ സഭയിലെ ദൈവശാസ്ത്രരൂപവൽകരണം നല്കുന്നപാഠം

ആരാധനാക്രമത്തിൽ നിന്നകലുന്ന ദൈവശാസ്ത്രം വരുത്തുന്ന കെടുതിയെക്കുറിച്ചു വെ. റവ. ഡോ. ഗീവറുഗീസ് പണിക്കർക്കു സംശയമില്ല. സീറോ മലബാർസഭയിലെ ദൈവശാസ്ത്രരൂപവൽകരണം നല്കുന്ന പാഠം അദ്ദേഹത്തിൻെറ കൺമുമ്പിലുണ്ടു്: ''സീറോ മലബാർ സഭയിലെ വൈദികരുടെ ദൈവശാസ്ത്രരൂപവൽകരണം 'ഇൻറർറിച്ചുവലിസ'ത്തിൻെറ പേരിൽ അവർക്കുലഭ്യമായ തി

www.malankaralibrary.com



യോളജിപഠനം വഴിയായിരുന്നു. അതുകൊണ്ടുതന്നെയാണു ആസഭയിലെ ബഹുഭൂരിപക്ഷം മെത്രാന്മാർക്കും വൈദികർക്കും ''പൗരസ്ത്യാനുഭവം'' നഷ്ടപ്പെട്ടത്. അവരുടെ വഴിയിൽ പോകാതിരിക്കാൻ ''പൗരസ്ത്യ വിദ്യാപീഠം'' വഴി സെൻറു തോമസ് അപ്പസ്തോലിക്ക് സെമിനാരിയിൽ ഒരു പരിശ്രമം നടത്തി. എന്നാൽ ഇപ്പോഴാ ആ പരിശ്രമം പ്രതിസന്ധിയിലാണ്. മലങ്കര മേജർ സെമിനാരിയിലും 'ഇർറാറിച്യുലിസം' വരുന്നെന്നു കേഠക്കുന്നു. പൗരസ്ത്യവിദ്യാപീഠം നേരിടുന്ന പ്രതിസന്ധിയും ശോച്യാവസ്ഥയും മലങ്കരകത്തോലിക്കാ വൈദികപരിശീലനരംഗത്തു വരാനിടയാവാതിരിക്കട്ടെ''(Ibid)

## 11 ലക്ഷ്യബോധം വളർത്തൽ

ശ്രീ. എം. വി. മത്തായി മാലിയിൽ, ശാസ്തമംഗലം 1931-ൽ പുനരൈക്യപ്പെട്ട ആളാണ്. ഗ്രന്ഥപാരായണമാണ് തന്നെ കത്തോലിക്കാസഭയിലേക്കു നയിച്ചതെന്നു അദ്ദേഹം എഴുതുന്നു. ''........ Fr. Mac. Gillevra യുടെ Through East to Rome എന്ന പുസ്തകം ഞാൻ വായിച്ചു. ഇഞ്ചയ്ക്കലോടിലച്ചൻെറ ക്രിസ്തു മതപ്രകാശിക, ബ. വടശ്ശേരിലച്ചൻെറ'' കത്തോലിക്കാസഭയും യാക്കോബായവാദങ്ങളും,'' ''എൻെറ തെങ്ങേലിപ്രസംഗം'' എന്നീ പുസ്തകങ്ങഠം ഞാൻ പഠിച്ചു. ''Faith of Our Fathers'' എന്ന പുസ്തകം എന്നെ സഭാവിശ്വാസത്തിൽ ഉണർത്തി; അതെല്ലാം പുനരൈക്യപ്രസ്ഥാനത്തിൻെറ ആദ്യത്തെ 25 വർഷങ്ങളിലായിരുന്നു. ഇന്നു പുസ്തകപ്രസിദ്ധീകരണം ആക്കുവേണം? അതിനാക്കം നേരവുമില്ല, പണവുമില്ല.

''30-35 വർഷത്തിനിടയിലാണ് നമുക്ക ഈ മാററമുണ്ടായത്; ഭൗതികമായി മലങ്കരസഭ വളർന്നു. എന്നാൽ ആത്മീയമായി തളർന്നു. രണ്ടുചിറകുകളും ഒന്നുപോലെ ശക്തമായെങ്കിലല്ലേ പക്ഷിക്കു പറക്കാനൊക്കു.''

www.malankaralibrary.com



മാർഈവാനിയോസിൻെറ ലക്ഷ്യബോധമുണ്ടായിരുന്നു. അതു പരത്താൻ പുലിക്കോട്ടുറമ്പാൻ, ചേപ്പാട്ടുറമ്പാൻ, ശ്രീ. എ. പീലിപ്പോസ് എന്നിവർ മുന്നിട്ടുനിന്നു. ആളും അർത്ഥവും നന്നേ കുറവായിരുന്നു. എന്നിട്ടും അന്നു സമൂഹം കുതിച്ചു. ഇന്നു ആളും അർത്ഥവുമുണ്ട്. എന്നാലും ലക്ഷ്യബോധം നല്കാനാളില്ല. തന്മൂലം, കുതിപ്പു നിലച്ചു.

എക്യുമെനിസക്കാററു ലക്ഷ്യബോധം തളർത്തിയെന്നു പറയുന്നവരുണ്ട്. മിഥ്യാധാരണ. സഭൈക്യത്തിനുള്ള സൗഹൃദാന്തരീക്ഷസൃഷ്ടിയാണ് എക്യുമെനിസം ചെയ്തിരിക്കുന്നത്. ഡയലോഗുകൊണ്ടേ ഇതുസാധിക്കൂ! കൗൺസിലിൻെറ വെളിച്ചത്തിലുള്ള ആധികാരികസഭാവബോധം നല്കണം. പ്രാദേശികസഭകളുടെ സാർവ്വത്രികബന്ധം പ്രസ്പഷ്ടമാക്കണം; സാർവ്വത്രികകൂട്ടായ്മയിലേക്കു മലങ്കരസഭയെ അടുപ്പിക്കണം. ഇക്കാര്യങ്ങളിലുള്ള തെററിദ്ധാരണകൾ ഇന്നു ഏറെയാണ്. ഈമൂടൽ മഞ്ഞു അകററുവാൻ വൈകിക്കൂടാ.

## 12 പൂർണ്ണത ആർജ്ജിക്കേണ്ട മലങ്കരസഭ

നൈയാമികമായവളർച്ച, വേദശാസ്ത്രപരമായപൂർണ്ണത- രണ്ടും വേണം സഭയ്ക്കു. കാതോലിക്കാ സിംഹാസനസ്ഥാപനത്തിലൂടെ മലങ്കരസഭ നേടിയിട്ടുള്ളത് കാനോനിക വളർച്ചയാണ്, സാർവ്വത്രികക്കൂട്ടായ്മയിലൂടെ വേദശാസ്ത്രപരമായപൂർണ്ണതയും. രണ്ടിനും സാരഥ്യംവഹിച്ചത് മാർഈവാനിയോസാണ്. ഇക്കാര്യത്തിൽ മാർഈവാനിയോസിനു സമാനനായി മലങ്കരയിൽ മററാരുമില്ല.

സാർവ്വത്രികക്കൂട്ടായ്മകൂടാതെയുള്ള കാതോലിക്കേററു ആകാം. അതു അപൂർണ്ണമാണ്; കാതോലിക്കേററു സംവിധാനംകൂടാതെ സാർവ്വത്രികബന്ധത്തിൽ എത്തിച്ചേരാം. അവിടെയും കുറവുണ്ട്. രണ്ടും ഒത്തുചേരുന്ന സുഭഗതയാണു സഭാപൂർണ്ണത. അത്തരംപൂർണ്ണത ഇന്നും മലങ്കര

www.malankaralibrary.com



യ്ക്കുണ്ടായിട്ടില്ല. ഇവിടെയുള്ള കാതോലിക്കേററിനു സാർവ്വത്രികബന്ധമില്ല; സാർവ്വത്രികകൂട്ടായ്മനേടിയ മലങ്കരസഭയ്ക്കു കാതോലിക്കായുമില്ല.

ആഗ്രഹത്തിൻെറ അഭാവമല്ല, നൈർഭാഗ്യത്തിൻെറ ആഴമാണ് ഈദുസ്ഥിതിവരുത്തിയത്. 1926 - നവംബറിൽ പരുമല സെമിനാരിയിൽകൂടിയ സുന്നഹദോസ് ആണ് സാർവ്വത്രികക്കൂട്ടായ്മയ്ക്ക തീരുമാനമെടുത്തത്. അന്നത്തെ കാതോലിക്കാ മോറോൻ മാർബസേലിയോസ് (ഗീവറുഗീസ് വാകത്താനം) അതിൽ ഉംപ്പെട്ടിരുന്നു. അവർ തയ്യാറാക്കിയ മെമ്മോറാണ്ഡം താഴെക്കാണുന്നകാര്യം വ്യക്തമാക്കി:

"ഈ കാതോലിക്കാസിംഹാസനത്തിൻകീഴിലുള്ള വി. സുന്നഹദോസ് അഭ്യർത്ഥിക്കുന്നതെന്തെന്നാൽ:

1 പുരാതനമായ തങ്ങളുടെ റീത്തും ആചാരങ്ങളും സംരക്ഷിച്ചുകൊണ്ടും,

2 വി. സുന്നഹദോസിനും അതിലെ മെത്രാന്മാർ ഓരോരുത്തനും എല്ലാ യാക്കോബായ സുറിയാനിക്കാരുടെയുംമേലുള്ള അധികാരം നല്കിക്കൊണ്ടും,

3 നമ്മുടെ കർത്താവിൻെറ അപ്പസ്തോലന്മാരിൽ പ്രധാനിയായി പ. സിംഹാസനത്തിൽ വാണരുളുന്ന മാർപ്പാപ്പായുടെ പരമാധികാരത്തിനു വഴങ്ങിക്കൊണ്ടും — തങ്ങളെ സ്വീകരിക്കണമെന്നുള്ളതത്രേ" (ഫാ. തോമസ് ഇഞ്ചക്കലോടി ആർച്ചു ബിഷപ്പു മാർഈവാനിയോസ് ഒന്നാംഭാഗം p. 299)

സ്വതം സംരക്ഷിച്ചുകൊണ്ടുള്ള സാർവ്വത്രിക ബന്ധം!

ആശിച്ചതുപോലുള്ള ഐക്യമല്ല 1930 - ൽ ഉണ്ടായത്. ഐക്യം അഭിലഷിച്ച രണ്ടാം കാതോലിക്കാ അപ്പോഴേക്കു കാലംചെയ്തുപോയി. മൂന്നാം കാതോലിക്കാ ഐക്യത്തിൽനിന്നു പിൻവലിഞ്ഞു. മാർഈവാനിയോസും മാർതെയോഫിലോസും മാത്രമേ ഐക്യത്തിനുമുന്നിട്ടുള്ളു.

www.malankaralibrary.com



കാതോലിക പൂർണ്ണതയ്ക്കുണ്ടായ സുവർണ്ണമുഹൂർത്തം കാതോലിക്കേററു തൂത്തെറിഞ്ഞു. സാർവ്വത്രികക്കൂട്ടായ്മയെ പുല്കിയ മലങ്കരസമൂഹത്തിനു കാതോലിക്കേററു ഇല്ലാതായി. ഇന്നും ഈദുർഭഗത തുടരുന്നു. ആകമാനസഭാബന്ധമില്ലാത്ത കാതോലിക്കേററ്. സാർവ്വത്രികക്കൂട്ടായ്മയുണ്ടെങ്കിലും കാതോലിക്കേററു ഇല്ലാത്ത മലങ്കരകത്തോലിക്കാസഭ.

''മലങ്കരകത്തോലിക്കാസഭയുടെ വ്യക്തിത്വം'' എന്ന പുസ്തകത്തിൽ ഫാ. സിൽവസ്ററർകാഞ്ഞിരമുകളിൽ രേഖപ്പെടുത്തുന്നു: ''പൗരസ്ത്യകാനൻനിയമപ്രകാരം ഒരു പ്രാദേശികസമൂഹത്തെ നയിക്കുവാൻ ഒരു മെത്രാപ്പോലീത്തായുടെ അധികാരം അപര്യാപ്തമാണ്. ഈ അർത്ഥത്തിൽ, ഒരു സഭാപ്രോവിൻസിൻെറ തലവൻ എന്നനിലയിൽ മലങ്കരകത്തോലിക്കാമെത്രാപ്പോലീത്തായുടെ അധികാരം അപര്യാപ്തമത്രേ.

അതുകൊണ്ടു ഉന്നതസഭാധികാരമുള്ള പാത്രിയക്കീസ്, കാതോലിക്കോസ്, മേജർആർച്ചുബിഷപ്പു തുടങ്ങിയ സ്ഥാനികരിലാരെങ്കിലും തൻെറ സുന്നഹദോസോടു ചേർന്നു അധികാരം നിർവ്വഹിക്കുന്ന സംവിധാനത്തിൽ മാത്രമേ മലങ്കരകത്തോലിക്കാസഭയുടെ അധികാരപൂർണ്ണത കാണാൻ സാധിക്കയുള്ളു.'' (P. 113)

പൂർണ്ണതയെ പുല്കാൻ 1930-ൽ കാതോലിക്കേററിനു തോന്നിയ മടി ഇനിയും മാറിയിട്ടില്ല. പിന്നെന്തുവേണം ? സാർവ്വത്രിക അംഗീകാരമുള്ള സിനഡൽക്രമം മലങ്കരയിൽ സംജാതമാകണം. എത്രമാത്രം നിലവിളിയാണ് ഇതിനുവേണ്ടി ഉയർന്നിട്ടുള്ളത്. 1978—ൽ ശ്രീ. എം. വി. മത്തായി മാലിയിൽ ശാസ്തമംഗലം എഴുതി: ''ഒരു സഭയ്ക്കു സ്വന്തമായ ഒരു സുന്നഹദോസ് കൂടുന്നതിനും മററു പുരോഗമനപരമായ കാര്യങ്ങൾ ആലോചിച്ചു തീരുമാനിക്കുന്നതിനും തീരെകുറഞ്ഞതു അഞ്ചുമെത്രാസനങ്ങളെങ്കിലും ഉണ്ടായിരിക്കണമെന്നാണ് കാനൻനിയമം. മലങ്കരകത്തോലിക്കാ

www.malankaralibrary.com



സഭയ്ക്കു സ്വന്തമായ സുന്നഹദോസുകൂടുന്നതിനു നിലവിലുള്ള സ്ഥിതി തടസ്സമായിട്ടാണിരിക്കുന്നത്. അഞ്ചുഭദ്രാസനങ്ങളും അതിനു ചേർന്നമെത്രാൻമാരും ഉണ്ടായിരുന്നെങ്കിൽ മററുഅകത്തോലിക്കാസമുദായങ്ങളെ ആകർഷിക്കത്തക്കവണ്ണവും അവരോടുകിടപിടിക്കത്തക്കരീതിയിലും പലനല്ലകാര്യങ്ങൾ ചെയ്യുന്നതിനു സാധിക്കുമായിരുന്നു. മാത്രമല്ല, ഒരുകാതോലിക്കായേയോ ഒരു മപ്രിയാനയേയോ വാഴിച്ചുതരുന്നതിനു പരിശുദ്ധസിംഹാസനത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനും സാധിക്കുമായിരുന്നു. നമ്മുടെ പിതാക്കന്മാർ ആ വഴിക്കുചിന്തിക്കുകയും പരിശ്രമിക്കയും ചെയ്തിരുന്നെങ്കിൽ എത്രയോവർഷങ്ങൾക്കു മുമ്പേ അതുസാധിക്കുമായിരുന്നെന്നാണു നിഷ്പക്ഷബുദ്ധ്യാചിന്തിക്കുന്ന മലങ്കരമക്കളുടെ അഭിപ്രായം''
(ഒരിടയനും ഒരുതൊഴുത്തുംമതി. M. V. Mathai Maliyil, Sreerangam Lane, Sasthamangalam, 1976)

ഈ മുറവിളികളെല്ലാം വനരോദനമായതേയുള്ളു. മലങ്കരസുറിയാനിക്കാരുടെ ആകമാന ഐക്യം എന്നലക്ഷ്യം ഇന്നും വിദൂരത്തിലാണ്. ബാഹ്യമായിവളർന്നു, എന്നാൽ സഭാപരമായി മാർഈവാനിയോസ് എത്തിയിടത്തുനിന്നു മലങ്കരസഭ മുന്നേറിയിട്ടില്ല. സിനഡൽ സംവിധാനത്തിലേക്കു മലങ്കരകത്തോലിക്കാസമൂഹം ഉയരട്ടെ, മലങ്കരസഭൈക്യത്തിനുള്ള ആശങ്കകൾ പമ്പകടക്കും.

www.malankaralibrary.com



**അനുബന്ധം**

## പഠനപദ്ധതി

വികാരത്തിന്റെ ഊഞ്ഞാലാടൽ ആർക്കും എളുപ്പമാണ്, എന്നാൽ ചിന്താബന്ധുരതയുടെ മാനസികോല്ലാസത്തിലേക്കുള്ള ഏററം കുറേക്കൂടി ദുർഗ്ഗമവും. സഭാപഠനം ഇന്നു അടിയന്തരമാണ്. ഇന്നിന്റെ വലുതായ ആവശ്യമെന്നാണു അതിനെ സഭാസ്നേഹികൾ കാണുന്നത്. റവ. ഡോ. സേവ്യർ കൊച്ചുപറമ്പിൽ താലന്തിൽ (1997 ജൂലൈ P. 387-393) എഴുതുന്നു: ''....യുവജനങ്ങളേയും മുതിർന്നവരേയും സുന്നഹദോസിന്റെ പ്രമാണരേഖകൾ പഠിപ്പിക്കാനുള്ള തീവ്രശ്രമം ഇടവകകൾതോറും ഉണ്ടാകേണ്ടിയിരിക്കുന്നു. മതാദ്ധ്യാപകർക്കോ യുവജനസംഘടനകളിലെ അംഗങ്ങൾക്കോ മാത്രമല്ല ബോധവൽകരണം ആവശ്യമായിരിക്കുന്നത്. സഭയുടെ മക്കൾക്കെല്ലാവർക്കും ബോധവൽകരണത്തിനുള്ള അടിയന്തരസംവിധാനങ്ങൾ ഇന്നിന്റെ വലുതായ ആവശ്യമാണ്.'' ''മതപാഠശാലകൾക്കപ്പുറത്തു സമൂഹത്തെമൊത്തത്തിൽ ബോധവൽകരിക്കുന്നതിനുള്ള സംവിധാനങ്ങളെക്കുറിച്ചാണ് ഇന്നത്തെ സഭാനേതൃത്വം ചിന്തിക്കേണ്ടത്''

പഠനവിധേയമാക്കണമെന്നത്രേ വിമലപ്രബന്ധാവലിയെക്കുറിച്ചുപ്രതീക്ഷ. അതിനുവേണ്ടിത്തന്നെയാണ് സുഗമസ്ററഡിസർക്കിളിന്റെ ആസൂത്രണം. മനസ്സുവെച്ചാൽ ഈപഠനപദ്ധതി പ്രാവർത്തികമാക്കാൻ പ്രയാസപ്പെടേണ്ടതില്ല. ലളിതവ്യവസ്ഥകൾമാത്രം.

1 ഒരുചോദ്യാവലി ഓരോഅദ്ധ്യായത്തിലുമുണ്ട്. ചോദ്യങ്ങൾക്കു ഉത്തരം തയ്യാറാക്കുകയും ഒരുനോട്ടുബുക്കിൽ (ഫൈൽ ആയാലും മതി) എഴുതി സൂക്ഷിക്കുകയും ചെയ്യുക ആർക്കും ആകാവുന്നതാണ്;

2 ഒന്നിച്ചുകൂടുവാൻ താല്പര്യമുള്ള സമീപസ്ഥിതരായ ഏതാനുംപേർ സമ്മേളിച്ചു തയ്യാറാക്കിയ ഉത്തരം വായിക്ക

www.malankaralibrary.com



കയും ചർച്ചനടത്തുകയുംവേണം. ചർച്ചയ്ക്കു ഒരു മോഡറേററർ ആവശ്യമാണ്. വികാരിയച്ചനോ വികാരി നിർദ്ദേശിക്കുന്ന മററൊരാളോ മോഡറേററർ ആകാം;

3 നാലിൽകുറയാതെയും പത്തിൽകവിയാതെയും അംഗങ്ങൾ ഒരു ഗ്രൂപ്പിൽവേണം. സണ്ടേസ്കൂൾ അദ്ധ്യാപകർ; എം. സി. എ., എം. സി. വൈ. എം. എന്നീ സംഘടനകൾ; ഉയർന്ന ക്ലാസ്സിൽ പഠിക്കുന്ന അധ്യേതാക്കൾ, സന്ന്യാസികൾ വൈദികവിദ്യാർത്ഥികൾ എന്നിവർക്കെല്ലാം ഗ്രൂപ്പു രൂപപ്പെടുത്താവുന്നതാണ്;

4 സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെയോ ഇരുകൂട്ടരും ചേർന്നോ ഗ്രൂപ്പുകൾ സംഘടിപ്പിക്കാം. ഒരു ഇടവകയിലോ സ്ഥാപനത്തിലോ ഒന്നിലധികം പഠനഗ്രൂപ്പു ഉണ്ടാകുന്നതിനു വിരോധമില്ല;

5 പ്രായപരിധിയോ രൂപതാപരിധിയോ ഇത്തരം ചർച്ചാവേദികൾക്കു ബാധകമല്ല;

6 യോഗം ചേരുന്നതിനുള്ള അവസരം ഒരോഗ്രൂപ്പിലെ അംഗങ്ങൾക്കും ഇഷ്ടാനുസരണം തിരഞ്ഞെടുക്കാവുന്നതാണ്;

7 സഭാസ്നേഹികളുടെ സഹകരണം ഉണ്ടാകുമെങ്കിൽ ബെസ്ററു ഗ്രൂപ്പിനും പഠനത്തിൽ ഏററം മികവുകാട്ടുന്ന അംഗത്തിനും അവാർഡു നല്കാവുന്നതാണ്;

8 ഗ്രൂപ്പു രൂപപ്പെട്ടുകഴിഞ്ഞാൽ വിവരം ഗുരുജിയെ അറിയിക്കണം. അംഗങ്ങൾ, മോഡറേററർ, തെരഞ്ഞെടുക്കപ്പെട്ട സെക്രട്ടറി എന്നിവരുടെ പേരുകൾ ഗുരുജിയുടെ റജിസ്റ്ററിൽ ചേർക്കപ്പെടേണ്ടതാണ്;

9 ഗുരുജി അംഗീകരിച്ചു പ്രസിദ്ധപ്പെടുത്തുമ്പോൾ മാത്രമേ പഠനവേദി ഔദ്യോഗികമായി നിലവിൽവരികയുള്ളു.

16 ചോദ്യാവലികൾ ഇതിനകം ട്രാക്ററ്സിൽ പ്രകാശിതമായിട്ടുണ്ട്; ഇനിയും പരിചിതമാകാത്തവർക്കുവേണ്ടി അവ താഴെ ഉദ്ധരിക്കുന്നു.

www.malankaralibrary.com

## ചോദ്യാവലി No. 1

1 പിളർക്കപ്പെട്ട ക്രിസ്തീയത വരുത്തിയ ദീനതകൾ എന്തെല്ലാം?

2 പിളർപ്പുനികത്താൻ സമർത്ഥങ്ങളായ രണ്ടുമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക. ആമാർഗ്ഗങ്ങൾ തമ്മിലുള്ള അന്തരമെന്ത് ?

3 സൗഹൃദാന്തരീക്ഷസൃഷ്ടിയും ഡയലോഗും കൂടാതെ എക്യുമെനിസം സാധ്യമല്ലേ? നിങ്ങൾ എന്തുപറയുന്നു ?

4 മാർപ്പാപ്പായുടെ പര്യടനങ്ങൾ സൗഹൃദസൃഷ്ടിക്കു എത്രമാത്രം ഉപകരിച്ചു.

ഉത്തരങ്ങൾക്കു പുറം 1 മുതൽ 8 വരെ കാണുക.

## ചോദ്യാവലി No. 2

1 ഡയലോഗുമനോഭാവത്തിൻെറ സവിശേഷതകൾ എന്തെല്ലാം ?

2 ഡയലോഗുമനസ്ഥിതി കേരളസഭയിൽ വേണ്ടത്ര വളർന്നിട്ടില്ലെന്നു പറയാമോ ?

3 'വിശ്വാസത്തിനുമാററമില്ല. പിന്നെയോ വളർച്ചയുണ്ട്' എന്ന പ്രസ്താവന വിശദീകരിക്കുക.

4 കാതോലികസഭയുടെ ലക്ഷണയുക്തതയും വിഭജിത സമൂഹങ്ങളുടെ സഭാബന്ധവും പറയുന്നിടത്തു പൊരുത്തക്കേടുണ്ടോ ?

ഉത്തരങ്ങൾക്കു പുറം 9 മുതൽ 16 വരെകാണുക.

## ചോദ്യാവലി No. 3

1 സഭയെന്നകൂട്ടായ്മ (Agape) യുടെ അന്ത:സത്ത ബഹിർസ്ഫുരിപ്പിക്കുന്നത് എങ്ങനെയുള്ള ഒന്നിപ്പാണ് ?

2 വിവിധസഭകളിൽ കാണുന്ന വിശുദ്ധീകരണത്തിൻെറ ഘടകങ്ങൾ വെളിപ്പെടുത്തുന്ന വസ്തുതയെന്ത് ?

www.malankaralibrary.com



3 ദൃഢബന്ധത്തിലെ ഏതു ചെറിയ അകൽച്ചയും അസ്വ സ്ഥതവരുത്തും എന്നു പറയുന്നതെന്തുകൊണ്ട്?

4 എക്യുമെനിസസംരംഭത്തിൽ തെളിഞ്ഞുനിൽക്കുന്ന വെള്ളി രേഖകൾ എടുത്തുകാണിക്കുക.

ഉത്തരങ്ങൾക്കു പുറം 17 മുതൽ 24 വരെ കാണുക

## ചോദ്യാവലി No 4

1 എക്യുമെനിസത്തെത്തുടർന്നു ദൃഢപ്പെട്ടുകൊണ്ടിരിക്കുന്ന കത്തോലിക്കാഓർത്തഡോക്സ് സൗഹൃദത്തിന്റെ ചില മഹനീയനേട്ടങ്ങൾ എടുത്തുകാണിക്കുക

2 അനുകൂലസ്ഥിതിയുടെ ഇന്നത്തെതികവു പ്രയോജനപ്പെടുത്തുമെങ്കിൽ മലങ്കരസഭയ്ക്കുണ്ടാകുന്ന അഭിവൃദ്ധി ഏതെല്ലാംവിധത്തിലായിരിക്കും ?

3 രക്ഷയുടെ പ്രകാശവലയം വിവിധസമൂഹങ്ങളിൽ എങ്ങനെ ലഭ്യമാകുമെന്നാണ് വത്തിക്കാൻപ്രമാണ രേഖകൾ വെളിപ്പെടുത്തുന്നത് ?

4. നിലാവും നിഴലും നിറഞ്ഞ ഇക്കഴിഞ്ഞമുപ്പതുവർഷം കണക്കിലെടുക്കുമ്പോൾ എക്യുമെനിസം, പുനരൈക്യം എന്നിവയിൽ ഏതെങ്കിലും ഒന്നിനു അയിത്തം കല്പിക്കുന്നതു ദൈവികപദ്ധതിയെ നിരസിക്കലത്രേ എന്നഅഭിപ്രായം വിലയിരുത്തുക.

ഉത്തരങ്ങൾക്കുപുറം 25 മുതൽ 40 വരെ കാണുക.

## ചോദ്യാവലി No. 5

1 വിശ്വാസത്തിലും ആരാധനക്രമത്തിലും ഐക്യമുള്ള മൂന്നു മലങ്കരസഭകൾക്കു അന്ത്യോക്യാ സംസർഗ്ഗത്തെപ്പറ്റിയുള്ള അഭിപ്രായമെന്ത്?

2 17-ാം നൂറ്റാണ്ടിനുമുമ്പു അന്ത്യോക്യൻ യാക്കോബായസഭയ്ക്ക് കേരളത്തെക്കുറിച്ചു അവകാശവാദമുണ്ടായിരുന്നില്ലെന്നു പറയാൻ ചരിത്രകാരനെ പ്രേരിപ്പിക്കുന്ന ന്യായങ്ങളേവ?

www.malankaralibrary.com



3 അന്ത്യോകൃൻപാരമ്പര്യം മലങ്കരയിൽ വരുത്തിയ ആശാസ്യങ്ങളായ ഫലങ്ങരം എടുത്തുകാണിക്കുക.

4 അന്ത്യോക്യായാക്കോബായ ബന്ധം കേരളത്തിൽ അനാശാസ്യങ്ങളായ പരിണതികരം വരുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിലേവ?

ഉത്തരങ്ങരംക്കു പുറം 41 മുതൽ 48 വരെകാണുക.

## ചോദ്യാവലി No. 6

1 ഇനിയും മാഞ്ഞുകഴിഞ്ഞിട്ടില്ലാത്ത കുടുംബപ്പഴമയുടെ ചില അവശിഷ്ടങ്ങരം അന്ത്യോക്യൻ പാരമ്പര്യക്കാരുടെ ഇടയിൽ നിലനിൽക്കുന്നതു എടുത്തുകാണിക്കുക.

2 പ്രാചീനകേരള സഭയുടെ ആരാധനാഭാഷ, ഭരണം, ചില അവസരങ്ങളിലെ അധോഗതി എന്നിവയെക്കുറിച്ച് ഷെവ. വി. സി. ജോർജിന്റെ നിഗമനങ്ങരം സംഗ്രഹിക്കുക.

3 കൂനൻകുരിശിനുമുമ്പുള്ള കേരളസഭാചരിത്രം സംബന്ധിച്ചു റവ. ഡോ. പ്ളാസിഡ് സി. ഡി. ശ്രീ. എം. ഒ. ജോസഫ് നെടുങ്കുന്നം തുടങ്ങിയ ചരിത്രകാരന്മാരുടെ സമർത്ഥനം വെളിപ്പെടുത്തുക.

4 യോഹന്നാൻ മെത്രാന്റെ നിഖ്യാസൂന്നഹദോസിലെ സാന്നിദ്ധ്യം, ക്നായിതോമായുടെയും കൂട്ടരുടെയും ആഗമനം, കോസ്മോസിന്റെ സഞ്ചാരവിവരണം എന്നീ ചരിത്രരേഖകളിൽനിന്നുള്ള അനുമാനമെന്ത്?

ഉത്തരങ്ങരംക്കുപുറം 49 മുതൽ 56 വരെ കാണുക.

## ചോദ്യാവലി No. 7

1 ആറുചരിത്രരേഖകരം അടിയിൽ കൊടുത്തിരിക്കുന്നു.

a) ഇംഗ്ലണ്ടിലെ ആൽഫ്രഡുരാജാവിന്റെ നേർച്ച;

b) കലിക്സ്റ്റസ് ദ്വിതീയൻപാപ്പായിൽനിന്നു 'പാല്യം' എന്ന സ്ഥാനവസ്ത്രംനേടിയ ഇൻഡ്യയുടെ മാർയോഹനോൻതൃതീയൻ;

c) 22-ാം യോഹന്നാൻമാർപ്പാപ്പാവാഴിച്ച കൊല്ലം മെത്രാൻ ജോർദാനൂസ്;

www.malankaralibrary.com



d) ആറാം ക്ലമൻറുപാപ്പായുടെ പ്രതിനിധി ജോൺ ദെമഞ്ഞോളിക്കു കൊല്ലത്തു ലഭിച്ച സ്വീകരണവും പാരിതോഷികവും;

e) വില്ലാർവട്ടംരാജാവിനു എവുജേനിയൻനാലാമൻ മാർപ്പാപ്പാഅയച്ച കത്ത്;

f) വെനീസുകാരൻ ലൂയിസ്കടമുസ്തോസിൻെറ സഞ്ചാരവിവരണം

— ഈപുരാതനരേഖകൾ പ്രാചീനകേരളസഭാചരിത്രത്തിലേക്കു വെളിച്ചംതെളിക്കുന്നതെങ്ങനെ ?

2 സുറിയാനിപണ്ഡിതന്മാരുടെ ഭാഷാഗവേഷണവും രക്തസാക്ഷിത്വത്തിൻെറ അടയാളമുള്ള കേരളത്തിലെ ആരാധനക്രമവും വെളിപ്പെടുത്തുന്നചരിത്രവസ്തുത വ്യക്തമാക്കുക.

3 കൂനൻകുരിശു സത്യത്തെക്കുറിച്ചു ഇന്നത്തെ ഓർത്തഡോക്സു ചിന്തകന്മാരുടെ അഭിപ്രായം എന്താണ്?

4 വ്യക്തിത്വവും സാമൂഹ്യബന്ധവും സംബന്ധിച്ച തത്വം പ്രാദേശികസഭകൾക്കും ചേരുന്നു എന്ന ആശയത്തെ വിലയിരുത്തുക.

ഉത്തരങ്ങൾക്കു പുറം 57 മുതൽ 64 വരെ കാണുക.

## ചോദ്യാവലി No. 8

1 അവിഭക്തസാർവ്വത്രികത്വം സഭയിൽ പ്രകടമാകുന്നതെങ്ങനെ ?

2 വൈവിധ്യം ഉൾക്കൊള്ളുന്ന സമൃദ്ധി സഭയുടെ ഏകത്വത്തെ ഹനിക്കുന്നില്ല. വിശദീകരിക്കുക.

3 സഭാശുശ്രൂഷയും സുവിശേഷ വിഹിതമല്ലാത്തഭരണവും തമ്മിലുള്ള അന്തരം വെളിപ്പെടുത്തുക.

4 സഭ മാർഗ്ഗദർശകമാക്കുന്ന കുരിശിൻെറ ഇടുങ്ങിയപാതയും ശൂന്യവൽക്കരണവും യഥാവിധി മനസ്സിലാക്കിയാൽ ഒഴിവാക്കാവുന്ന ആപത്തെന്ത് ?

ഉത്തരങ്ങൾക്കു പുറം 65 മുതൽ 72 വരെകാണുക.

www.malankaralibrary.com



## ചോദ്യാവലി No. 9

1 രണ്ടോ മൂന്നോ വാക്യങ്ങളിൽ കവിയാതെയുള്ള ഉത്തരം തയ്യാറാക്കുക.

a) മലങ്കരസഭയെ റോമാസഭയെന്നു വിളിച്ചാൽ വരുന്ന തെറ്റെന്ത് ?

b) മാർപ്പാപ്പായെ മലങ്കരസഭ സ്വീകരിക്കുന്നതു ഐക്യത്തിൻെറ പ്രതീകമായിട്ടോ അധികാരകേന്ദ്രമായിട്ടോ?

c) മലങ്കരസഭയുടെ സാർവ്വത്രിക കൂട്ടായ്മയുടെ വൈശിഷ്ട്യമെന്ത് ?

d) അന്ത്യോക്യാ ബന്ധംകൊണ്ടുള്ള സാർവ്വത്രികത്വം പോരെന്നുണ്ടോ ?

2 മലങ്കരകത്തോലിക്കാസഭയുടെ വിളിയും ദൗത്യവുമെന്ത്?

3 പരസ്പര വിശ്വാസമില്ലായ്മയും സംശയാലുത്വവും ക്രിസ്തീയസഭകൾതമ്മിൽ ഉണ്ടെന്നു പറയാമോ ?

4 സഭാധികാരത്തെ ഊന്നിയുള്ള പേടിതീർക്കാൻ വത്തിക്കാൻ കൗൺസിൽ ചെയ്തിട്ടുള്ള കാര്യങ്ങളെന്തെല്ലാം ?

ഉത്തരങ്ങൾക്കു പുറം 73 മുതൽ 80 വരെകാണുക.

## ചോദ്യാവലി No. 10

1 ലൗകിക അധികാര പ്രയോഗം സഭാഘടനയിലില്ലെന്നു പറയുന്നതെന്തുകൊണ്ട് ?

2 സഭാധർമ്മത്രയത്തിൻെറ ശുദ്ധരൂപം വത്തിക്കാൻ കൗൺസിൽ വരച്ചുകാട്ടുന്നതെങ്ങനെ ?

3 സഭ അധുനാതനീകരണത്തിനു നിർബന്ധിതമായിരിക്കുന്നു എന്നുപറയാൻ കാരണമെന്ത് ?

4 ഇരുകൂട്ടർക്കും സ്വീകാര്യമായ 10 നിഗമനങ്ങൾ മലങ്കര സഭക്കേസു സംബന്ധിച്ച സുപ്രീംകോടതി വിധിയിലുള്ളവ എടുത്തുകാണിക്കുക.

ഉത്തരങ്ങൾക്ക പുറം 81 മുതൽ 88 വരെകാണുക.

www.malankaralibrary.com



## ചോദ്യാവലി No. 11

1 വൈദികകോടതി തീരുമാനിക്കേണ്ടപ്രശ്നം സിവിൽ കോടതിയിലേക്കു എറിയപ്പെട്ടാൽ ഉണ്ടാകുന്നദോഷം മലങ്കരസഭാവ്യവഹാരത്തെ അടിസ്ഥാനപ്പെടുത്തി വെളിപ്പെടുത്തുക.

2 സ്വയം ശീർഷകത്വത്തെപ്പററിയും സ്വാതന്ത്ര്യത്തെപ്പററിയും ഉറക്കെപ്പറയുന്നവർക്കു വിശ്വാസതർക്കം പരിഹരിക്കുന്ന സഭയുടെ ബോധനാധികാരത്തെക്കുറിച്ചു മിണ്ടാട്ടമില്ലാത്തതെന്തുകൊണ്ട്?

3 വേദപുസ്തകവും പാരമ്പര്യവും സഭയുടെ ബോധനാധികാരത്തെ ഉറപ്പിക്കുന്നു. തെളിയിക്കുക.

4 ജൈവഘടനയുമായുള്ള ദൃഢബന്ധമാണ് കാത്തോലിക്കാഓർത്തഡോക്സു സംവാദത്തിന്റെ പ്രധാന പ്രതിപാദ്യമാകേണ്ടത്. ഇക്കാര്യം Ut Unum Sint എന്ന ചാക്രിക ലേഖനം സമർത്ഥിക്കുന്നതെങ്ങനെ?

ഉത്തരങ്ങൾക്കു പുറം 89 മുതൽ 96 വരെകാണുക.

## ചോദ്യാവലി No. 12

1 മാർഈവാനിയോസിന്റെ ചരിത്രപരമായ മഹത്വമെന്ത് ?

2 വട്ടശ്ശേരിൽ തിരുമേനിയുടെ സമ്മതംകൂടാതെ തിടുക്കത്തിലായിപ്പോയി മാർഈവാനിയോസിന്റെ സഭാമാററം എന്ന ആക്ഷേപം വിലയിരുത്തുക.

3 മലങ്കരസഭാപുനരൈക്യത്തിന്റെ സാമൂഹ്യസ്വഭാവം വെളിപ്പെടുത്തുക.

4 മലങ്കര കത്തോലിക്കാ പുനരൈക്യ സംരംഭത്തിൽ മാർ ദീവന്യാസ്യോസ് പങ്കുവഹിച്ചിട്ടുണ്ടെങ്കിൽ എത്രമാത്രം?

ഉത്തരങ്ങൾക്കു പുറം 97 മുതൽ 104 വരെകാണുക.

www.malankaralibrary.com



## ചോദ്യാവലി No. 13

1 സഭയുടെ ദുസ്ഥിതിയെ നേരിടാൻ മാർദീവന്ന്യാസ്യോസും മാർഈവാനിയോസും ചേർന്നുനടത്തിയ സംരംഭത്തിൽ തക്കസന്ദർഭം വന്നപ്പോൾ ആരു ആരെയാണു ഉപേക്ഷിച്ചത്. ചരിത്രത്തെളിവുകൾ നിരത്തുക.

2 എല്ലാവരും പിന്തിരിഞ്ഞിട്ടും ഒററയ്ക്കു പുനരൈക്യം നടത്തുവാൻ മാർഈവാനിയോസിനെ പ്രേരിപ്പിച്ച ന്യായങ്ങളെന്ത് ?

3 '' വിടവു ഇനിയും വളർത്തരുതേ '' എന്ന ആവലാതിയുടെ സാരമെന്താണ് ?

4 സിനഡൽഭരണക്രമത്തിൻെറ ആവശ്യകത മലങ്കരകത്തോലിക്കാസഭയ്ക്കു എത്രമാത്രമുണ്ട് ?

ഉത്തരങ്ങൾക്കു പുറം 105 മുതൽ 112 വരെകാണുക.

## ചോദ്യാവലി No. 14

1 രൂപതകളുടെയും മെത്രാന്മാരുടെയും സംഖ്യാ വർദ്ധനവു മലങ്കരകത്തോലിക്കാസമൂഹത്തെ അഭിവൃദ്ധിപ്പെടുത്തുമോ?

2 കത്തോലിക്കാപ്രവേശം മലങ്കരയിലെ അല്മായർക്കു ത്യാഗം വരുത്തുന്നുണ്ടോ ? വത്തിക്കാൻ പ്രമാണരേഖ അടിസ്ഥാനമാക്കി നിരൂപിക്കുക.

3 അനുപേക്ഷണീയതയെ മറക്കുന്നുവെന്ന ആരോപണം മലങ്കരയിലെ കത്തോലിക്കാസമൂഹത്തിൻെറമേൽ കൊണ്ടുവരാമോ?

4 ആരാധനാക്രമത്തിനു പകരം നിൽക്കാൻ ഭക്താനുഷ്ഠാനത്തിനു കഴിയുമോ?

ഉത്തരങ്ങൾക്കു പുറം 113 മുതൽ 120 വരെകാണുക

www.malankaralibrary.com



## ചോദ്യാവലി No. 15

1 സ്വത്വസംരക്ഷണത്തിൽ സാംശീകരണത്തിനുള്ള സ്ഥാനം മാതൃകാരൂപേണ മാർത്തെയോഫിലോസ് കാണിച്ചുതരുന്നതെങ്ങനെ?

2 ഉണ്ടായിട്ടും വിളമ്പിക്കൊടുക്കാത്ത ഉത്തരവാദിത്വമില്ലാത്തതള്ള ഒരിടത്ത്; വെപ്പുകാടിയല്ലാത്ത മറ്റൊരു ഭോജ്യം കിട്ടുകയില്ലെന്ന പട്ടിണിസ്ഥിതി മറ്റൊരിടത്തു—രണ്ടുകഷ്ടസ്ഥിതിയാണു ക്രിസ്തീയ കൂട്ടങ്ങളിലുള്ളതു. വെളിപ്പെടുത്തുക

3 ആരാധനാ കേന്ദ്രീകൃതമായ ബോധനസമ്പ്രദായം മലങ്കരയ്ക്കു ആവശ്യമോ? അതിന്റെ പ്രായോഗികതയേയും അപ്രായോഗികതയേയുംകുറിച്ചു ചർച്ചചെയ്യുക.

4 ഇൻറർ റിച്ച്വലിസം പൗരസ്ത്യസഭകളിൽ വരുത്തിയിട്ടുള്ള കെടുതിയെന്താണ്?

ഉത്തരങ്ങൾക്കു പുറം 121 മുതൽ 130 വരെകാണുക.

## ചോദ്യാവലി No. 16

1 ചേപ്പാട്ട പീലിപ്പോസ് റമ്പാൻമാർ ശ്രീ എ. പീലിപ്പോസ് എന്നിവർ ചെയ്തിരുന്ന സേവനം ഇന്നു മലങ്കരയിൽ ആവശ്യമില്ലെന്നു പറയാമോ? ഏതെല്ലാം ദിശകളിലുള്ള മൂടൽമഞ്ഞാണ് ഇന്നു അകറേറണ്ടതായുള്ളത്?

2 ആശിച്ചതുപോലെയുള്ള ഐക്യമല്ല 1930—ൽ ഉണ്ടായത്. ആശിച്ചതെന്ത്? സാധിച്ചതെന്ത്? ഇനിസാധിക്കാനുള്ളതെന്ത്?

3 സഭാപഠനത്തിന്റെ ആവശ്യകത വെളിപ്പെടുത്തുക.

4 സുഗമസ്ററഡിസർക്കിളിന്റെ ഒരു യൂണിററു എങ്ങനെരൂപപ്പെടുത്താം?

ഉത്തരങ്ങൾക്കു 137 മുതൽ 137 വരെ കാണുക.

www.malankaralibrary.com



''എന്നാൽ എൻെറ സഹായസഹകരണങ്ങൾ നിങ്ങൾക്ക ഉണ്ടാകും'' ഗവർണ്ണർ സമാപിപ്പിച്ചു. (Ibid P. 270)

## d) വിവാഹിതരുടെ പൗരോഹിത്യം പ്രോത്സാഹിപ്പിക്കപ്പെടുന്നു.

''വിവാഹത്തിനു സന്നദ്ധരായി മുന്നോട്ടുവരുന്ന ആദ്യത്തെ കത്തനാന്മാർക്കു 400 രൂപ വീതം സമ്മാനമായി നല്കാമെന്നു പ്രഖ്യാപിച്ചു. 1820-ാമാണ്ടോടുകൂടി 150 കത്തനാരന്മാരിൽ 40 പേർ വിവാഹിതരായി''.(Ibid P.350)

## e) ആറുകൂറുകളായി പുത്തൻകൂർ പിളർക്കപ്പെട്ടു

യാക്കോബായബാന്ധവം മൂന്നു നൂറ്റാണ്ടിനിടയിൽ പുത്തൻകൂറിനെ ആറു കൂറുകളാക്കി പിളർത്തി.

1. പരദേശയാക്കോബായ മെത്രാൻ മാർ ഗ്രീഗോറിയോസ് കാട്ടുമങ്ങാട്ടു മാർ കൂറിലോസിനെ മെത്രാനായി വാഴിച്ചു. ആറാം മാർത്തോമ്മാ വലിയ മാർ ദീവന്യാസ്യോസിന് എതിരായിട്ടായിരുന്നു ഇത്. പരിണതഫലമായി 1772-ൽ തോഴിയൂർ(അഞ്ഞൂർ) സഭയുണ്ടായി.

2. പ്രോട്ടസ്റ്റൻറുകാരോടു ബന്ധുത പിടിക്കയും ഒടുവിൽ ഭിന്നിക്കുകയും ചെയ്തു. 1836-ൽ സി. എം. എസുകാരുടെ ഉത്ഭവത്തിന് അതു കാരണമാക്കി.

3. 1878-ൽ നവീകരണ പ്രസ്ഥാനം ഉടലെടുക്കാൻ പ്രോട്ടസ്റ്റൻറു ബന്ധം ഇടയാക്കി. അതു മാർത്തോമ്മാ സഭയായി രൂപാന്തരപ്പെട്ടു.

4. സ്വാതന്ത്ര്യ വാദം ഉയരുകയും പരദേശബന്ധത്തെ ചെറുക്കുകയും, ചെയ്തതിൻെറ ഫലമായി 1912--ൽ ഭിന്നിച്ച ഗ്രൂപ്പു ഓർത്തഡോക്സു സഭയ്ക്കു തുടക്കമിട്ടു.

5. പരദേശസഭയുടെ മേൽക്കോയ്മയിൽ യാക്കോബായസഭ ഉറച്ചുനിന്നു.

6. സാർവ്വത്രിക കൂട്ടായ്മ അഭിലഷിച്ച കൂട്ടം 1930--ൽ പുനരൈക്യപ്പെടുകയും മലങ്കര കത്തോലിക്കാ സഭയ്ക്കു തുടക്കം കുറിക്കുകയും ചെയ്തു.